ചാക്രിക ലേഖനം

വത്തിക്കാനിൽ നിന്നും
രേഖാമൂലമുള്ള
അനുമതിയോടുകൂടിയ
ഇന്ത്യയിലെ
ഏക പരിഭാഷ



# സത്യത്തിൽ സ്നേഹം

# CARITAS IN VERITATE

ബെനഡിക്ട് പതിനാറാമൻ മാർപാപ്പ

www.malankaralibrary.com

M.C.A. കോന്നി വൈദിക ജില്ല,
കല - 3-ാം സമ്മാനം ലിസ്സി മാത്യു
കോന്നിത്താഴം

ചാക്രികലേഖനം

# സത്യത്തിൽ സ്നേഹം

## *(CARITAS IN VERITATE)*

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**

*വിവർത്തനം*

**ഫാ. മാത്യു തുണ്ടത്തിൽ, ഒ.സി.ഡി.**

**CARMEL INTERNATIONAL PUBLISHING HOUSE**
TRIVANDRUM, KERALA, INDIA - 695 014
**2010**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

**SATHYATHIL SNEHAM (Malayalam)**
Translation of the Encyclical Letter
***Caritas in Veritate*** of
His Holiness POPE BENEDICT XVI

Translator
Fr. Mathew Thundathil, OCD

Scrutinisors
Fr. Bernardine Vallathara, OCD
Dr. Zacharias Kariyilakulam, OCD
Fr. Mathew Manthottathil, OCD
Fr. James Alakkuzhiyil, OCD

First Published
July 2009

Second Edition
June 2010

Published by
Carmel International Publishing House
Trivandrum, India – 695 014
e-mail: ciph@md4.vsnl.net.in; ciph@asianetindia.com

Printed at
St. Joseph's Press
Trivandrum, India – 695 014

Cover Design
Edmond John

© Carmel International Publishing House

Price
Rs. 50.00

*Cum Permissu Superiorum*

All rights reserved including the rights of reproduction in whole or in part in any form.

CIPH No. 147A June 2010 2000

www.malankaralibrary.com

# ഉള്ളടക്കം


പേജ്

പ്രസാധകക്കുറിപ്പ് 5

ഉപക്രമം 7

അദ്ധ്യായം 1
'ജനതകളുടെ പുരോഗതി' നൽകുന്ന സന്ദേശം 19

അദ്ധ്യായം 2
മാനവവികസനം നമ്മുടെ കാലഘട്ടത്തിൽ 31

അദ്ധ്യായം 3
സാഹോദര്യവും സാമ്പത്തിക
വികസനവും പൗരസമൂഹവും 59

അദ്ധ്യായം 4
ജനതകളുടെ വികസനം
അവകാശങ്ങളും കർത്തവ്യങ്ങളും
പരിസ്ഥിതി 79

അദ്ധ്യായം 5
മാനവകുടുംബത്തിന്റെ സഹകരണം 98

അദ്ധ്യായം 6
ജനതകളുടെ വികസനവും
സാങ്കേതികവിദ്യയും 123

ഉപസംഹാരം 136

കുറിപ്പുകൾ (Notes) 140


www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

വിശുദ്ധ പൗലോസ് എഫേസ്യർക്ക് എഴുതി: "നാം ഇനിമേൽ, തെറ്റിന്റെ വഞ്ചനയിൽപ്പെടുത്താൻ മനുഷ്യർ കൗശലപൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തൂത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത്. പ്രസ്തുത, **സ്നേഹത്തിൽ സത്യം** പറഞ്ഞുകൊണ്ട്, ശിരസ്സായ ക്രിസ്തുവിലേക്ക് **എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു"** (എഫേ. 4:14-15). രണ്ടായിരം വർഷങ്ങൾക്കിപ്പുറം, വിശുദ്ധ പൗലോസിന്റെ വർഷത്തിന്റെ സമാപനത്തിൽ, 2009 ജൂൺ 29-ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ **"സത്യത്തിൽ സ്നേഹം"** എന്ന തന്റെ മൂന്നാമത്തെ ചാക്രികലേഖനത്തിൽ ഒപ്പുവച്ചു.

മനുഷ്യന്റെ "എല്ലാവിധത്തിലുമുള്ള വളർച്ചയാണ്," സമഗ്രവികസനമാണ് ഏറെ ശ്രദ്ധപിടിച്ചുപറ്റിയ ഈ സാമൂഹികപ്രബോധനത്തിന്റെയും അന്തർധാര. സത്യത്തിൽ സ്നേഹം എന്ന തത്ത്വത്തിനു ചുറ്റുമാണ് സഭയുടെ സാമൂഹികപ്രബോധനം തിരിയുന്നത്[6] എന്ന്, ആമുഖമായിത്തന്നെ പരിശുദ്ധപിതാവ് പറഞ്ഞുവച്ചു.

രണ്ടാം വത്തിക്കാൻ സൂനഹദോസും പ്രഗത്ഭരായ തന്റെ മുൻഗാമികളുടെ പ്രബോധനങ്ങളുമെല്ലാം, മനുഷ്യന്റെയും സമൂഹത്തിന്റെയും പൊതുനന്മ എന്നും ലക്ഷ്യമാക്കിയിരുന്നത് മാർപാപ്പ അനുസ്മരിച്ചു. പൊതുനന്മ കാംക്ഷിക്കുന്നതാകട്ടെ; നീതിയുടെയും സ്നേഹത്തിന്റെയും ഒരവശ്യ ഉപാധിയും[7]. പോൾ ആറാമൻ മാർപാപ്പയുടെ 'ജനതകളുടെ പുരോഗതി'യുടെ (1967) കാലികമായ ഒരു തുടർച്ചയെന്ന് "സത്യത്തിൽ സ്നേഹത്തെ" വിശേഷിപ്പിക്കുവാനാകും.

വികസനം സർവോപരി ഒരു ദൈവവിളിയാണെന്നും, ഓരോ മനുഷ്യനും അതിന്റെ സാക്ഷാത്കാരത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്നും [16] നിർവചിക്കുമ്പോൾ; ആഗോളവത്കരണത്തിന്റെയും, സാങ്കേതികപുരോഗതിയുടെയും, സമ്പദ്വ്യവസ്ഥയുടെയും, ഭൗതികവും അതിഭൗതികവുമായ ശാസ്ത്രവിജ്ഞാനശാഖകളുടെയുമെല്ലാം പരിധികൾക്കപ്പുറത്തുള്ള ഒരു മാനം മാർപാപ്പ അതിനു നൽകുന്നുണ്ട്. വികസനമാകട്ടെ പൂർണ്ണമാകുന്നത് ഓരോ വ്യക്തിയെയും

www.malankaralibrary.com

എല്ലാ വ്യക്തികളെയും അവരുടെ സാകല്യത്തിൽ ഉൾക്കൊള്ളുമ്പോഴാണ് [18]. ആഗോളവത്കരണം നമ്മെ അയൽക്കാരാക്കിയേക്കാം എന്നാൽ സഹോദരങ്ങളാക്കുന്നില്ല എന്നു നിരീക്ഷിക്കുമ്പോൾ [19] സഭയുടെ ദൗത്യം സാഹോദര്യത്തിന്റെ സമഗ്രതയിലുള്ള ഈ വളർച്ചയിലാണെന്ന് സ്ഥാപിച്ചുകഴിഞ്ഞു.

സംരക്ഷിക്കപ്പെടേണ്ടതും വിലമതിക്കപ്പെടേണ്ടതുമായ പ്രാഥമിക മൂലധനം മനുഷ്യനാണെന്നു പറയുമ്പോൾ [25] സാമ്പത്തികമേഖലയ്ക്ക് ഒരു പുതിയ ദിശാബോധം നൽകുകയായി. അതുകൊണ്ടുതന്നെ ജീവനെ അംഗീകരിക്കുന്ന മനോഭാവം യഥാർത്ഥവികസനത്തിന്റെ കേന്ദ്രബിന്ദുവാണെന്ന് [28] വരുന്നു.

സ്വന്തം ജനതയുടെ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും പശ്ചാത്തലത്തിൽ സ്വയം നിർണ്ണയിക്കുകയും നിർവചിക്കുകയും ചെയ്യേണ്ടവനാണ് മനുഷ്യൻ [27] എന്ന് അടിവരയിട്ടുപറയുമ്പോൾ; വിപണിയുടെയും, കമ്പോളത്തിന്റെയും, ലക്ഷ്യമായി മാറ്റുന്ന ലാഭത്തിന്റെയും [21] സദാചാരമില്ലാത്ത സമ്പദ്വ്യവസ്ഥയുടെയും [45] വകതിരിവില്ലാത്ത ജനനനിയന്ത്രണത്തിന്റെയും [44] കിടമത്സരങ്ങളുടെയുമെല്ലാമിടയിൽ ചോർന്നുപോകുന്നത് നിർവചിക്കപ്പെടുകയും നിർണ്ണയിക്കപ്പെടുകയും ചെയ്യേണ്ട മാനവികതയാണ് എന്നത്, വീണ്ടെടുക്കേണ്ട ഒരു വെല്ലുവിളിയായി നമ്മുടെ മുൻപിൽ വയ്ക്കുന്നു.

“ലോകം അപകടത്തിലായിരിക്കുന്നത് ചിന്തയുടെ അഭാവത്താലാണ്”[53] എന്ന പോൾ ആറാമന്റെ വാക്കുകൾ വീണ്ടും ഉദ്ധരിക്കുന്നതോടൊപ്പം, അനേകം ദീപ്തമായ ചിന്തകളെ ഈ പ്രബോധനം അവതരിപ്പിക്കുന്നുണ്ട്.

ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിക്ക് ഒരു പുതിയ സഞ്ചാരപഥം [40] ആവശ്യമാണെന്ന് തിരിച്ചറിയുമ്പോൾ ആനുകാലിക പ്രസക്തിയേറുന്ന ഈ പ്രബോധനരേഖ കൂടുതൽ ഗൗരവാവഹമായ പഠനവും സ്വാംശീകരണവും അർഹിക്കുന്നുണ്ട്.

ഇതിന്റെ മുഖ്യപ്രമേയം മനുഷ്യനാണ്. പ്രായോഗികദർശനം, മാനവകുടുംബത്തിന്റെ സമഗ്രവികസനവും; “സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട്, ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാവിധത്തിലുമുള്ള വളർച്ച.”

ഈ പരിഭാഷ കേരളസഭയ്ക്കു സമർപ്പിക്കുമ്പോൾ നന്ദിയുടെ ഒരു വാക്ക്; ഇതു സാധ്യമാക്കുവാൻ സഹായിച്ചവർക്കും, സ്വാഗതം ചെയ്യുന്നവർക്കും.

**ഫാ. മാത്യു തുണ്ടത്തിൽ, ഒ.സി.ഡി.**
*ഡയറക്ടർ, CIPH*

www.malankaralibrary.com

# സത്യത്തിൽ സ്നേഹം
## *(Caritas in Veritate)*

**സ്നേഹത്തിലും സത്യത്തിലുമുള്ള മനുഷ്യന്റെ**
**സമഗ്രമായ വികസനത്തെക്കുറിച്ച്**
**മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും**
**സന്യാസിനീസന്യാസിമാർക്കും അല്മായ**
**വിശ്വാസികൾക്കും സന്മനസ്സുള്ള സകലർക്കും**
**പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമന്റെ**
**ചാക്രികലേഖനം സത്യത്തിൽ സ്നേഹം**

## ഉപക്രമം

1. യേശുക്രിസ്തു, ഈ ലോകത്തിലെ തന്റെ ജീവിതംകൊണ്ട്, പ്രത്യേകിച്ച് തന്റെ മരണവും ഉയിർപ്പുംകൊണ്ട്, സാക്ഷ്യംവഹിച്ച സത്യത്തിലെ സ്നേഹം, ഓരോ വ്യക്തിയുടെയും മനുഷ്യരാശി മുഴുവന്റെയും ആധികാരികവികസനത്തിനു പിന്നിലെ മുഖ്യചാലകശക്തിയാണ്. നീതിയുടെയും സമാധാനത്തിന്റെയും മണ്ഡലത്തിൽ ധീരവും ഉദാരവുമായി വ്യാപരിക്കുവാനുള്ള തിരഞ്ഞെടുപ്പിലേക്ക് ജനങ്ങളെ നയിക്കുന്ന അസാമാന്യശക്തിയാണു സ്നേഹം — *caritas.* നിത്യസ്നേഹവും

www.malankaralibrary.com

പരമസത്യവുമായ ദൈവത്തിൽനിന്ന് ഉത്ഭവിക്കുന്ന ഒരു ശക്തിയാണത്. തനിക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിനുവേണ്ടി ആ പദ്ധതി പിൻതുടരുന്നതിലൂടെയാണ് ഓരോ വ്യക്തിയും തന്റെ നന്മ കണ്ടെത്തുന്നത്: ഈ പദ്ധതിയിൽ അയാൾ തന്റെ സത്യം കണ്ടെത്തുകയും ആ സത്യത്തെ പിന്തുടരുന്നതിലൂടെ സ്വതന്ത്രനാവുകയും (cf. യോഹ. 8:22) ചെയ്യുന്നു. അതിനാൽ സത്യം സംരക്ഷിക്കുകയും വിനയത്തോടും ഉത്തമ ബോധ്യത്തോടും കൂടി അതു സ്പഷ്ടമാക്കുകയും ജീവിതത്തിൽ അതിനു സാക്ഷ്യംവഹിക്കുകയും ചെയ്യുക എന്നത്, സ്നേഹത്തിന്റെ നിർബന്ധിതവും അനുപേക്ഷണീയവുമായ രൂപങ്ങളാണ്. സ്നേഹം വാസ്തവമായും "സത്യത്തിൽ ആനന്ദിക്കുന്നു" (1 കോറി. 13:6). യഥാർത്ഥ സ്നേഹത്തിനുള്ള ആന്തരിക പ്രചോദനം എല്ലാ മനുഷ്യരും അനുഭവിക്കുന്നു: സ്നേഹവും സത്യവും അവരെ ഒരിക്കലും പൂർണമായി കൈവിടുന്നില്ല; കാരണം ഓരോ മനുഷ്യവ്യക്തിയുടെയും ഹൃദയത്തിലും മനസ്സിലും ദൈവം നിക്ഷേപിച്ചിരിക്കുന്ന വിളിയാണിവ. സ്നേഹത്തിനും സത്യത്തിനുംവേണ്ടിയുള്ള അന്വേഷണത്തെ, നമ്മുടെ മനുഷ്യത്വം അതിലേക്കു കൊണ്ടുവരുന്ന ദരിദ്രാവസ്ഥയിൽനിന്ന് യേശുക്രിസ്തു ശുദ്ധീകരിക്കുകയും വിമോചിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹപൂർണമായ മുൻകൈയെടുക്കലും അവിടുന്നു നമുക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്ന യഥാർത്ഥജീവിതത്തിനുള്ള പദ്ധതിയും അതിന്റെ പൂർണതയിൽ ക്രിസ്തു നമുക്കു വെളിപ്പെടുത്തിത്തരുന്നു. *സത്യത്തിൽ സ്നേഹം* ക്രിസ്തുവിൽ അവിടുത്തെ വ്യക്തിത്വത്തിന്റെ മുഖമായിത്തീരുന്നു — അവിടുത്തെ പദ്ധതിയുടെ സത്യത്തിനനുസൃതമായി നമ്മുടെ സഹോദരീസഹോദരന്മാരെ സേവിക്കാനുള്ള വിളി. അതെ, നിശ്ചയമായും അവിടുന്നു തന്നെയാണു സത്യം (cf. യോഹ. 14:6).

**2.** സഭയുടെ സാമൂഹികപ്രബോധനത്തിന്റെ ഹൃദയത്തിലാണ് സ്നേഹത്തിന്റെ സ്ഥാനം. ആ പ്രബോധനം നിർദ്ദേശിച്ചിട്ടുള്ള ഓരോ ഉത്തരവാദിത്തവും പ്രതിബദ്ധതയും സ്നേഹ

www.malankaralibrary.com

ത്തിൽനിന്നു വരുന്നതാണ്. യേശു പഠിപ്പിച്ചതനുസരിച്ച് സകല നിയമത്തിന്റെയും രത്നച്ചുരുക്കമാണ് (cf. മത്താ. 22:36-40) ആ സ്നേഹം. ദൈവവുമായും അയല്ക്കാരനുമായുമുള്ള വ്യക്തിബന്ധത്തിനു യഥാർത്ഥ ഉൾക്കാമ്പ് നല്കുന്നത് അതാണ്; (സ്നേഹിതർ, കുടുംബാംഗങ്ങൾ എന്നിവരുമായോ ചെറിയ സമൂഹങ്ങൾക്കുള്ളിലോ ഉള്ള) സൂക്ഷ്മതല ബന്ധങ്ങളുടെ മാത്രമല്ല, (സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ) വിശാല തലങ്ങളിലുള്ള ബന്ധങ്ങളുടെയും പിന്നിലുള്ള തത്ത്വമാണത്. സുവിശേഷോപദേശത്തിന്റെ അടിസ്ഥാനത്തിൽ, സഭയെ സംബന്ധിച്ചിടത്തോളം സ്നേഹമാണ് സർവസ്വം. വിശുദ്ധ യോഹന്നാൻ പഠിപ്പിക്കുന്നതുപോലെയും (cf.1 യോഹ. 4:8,16), "*ദൈവം സ്നേഹമാകുന്നു*" (*Deus Caritas Est*) എന്ന ആദ്യ ചാക്രികലേഖനത്തിൽ ഞാൻ അനുസ്മരിച്ചതുപോലെയും *എല്ലാറ്റിന്റെയും ഉത്ഭവം ദൈവത്തിന്റെ സ്നേഹത്തിലാണ്; എല്ലാം അതിനാൽ രൂപപ്പെട്ടു; എല്ലാം അതിലേക്കു നയിക്കപ്പെടുകയും ചെയ്യുന്നു.* മനുഷ്യരാശിക്കുള്ള ദൈവത്തിന്റെ ഏറ്റവും വലിയ സമ്മാനമാണു സ്നേഹം. അവിടുത്തെ വാഗ്ദാനവും നമ്മുടെ പ്രത്യാശയുമാണത്.

ദുർവ്യാഖ്യാനം ചെയ്യപ്പെടാനും ധാർമ്മികജീവിതത്തിൽ നിന്ന് മാറ്റിനിറുത്താനും ഏതെങ്കിലും തരത്തിൽ വിലയിടിച്ചു കാണാനുമുള്ള സാധ്യതയ്ക്ക് ഇടംകൊടുത്തുകൊണ്ട്, സ്നേഹം തെറ്റായി സങ്കല്പിക്കപ്പെടുകയും അർത്ഥരഹിതമാക്കപ്പെടുകയും ചെയ്തുപോരുന്നതിന്റെ നാനാവിധങ്ങളെക്കുറിച്ചു ഞാൻ ബോധവാനാണ്. സാമൂഹിക, നൈയാമിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിൽ — മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഈ അപകടസാധ്യത ഏറ്റവും കൂടുതലുള്ള രംഗങ്ങളിൽ — ധാർമ്മിക ഉത്തരവാദിത്തം വ്യാഖ്യാനിക്കുന്നതിലും അതിനു ദിശാബോധം നൽകുന്നതിലും അപ്രസക്തമെന്നു പറഞ്ഞ് സ്നേഹത്തെ എളുപ്പം തള്ളിക്കളയുകയാണ്. അതുകൊണ്ട്, വിശുദ്ധ പൗലോസ് ചൂണ്ടിക്കാണിച്ച *സ്നേഹത്തിൽ സത്യം* (എഫേ. 4:15) എന്ന അനുക്രമത്തിൽ മാത്രമല്ല, *സത്യത്തിൽ സ്നേഹം* എന്ന

www.malankaralibrary.com

അതിന്റെ പ്രതിലോമവും അനുപൂരകവുമായ ക്രമത്തിലും സ്നേഹത്തെ സത്യത്തോടു ബന്ധിപ്പിക്കേണ്ട ആവശ്യമുണ്ട്. സത്യത്തെ സ്നേഹത്തിന്റെ "വ്യവസ്ഥ"യിൽ തേടുകയും കണ്ടെത്തുകയും പ്രകാശിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതേസമയം സ്നേഹത്തെ സത്യത്തിന്റെ വെളിച്ചത്തിൽ ഗ്രഹിക്കുകയും സ്ഥിരീകരിക്കുകയും അനുഷ്ഠിക്കുകയും വേണം. ഇങ്ങനെ നാം, സത്യത്താൽ പ്രബുദ്ധമാക്കപ്പെട്ട സ്നേഹത്തെ സേവിക്കുക മാത്രമല്ല, സാമൂഹികജീവിതത്തിന്റെ പ്രായോഗിക അരങ്ങിൽ സത്യത്തിന്റെ നിർബന്ധപൂർവവും ആധികാരികതയേകുന്നതുമായ ശക്തി പ്രകാശിപ്പിച്ചുകൊണ്ട് ആ സത്യത്തിനു വിശ്വാസ്യത നൽകുവാൻ സഹായിക്കുക കൂടിയാണ്. സത്യത്തിനു കാര്യമായി ചെവികൊടുക്കാതെയും അതിന്റെ അസ്തിത്വം അംഗീകരിക്കുന്നതിൽ വർദ്ധിതമായ വൈമുഖ്യം പ്രകടിപ്പിച്ചും സത്യത്തെ ആപേക്ഷികവത്കരിക്കുന്ന ഇന്നത്തെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ ഇത് ഒട്ടും നിസ്സാരമല്ലാത്ത കാര്യമാണ്.

**3.** സത്യവുമായുള്ള ഈ ഉറ്റബന്ധം വഴി, മാനവികതയുടെ ആധികാരിക പ്രകാശനമായും ബഹുജനസ്വഭാവത്തോടുകൂടിയവ അടക്കമുള്ള മനുഷ്യബന്ധങ്ങളിലെ മൗലികപ്രാധാന്യമുള്ള ഘടകമായും സ്നേഹത്തെ മനസ്സിലാക്കാൻ കഴിയും. *സത്യത്തിൽ മാത്രമേ സ്നേഹം വെട്ടിത്തിളങ്ങുന്നുള്ളൂ;* സത്യത്തിൽ മാത്രമേ സ്നേഹം ആധികാരികമായി ജീവിക്കപ്പെടുന്നുള്ളൂ. സ്നേഹത്തിന് അർത്ഥവും മൂല്യവും നൽകുന്ന വെളിച്ചമാണു സത്യം. യുക്തിയുടെയും വിശ്വാസത്തിന്റെയും വെളിച്ചമാണത്. അതിലൂടെയാണ് ബുദ്ധി സ്നേഹത്തിന്റെ സ്വാഭാവികവും അതിസ്വാഭാവികവുമായ സത്യത്തിലേക്ക് എത്തുന്നത്: ദാനവും സ്വീകരണവും കൂട്ടായ്മയും എന്ന നിലയ്ക്കുള്ള അർത്ഥം അതിനു കരഗതമാകുന്നു. സത്യംകൂടാതെ, സ്നേഹം വൈകാരികത മാത്രമായി തരംതാഴുന്നു. തന്നിഷ്ടം പോലെ നിറയ്ക്കാനുള്ള ശൂന്യമായ ഒരു പുറംതോടായി സ്നേഹം മാറുന്നു. സത്യംകൂടാതെയുള്ള ഒരു സംസ്കാരത്തിൽ, സ്നേഹത്തിന് അഭിമുഖീകരിക്കാനുള്ള മാരക വെല്ലു

www.malankaralibrary.com

വിളിയാണിത്. അനിശ്ചിതമായ വ്യക്ത്യധിഷ്ഠിത വികാരങ്ങൾക്കും അഭിപ്രായങ്ങൾക്കും അത് ഇരയാവുന്നു; എതിരർത്ഥം ധ്വനിപ്പിക്കുന്നിടത്തോളം വരെ "സ്നേഹം" എന്ന പദം ദുരുപയോഗിക്കപ്പെടുകയും വികൃതമാക്കപ്പെടുകയും ചെയ്യുന്നു. ബന്ധങ്ങളിലധിഷ്ഠിതവും സാമൂഹികവുമായ ഉള്ളടക്കം നഷ്ടപ്പെടുത്തുന്ന വികാരപരതയുടെയും, മാനവികവും സാർവത്രികവുമായ ഒരു മണ്ഡലം നഷ്ടപ്പെടുത്തുന്ന *ഫീദേയിസ*ത്തിന്റെയും പിടിയിൽനിന്ന് സത്യം സ്നേഹത്തെ സ്വതന്ത്രമാക്കുന്നു. സത്യത്തിൽ സ്നേഹം ഒരേസമയം സ്നേഹവും സത്യവുമായ; സ്നേഹവും വചനവുമായ, ബൈബിളിലെ ദൈവത്തിലുള്ള വിശ്വാസത്തിന്റെ വ്യക്തിപരവും എന്നാൽ പൊതുസ്വഭാവമുള്ളതുമായ തലത്തെ പ്രതിഫലിപ്പിക്കുന്നു.

**4.** സത്യം നിറഞ്ഞതായതുകൊണ്ട് സ്നേഹത്തെ അതിന്റെ മൂല്യങ്ങളുടെ സമ്പന്നതയിൽ മനസ്സിലാക്കാനാവും; അതു പങ്കുവയ്ക്കാനും വിനിമയം ചെയ്യാനുമാവും. വാസ്തവത്തിൽ, ഇരു-വചനത്തെ (*diá-logos*) സൃഷ്ടിക്കുന്ന വചനം (*lógos*) ആണു *സത്യം*. അതുകൊണ്ടുതന്നെ, അതിന്റെ കൂട്ടായ്മയും വിനിമയവും തങ്ങളുടെ വ്യക്തിനിഷ്ഠമായ അഭിപ്രായങ്ങൾക്കും തോന്നലുകൾക്കും അപ്പുറം ചെല്ലുവാൻ സഹായിക്കുന്നതിലൂടെ, സാംസ്കാരികവും ചരിത്രപരവുമായ പരിമിതികൾ മറികടന്ന് വസ്തുക്കളുടെ മൂല്യവും ഉൾക്കാമ്പും വിലയിരുത്തുന്നതിൽ ഒരുമിച്ചുവരുന്നതിന് സത്യം മനുഷ്യരെ അനുവദിക്കുന്നു. സത്യം നമ്മുടെ മനസ്സുകളെ സ്നേഹത്തിന്റെ *വചന*(*lógos*)ത്തിൽ തുറക്കുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു: ഇതാണു സ്നേഹത്തിന്റെ ക്രൈസ്തവപ്രഘോഷണവും സാക്ഷ്യവും. സത്യത്തെ ആപേക്ഷികവത്കരിക്കാൻ വ്യാപകമായ പ്രവണതയുള്ള ഇന്നത്തെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ, ക്രൈസ്തവമൂല്യങ്ങൾ മുറുകെപ്പിടിക്കുന്നത് നല്ലൊരു സമൂഹം കെട്ടിപ്പടുക്കുന്നതിനും മനുഷ്യന്റെ യഥാർത്ഥവും സമഗ്രവുമായ വികസനത്തിനും ഉപകാരപ്രദം മാത്രമല്ല അവശ്യാവശ്യവുമാണെന്ന് ജനങ്ങൾ ഗ്രഹിക്കുന്നതിന്, സത്യത്തിലുള്ള സ്നേഹത്തിന്റെ പ്രയോഗവത്ക

www.malankaralibrary.com

രണം സഹായിക്കും. സത്യമില്ലാത്ത സ്നേഹത്തിന്റേതായ ഒരു ക്രിസ്തുമതത്തിനു പകരമാകാൻ, സാമൂഹികഐക്യത്തിനു സഹായകമായ സദ്വികാരങ്ങളുടെ ഒരു കൂട്ടുകെട്ടിന് കുറെയൊക്കെ കഴിഞ്ഞേക്കാം; എന്നാൽ, അതിനു തീരെക്കുറഞ്ഞ പ്രസക്തിയേ ഉണ്ടാവുകയുള്ളൂ. മറ്റുവാക്കുകളിൽ പറഞ്ഞാൽ, അപ്പോൾ ദൈവത്തിനു ലോകത്തിൽ ശരിയായ ഒരു സ്ഥാനവുമുണ്ടായിരിക്കുകയില്ല. സത്യം കൂടാതെയുള്ള സ്നേഹം ബന്ധങ്ങളില്ലാത്ത ഒരു സങ്കുചിത മണ്ഡലമായി ചുരുങ്ങുന്നു. ജ്ഞാനവും കർമ്മവും തമ്മിലുള്ള ബന്ധത്തിൽ, സാർവത്രികതലത്തിലുള്ള മനുഷ്യവികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളിലും പ്രക്രിയകളിലും നിന്ന് അതു മാറ്റിനിറുത്തപ്പെടുന്നു.

**5.** സ്വീകരിക്കപ്പെടുന്നതും നൽകപ്പെടുന്നതുമായ സ്നേഹം (love) ആണ് ഉപവി (charity). അതു "കൃപ" *(cháris)* യാണ്. പരിശുദ്ധാത്മാവിൽ പിതാവായ ദൈവത്തിന് പുത്രനായ ദൈവത്തോടുള്ള സ്നേഹത്തിന്റെ ഉറവയിൽനിന്നാണ് അതു വരുന്നത്. പുത്രനിൽനിന്നു നമ്മിലേക്കു സ്നേഹം ഇറങ്ങിവരുന്നു. നമുക്കു അസ്തിത്വം തരുന്ന സൃഷ്ട്യുന്മുഖ സ്നേഹമാണത്; നമ്മെ പുനഃസൃഷ്ടിക്കുന്ന രക്ഷാകര സ്നേഹമാണത്. സ്നേഹം ക്രിസ്തുവിനാൽ വെളിപ്പെടുത്തപ്പെടുകയും സന്നിഹിതമാക്കപ്പെടുകയും (cf. യോഹ. 13:1) "പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെടുകയും" (റോമാ. 5:5) ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹഭാജനങ്ങളെന്ന നിലയിൽ സ്ത്രീപുരുഷന്മാർ സ്നേഹത്തിന്റെ കർത്താക്കളാവുകയും, ദൈവസ്നേഹം ചൊരിയാനും സ്നേഹശൃംഖലകൾ നെയ്യാനും കഴിയുംവിധം തങ്ങളെത്തന്നെ കൃപയുടെ ഉപകരണങ്ങളാക്കാൻ അവർ വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

സ്വീകരിക്കുന്നതും നൽകുന്നതുമായ സ്നേഹത്തിന്റെ ഈ ചലനാത്മകതയാണ് സഭയുടെ സാമൂഹികപ്രബോധനത്തിനു ജന്മം നല്കുന്നത്. അത് സമൂഹത്തിൽ ക്രിസ്തുവിന്റെ സ്നേഹസത്യത്തിന്റെ പ്രഘോഷണമാകുന്നു *(Caritas in veritate in re sociali)*. സ്നേഹത്തിനുള്ള ഒരു സേവനമാണ്

www.malankaralibrary.com

ഈ പ്രബോധനം; എന്നാൽ സത്യമാണ് അതിന്റെ സഞ്ചാര പഥം. അനുസ്യൂതം മാറുന്ന ചരിത്രസംഭവങ്ങളിൽ വിമോചിപ്പിക്കുവാനുള്ള സ്നേഹത്തിന്റെ ശക്തിയെ സത്യമാണു സംരക്ഷിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നത്. അത് ഒരേ സമയം വിശ്വാസത്തിന്റെ സത്യവും യുക്തിയുടെ സത്യവുമാണ് — രണ്ടു ജ്ഞാനമണ്ഡലങ്ങളുടെയും വ്യതിരിക്തതയിലും അവയുടെ ഏകകേന്ദ്രാഭിമുഖ്യത്തിലും. വികസനം, സാമൂഹികക്ഷേമം, മാനവരാശി നേരിടുന്ന ഗുരുതരമായ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള അന്വേഷണം എന്നിവയ്ക്കെല്ലാം ഈ സത്യം ആവശ്യമാണ്. അതിലധികം അവയ്ക്ക് ആവശ്യമുള്ളത് ഈ സത്യം സ്നേഹിക്കപ്പെടുകയും പ്രദർശിപ്പിക്കപ്പെടുകയുംചെയ്യണമെന്നുള്ളതാണ്. സത്യംകൂടാതെ, സത്യമായതിലുള്ള ഉറപ്പും അതിനോടുള്ള സ്നേഹവും കൂടാതെ, സാമൂഹിക മനസ്സാക്ഷിയോ സാമൂഹിക ഉത്തരവാദിത്തമോ ഇല്ല. സാമൂഹികപ്രവർത്തനം സ്വകാര്യതാല്പര്യങ്ങളെയും അധികാരത്തിന്റെ ന്യായവാദത്തെയും സേവിക്കുന്നതിൽ ചെന്നുചേരും. ഇന്നത്തേതുപോലെ വിഷമംപിടിച്ച കാലത്തെ ആഗോളവത്കൃതസമൂഹത്തിൽ പ്രത്യേകിച്ചും, സാമൂഹിക വിഘടനമായിരിക്കും ഇതിന്റെ ഫലം.

**6.** *"സത്യത്തിൽ സ്നേഹം"* എന്ന തത്ത്വത്തിനു ചുറ്റുമാണ് സഭയുടെ സാമൂഹിക പ്രബോധനം തിരിയുന്നത്. ധാർമ്മിക പ്രവൃത്തിയെ ഭരിക്കുന്ന മാനദണ്ഡങ്ങളിൽ ആ തത്ത്വം പ്രായോഗികരൂപം കൈക്കൊള്ളുന്നു. അധികമധികമായി ആഗോളവത്കരിക്കപ്പെടുന്ന സമൂഹത്തിൽ വികസനത്തിനുള്ള പ്രതിബദ്ധതയെ സംബന്ധിച്ചിടത്തോളം സവിശേഷ പ്രസക്തിയുള്ള രണ്ടു കാര്യങ്ങൾ മാത്രം പ്രത്യേകം പരാമർശിക്കാൻ ഞാനാഗ്രഹിക്കുന്നു: *നീതിയും പൊതുനന്മയും.*

ആദ്യമായി, നീതി. *Ubi societas, ibi ius*: ഓരോ സമൂഹവും അതിന്റേതന്നെ നീതി സ്വയം രൂപീകരിക്കുന്നു. *സ്നേഹം നീതിയെ കടന്നുനില്ക്കുന്നു*; കാരണം സ്നേഹിക്കുകയെന്നാൽ നല്കുകയാണ്, "എന്റേത്" മറ്റുള്ളവർക്കു നല്കുകയാണ്. എന്നാൽ അതിനു നീതി ഇല്ലാതെ പോവുന്നില്ല. മറ്റേ

www.malankaralibrary.com

യാൾക്ക് "അയാൾക്കുള്ളത്", അയാളുടെ അസ്തിത്വത്താലോ കർമ്മത്താലോ അയാൾക്കവകാശപ്പെട്ടത്, നല്കുവാൻ നീതി നമ്മെ പ്രേരിപ്പിക്കുന്നു. ഒരാൾക്ക് നീതിയാൽ അവകാശപ്പെട്ടത് ആദ്യം നല്കാതെ, എന്റേത് അയാൾക്കു "നല്കുവാൻ" എനിക്കു കഴിയുകയില്ല. ഉപവിയാൽ നാം മറ്റുള്ളവരെ സ്നേഹിക്കുന്നുവെങ്കിൽ, ഒന്നാമതുതന്നെ നാമവരോടു നീതിയുള്ളവരായിരിക്കും. നീതി സ്നേഹത്തിനു പുറത്തല്ലെന്നു മാത്രമല്ല, അതു സ്നേഹത്തിനു പകരമോ അതിനു സമാന്തരമോ ആയ ഒരു പാതയുമല്ല: നീതിയെ സ്നേഹത്തിൽനിന്നു വേർപിരിക്കാനാവില്ല,[1] സ്നേഹത്തിന്റെ അവിഭാജ്യഭാഗമാണത്. നീതിയാണു സ്നേഹത്തിന്റെ പ്രാഥമിക പാത, അല്ലെങ്കിൽ പോൾ ആറാമന്റെ വാക്കുകളിൽ അതിന്റെ "അവശ്യംവേണ്ട ഏറ്റവും കുറഞ്ഞ അളവ്;"[2] വിശുദ്ധ യോഹന്നാൻ നമ്മെ ആഹ്വാനംചെയ്യുന്ന "പ്രവൃത്തിയിലും സത്യത്തിലുമുള്ള" (1 യോഹ. 3:18) സ്നേഹത്തിന്റെ അവിഭാജ്യഭാഗമാണത്. ഒരു വശത്ത് സ്നേഹം നീതി ആവശ്യപ്പെടുന്നു: വ്യക്തികളുടെയും ജനതകളുടെയും ന്യായമായ അവകാശങ്ങളുടെ അംഗീകാരവും അവയോടുള്ള ആദരവും. നിയമവും നീതിയുമനുസരിച്ച് *ഭൗമികനഗരം* പണിയാൻ അതു പരിശ്രമിക്കുന്നു. മറുവശത്ത്, സ്നേഹം നീതിയെ അതിശയിക്കുകയും നല്കലിന്റെയും മാപ്പുനല്കലിന്റെയും ന്യായവാദത്തിൽ അതു പൂർത്തിയാക്കുകയും ചെയ്യുന്നു.[3] വെറുതെ അവകാശങ്ങളുടെയും കടമകളുടെയും ബന്ധങ്ങൾകൊണ്ടു മാത്രമല്ല, അതിനേക്കാൾ മഹത്തും മൗലികവുമായ വ്യാപ്തിയിൽ, സൗജന്യദാനത്തിന്റെയും കരുണയുടെയും കൂട്ടായ്മയുടെയും ബന്ധങ്ങളാലാണു *ഭൗമികനഗരം* പോഷിപ്പിക്കപ്പെടുക. സ്നേഹം എല്ലായ്പോഴും മനുഷ്യബന്ധങ്ങളിൽ ദൈവത്തിന്റെ സ്നേഹം പ്രകാശിപ്പിക്കുന്നു; ലോകത്തിൽ നീതിക്കായുള്ള സർവപ്രതിബദ്ധതയ്ക്കും അത് ദൈവശാസ്ത്രപരവും രക്ഷാകരവുമായ മൂല്യം നല്കുന്നു.

**7.** പൊതുനന്മയാണ് മറ്റൊരു പ്രധാന പരിഗണന. ഒരാളെ സ്നേഹിക്കുകയെന്നാൽ, അയാളുടെ നന്മ കാംക്ഷിക്കുകയും

www.malankaralibrary.com

അത് ഉറപ്പാക്കുന്നതിനു ഫലപ്രദമായ നടപടികളെടുക്കുകയും ചെയ്യുക എന്നതാണ്. വ്യക്തിയുടെ നന്മയ്ക്കൊപ്പം സാമൂഹികജീവിതവുമായി ബന്ധപ്പെട്ട ഒരു നന്മയുമുണ്ട്: പൊതുനന്മ. വ്യക്തികൾ, കുടുംബങ്ങൾ, ചെറുസമൂഹങ്ങൾ എന്നീ നിലകളിൽ ഒന്നുചേർന്ന് സമൂഹമായിത്തീരുന്ന "നാമേവരുടെയും" നന്മയാണത്.[4] അത് അതിനുവേണ്ടിത്തന്നെയുള്ള ഒരു നന്മയല്ല, സമൂഹത്തിലുൾപ്പെടുന്ന ജനങ്ങൾക്കുവേണ്ടിയുള്ള നന്മയാണ്; അവർക്കുമാത്രമേ അതിനുള്ളിൽ യഥാർത്ഥത്തിലും ഫലപ്രദമായും തങ്ങളുടെ നന്മ തേടാനാകൂ. *പൊതുനന്മ കാംക്ഷിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്നത് നീതിയുടെയും സ്നേഹത്തിന്റെയും അവശ്യ ഉപാധിയാണ്;* സമൂഹത്തെ "നഗരം" (*pólis*) ആക്കിക്കൊണ്ട് ഒരു വശത്ത് അതിന്റെ ജീവിതത്തിന് നൈയാമികമായും പൊതുവായും രാഷ്ട്രീയമായും സാംസ്കാരികമായും ഘടനയേകുന്ന സ്ഥാപനങ്ങളുടെ സമുച്ചയത്തോട് ഔത്സുക്യമുണ്ടായിരിക്കുകയും, മറുവശത്ത് അതു പ്രയോജനപ്പെടുത്തുകയും ചെയ്യുകയെന്നതാണ് പൊതുനന്മയ്ക്കായി നിലകൊള്ളുക എന്നതിനർത്ഥം. നമ്മുടെ അയൽക്കാരുടെ യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് ഒരു പൊതുനന്മയ്ക്കായി നാം എത്രത്തോളം യത്നിക്കുമോ അത്രത്തോളം ഫലപ്രദമായി നാമവരെ സ്നേഹിക്കുന്നു. തന്റെ വിളിക്ക് ഇണങ്ങുന്നതും ഈ "നഗര"ത്തിൽ തനിക്കുള്ള സ്വാധീനത്തിനനുസൃതവുമായ വിധത്തിൽ ഈ സ്നേഹം അനുഷ്ഠിക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുകയാണ്. ഇതാണു സ്നേഹത്തിന്റെ സ്ഥാപനപരമായ പാത — നമുക്കതിനെ സ്നേഹത്തിന്റെ രാഷ്ട്രീയപാത എന്നും വിളിക്കാം. "നഗര"ത്തിന്റെ സ്ഥാപനപരമായ മധ്യസ്ഥതയ്ക്കുപുറത്ത് അയൽക്കാരനെ നേരിട്ടു കണ്ടുമുട്ടുന്ന സ്നേഹത്തെക്കാൾ ഔൽകൃഷ്ട്യമോ ഫലപ്രാപ്തിയോ കുറഞ്ഞതല്ല ഇത്. സ്നേഹപ്രേരിതമായിരിക്കുമ്പോൾ, പൊതുനന്മയോടുള്ള പ്രതിബദ്ധതയ്ക്ക് വെറും മതനിരപേക്ഷവും രാഷ്ട്രീയവുമായ നിലപാടിനെക്കാൾ മൂല്യമുണ്ട്. നീതിക്കുവേണ്ടിയുള്ള എല്ലാ പ്രതിബദ്ധതയെയുംപോലെ, ഭൗമിക

www.malankaralibrary.com

പ്രവർത്തനത്തിലൂടെ നിത്യതയ്ക്കു വഴിയൊരുക്കുന്ന ദൈവികസ്നേഹത്തിന്റെ സാക്ഷ്യത്തിനുള്ളിൽ അതിനു സ്ഥാനമുണ്ട്. സ്നേഹത്താൽ പ്രചോദിതവും പരിപോഷിതവുമായിരിക്കുമ്പോൾ മനുഷ്യന്റെ ഭൗമികപ്രവർത്തനങ്ങൾ, മനുഷ്യകുടുംബത്തിന്റെ ചരിത്രത്തിന്റെ ലക്ഷ്യമായ സാർവത്രിക *ദൈവനഗര*ത്തിന്റെ നിർമ്മിതിയ്ക്ക് ഉപകരിക്കുന്നു. അധികമധികമായി ആഗോളവത്കൃതമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ, *ഭൗമികനഗര*ത്തെ ഐക്യത്തിലും ശാന്തിയിലും ഒരളവുവരെ അവിഭക്ത *ദൈവനഗര*ത്തിന്റെ മുൻകാഴ്ചയും മുന്നാസ്വാദനവുമായി രൂപപ്പെടുത്തത്തക്കവിധം, പൊതുനന്മയ്ക്കും അതിനുവേണ്ടിയുള്ള പരിശ്രമത്തിനും മുഴുവൻ മനുഷ്യകുടുംബത്തിന്റെയും, അതായത് ജനതകളുടെയും രാഷ്ട്രങ്ങളുടെയും കൂട്ടായ്മയുടെ,[5] മാനം സ്വീകരിക്കാതിരിക്കാനാവില്ല.

8. 1967-ൽ എന്റെ വന്ദ്യനായ മുൻഗാമി പോൾ ആറാമൻ മാർപാപ്പ "*ജനതകളുടെ പുരോഗതി*" (*Populorum Progressio*) എന്ന ചാക്രികലേഖനം പുറപ്പെടുവിച്ചപ്പോൾ, ജനതകളുടെ വികസനം എന്ന മഹത്തായ പ്രമേയത്തെ സത്യത്തിന്റെ പ്രഭയും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സൗമ്യവെളിച്ചവുംകൊണ്ടു ദീപ്തമാക്കുകയുണ്ടായി. ക്രിസ്തുവിലുള്ള ജീവിതമാണു വികസനത്തിന്റെ പ്രഥമവും പ്രമുഖവുമായ ഘടകമെന്ന്[6] അദ്ദേഹം പഠിപ്പിക്കുകയും നമ്മുടെ മുഴുഹൃദയത്തോടും സർവബുദ്ധിയോടുംകൂടി വികസനത്തിന്റെ പാതയിൽ യാത്രചെയ്യാനുള്ള ദൗത്യം[7] നമ്മെ ഏല്പിക്കുകയും ചെയ്തു. അതായത് സ്നേഹത്തിന്റെ അത്യൗത്സുക്യത്തോടും സത്യത്തിന്റെ വിവേകത്തോടുംകൂടി അപ്രകാരം ചെയ്യുവാൻ. സമ്മാനത്തിനായി നമ്മുടെ ജീവിതങ്ങൾ തുറക്കുകയും മാർഗമധ്യേ അനിവാര്യമായും ഉണ്ടാകാവുന്ന തടസ്സങ്ങളെ മറികടന്ന് നേടാവുന്ന "മനുഷ്യന്റെ മുഴുവനും സകല മനുഷ്യരുടെയും വികസന"ത്തെയും[8] "ഏറെ മാനുഷികമല്ലാത്ത സാഹചര്യങ്ങളിൽനിന്ന് കൂടുതൽ മാനുഷികമായ സാഹചര്യങ്ങളിലേക്കുള്ള പുരോഗതി"യെയും[9] കുറിച്ചുള്ള പ്രത്യാശ സാധ്യമാക്കുകയും ചെയ്യുന്ന, ദൈവത്തിന്റെ സ്നേഹത്തിന്റെ ആദിമ

www.malankaralibrary.com

സത്യമാണത് — നമ്മിൽ ചൊരിയപ്പെട്ട കൃപയാണത്.

ആ ചാക്രികലേഖനത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം നാല്പതിലധികം വർഷം കഴിഞ്ഞ്, *സമഗ്ര മനുഷ്യവികസന*ത്തെക്കുറിച്ചുള്ള മഹാനായ പോൾ ആറാമൻ മാർപാപ്പയുടെ പ്രബോധനങ്ങൾ ഇക്കാലത്തിനുവേണ്ടി പ്രയോജനപ്പെടുത്തത്തക്കവിധം വീണ്ടും പരിശോധിച്ചും അവ സൃഷ്ടിച്ച പാതയ്ക്കുള്ളിൽ ചുവടുറപ്പിച്ചും അദ്ദേഹത്തിന് അഞ്ജലിയർപ്പിക്കാനും ആ പുണ്യസ്മരണയെ ആദരിക്കാനും ഞാനാഗ്രഹിക്കുന്നു. "*ജനതകളുടെ പുരോഗതി*"യുടെ ഇരുപതാം വാർഷികം പ്രമാണിച്ച് ദൈവദാസൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ "*സാമൂഹികൗത്സുക്യം*" (*Sollicitudo Rei Socialis*) എന്ന ചാക്രികലേഖനത്തോടെയാണ് ആനുകാലിക സാഹചര്യങ്ങൾക്കുവേണ്ടി മുൻ സാമൂഹികപ്രബോധനത്തിന്റെ തുടർപ്രയോഗം ആരംഭിച്ചത്. അതുവരെ "*നവീന വ്യവസ്ഥിതി*" (*Rerum Novarum*) മാത്രമേ ഈ വിധത്തിൽ അനുസ്മരിക്കപ്പെട്ടിരുന്നുള്ളൂ. വീണ്ടുമിപ്പോൾ ഇരുപതു വർഷം കഴിഞ്ഞ്, ഐക്യത്തിലേക്കുള്ള മനുഷ്യരാശിയുടെ പ്രയാണത്തിനുമേൽ വെളിച്ചം വീശുന്ന "*ജനതകളുടെ പുരോഗതി*"യെ ഈ യുഗത്തിന്റെ "*നവീനവ്യവസ്ഥിതി*"യായി കാണാനാവും എന്ന എന്റെ ബോധ്യം ഞാൻ പ്രകടിപ്പിക്കട്ടെ.

**9.** അനുക്രമമായും വ്യാപകമായും ആഗോളവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്തിൽ സഭയ്ക്കുള്ള മഹത്തായ വെല്ലുവിളിയാണ് സത്യത്തിൽ സ്നേഹം — *caritas in veritate.* ജനങ്ങളും രാജ്യങ്ങളും തമ്മിൽ *പരമാർത്ഥത്തിൽ* ഉള്ള പരസ്പരാശ്രിതത്വത്തിനനുസൃതമായ തോതിൽ മനസ്സാക്ഷികളുടെയും മനസ്സുകളുടെയും ധാർമ്മിക പ്രതിപ്രവർത്തനം ഉണ്ടാകുന്നില്ല എന്നതാണ് നമ്മുടെ കാലത്തിന്റെ പ്രശ്നം. *യുക്തിയുടെയും വിശ്വാസത്തിന്റെയും വെളിച്ചത്താൽ ദീപ്തമായ സ്നേഹത്തിൽ മാത്രമേ, കൂടുതൽ മാനവികവും കൂടുതലായി മാനവീകരിക്കുന്നതുമായ മൂല്യമുള്ള വികസനലക്ഷ്യങ്ങൾ പിന്തുടരാനാവൂ.* വെറും സാങ്കേതികപുരോഗതിയും ഉപയോഗയോഗ്യതയുടെ അടിസ്ഥാനത്തിലുള്ള ബന്ധങ്ങളുംകൊണ്ടല്ല, മനസ്സാക്ഷികളുടെയും സ്വാതന്ത്ര്യത്തിന്റെയും അന്യോന്യ

www.malankaralibrary.com

തയിലേക്കു പാതതുറന്ന് നന്മയാൽ തിന്മയെ കീഴടക്കുന്ന (cf. റോമാ. 12:21) സ്നേഹത്തിന്റെ ശക്തികൊണ്ടേ, ആധികാരിക വികസനത്തിന്റെ പ്രഭവമായ, വസ്തുവിഭവങ്ങളുടെ പങ്കുവയ്പ് ഉറപ്പാക്കാനാവൂ.

സഭയ്ക്കു സാങ്കേതികപരിഹാരങ്ങൾ നിർദ്ദേശിക്കാനില്ല;[10] "ഭരണകൂടങ്ങളുടെ രാഷ്ട്രീയത്തിൽ ഒരുവിധത്തിലും ഇടപെടാൻ" അവൾ അവകാശമുന്നയിക്കുന്നുമില്ല.[11] അതേസമയം, മനുഷ്യനിണങ്ങിയ ഒരു സമൂഹത്തിനായി, അവന്റെ മഹത്ത്വത്തിനായി, അവന്റെ വിളിക്കായി, ഏതു സമയത്തും സാഹചര്യത്തിലും നിറവേറ്റാൻ അവൾക്കു സത്യത്തിന്റെ ഒരു ദൗത്യമുണ്ട്. സത്യമില്ലെങ്കിൽ, കർമ്മത്തിന്റെ നിലവാരത്തെ വിലയിരുത്താനും അതിനെ നയിക്കാനും വേണ്ട മൂല്യങ്ങൾ — ചിലപ്പോൾ അർത്ഥങ്ങൾ തന്നെയും — ഗ്രഹിക്കാനുള്ള താല്പര്യമില്ലാത്തതിനാൽ, ആ കർമ്മനിലവാരത്തിലേക്കുയരാതെ ജീവിതത്തെക്കുറിച്ച് പരീക്ഷണാടിസ്ഥാനത്തിലുള്ളതും സംശയഗ്രസ്തവുമായ ഒരു കാഴ്ചപ്പാടിൽ ചെന്നുചാടാൻ എളുപ്പമാണ്. *മനുഷ്യനോടുള്ള വിശ്വസ്തതയ്ക്ക് സത്യത്തോടുള്ള വിശ്വസ്തത ആവശ്യമാണ്. സ്വാതന്ത്ര്യത്തിനും* (cf. യോഹ. 8:32) *സമഗ്ര മനുഷ്യവികസന സാധ്യതയ്ക്കും ഉള്ള* ഉറപ്പ് അതു മാത്രമാണ്. ഇക്കാരണത്താൽ സഭ സത്യം തേടുകയും അത് അക്ഷീണം പ്രഘോഷിക്കുകയും ആവിഷ്കരിക്കപ്പെടുന്നിടത്തെല്ലാം അതിനെ തിരിച്ചറിയുകയും ചെയ്യുന്നു. സത്യത്തിന്റെ ഈ ദൗത്യം സഭയ്ക്ക് ഒരിക്കലും ഉപേക്ഷിക്കാനാവില്ല. അവളുടെ സാമൂഹികപ്രബോധനം ഈ പ്രഘോഷണത്തിന്റെ ഒരു പ്രത്യേക മാനമാണ്. *നമ്മെ സ്വതന്ത്രരാക്കുന്ന സത്യത്തിനർപ്പിക്കുന്ന സേവനമാണത്.* ഏതു വിജ്ഞാനശാഖയിൽനിന്നു വരുന്നതായാലും സത്യത്തോടു തുറവിയോടെയിരുന്ന് സഭയുടെ സാമൂഹികപ്രബോധനം അതു സ്വീകരിക്കുകയും, അതു പ്രകടമാക്കപ്പെടുന്ന ശകലങ്ങളെ ഐക്യത്തിലേക്കു കൂട്ടിയോജിപ്പിക്കുകയും, ജനതകളുടെയും രാഷ്ട്രങ്ങളുടെയും സമൂഹത്തിന്റെ; നിത്യവും മാറുന്ന ജീവിതരീതികൾക്കുള്ളിൽ അവയ്ക്കു മാധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു.[12]

www.malankaralibrary.com

# അദ്ധ്യായം ഒന്ന്

# 'ജനതകളുടെ പുരോഗതി' (*Populorum Progressio*) നൽകുന്ന സന്ദേശം

**10.** പ്രസിദ്ധീകരണത്തിന്റെ 40-ാം വർഷം പിന്നിടുന്ന *'ജനതകളുടെ പുരോഗതി'*, പോൾ ആറാമന്റെ ആകെ പ്രബോധനങ്ങളുടെ സവിശേഷപശ്ചാത്തലത്തിലും, സഭയുടെ സാമൂഹ്യപ്രബോധനത്തിന്റെ പൊതുവായ പാരമ്പര്യത്തിന്റെ വെളിച്ചത്തിലും ഇന്ന് വായിക്കുമ്പോൾ സ്നേഹത്തിനും സത്യത്തിനും വേണ്ടിയുള്ള അതിന്റെ ആഹ്വാനത്തിൽ ഉറച്ചു നിൽക്കുവാനാണ് നാം ക്ഷണിക്കപ്പെടുന്നത്. മാത്രവുമല്ല വികസനത്തിന്റെ പ്രശ്നങ്ങൾ ഇന്ന് കൈകാര്യം ചെയ്യപ്പെടുന്ന വ്യത്യസ്ത നിബന്ധനകൾക്ക് 40 വർഷം മുമ്പുണ്ടായിരുന്നവയുമായി തുലനം ചെയ്യുമ്പോൾ ഒരു പുത്തൻ വിലയിരുത്തൽ ആവശ്യവുമാണ്. അതിനുള്ള ശരിയായ വീക്ഷണം പകരുന്നതാകട്ടെ *അപ്പസ്തോല വിശ്വാസത്തിന്റെ പാരമ്പര്യമാണ്,*[13] പ്രാചീനവും എന്നാൽ നൂതനവുമായ ഒരു പൈതൃകം. അതിന് പുറത്തായാൽ *'ജനതകളുടെ പുരോഗതി'*യും വേരുകളില്ലാത്ത ഒരു രേഖ മാത്രമാവും — വികസനത്തെ സംബന്ധിച്ച പ്രശ്നങ്ങൾ, കേവലം സാമൂഹ്യശാസ്ത്രപരമായ വിവരങ്ങളും.

**11.** രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ച ഉടനെ തന്നെയാണ് *'ജനതകളുടെ പുരോഗതി'* പ്രസിദ്ധീകരിക്കപ്പെട്ടത്. അതിന്റെ ആദ്യ ഖണ്ഡികകളിൽതന്നെ കൗൺസിലുമായുള്ള അതിന്റെ ബന്ധം വ്യക്തമായി പരാമർശിച്ചിട്ടുമുണ്ട്.[14] ഇരുപതുവർഷങ്ങൾക്കുശേഷം ജോൺപോൾ രണ്ടാമൻ,

www.malankaralibrary.com

'സാമൂഹികൗത്സുക്യ'ത്തിൽ (*Solicitudo Rei Socialis*) മുകളിൽ പരാമർശിച്ച ചാക്രികലേഖനത്തിന് കൗൺസിലുമായി, പ്രത്യേകിച്ചും അതിന്റെ അജപാലനത്തെ സംബന്ധിച്ച പ്രമാണരേഖയായ *'ആനന്ദവും പ്രതീക്ഷയു'*[15] മായുള്ള (*Gaudium et Spes*) ഫലപ്രദമായ ബന്ധത്തെക്കുറിച്ച് എടുത്തു പറഞ്ഞു. പോൾ ആറാമന്റെ ചാക്രികലേഖനത്തിനും തുടർന്നുള്ള മാർപാപ്പമാരുടെ എല്ലാ സാമൂഹിക പ്രബോധനാധികാരത്തിനും രണ്ടാം വത്തിക്കാൻ കൗൺസിലിനുള്ള സ്വാധീനത്തെ ഇവിടെ അനുസ്മരിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ശുശ്രൂഷയിലായിരിക്കുന്നതുകൊണ്ട് സഭ, സ്നേഹത്തിലും സത്യത്തിലും ലോകസേവനത്തിലാണെന്ന, എക്കാലത്തെയും വിശ്വാസസത്യത്തെ കൗൺസിൽ ആഴത്തിൽ പഠിച്ചു. ഈ പഠനത്തിൽനിന്നുകൊണ്ട് പോൾ ആറാമൻ രണ്ട് സുപ്രധാന സത്യങ്ങൾ മുന്നോട്ടു വച്ചു. ഒന്നാമത്തേത് ഇതാണ്: *ആഗോള സഭ അവളുടെ സത്ത മുഴുവനിലും എല്ലാ പ്രവൃത്തികളിലും, വചനം പ്രഘോഷിക്കുമ്പോഴും, ആഘോഷങ്ങളിലും, അവളുടെ ഉപവി പ്രവർത്തനങ്ങളിലും വ്യാപൃതയായിരിക്കുന്നത് സമഗ്ര മാനവവികസനത്തിനു വേണ്ടിയാണ്.* സഭയ്ക്കു അവളുടെ വിദ്യാഭ്യാസ — ഉപവിപ്രവർത്തനങ്ങൾക്കപ്പുറം ഒരു പൊതുദൗത്യമുണ്ട്: മാനവകുലത്തിന്റെ പുരോഗതിക്കും വിശ്വസാഹോദര്യത്തിനുമായി അവൾ വിനിയോഗിക്കുന്ന ഊർജ്ജം പ്രകടമാക്കുവാനാകുന്നത് അവൾക്കു സ്വതന്ത്രമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുവാൻ ആകുമ്പോഴാണ്. ആ സ്വാതന്ത്ര്യം, നിരോധനങ്ങളും പീഢനങ്ങളും വഴി തടസപ്പെടുത്തുന്ന അവസരങ്ങൾ കുറവല്ല. സഭയുടെ പൊതുസാന്നിധ്യം, അവളുടെ ഉപവിപ്രവർത്തനങ്ങൾ മാത്രമായി ഒതുക്കപ്പെടുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. രണ്ടാമത്തെ സത്യം ഇതാണ്: *യഥാർത്ഥ മാനവവികസനം എന്നത് മനുഷ്യവ്യക്തിയുടെ സമ്പൂർണ്ണതയെ, അവന്റെ എല്ലാ മാനങ്ങളെയും സ്പർശിക്കുന്ന വികസനമാണ്.*[16] നിത്യജീവനെക്കുറിച്ചുള്ള കാഴ്ചപ്പാടില്ലാത്ത ഈ ലോകത്തിനനുസൃതമായ മാനവപുരോഗതി, ശ്വാസംവിടാനുള്ള അവസരം നിഷേധിക്കുന്നതാണ്. ചരിത്രത്തിൽ അത് സമ്പത്തിന്റെ സമാഹരണം മാത്രമായി അധഃപ

www.malankaralibrary.com

തിക്കുന്നു. അങ്ങനെ മാനവസമൂഹത്തിന് ഉന്നതമായ നന്മക ളുടെ സേവനത്തിനും, ആഗോള ഉപവിപ്രവർത്തനങ്ങൾ ആവ ശ്യപ്പെടുന്ന, നിസ്വാർത്ഥമായ മുൻകൈയെടുക്കലുകൾക്കു മുള്ള ധൈര്യം ചോർത്തിക്കളയുന്നു. മനുഷ്യൻ സ്വന്തം ശക്തി കൊണ്ടു മാത്രം പുരോഗതി കൈവരിക്കുന്നില്ല. പുരോഗതി വെറുതെ അവന്റെ കൈകളിലേക്ക് നൽകാനും കഴിയില്ല. മാന വകുലത്തിന്റെ ശരിയായ വികസനം സാക്ഷാത്ക്കരിക്കുന്ന തിന് സ്ഥാപനങ്ങളുടെ രൂപീകരണം മാത്രം മതിയായ ഉറപ്പാ യിരുന്നുവെന്ന് ചരിത്രത്തിൽ പലപ്പോഴും കണക്കാക്കപ്പെട്ടി രുന്നു. നിശ്ചിത ലക്ഷ്യങ്ങൾ താനെ നിറവേറ്റുവാൻ അവ പ്രാപ്തമാണെന്ന മട്ടിൽ നിർഭാഗ്യവശാൽ അത്തരം സ്ഥാപ നങ്ങളിൽ അമിത പ്രതീക്ഷകൾ അർപ്പിക്കപ്പെട്ടു. എന്നാൽ യഥാർത്ഥത്തിൽ സ്ഥാപനങ്ങൾ മതിയാകുന്നില്ല. കാരണം, മനുഷ്യന്റെ സമഗ്രവികസനം പ്രഥമമായി ഒരു ദൈവവിളി യാണ്. അതുകൊണ്ട് ഓരോരുത്തർക്കും അവരുടെ ഉത്തര വാദിത്തങ്ങൾ സ്വതന്ത്രമായും ഐക്യദാർഢ്യത്തോടെയും ഏറ്റെടുക്കാൻ കഴിയണം. മാത്രവുമല്ല അത്തരം പുരോഗതി അതിഭൗതികമായ ഒരു പുരോഗതി ആവശ്യപ്പെടുന്നുണ്ട്. അ തിനു ദൈവത്തെ ആവശ്യമുണ്ട്. അവിടുത്തെക്കൂടാതെ വിക സനം ഒന്നുകിൽ ഇല്ലാതാകും അല്ലെങ്കിൽ അത് തനിക്കു തന്റെ രക്ഷ കൈവരിക്കാനാവുമെന്ന് കുടുക്കിൽപ്പെട്ടു ചിന്തി ച്ചുപോകുന്ന മനുഷ്യന്റെ മാത്രം പ്രവൃത്തിയാവും. മനുഷ്യ ത്വപരമല്ലാത്ത ഒരു വികസനത്തിൽ, അതു കലാശിക്കുന്നു. ദൈവവുമായുള്ള ബന്ധത്തിലൂടെ മാത്രമാണ് മറ്റുള്ളവരെ കേ വലം ജീവികൾ എന്നതിനപ്പുറം കണക്കാക്കാൻ നമുക്കു കഴി യുക;[17] അവനിൽ ദൈവികഛായ അംഗീകരിക്കുവാനാവുക; അങ്ങനെയേ "മറ്റുള്ളവരോടുള്ള സ്നേഹവും താത്പര്യവു മായി പരിണമിക്കുന്ന"[18] സ്നേഹത്തിൽ പക്വത പ്രാപിക്കു വാനും സാധിക്കൂ.

**12.** രണ്ടാം വത്തിക്കാൻ കൗൺസിലും *'ജനതകളുടെ പുരോഗതി'*യും തമ്മിലുള്ള ബന്ധം, പോൾ ആറാമന്റെ സാമൂ ഹ്യപ്രബോധനാധികാരം മുൻകാല മാർപാപ്പമാരുടെ പ്രബോ ധനാധികാരങ്ങളിൽനിന്ന് ഭിന്നമാണെന്ന് അർത്ഥമാക്കുന്നില്ല.


www.malankaralibrary.com

കാരണം കൗൺസിൽ നടത്തിയത് സഭാജീവിതത്തിന്റെ തുടർച്ചയിൽ ഈ പ്രബോധനങ്ങളെ സംബന്ധിച്ച ആഴത്തിലുള്ള അന്വേഷണമാണ്.[19] ഈ കാഴ്ചപ്പാട് സഭയുടെ സാമൂഹ്യപ്രബോധനങ്ങളുടെ ഏതാനും അമൂർത്തമായ ഉപവിഭാഗങ്ങളുണ്ടാക്കി വ്യക്തത നഷ്ടപ്പെടുത്തുന്നു. ഇവ മാർപാപ്പമാരുടെ സാമൂഹ്യപ്രബോധനങ്ങളെ അവയ്ക്കു അന്യമായ കാരണങ്ങൾ പറഞ്ഞ് ഓരോ വിഭാഗമായി തരം തിരിക്കുന്നു. പരസ്പരഭിന്നമാംവിധം കൗൺസിലിനു മുമ്പുള്ളവയെന്നും കൗൺസിലിനുശേഷം ഉള്ളവയെന്നും രണ്ടുതരം സാമൂഹ്യപ്രബോധനങ്ങളല്ല സഭയ്ക്കുള്ളത്; മറിച്ച്, *ഒരേസമയം മാറ്റം ഇല്ലാത്തതും എന്നാൽ നിത്യനൂതനവുമായ ഒരു പ്രബോധനമാണ് സഭയ്ക്കുള്ളത്.*[20] ഒരു മാർപാപ്പയുടെയോ, മറ്റൊരു മാർപാപ്പയുടെയോ പ്രബോധനത്തിന്റെയോ, ഒരു ചാക്രികലേഖനത്തിന്റെയോ മറ്റൊന്നിന്റെയോ സവിശേഷതകളിലേക്കു ശ്രദ്ധ ആകർഷിക്കപ്പെടുന്നതും ആകമാന പ്രബോധനങ്ങളെപ്പറ്റിയുള്ള[21] കാഴ്ചപ്പാട് നഷ്ടമാകുന്നതും വേറെ കാര്യങ്ങളാണ്. ആകെത്തുക എന്നത് ഒരു സംവിധാനം എന്നർത്ഥമാക്കുന്നില്ല. മറിച്ച് ലഭിച്ച വെളിച്ചത്തോടുള്ള ചലനാത്മകമായ വിശ്വസ്തതയാണത്. എക്കാലവും രൂപംകൊള്ളുന്ന പുതിയ പ്രശ്നങ്ങളെ സഭയുടെ സാമൂഹ്യപ്രബോധനം മാറ്റമില്ലാത്ത വെളിച്ചത്തിലൂടെ എന്നും പ്രകാശിപ്പിക്കുന്നു.[22] അതു സഭയുടെ പ്രബോധനപരമായ "പൈതൃകത്തെ" അതിന്റെ നിത്യവും ചരിത്രപരവുമായ സ്വഭാവത്തോടുകൂടി കാത്തുപരിപാലിക്കുന്നു.[23] ഇത് സഭയുടെ എന്നും ജീവിക്കുന്ന പാരമ്പര്യത്തിന്റെ അവിഭാജ്യഘടകമാണ്.[24] അപ്പോസ്തലന്മാർ സഭാപിതാക്കന്മാർക്ക് കൈമാറുകയും പിന്നീട് സഭയുടെ മഹാവേദപാരംഗതന്മാർ സ്വീകരിച്ച് വികസിപ്പിക്കുകയും ചെയ്ത അടിത്തറയാണ് സഭയുടെ സാമൂഹ്യപ്രബോധനത്തിനുള്ളത്. "സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കോറി. 13:8) എന്ന തത്ത്വത്തിൽ അടിത്തറയിട്ട ഈ വിശ്വാസപ്രമാണം, 'പുതിയ മനുഷ്യ'നെയാണ് ലക്ഷ്യം വയ്ക്കുന്നത്; "ജീവാത്മാവായിത്തീരുന്ന അവസാനത്തെ ആദത്തെ" (1 കോറി. 15:45). വിശുദ്ധരുടെ ജീവിതങ്ങളും നീതിക്കും സമാധാനത്തിനും

www.malankaralibrary.com

വേണ്ടി നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ജീവൻ സമർപ്പിച്ചവരും ഇതിന് അടിവരയിടുന്നു. സുവിശേഷവത്ക്കരണത്തിനുള്ള പുത്തൻ വെല്ലുവിളികളെ വിവേചിച്ചറിയുവാനും ക്രിസ്തുവിന്റെ സഭയ്ക്ക് അപ്പസ്തോലികമായ മാർഗനിർദേശം പകരാനും മാർപാപ്പയ്ക്കുള്ള പ്രവാചകദൗത്യത്തിന്റെ ആവിഷ്ക്കാരമാണിത്. ഇക്കാരണങ്ങൾകൊണ്ട് സഭയുടെ പാരമ്പര്യത്തിന്റെ മഹാപ്രവാഹത്തിന്റെ ഭാഗമായ "ജനതകളുടെ പുരോഗതി" ഇന്നും നമ്മോട് സംസാരിക്കുവാൻ കഴിവുള്ളതത്രേ.

**13.** സഭയുടെ സാമൂഹ്യപ്രബോധനവുമായുള്ള പൊതുവായ ബന്ധത്തിനു പുറമെ, *പോൾ ആറാമൻ മാർപാപ്പയുടെ പ്രബോധനാധികാരവുമായും, പ്രത്യേകിച്ചും സാമൂഹ്യ പ്രബോധനാധികാരവുമായും "ജനതകളുടെ പുരോഗതി"ക്ക് വളരെ അടുത്ത ബന്ധമുണ്ട്.* അദ്ദേഹത്തിന്റെ സാമൂഹ്യ പ്രബോധനങ്ങൾ നിശ്ചയമായും സുപ്രധാനങ്ങളുമാണ്. സ്നേഹത്താൽ പ്രചോദിതമായ ഒരു സംസ്കാരത്തെക്കുറിച്ചുള്ള ചരിത്രപരവും മാതൃകാപൂർണ്ണവുമായ കാഴ്ചപ്പാടിൽ, നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് സുവിശേഷത്തിനുള്ള ഒഴിവാക്കാനാവാത്ത പ്രാധാന്യത്തിന്



അദ്ദേഹം അടിവരയിട്ടു. സാമൂഹ്യപ്രശ്നങ്ങൾ ലോക വ്യാപകമായിട്ടുണ്ടെന്ന്[25] പോൾ ആറാമൻ മനസ്സിലാക്കുകയും,[25] മാനവകുലത്തിന്റെ ഐക്യത്തിനായുള്ള ദാഹവും, സ്നേഹത്തിലും ഐക്യദാർഢ്യത്തിലും ഒന്നായ ജനതകളുടെ ഏകകുടുംബത്തെക്കുറിച്ചുള്ള ക്രൈസ്തവദർശനവും തമ്മിലുള്ള പരസ്പരബന്ധം അദ്ദേഹം കണ്ടെത്തുകയും ചെയ്തു. *മാനവികവും ക്രൈസ്തവികവുമായ കാഴ്ചപ്പാടിൽ വികസനത്തെ മനസ്സിലാക്കിയപ്പോൾ, ക്രൈസ്തവസാമൂഹ്യസന്ദേശത്തിന്റെ*

www.malankaralibrary.com

*ഹൃദയം അദ്ദേഹം തിരിച്ചറിയുകയും* പുരോഗതിക്കായുള്ള യത്നങ്ങളുടെ പ്രധാന ശക്തി ക്രൈസ്തവസ്നേഹമായിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സമകാലീനരായ മനുഷ്യർക്കു ക്രിസ്തുവിന്റെ സ്നേഹം പൂർണ്ണമായും ദർശിക്കാനാവണം എന്ന ചിന്തയോടെ, അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ സാംസ്കാരിക ബലഹീനതകൾക്കു വശംവദനാകാതെ ധാർമ്മികപ്രശ്നങ്ങളെ പോൾ ആറാമൻ ശക്തമായി നേരിട്ടു.

**14.** 1971-ലെ *'എൺപതാമാണ്ടിന്റെ വരവോടെ'* (*Octogesima Adveniens*) എന്ന തന്റെ അപ്പസ്തോലികലേഖനത്തിൽ, പോൾ ആറാമൻ രാഷ്ട്രീയത്തിന്റെ അർത്ഥത്തെക്കുറിച്ചും അതിന്റെ *ധാർമ്മിക മാനവികമാനങ്ങളെ അപകടത്തിലാക്കുന്ന ഉട്ടോപ്യനും* ആദർശപരവുമായ നിലപാടുകളുടെ അപകടത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. വികസനവുമായി ഏറെ ബന്ധപ്പെട്ടവിഷയങ്ങളാണ് ഇവയും. നിർഭാഗ്യവശാൽ നിഷേധാത്മക ദർശനങ്ങൾ ശക്തമായിക്കൊണ്ടിരിക്കുന്നു. ഇന്ന് ഏറെ പ്രബലമായിട്ടുള്ള സാങ്കേതിക കാഴ്ചപ്പാടിനെക്കുറിച്ചും,[26] വികസനത്തിന്റെ എല്ലാ പ്രക്രിയയും സാങ്കേതികവിദ്യയ്ക്കുമാത്രം ഭരമേല്പിക്കപ്പെടുന്നതിലെ അപകടം, അതായത് അതിനുണ്ടാകുന്ന ലക്ഷ്യഭ്രംശം — മനസ്സിലാക്കിക്കൊണ്ട് പോൾ ആറാമൻ അന്ന് മുന്നറിയിപ്പു നൽകിയിരുന്നു. സാങ്കേതികവിദ്യ അതിൽ തന്നെ നോക്കിയാൽ പരസ്പരവിരുദ്ധമായ ഒന്നാണ്. ഒരു വശത്ത്, ചിലർ ഇന്ന് വികസനത്തിന്റെ മുഴുവൻ പ്രക്രിയയും സാങ്കേതികവിദ്യയിൽ അർപ്പിക്കുവാൻ മുതിരുമ്പോൾ മറുവശത്ത് വികസനത്തെ മാനവവിരുദ്ധമായി, വിലയിടിക്കുന്ന സ്രോതസായി കണ്ട് അതിന്റെ എല്ലാ വിലയും നിഷേധിക്കുന്ന ആശയങ്ങൾ പൊട്ടിമുളയ്ക്കുന്നത് നാം കാണുന്നു. ഇത്, വികസനം ചിലപ്പോൾ മുന്നേറുന്ന വികലവും അന്യായവുമായ പാതയെ മാത്രമല്ല, ശരിയായി പ്രയോജനപ്പെടുത്തിയാൽ എല്ലാവരുടെയും വളർച്ചയ്ക്കുള്ള അവസരമായി മാറാവുന്ന ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെത്തന്നെ തിരസ്കരിക്കുകയും ചെയ്യുന്നു. വികസനമില്ലാത്ത ലോകത്തെക്കുറിച്ചുള്ള ആശയം ദൈവത്തിലുള്ള അഭയത്തിന്റെയും മനുഷ്യ

www.malankaralibrary.com

നിലുള്ള വിശ്വാസത്തിന്റെയും കുറവിനെ സൂചിപ്പിക്കുന്നു. അതുകൊണ്ട് വികസനത്തിന്റെ വഴിമാറ്റങ്ങളെ നിയന്ത്രിക്കുവാനുള്ള മനുഷ്യശേഷിയെ അവമതിക്കുന്നതും അല്ലെങ്കിൽ മനുഷ്യൻ ഘടനാപരമായി 'വലുതാകുവാൻ' ലക്ഷ്യം വയ്ക്കപ്പെട്ടിട്ടുള്ളവനാണെന്ന യാഥാർത്ഥ്യത്തെ അവഗണിക്കുന്നതും ഗൗരവതരമായ തെറ്റാണ്. സാങ്കേതികവളർച്ചയെ ആദർശവത്കരിക്കുന്നതും മനുഷ്യന്റെ ആദിമാവസ്ഥയിലേക്കു മടങ്ങാമെന്ന ഉട്ടോപ്യൻ ആശയത്തെ സൂചിപ്പിക്കുന്നതും പുരോഗതിയെ ധാർമ്മികവിലയിരുത്തലിൽനിന്നും അങ്ങനെ നമ്മുടെ ഉത്തരവാദിത്വത്തിൽനിന്നും വേർപെടുത്തുന്ന പരസ്പരവിരുദ്ധങ്ങളായ രണ്ടു വഴികളാണ്.

**15.** പോൾ ആറാമന്റെ അടുത്ത രണ്ടു രേഖകൾ, *'മനുഷ്യജീവൻ' (Humane Vitae)* (ജൂലൈ 25, 1968) എന്ന ചാക്രികലേഖനവും, *'സുവിശേഷവത്കരണം ആധുനികലോകത്തിൽ' (Evangelii Nuntiandi)* (ഡിസംബർ 8, 1975) എന്ന അപ്പസ്തോലിക പ്രബോധനവും സാമൂഹ്യ പ്രബോധനവുമായി നേരിട്ടു ബന്ധമുള്ളവയല്ലെങ്കിലും, സഭ നിർദ്ദേശിക്കുന്ന വികസനത്തിന്റെ സമ്പൂർണ്ണമായ മാനവിക അർത്ഥത്തെ രേഖപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ടവയാണ്. അതുകൊണ്ട് ഈ രേഖകളെയും *'ജനതകളുടെ പുരോഗതി'*യുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നത് സഹായകരമാണ്.

ലൈംഗികതയുടെ ഒന്നാക്കുന്നതും, സൃഷ്ടിക്കുന്നതുമായ അർത്ഥത്തെ, *'മനുഷ്യജീവൻ'* അടിവരയിടുന്നു. അതുകൊണ്ട് സമൂഹത്തിന്റെ അടിത്തറ, വ്യത്യസ്തത നിലനിർത്തിക്കൊണ്ടും എന്നാൽ പരസ്പരപൂരകമായും തമ്മിൽത്തമ്മിൽ അംഗീകരിക്കുന്ന ഒരു സ്ത്രീയും പുരുഷനുമാണ്, അതായത് വിവാഹിതരായ ദമ്പതികളാണ്. അതുകൊണ്ട് ആ ദമ്പതികൾ ജീവനോടു തുറവിയുള്ളവരാണ്.[27] അതു വ്യക്തിപരമായി മാത്രമുള്ള ധാർമ്മികതയുടെ പ്രശ്നമല്ല. *ജീവിതത്തിന്റെ ധാർമ്മികതയും സാമൂഹ്യ ധാർമ്മികതയും തമ്മിലുള്ള ശക്തമായ കണ്ണികൾ 'മനുഷ്യജീവൻ'* വ്യക്തമാക്കുകയും, അതിലൂടെ ജോൺപോൾ രണ്ടാമന്റെ ചാക്രിക ലേഖനം *'ജീവന്റെ സുവിശേഷം'* (*'Evangelium Vitae'*)[28] അടക്കമുള്ള രേഖകളി

www.malankaralibrary.com

ലൂടെ സഭയുടെ പ്രബോധനം സാവകാശം വ്യക്തമാക്കപ്പെടുന്നതിന്റെ പുതിയ കാലത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ജീവന്റെ ധാർമ്മികതയും സാമൂഹ്യ ധാർമ്മികതയും തമ്മിലുള്ള ഈ ബന്ധം സഭ അതിശക്തമായി കാത്തുസൂക്ഷിക്കുന്നുണ്ട്. അതും "സമൂഹത്തിൽ മനുഷ്യന്റെ മഹത്ത്വം, നീതി, സമാധാനം തുടങ്ങിയ മൂല്യങ്ങളെ ഒരു വശത്ത് ഉറപ്പിക്കുകയും എന്നാൽ മറുവശത്ത് മനുഷ്യജീവിതത്തെ, പ്രത്യേകിച്ചും അതു തീർത്തും ദുർബലവും പ്രാന്തവത്കരിക്കപ്പെട്ടതുമായ ഇടങ്ങളിൽ വിലകുറഞ്ഞതാക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന രീതികളോട് സഹിഷ്ണുത പുലർത്തുകയോ അംഗീകരിക്കുകയുമോ ചെയ്യുമ്പോൾ സമൂഹത്തിന്റെ ശക്തമായ അടിസ്ഥാനങ്ങളാണ് ഇല്ലാതാകുന്നത് എന്ന പൂർണ്ണബോധ്യത്തോടെ ആണ് സഭ അങ്ങനെ ചെയ്യുന്നത്."[29]

"സുവിശേഷവും മനുഷ്യന്റെ പച്ചയായ ജീവിതവും തമ്മിലുള്ള, അതിന്റെ വൈയക്തികവും സാമൂഹ്യവുമായ തലങ്ങളിൽ ഉള്ള, അവിരാമമായ പരസ്പരബന്ധം കണക്കിലെടുക്കുന്നില്ലെങ്കിൽ സുവിശേഷവത്കരണം ഒരിക്കലും പൂർണ്ണമാകില്ലെന്ന്"[30] പോൾ ആറാമന്റെ വാക്കുകൾ തന്നെ *'സുവിശേഷവത്കരണം ആധുനികലോകത്തിൽ'* എന്ന അപ്പസ്തോലിക പ്രബോധനം വികസനവുമായി ഏറെ ബന്ധപ്പെട്ടതാണെന്നതിന് തെളിവാണ്. "സുവിശേഷവത്കരണവും മാനവപുരോഗതിയും തമ്മിൽ അതായത് വികസനവും വിമോചനവും തമ്മിൽ ആഴത്തിലുള്ള ബന്ധമുണ്ട്."[31] ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പോൾ ആറാമൻ, ക്രിസ്തുവിനെ പ്രഘോഷിക്കലും സമൂഹത്തിലെ വ്യക്തിയുടെ പുരോഗതിയും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്നു. നമ്മെ സ്നേഹിക്കുന്ന യേശുക്രിസ്തു സമ്പൂർണ്ണ വ്യക്തിയെക്കുറിച്ചു തത്പരനായിരിക്കുന്നതുകൊണ്ട്, *"നീതിക്കും സമാധാനത്തിനും വികസനത്തിനും വേണ്ടിയുള്ള യത്നങ്ങളിലൂടെയുള്ള ക്രിസ്തുസ്നേഹത്തിന്റെ സാക്ഷ്യം സുവിശേഷവത്കരണത്തിന്റെ അവശ്യ ഭാഗമാണ്."* സുവിശേഷവത്കരണത്തിന്റെ അവശ്യഘടകമായ സഭയുടെ സാമൂഹ്യപ്രബോധനങ്ങളുടെ മിഷനറി സ്വഭാവത്തിന്റെ[32] അടിസ്ഥാനമായി ഈ

www.malankaralibrary.com

സുപ്രധാന പ്രബോധനങ്ങൾ പരിണമിക്കുന്നു.[33] സഭയുടെ സാമൂഹ്യപ്രബോധനം വിശ്വാസം പ്രഘോഷിക്കുകയും അതിന് സാക്ഷ്യംവഹിക്കുകയും ചെയ്യുന്നു. വിശ്വാസ രൂപീകരണത്തിന്റെ ഉപകരണവും അവശ്യ പശ്ചാത്തലവുമാണിത്.

**16.** വികസനം അതിന്റെ ഉത്ഭവത്തിലും സത്തയിലും പ്രഥമവും പ്രധാനവുമായി ഒരു *ദൈവവിളി*യാണെന്ന് *'ജനതകളുടെ പുരോഗതി'*യിലൂടെ പോൾ ആറാമൻ പഠിപ്പിച്ചു: "ദൈവിക പദ്ധതി അനുസരിച്ച് ഓരോ വ്യക്തിയും പുരോഗതി കൈവരിക്കുവാനും സ്വന്തം ദൗത്യം സാക്ഷാത്കരിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു; കാരണം ഓരോ ജീവിതവും ഓരോ ദൈവ വിളിയാണ്."[34] വികസനത്തിന്റെ എല്ലാ പ്രശ്നത്തിലും സഭ ഇടപെടുന്നതിന്റെ യുക്തി ഇതാണ്. വികസനം മനുഷ്യജീവിതത്തിന്റെ സാങ്കേതിക വശങ്ങളിൽ മാത്രം ഒതുങ്ങുന്നതാണെങ്കിൽ; അതായത് അതിനു ചരിത്രത്തിലൂടെ സഹമനുഷ്യരുമൊത്ത്, മനുഷ്യൻ നടത്തുന്ന തീർത്ഥാടനത്തിലും അതിന്റെ അർത്ഥത്തിലും ലക്ഷ്യത്തിലും താത്പര്യമില്ലെങ്കിൽ, സഭയ്ക്ക് ഇതെക്കുറിച്ച് സംസാരിക്കുവാനേ അവകാശമുണ്ടാകില്ല. തനിക്കു മുമ്പ് ലിയോ പതിമൂന്നാമൻ *'നവീനവ്യവസ്ഥിതി'* യിലൂടെ[35] ചെയ്തതുപോലെ പോൾ ആറാമനും, തന്റെ കാല ഘട്ടത്തിലെ സാമൂഹ്യപ്രശ്നങ്ങളുടെ മേൽ സുവിശേഷ പ്രകാശം ചൊരിയുക[36] എന്ന തന്റെ പദവിയുടെ ഉത്തരവാദിത്തമാണ് താൻ നിർവഹിക്കുന്നത് എന്ന ബോധ്യമുണ്ടായിരുന്നു.

*വികസനത്തെ ഒരു ദൈവവിളിയായി* അംഗീകരിക്കുക എന്നാൽ ഒരുവശത്ത് അത് അതിഭൗതികമായ ഒരു വിളിയാണ് എന്നും മറുവശത്ത് അത് അതിനാൽത്തന്നെ അതിന്റെ പരമമായ അർത്ഥം നൽകുന്നതിന് കഴിവില്ലാത്തതാണെന്നും ഉള്ള തിരിച്ചറിവാണ്. ചാക്രികലേഖനത്തിന്റെ മറ്റൊരു ഭാഗത്തും "ദൈവവിളി" എന്ന പദം കാണപ്പെടുന്നതു വെറുതെയല്ല. അവിടെ നാം ഇങ്ങനെ വായിക്കുന്നു: "പരമമായതിനോട് തുറവിയില്ലാത്തതും മനുഷ്യജീവിതത്തിന് അതിന്റെ യഥാർത്ഥ അർത്ഥം പകരുന്ന വിളിയെക്കുറിച്ച് ബോധ്യമില്ലാത്തതുമായ ഒരു മാനവികതയും ശരിയല്ല."[37] വികസനത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടാണ് *'ജനതകളുടെ പുരോഗതി'*യുടെ കാതൽ. സ്വാ

www.malankaralibrary.com

തന്ത്ര്യത്തെക്കുറിച്ചും, സത്യത്തെക്കുറിച്ചും വികസനത്തിലെ ഉപവിയെക്കുറിച്ചുമെല്ലാമുള്ള പോൾ ആറാമന്റെ ചിന്തകളുടെയും പിന്നിലും ഇതുണ്ട്. അതാണ് ആ ചാക്രികലേഖനം നമ്മുടെ കാലത്തും കാലികം ആകുന്നതിന് ഒരു പ്രധാന കാരണം.

17. സ്വതന്ത്രവും ഉത്തരവാദിത്തപൂർണ്ണവുമായ ഒരു പ്രത്യുത്തരം അനിവാര്യമാക്കുന്ന ഒന്നാണ് ദൈവവിളി. സമഗ്രമായ മാനവവികസനത്തിന് വ്യക്തികളുടെയും ജനതകളുടെയും ഉത്തരവാദിത്തപൂർണ്ണമായ സ്വാതന്ത്ര്യം അനിവാര്യമാണ്. മാനുഷിക ഉത്തരവാദിത്തത്തിനല്ലാതെ മറ്റൊരു സംവിധാനത്തിനും ഈ വികസനം ഉറപ്പു വരുത്താനാവില്ല. "വാഗ്ദാനങ്ങൾ നല്കുകയും എന്നാൽ വ്യാമോഹങ്ങൾ മാത്രം ഉണ്ടാക്കുകയും ചെയ്യുന്ന മിശിഹാരൂപങ്ങൾ"[38] *(Messianisms)* അവരുടെ വാദം പണിതുയർത്തുന്നത്, അതു പൂർണ്ണമായും തങ്ങളുടെ വിനിയോഗത്തിനുവേണ്ടി മാത്രം ഉള്ളതാണെന്ന ചിന്തയിൽ വികസനത്തിന്റെ അതിഭൗതികമായ മാനങ്ങൾ നിഷേധിച്ചുകൊണ്ടാണ്. ഈ കപട സുരക്ഷിതത്വം വഴി ഇതു മനുഷ്യനെ അധ:സ്ഥിതിയിലേക്കു നയിക്കുന്നു. വികസനത്തിനുള്ള കേവലം ഉപകരണം മാത്രമാക്കി അതവനെ അധ:പതിപ്പിക്കുന്നു. എന്നാൽ വികസനത്തെ ഒരു വിളിയായി കണക്കാക്കുന്നവരുടെ വിനയം യഥാർത്ഥ സ്വയംനിർണ്ണയമായി പരിണമിക്കുന്നു; കാരണം, അത് അവരെ സ്വതന്ത്രരാക്കുന്നു. തടസ്സങ്ങളും ഉപാധികളുടെ രൂപങ്ങളും വികസനത്തെ തടഞ്ഞു നിർത്തുന്നു എന്നതിൽ പോൾ ആറാമന് സംശയം ഉണ്ടായിരുന്നില്ല. എന്നാൽ, "തന്നെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാമൊക്കെ ആയാലും "ഓരോ വ്യക്തിയും തന്നെയാണ് അവന്റെ വിജയത്തിന്റെയോ തോൽവിയുടെയോ വിധാതാവ്" എന്നും അദ്ദേഹത്തിനു തീർച്ചയുണ്ടായിരുന്നു.[39] നാം വിശകലനം ചെയ്യുന്ന വികസനത്തെ ഈ സ്വാതന്ത്ര്യം ബാധിക്കുന്നുണ്ട്. അത് ആകസ്മികമായോ ചരിത്രപരമായ അനിവാര്യത കൊണ്ടോ അല്ലാതുള്ള, മനുഷ്യന്റെ ഉത്തരവാദിത്തം കൊണ്ടെന്നു പറയാവുന്ന അവികസനത്തിന്റെ എല്ലാ സാഹചര്യങ്ങളെയും ബാധിക്കുന്നു. അതുകൊണ്ടാണ് "ദാരിദ്ര്യം അനു

www.malankaralibrary.com

ഭവിക്കുന്ന ജനത സമ്പത്തിനാൽ അനുഗ്രഹിക്കപ്പെട്ടവരോട് തീവ്രമായ അഭ്യർത്ഥന നടത്തുന്നത്."[40] ഇതും ഒരു വിളിയാണ്; ഏതാനും സ്വതന്ത്ര വ്യക്തികൾ ഉത്തരവാദിത്തം പങ്കുവയ്ക്കാൻ ചുമതലയുള്ളവരെന്നു കരുതപ്പെടുന്ന വേറൊരുകൂട്ടം സ്വതന്ത്രവ്യക്തികളോട് നടത്തുന്ന ആഹ്വാനം. പോൾ ആറാമന് സാമ്പത്തിക ഘടനകളുടെയും സംവിധാനങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ച് തികഞ്ഞ അവബോധം ഉണ്ടായിരുന്നു. അവ മാനവ സ്വാതന്ത്ര്യത്തിനുള്ള ഉപകരണങ്ങളാവണമെന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. സ്വതന്ത്രമായിരിക്കുമ്പോൾ മാത്രമാണ് വികസനത്തിനു സമഗ്രമായി മാനവികമാകുവാൻ കഴിയുന്നത്. ഉത്തരവാദിത്തബോധമുള്ള സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിലേ ഇതിനു തൃപ്തികരമാംവിധം വളരാനാവൂ.

**18.** *സമഗ്ര മാനവവികസനം ഒരു വിളി എന്ന നിലയിൽ സ്വാതന്ത്ര്യത്തിനൊപ്പം അതിന്റെ സത്യത്തോടുള്ള ആദരവും ആവശ്യപ്പെടുന്നുണ്ട്.* പുരോഗതിക്കുള്ള വിളി നമ്മെ "കൂടുതൽ വളരുവാൻ വേണ്ടി (to be more) കൂടുതൽ ചെയ്യുവാനും, കൂടുതൽ അറിയുവാനും കൂടുതൽ നേടുവാനും" പ്രേരിപ്പിക്കുന്നു.[41] ഇവിടെയാണ് യഥാർത്ഥ പ്രശ്നം. കൂടുതൽ വളരുക എന്നാൽ എന്താണ്? യഥാർത്ഥ വികസനത്തിന്റെ സ്വഭാവം എന്തായിരിക്കണമെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് പോൾ ആറാമൻ ഈ ചോദ്യത്തിന് ഉത്തരം നല്കുന്നു. അത് "സമഗ്രമായിരിക്കണം; അതായത്, ഓരോ വ്യക്തിയുടെയും ആകെ വ്യക്തികളുടെയും നന്മയ്ക്കു കാരണമാകണം."[42] ഇന്നത്തെ സമൂഹം മുന്നോട്ടുവയ്ക്കുന്ന പരസ്പരം മത്സരിക്കുന്ന നിരവധിയായ നരവംശശാസ്ത്ര വീക്ഷണങ്ങൾക്കു നടുവിലും, പോൾ ആറാമന്റെ കാലത്ത് അവ ഇന്നത്തെക്കാൾ അധികമായിരുന്നു; ക്രൈസ്തവവീക്ഷണത്തിന് ഒരു പ്രത്യേകതയുണ്ട്; മനുഷ്യവ്യക്തിയുടെയും അവന്റെ വളർച്ചയുടെയും ഉപാധികളില്ലാത്ത മൂല്യത്തെ ന്യായീകരിക്കുന്നതും ഉറപ്പിക്കുന്നതുമാണത്. വികസനത്തിനായുള്ള ക്രൈസ്തവവിളി ഓരോ വ്യക്തിയുടെയും ആകെ വ്യക്തികളുടെയും മുന്നേറ്റത്തിനു വേണ്ടി നിലകൊള്ളുന്നു. പോൾ ആറാമൻ എഴുതിയതുപോ

www.malankaralibrary.com

ലെ "നാം സുപ്രധാനമായി കരുതുന്നത് മനുഷ്യനെയാണ്. ഓരോ വ്യക്തിയെയും ഓരോ സമൂഹത്തെയും മനുഷ്യകുലത്തെ ആകെ തന്നെയും നാം ഉൾക്കൊള്ളുന്നു."[43] വികസനത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ, ക്രൈസ്തവവിശ്വാസം എന്തെങ്കിലും ആനുകൂല്യങ്ങളിലോ അധികാരശക്തിയിലോ സ്ഥാനങ്ങളിലോ എന്നല്ല ക്രൈസ്തവരുടെ യോഗ്യതകളിലോ (ഇത്തരക്കാർ ഉണ്ടെന്നതും സ്വാഭാവിക പരിമിതികൾക്കുള്ളിലും അവർ ഉണ്ടായിരിക്കും എന്നതും യാഥാർത്ഥ്യമാണ്)[44] ആശ്രയിക്കുന്നില്ല, പിന്നെയോ സമഗ്ര മാനവവികസനത്തിനായുള്ള എല്ലാ യഥാർത്ഥ വിളിയും ലക്ഷ്യംവയ്ക്കേണ്ട ക്രിസ്തുവിലേക്കാണ് നയിക്കപ്പെടുന്നത്. *എല്ലാ വികസനത്തിനും സുവിശേഷം ഒരടിസ്ഥാനമാണ്.* കാരണം സുവിശേഷത്തിൽ ക്രിസ്തു "പിതാവിനെക്കുറിച്ചും അവിടുത്തെ സ്നേഹത്തെക്കുറിച്ചും ഉള്ള രഹസ്യത്തിന്റെ വെളിപാടിലൂടെ മാനവകുലത്തിനു അതിനെത്തന്നെയാണ് വെളിപ്പെടുത്തിയത്."[45] തന്റെ കർത്താവിനാൽ പഠിപ്പിക്കപ്പെട്ട സഭ, കാലത്തിന്റെ അടയാളങ്ങളെ പരിശോധിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തുകൊണ്ട്, തന്റെ സ്വഭാവസവിശേഷതയായി അവൾക്കുള്ളത് — മാനവകുലത്തെയും മനുഷ്യനെയും കുറിച്ചുള്ള ആഗോള വീക്ഷണം,[46] ലോകത്തിനു നൽകുന്നു. മനുഷ്യന് ദൈവം വളരെ സുപ്രധാനമായ ഈ "അനുമതി" (Yes) നൽകുന്നു എന്ന ഒറ്റക്കാരണം[47] കൊണ്ടുതന്നെ തന്റെ വികസനത്തിനുവേണ്ടി യത്നിക്കുവാനുള്ള ദൈവവിളിയോട് തുറവി കാണിക്കുന്നതിൽ മനുഷ്യൻ പരാജയപ്പെട്ടുകൂടാ. വികസനത്തിന്റെ പൊരുൾ അതിന്റെ പൂർണ്ണതയാണ്. അത് ഓരോ വ്യക്തിയെയും എല്ലാ വ്യക്തികളെയും ഉൾക്കൊള്ളുന്നില്ലെങ്കിൽ യഥാർത്ഥ വികസനമാവില്ല. ഇതാണ് *'ജനതകളുടെ പുരോഗതി'*യുടെ ഇന്നും എന്നും പ്രസക്തമായ കാതൽ. സ്രഷ്ടാവായ ദൈവത്തിന്റെ വിളിക്കുള്ള പ്രത്യുത്തരം എന്ന നിലയിൽ[48] സ്വാഭാവിക തലത്തിലുള്ള സമഗ്രവികസനം വ്യക്തിക്ക് അതിഭൗതികമായ പരമോന്നത പൂർണ്ണത പകരുന്നതും, അതായത് അവന്റെ വ്യക്തിവികാസത്തിന്റെ പരമോന്നത ലക്ഷ്യം നേടു

www.malankaralibrary.com

ന്നതും ആയ മാനവികത ആവശ്യമാക്കുന്നു.'[49] അതുകൊണ്ട് ഈ വികസനത്തിനുള്ള ക്രൈസ്തവ ദൈവവിളിക്ക് സ്വാഭാവികതലവും അതിസ്വാഭാവിക തലവും ഉണ്ട്. അതുകൊണ്ടാണ്, "ദൈവം അപ്രത്യക്ഷമാകുമ്പോൾ സ്വാഭാവികക്രമത്തെയും അതിന്റെ ലക്ഷ്യത്തെയും നന്മയെയും തിരിച്ചറിയാനുള്ള നമ്മുടെ ശേഷിയും കുറഞ്ഞുവരുന്നത്."[50]

**19**. അവസാനമായി, വികസനം ഒരു ദൈവവിളി എന്ന കാഴ്ചപ്പാട് *ഉപവിയെ വികസനത്തിന്റെ മർമ്മസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു.* അവികസനത്തിന്റെ പ്രാഥമിക കാരണം ഭൗതികക്രമം അല്ലെന്നാണ് *'ജനതകളുടെ പുരോഗതി'* എന്ന ചാക്രികലേഖനത്തിലൂടെ പോൾ ആറാമൻ ചൂണ്ടിക്കാണിക്കുന്നത്. വ്യക്തികളുടെ ഇതര സവിശേഷതകളിൽ അതന്വേഷിക്കുവാനാണ് അദ്ദേഹം നമ്മെ ക്ഷണിക്കുന്നത്. ഒന്നാമതായി അന്വേഷിക്കേണ്ടത്, പലപ്പോഴും ഐക്യദാർഢ്യപരമായ ഉത്തരവാദിത്തങ്ങളെ അവഗണിക്കുന്ന വ്യക്തിയുടെ മനസ്സിലാണ്. മനസ്സിന് പലപ്പോഴും ശരിയായി മാർഗ്ഗനിർദ്ദേശം നൽകാത്ത ചിന്തയാണ് രണ്ടാമത്തെ കാരണം. അതുകൊണ്ട്, വികസനത്തിനായുള്ള യത്നത്തിൽ "ആധുനിക മനുഷ്യന് നവമായ കണ്ടെത്തലുകൾ സാധ്യമാക്കുന്ന പുത്തൻ മാനവികതയ്ക്കുവേണ്ടിയുള്ള ജ്ഞാനികളുടെ ആഴമുള്ള ചിന്തയും വിശദീകരണങ്ങളും"[51] ആവശ്യമാണ്. എന്നാൽ അതുകൊണ്ടു മാത്രമായില്ല. അവികസനത്തിന് ആഴത്തിലുള്ള ചിന്തയുടെ അഭാവത്തെക്കാൾ വലിയ കാരണങ്ങളുണ്ട്; "വ്യക്തികൾക്കും ജനതകൾക്കും ഇടയിലുള്ള സാഹോദര്യക്കുറവാണത്"[52] മാനുഷിക പ്രയത്നങ്ങൾ കൊണ്ടുമാത്രം ഉണ്ടാക്കാവുന്നതാണോ ഈ സാഹോദര്യ മനോഭാവം? സമൂഹം കൂടുതൽ കൂടുതൽ ആഗോളവത്കരിക്കപ്പെടുന്നത് നമ്മെ അയൽക്കാരാക്കുന്നുണ്ട്. എന്നാൽ സഹോദരങ്ങളാക്കുന്നില്ല. മനുഷ്യർ തമ്മിലുള്ള തുല്യത ഗ്രഹിക്കുവാനും അവരുടെ സാമൂഹ്യ സഹജീവിതത്തിന് ഉറപ്പു വരുത്തുന്നതിനും യുക്തിക്കാവും. എന്നാൽ, അതുകൊണ്ടും സാഹോദര്യം സ്ഥാപിക്കപ്പെടില്ല. പിതാവായ ദൈവത്തിൽനിന്നുള്ള അതിഭൗതികമായ ഒരു വിളിയിൽനിന്നു

www.malankaralibrary.com

മാത്രമാണ് ഇത് ഉത്ഭവിക്കുക. അവിടുന്ന് ആദ്യം നമ്മെ സ്നേഹിക്കുകയും തന്റെ പുത്രനിലൂടെ സഹോദരസ്നേഹം എന്തെന്ന് പഠിപ്പിക്കുകയും ചെയ്തു. മാനവ വികസനപ്രക്രിയയിലെ നിരവധി തലങ്ങൾ പരാമർശിക്കുന്ന പോൾ ആറാമൻ വിശ്വാസത്തെക്കുറിച്ചുള്ള പരാമർശനത്തിനുശേഷം സർവോപരി പ്രതിഷ്ഠിക്കുന്നത്, "എല്ലാവരുടെയും പിതാവായി ജീവിക്കുന്ന ദൈവത്തിന്റെ ജീവനിൽ, പുത്രന്മാരെപ്പോലെ പങ്കാളികളാകുവാൻ നമ്മെയെല്ലാം വിളിക്കുന്ന, ക്രിസ്തുവിന്റെ സ്നേഹത്തിലുള്ള ഐക്യമാണ്."[53]

**20.** ജനങ്ങളുടെ വികസനത്തിനായുള്ള നമ്മുടെ പ്രതിബദ്ധതയ്ക്കു ദിശാബോധവും വളർച്ചയ്ക്കുള്ള അവസരവും നൽകുന്നവയാണ് *'ജനതകളുടെ പുരോഗതി'* തുറക്കുന്ന കാഴ്ചപ്പാടുകൾ. അതിനും പുറമേ നവീകരണത്തിനുവേണ്ടിയുള്ള അടിയന്തിരാവശ്യത്തെ *'ജനതകളുടെ പുരോഗതി'* ആവർത്തിച്ച് അടിവരയിടുകയും[54] ജനങ്ങളുടെ വികസനത്തിലെ അനീതിയുടെ വലിയ പ്രശ്നങ്ങൾക്കു മുന്നിൽ കാലവിളംബം കൂടാതെ സുധീരമായ നടപടികൾ എടുക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. *ഈ അടിയന്തിര സ്വഭാവവും സത്യത്തിലുള്ള സ്നേഹത്തിന്റെ ഒരു പരിണതഫലമാണ്.* ക്രിസ്തുവിന്റെ സ്നേഹമാണ് നമ്മെ മുന്നോട്ടു നയിക്കുന്നത്. "ക്രിസ്തുവിന്റെ സ്നേഹം നമ്മെ ഉദ്ദീപിപ്പിക്കുന്നു"(*caritas Christi urget nos*) (2 കോറി. 5:14). ഈ അടിയന്തരഭാവം വസ്തുക്കളിൽ മാത്രം ഉള്ളതല്ല; സംഭവങ്ങളുടെയും പ്രശ്നങ്ങളുടെയും ത്വരിതപ്രവാഹത്തിൽനിന്നു മാത്രം ജനിക്കുന്നതുമല്ല. പിന്നെയോ, കൈകാര്യം ചെയ്യപ്പെടുന്ന വിഷയത്തിന്റെ — യഥാർത്ഥ സാഹോദര്യത്തിന്റെ — സ്ഥാപനത്തിൽ നിന്നാണത്.

ഇന്നത്തെ സാമ്പത്തിക സാമൂഹിക പ്രക്രിയകൾ പൂർണ്ണമായും മാനവികമായ ഫലങ്ങൾ ഉണ്ടാക്കുന്നവയായി മാറുമെന്ന് ഉറപ്പാക്കുവാൻ, വിഷയത്തെ ആഴത്തിൽ മനസ്സിലാക്കുവാനും 'ഹൃദയ'ത്തിന്റെ തലത്തിൽ നമ്മെത്തന്നെ സജീവമാക്കുവാനും തക്കവിധം; നമ്മുടെ തുറവി അനിവാര്യമാക്കത്തക്കവിധം, സുപ്രധാനവുമാണ് ഈ ലക്ഷ്യം.

www.malankaralibrary.com

## അദ്ധ്യായം രണ്ട്

# മാനവവികസനം നമ്മുടെ കാലഘട്ടത്തിൽ

**21**. പോൾ ആറാമന് *വികസനം സംബന്ധിച്ച് വ്യക്തമായ ഒരു ദർശനം* ഉണ്ടായിരുന്നു. മനുഷ്യരെ പ്രഥമവും പ്രധാനവുമായി വിശപ്പിൽനിന്നും ദാരിദ്ര്യത്തിൽനിന്നും ഒഴിഞ്ഞുമാറാത്ത വ്യാധികളിൽനിന്നും നിരക്ഷരതയിൽനിന്നും രക്ഷിക്കുക എന്ന ലക്ഷ്യം കുറിക്കുന്നതാണ് ഈ പദം എന്ന് അദ്ദേഹം മനസ്സിലാക്കി. സാമ്പത്തിക കാഴ്ചപ്പാടിൽ ഇതർത്ഥമാക്കുന്നത് അന്താരാഷ്ട്ര സാമ്പത്തിക പ്രക്രിയയിൽ സജീവമായ തുല്യ പങ്കാളിത്തമാണ്; സാമൂഹിക കാഴ്ചപ്പാടിൽ ഇതിനർത്ഥം, കൂട്ടായ്മ പ്രകടമാകുന്ന വിദ്യാസമ്പന്നരായ സമൂഹങ്ങളായി പരിണമിക്കുക എന്നതാണ്; രാഷ്ട്രീയമായ കാഴ്ചപ്പാടിൽ, സ്വാതന്ത്ര്യവും സമാധാനവും ഉറപ്പുവരുത്താൻ കഴിവുള്ള ജനാധിപത്യ ഭരണകൂടങ്ങൾ ശക്തിപ്രാപിക്കുക എന്നാണ് ഇതിനർത്ഥം. അനേകം വർഷങ്ങൾക്കുശേഷം, നമ്മുടെ ഇന്നത്തെ ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന നിരവധി പ്രതിസന്ധികൾ രൂപം കൊള്ളുന്നതും വ്യാപിക്കുന്നതും ആശങ്കയോടെ നോക്കിക്കാണുന്ന ഈ സന്ദർഭത്തിൽ, ഇക്കഴിഞ്ഞ ദശകങ്ങളിൽ പോൾ ആറാമന്റെ പ്രതീക്ഷകളെ ലോകം സ്വീകരിച്ചുപോന്ന വികസന മാതൃകകൾ *എത്രമാത്രം സാക്ഷാത്കരിച്ചിട്ടുണ്ട് എന്നു നാം ചോദിച്ചുപോകും.* പൂർണ്ണമായും സാങ്കേതിക വിജ്ഞാനത്തെ ആശ്രയിക്കുന്ന ഒരു സമൂഹത്തിന് യാഥാർത്ഥ്യബോധത്തോടെ ലക്ഷ്യങ്ങൾ നിശ്ചയിക്കുവാനും അതിനനുയോജ്യമായ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്താനും വേണ്ടത്ര കഴിവുണ്ടോ എന്ന് ശങ്കിക്കാൻ സഭയ്ക്കു മതിയായ

www.malankaralibrary.com

കാരണമുണ്ടായിരുന്നു എന്ന് നാം മനസ്സിലാക്കുന്നു. എങ്ങനെ ലാഭമുണ്ടാക്കാം, അത് എങ്ങനെ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താം എന്നു ബോദ്ധ്യമുള്ള ഒരു ലക്ഷ്യത്തിലേക്കു നയിക്കുന്ന മാർഗ്ഗമെന്ന നിലയിൽ ലാഭം പ്രയോജനകരമാണ്. ലാഭം മാത്രമാണ് ലക്ഷ്യം എന്നുവന്നാൽ, തെറ്റായ വഴികളിലൂടെയാണ് ലാഭമുണ്ടാക്കുന്നതെങ്കിൽ, അതിന്റെ ആത്യന്തികലക്ഷ്യം പൊതുനന്മ അല്ലെങ്കിൽ, സമ്പത്തു നശിപ്പിക്കുവാനും ദാരിദ്ര്യം സൃഷ്ടിക്കുവാനും അതു കാരണമായേക്കാം. പോൾ ആറാമൻ വിഭാവനംചെയ്ത സാമ്പത്തികവികസനം യഥാർത്ഥത്തിൽ സമ്പത്ത് ഉണ്ടാക്കുന്നതും എല്ലാവർക്കും ഗുണപ്രദവും നിലനിർത്താൻ കഴിയുന്നതുമായ ഒരു വികസനമാണ്. വളർച്ച ഉണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. കോടിക്കണക്കിനു ജനങ്ങളെ ദുരിതത്തിൽനിന്നു കരകയറ്റുന്നതിന് ഇതു നല്ല തോതിൽ സഹായിച്ചിട്ടുമുണ്ട്. അടുത്ത കാലത്ത് അന്താരാഷ്ട്രരംഗത്ത് ഫലപ്രദമായി ഇടപെടാൻ അനേകം രാജ്യങ്ങളെ ഇതു ശക്തമാക്കിയിട്ടുമുണ്ട്. എങ്കിലും ഈ സാമ്പത്തിക വളർച്ച പലപ്പോഴും *കർമ്മക്ഷമമല്ലാതെ പോകുകയും നാടകീയമായ പ്രശ്നങ്ങൾകൊണ്ടു വഴിമുട്ടിനില്ക്കുകയും ചെയ്യുന്നു.* ഈ അവസ്ഥാവിശേഷം തുടരുകയുമാണ്. ഇപ്പോഴത്തെ പ്രതിസന്ധി ഈ ദൗർബല്യവും പ്രശ്നങ്ങളും കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നു. ഇത് ഇനിയും നീട്ടിവയ്ക്കാനാകാത്ത തീരുമാനങ്ങൾ എടുക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. ഈ തീരുമാനം മനുഷ്യന്റെ ഭാവിയെ സംബന്ധിച്ചാണ്; മനുഷ്യസ്വഭാവവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് അവന്റെ ഭാവി. നിലവിലുള്ള സാങ്കേതിക ശക്തികൾ, ആഗോളതലത്തിലുള്ള പരസ്പര ബന്ധങ്ങൾ, ശരിയായരീതിയിൽ നടത്താത്തതും വൻതോതിൽ ഊഹക്കച്ചവടത്തെ അടിസ്ഥാനമാക്കിയുള്ളതുമായ സാമ്പത്തിക ഇടപാടുകൾ ഇവയെല്ലാം യഥാർത്ഥ സമ്പദ്വ്യവസ്ഥയുടെമേൽ ചെലുത്തിയ വിനാശകരമായ സ്വാധീനം, വൻതോതിൽ ജനങ്ങൾ കുടിയേറിപ്പാർക്കുന്നത് (ഈ കുടിയേറ്റങ്ങൾ പലപ്പോഴും പ്രത്യേക സാഹചര്യങ്ങളിൽ ഉണ്ടാകുന്നതും പിന്നീട് വേണ്ടത്ര ശ്രദ്ധി

www.malankaralibrary.com

ക്കപ്പെടാതെ പോകുന്നതുമാണ്), പ്രകൃതിവിഭവങ്ങൾ നിയന്ത്രണമില്ലാതെ ചൂഷണം ചെയ്യപ്പെടുന്നത് — ഇതെല്ലാം പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കാൻ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. പോൾ ആറാമൻ ചർച്ച ചെയ്ത പ്രശ്നങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇപ്പോഴത്തെ പ്രശ്നങ്ങൾ നൂതനമാണ് എന്നു മാത്രമല്ല, അവയ്ക്ക് മനുഷ്യവർഗ്ഗത്തിന്റെ വർത്തമാനകാലത്തെയും ഭാവിയിലെയും നന്മ സംബന്ധിച്ച് സർവോപരി നിർണ്ണായക പ്രാധാന്യവും ഉണ്ട്. പ്രതിസന്ധിയുടെ വ്യത്യസ്ത മുഖങ്ങൾ, അതിന്റെ പരിഹാരങ്ങൾ, ഭാവിയിൽ ഉണ്ടായേക്കാവുന്ന പുതിയ വികസനങ്ങൾ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു; ഒന്നിൽ മറ്റൊന്ന് അടങ്ങിയിരിക്കുന്നു; ഇപ്പോൾ ആവശ്യമായിട്ടുള്ളത് എല്ലാം ഒന്നായികണ്ടു മനസ്സിലാക്കാനുള്ള ശ്രമവും മാനവികമായ ഒരു പുതിയ ഉദ്ഗ്രഥനവുമാണ്. നിലവിലുള്ള സാമ്പത്തികാവസ്ഥ സങ്കീർണ്ണവും ഗുരുതരവുമാണ്; ഇതു നമുക്ക് ആശങ്ക ഉണ്ടാക്കുന്നതു സ്വാഭാവികവുമാണ്. എന്നാൽ, പുതിയ ഉത്തരവാദിത്തങ്ങൾ ആത്മവിശ്വാസത്തോടും പ്രത്യാശയോടുംകൂടി ഏറ്റെടുക്കുമ്പോൾ, യാഥാർത്ഥ്യബോധമുള്ള ഒരു മനോഭാവം നാം സ്വീകരിക്കണം. നമ്മുടെ മുമ്പിൽ കാണുന്നത് ആഴമേറിയ സാംസ്കാരിക നവീകരണം ആവശ്യമായ ഒരു ലോകമാണ്, കുറെക്കൂടി മെച്ചപ്പെട്ട ഒരു ഭാവി പടുത്തുയർത്തുന്നതിന് ആവശ്യമായ അടിസ്ഥാന മൂല്യങ്ങൾ വീണ്ടും കണ്ടെത്തേണ്ട ഒരു ലോകമാണ്; ഈ സാഹചര്യമാണ് നമ്മുടെമേൽ പുതിയ ഉത്തരവാദിത്തങ്ങൾ ചുമത്തുന്നത്. ഇതിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ പ്രയാണത്തിന്റെ പദ്ധതി പൊളിച്ചെഴുതാൻ, പുതിയ ചട്ടങ്ങൾ ഉൾപ്പെടുത്താൻ പ്രതിബദ്ധതയുടെ നവീന രൂപങ്ങൾ കണ്ടെത്താൻ, സർഗ്ഗാത്മകമായ അടിത്തറമേൽ പണിതുയർത്താൻ, നിഷേധാത്മക സമീപനങ്ങളെ തള്ളിക്കളയാൻ നമ്മെ നിർബന്ധിക്കുന്നതാണ് ഇപ്പോൾ നിലവിലുള്ള പ്രതിസന്ധി. അങ്ങനെ ഈ പ്രതിസന്ധി *നന്മതിന്മകൾ വേർതിരിച്ചറിയാനുള്ള ഒരവസരമായി മാറുന്നു; ഭാവിയെ സംബന്ധിച്ച് പുതിയ ഒരു ദർശനം രൂപ*

www.malankaralibrary.com

*പ്പെടുത്താനുള്ള അവസരം.* ആത്മവിശ്വാസത്തിന്റെ ഈ മനോഭാവത്തോടുകൂടി വിട്ടുവീഴ്ചാമനോഭാവമില്ലാതെ, ഈ കാലഘട്ടത്തിന്റെ വൈഷമ്യങ്ങൾ നേരിടാൻ നാം സന്നദ്ധരാകണം.

22. ഇന്ന് വികസനത്തിന് അതിക്രമിക്കുന്ന അനേകം പാളികളുണ്ട്; പരസ്പരം ഒന്നിനുമേൽ ഒന്ന് എന്ന ക്രമത്തിലുള്ളവ. വേണ്ടത്ര വികാസം ഇല്ലാത്ത മേഖലകളിലും വികസനത്തിന്റെ മേഖലകളിലും പ്രവർത്തിക്കുന്നവർ നിരവധിയാണ്. രണ്ടിന്റെയും കാരണങ്ങളും വൈവിധ്യമാർന്നവയാണ്. അവയുടെ നേട്ടങ്ങളും കോട്ടങ്ങളും വേർപെടുത്തിക്കാണാൻ കഴിയും എന്നത് ആദർശവാദങ്ങളിൽനിന്ന് നമ്മെ സ്വയം വിമുക്തരാക്കുന്നതിന് സഹായിക്കേണ്ടതാണ്. ആദർശസിദ്ധാന്തങ്ങൾ പലപ്പോഴും യാഥാർത്ഥ്യങ്ങളെ കൃത്രിമമായി അതീവ ലളിതമാക്കുന്നു. വസ്തുനിഷ്ഠമായി പ്രശ്നങ്ങളുടെ മാനവികമാനങ്ങൾ പൂർണ്ണമായും പരിശോധിക്കുവാൻ നമുക്കു കഴിയണം. ജോൺ പോൾ രണ്ടാമൻ നിരീക്ഷിച്ചതുപോലെ, സമ്പന്നരാജ്യങ്ങളും ദരിദ്രരാജ്യങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ *'ജനതകളുടെ പുരോഗതി'* എഴുതിയ കാലത്ത് എന്നപോലെ അത്ര വ്യക്തമല്ല.[55] *കേവലമായ അർത്ഥത്തിൽ ലോകത്ത് സമ്പത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്; എന്നാൽ അസമത്വങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.* സമ്പന്നരാജ്യങ്ങളിൽ സമൂഹത്തിലെ ചില പുതിയ വിഭാഗങ്ങൾ ദാരിദ്ര്യത്തിൽ ചെന്നുപെടുന്നു; ദാരിദ്ര്യത്തിന്റെ പുതിയ രൂപങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദരിദ്രമേഖലകളിൽ ചില വിഭാഗങ്ങൾക്ക് "അതിശയകരമായ വികസനം" ഉണ്ടായിട്ടുണ്ട്. അവരുടെ അംഗീകരിക്കാനാവാത്ത പാഴ്ച്ചെലവുകൾ വർദ്ധിക്കുന്നതിനു കടകവിരുദ്ധമായി മനുഷ്യോചിതമല്ലാത്ത രീതിയിൽ ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. "പ്രകടമായ അസമത്വം"[56] എന്ന അപകീർത്തി തുടർന്നുകൊണ്ടിരിക്കുന്നു. സമ്പന്നരാജ്യങ്ങളിലെ സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളിൽ ആധിപത്യം പുലർത്തുന്നവർ അഴിമതിക്കും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾക്കും മുതിരുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് നിർഭാഗ്യകരമായ ഒരു അവ

www.malankaralibrary.com

സ്ഥയാണ്. അഴിമതിയും നിയമലംഘനവും, പണ്ടേ സമ്പന്നമായിരുന്ന രാജ്യങ്ങളിലും, പുതുതായി സമ്പന്നമായ രാജ്യങ്ങളിലും കാണാൻ കഴിയും. അതുപോലെതന്നെ ദരിദ്ര രാജ്യങ്ങളിലും ഇത് കാണാൻ കഴിയും. പല വലിയ ബഹുരാഷ്ട്ര കമ്പനികളുമെന്നപോലെ പ്രാദേശിക ഉല്പാദകരും തൊഴിലാളികളുടെ മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നവരുടെ കൂട്ടത്തിലുണ്ട്. അന്താരാഷ്ട്ര സഹായം പലപ്പോഴും അതിന്റെ ശരിയായ ലക്ഷ്യം നേടുന്നില്ല, വേറെ കാര്യങ്ങൾക്കായി വകമാറ്റി ഉപയോഗിക്കപ്പെടുന്നു. സഹായം നല്കുന്നവരുടെ ഇടയിലും സഹായം ലഭിക്കുന്നവരുടെ ഇടയിലും ഉള്ള ഉത്തരവാദിത്തരഹിതമായ ശൃംഖലകളുടെ പ്രവൃത്തികളാണ് ഇതിന് കാരണം. അതുപോലെതന്നെ വികസനത്തിന്റേയും വേണ്ടത്ര വികസനം ഉണ്ടാകാത്തതിന്റേയും, അദൃശ്യമോ സാംസ്കാരികമോ ആയ കാരണങ്ങൾ, ഉത്തരവാദിത്തത്തെ സംബന്ധിച്ച ഇതേ മാർഗ്ഗരേഖ പിൻതുടരുന്നതായി കാണാം. സമ്പന്നരാജ്യങ്ങളിൽ, ബൗദ്ധിക സ്വത്തുക്കൾ സംബന്ധിച്ച അവകാശം കർശനമായി മുറുകെ പിടിച്ചുകൊണ്ട് അറിവ് മറ്റുള്ളവർക്ക് ലഭ്യമാകാതിരിക്കാൻ അതിരുകടന്ന ഉത്സാഹം പ്രകടമാക്കുന്നു. ആരോഗ്യമേഖലയിൽ ഇത് പ്രത്യേകിച്ചും പ്രകടമാണ്. അതേസമയംതന്നെ, ചില ദരിദ്ര രാജ്യങ്ങളിൽ വികസനത്തിന് തടസ്സമായി നില്ക്കുന്നത് ചില സാംസ്കാരിക മാതൃകകളും സാമൂഹിക പെരുമാറ്റച്ചട്ടങ്ങളുമാണ്.

**23.** ലോകത്തിന്റെ അനേകഭാഗങ്ങൾ കാര്യമായ പുരോഗതി നേടിയിട്ടുണ്ട്. പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും പരസ്പര വിരുദ്ധങ്ങളും ആണെങ്കിൽകൂടി വികസനം ഉണ്ടായിട്ടുണ്ട്. ഈ രാജ്യങ്ങൾ, ഭാവിയിൽ ലോകത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന രാജ്യങ്ങൾക്കൊപ്പം എത്താൻ പോവുകയാണ്. എങ്കിലും ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്. *സാമ്പത്തികവും സാങ്കേതിക വിജ്ഞാനപരവും മാത്രമായ പുരോഗതി അപര്യാപ്തമായിരിക്കും.* വികസനം സർവോപരി യഥാർത്ഥവും സമഗ്രവുമായിരിക്കണം. സാമ്പത്തികമായ പിന്നോക്കാവസ്ഥ മറികടക്കുന്ന

www.malankaralibrary.com

ത് നല്ല കാര്യമാണ്. എന്നാൽ അതുകൊണ്ടുമാത്രം മനുഷ്യന്റെ പുരോഗതിയുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല. ഇങ്ങനെയുള്ള പുരോഗതിയുടെ മുൻനിരയിലുള്ള രാജ്യങ്ങൾക്കും ഇപ്പോൾതന്നെ സാമ്പത്തിക വികസനം നേടിയിട്ടുള്ള രാജ്യങ്ങൾക്കും ഇത് ബാധകമാണ്. ദാരിദ്ര്യത്തിൽ കഴിയുന്ന രാജ്യങ്ങൾ പഴയരീതിയിലുള്ള ചൂഷണത്തിന് വിധേയമാകുന്നതുകൂടാതെ, ക്രമരഹിതവും അസന്തുലിതവുമായ വളർച്ചയുടെ പാർശ്വങ്ങളിൽ നിന്നും ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ ഇടയുണ്ട്.

കിഴക്കൻ യൂറോപ്യൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സാമ്പത്തികവും രാഷ്ട്രീയവുമായ സംവിധാനങ്ങൾ തകർന്നതിനുശേഷം, *പരസ്പരം വെല്ലുവിളിച്ചിരുന്ന രാജ്യങ്ങളുടെ നിര* ഇല്ലാതായതിനുശേഷം, വികസനം സംബന്ധിച്ച് സമൂലമായ ഒരു പുന:പരിശോധന ആവശ്യമായിരുന്നു. ജോൺ പോൾ രണ്ടാമൻ 1987-ൽ വികസനമുണ്ടാകാത്തതിന്റെ കാരണങ്ങളിൽ ഒന്നായി ഈ രണ്ട് ചേരികളുടെ സാന്നിദ്ധ്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇത്തരം ഒരു പുന:പരിശോധന ആവശ്യമാണെന്ന് പറയുകയുണ്ടായി.[57] സമ്പദ്വ്യവസ്ഥയിൽനിന്നും രാഷ്ട്രീയ ആവശ്യങ്ങൾക്ക് വിഭവങ്ങൾ പിൻവലിച്ചതും സിദ്ധാന്തങ്ങൾ സ്വാതന്ത്ര്യത്തിന് തടസ്സമായിനിന്നതും വികസനത്തിന് വിഘാതമുണ്ടാക്കി. 1991-ൽ, 1989-ലെ സംഭവങ്ങൾക്കുശേഷം, വിരുദ്ധചേരികൾ ഇല്ലാതായിത്തീർന്ന സ്ഥിതിക്ക് വികസനം സംബന്ധിച്ച് സമഗ്രമായ ഒരു സംവിധാനം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ പുതിയ സംവിധാനം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ മാത്രമല്ല, പശ്ചിമ യൂറോപ്പിലും ലോകത്തെ വികസ്വരരാജ്യങ്ങളിൽ പൊതുവെയും ആവശ്യമാണെന്ന് അദ്ദേഹം കരുതി.[58] ഇത് ഭാഗികമായി മാത്രമേ നടപ്പായിട്ടുള്ളു. ഇനിയും ചെയ്തുതീർക്കേണ്ട ഒരു യഥാർത്ഥ ചുമതലയായി ഇത് അവശേഷിക്കുന്നു. ഇന്നത്തെ സാമ്പത്തിക പ്രശ്നങ്ങൾ മറികടക്കുന്നതിന് ആവശ്യമായ തീരുമാനങ്ങളിലൂടെ ഒരുപക്ഷേ ഈ ചുമതല നിറവേറ്റാൻ കഴിഞ്ഞേക്കും.

**24.** പോൾ ആറാമന്റെ കാലത്ത് ലോകം ഇന്നത്തെ ലോകത്തെ അപേക്ഷിച്ച് പരസ്പരം അത്രയധികം ബന്ധപ്പെടാത്ത

www.malankaralibrary.com



ഒരു ലോകമായിരുന്നു. ആഗോളതലത്തിലുള്ള സാമൂഹിക പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ സാധ്യമാകുന്ന രീതിയിൽ അന്നും സമൂഹം പുരോഗമിച്ചിരുന്നു. സാമ്പത്തികപ്രവർത്തനങ്ങളും രാഷ്ട്രീയ പ്രക്രിയകളും മിക്കവാറും ഭൂമിശാസ്ത്രപരമായ ഒരേ പ്രദേശത്താണ് നടന്നിരുന്നത്. അതുകൊണ്ട് സാമ്പത്തികവും രാഷ്ട്രീയവും ആയ പ്രവർത്തനങ്ങൾക്ക് ഒന്നിനു മറ്റേതിൽനിന്നും ഊർജ്ജം നേടാൻ ആകുമായിരുന്നു. രാഷ്ട്രത്തിന്റെ അതിരുകൾക്കുള്ളിലാണ് മുഖ്യമായും ഉത്പാദനം നടന്നിരുന്നത്. രാജ്യത്തിന് പുറത്ത് സാമ്പത്തിക നിക്ഷേപം നടത്തുക വിരളമായിരുന്നു. ആ സാഹചര്യത്തിൽ സമ്പദ്വ്യവസ്ഥയിൽ, എന്തിനാണ് മുൻഗണന നല്കേണ്ടതെന്ന് നിശ്ചയിച്ചിരുന്നത് രാഷ്ട്രീയമായിരുന്നു. പല രാജ്യങ്ങളിലേയും സ്ഥിതി ഇതായിരുന്നു. രാഷ്ട്രീയത്തിന് പ്രയോഗിക്കാവുന്ന ഉപകരണങ്ങളിലൂടെ സമ്പദ്വ്യവസ്ഥയുടെ പ്രകടനവും ഒരതിരുവരെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ടാണ് *"ജനതകളുടെ പുരോഗതി'* എന്ന ചാക്രികലേഖനത്തിൽ രാജ്യത്തെ "പൊതു അധികാരസ്ഥാനങ്ങൾക്ക്"[59] അതിപ്രധാനമായ ഒരു സ്ഥാനം നല്കിയത്. മറ്റ് ഘടകങ്ങളെ പൂർണ്ണമായും ഒഴിവാക്കിയിരുന്നില്ല എന്നതും ഒരു വസ്തുതയാണ്.

നമ്മുടെ കാലഘട്ടത്തിലും, രാജ്യാന്തര വ്യാപാരവും സാമ്പത്തിക ഇടപാടുകളും സൃഷ്ടിച്ചിരിക്കുന്ന പുതിയ സാഹചര്യം, രാഷ്ട്രത്തിന്റെ പരമാധികാരത്തിന് ചില പരിധികൾ ഉണ്ടാക്കിയിരിക്കുന്നു എന്ന വസ്തുത രാഷ്ട്രങ്ങൾ പരിഗണിക്കേണ്ടിവരുന്നു. ഇന്ന് സാമ്പത്തിക മൂലധനവും, ദൃശ്യവും അദൃശ്യവുമായ ഉല്പാദനമാർഗ്ഗങ്ങളും കൂടുതൽ ചലനാത്മകമായിരിക്കു

www.malankaralibrary.com

കയാണ്. ഈ പുതിയ സാഹചര്യം രാജ്യങ്ങളുടെ രാഷ്ട്രീയ അധികാരത്തിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

ഇന്ന് സാമ്പത്തിക പ്രതിസന്ധി പഠിപ്പിക്കുന്ന പാഠങ്ങൾ നാം ഉൾക്കൊണ്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക സ്ഥാപനങ്ങളുടെ തെറ്റുകളും ക്രമക്കേടുകളും തിരുത്താൻ രാജ്യത്തിന്റെ പൊതുഭരണാധികാരികൾ നേരിട്ട് ഇടപെടുന്നു. ഇന്നത്തെ ലോകത്തെ വെല്ലുവിളികൾ നേരിടുവാൻ രാഷ്ട്രത്തിന്റെ അധികാരങ്ങൾ എങ്ങനെ പ്രയോഗിക്കണം എന്നതു സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു പുതിയ *വിലയിരുത്തൽ* ഉചിതമാണെന്നു തോന്നുന്നു. ഇന്നത്തെ വെല്ലുവിളികളെ നേരിടാൻ പുതിയ രീതിയിലുള്ള ഇടപെടലുകൾ വേണ്ടിവന്നേക്കാം. ഇതിന് ഭരണാധികാരികളെ ശക്തരാക്കുന്നതിന് രാഷ്ട്രീയ അധികാരം വിവേകപൂർവം പുനഃപരിശോധിക്കുകയും പരിഷ്കരിക്കുകയും വേണം. ഭരണാധികാരികളുടെ ചുമതലകൾ ഏവയെന്ന് കുറേക്കൂടി വ്യക്തമായി നിർവചിച്ചു കഴിഞ്ഞാൽ ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും രാഷ്ട്രത്തിന്റെ പങ്കാളിത്തം പുതിയ രൂപങ്ങളിൽ വർദ്ധിച്ചുവരുന്നത് നമുക്ക് മുൻകൂട്ടി കാണാൻ കഴിയും. ഈ പങ്കാളിത്തം സമൂഹത്തിൽ പ്രവർത്തിക്കുന്ന സംഘടനകളിൽക്കൂടിയാണ് സാധിച്ചിട്ടുള്ളത്. ഇങ്ങനെ *പൊതുകാര്യങ്ങളിൽ (res publica),* രാജ്യത്തിന്റെ താത്പര്യങ്ങളിൽ, പൗരന്മാരുടെ താത്പര്യവും, പങ്കാളിത്തവും കൂടുതൽ ആഴത്തിൽ വേരോടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**25.** സാമൂഹികമായ കാഴ്ചപ്പാടിൽനിന്ന് നോക്കിയാൽ, സംരക്ഷണത്തിന്റേയും സുസ്ഥിതിയുടേയും സംവിധാനങ്ങൾ അടിസ്ഥാനപരമായി മാറിമറിഞ്ഞിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, യഥാർത്ഥ സാമൂഹ്യനീതി ഉറപ്പാക്കുക എന്ന അവരുടെ ലക്ഷ്യം നേടുക പ്രയാസമാണ്. ഭാവിയിൽ ഇത് കൂടുതൽ പ്രയാസകരമാകാനേ ഇടയുള്ളു. പോൾ ആറാമന്റെ കാലത്തും അനേകം രാജ്യങ്ങളിൽ സംരക്ഷണത്തിന്റേയും സുസ്ഥിതിയുടേയും സംവിധാനങ്ങൾ നിലവിലിരുന്നു. സമ്പന്ന രാഷ്ട്രങ്ങൾ ചുരുങ്ങിയ ചെലവിൽ ഉത്പാദനം നടത്തി കുറഞ്ഞവി

www.malankaralibrary.com

ലയ്ക്ക് അനേകം വസ്തുക്കൾ വിറ്റഴിക്കാനായി അന്യരാജ്യങ്ങളിൽ ഉത്പാദനം നടത്താവുന്ന സ്ഥലങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഇതിന് പ്രചോദനമായത് ആഗോളതലത്തിലുള്ള വിപണനമാണ്. ഇതുവഴി സാധനങ്ങൾ വാങ്ങാനുള്ള കഴിവ് വർദ്ധിക്കുകയും പുരോഗതിയുടെ നിരക്ക് ത്വരിതപ്പെടുകയും ചെയ്യും. ഗാർഹിക കമ്പോളത്തിൽ ഉപഭോഗസാധനങ്ങൾ ധാരാളമായി ലഭ്യമാകും എന്നതാണ് ഇതിനു കാരണം. ഈ സാഹചര്യത്തിൽ രാഷ്ട്രങ്ങൾ തമ്മിൽ പുതിയ രീതിയിലുള്ള മത്സരം ഉണ്ടാകുന്നതിന് കമ്പോളവ്യവസ്ഥിതി കാരണമായിത്തീരുന്നു. അന്യരാജ്യങ്ങളിൽനിന്ന് മൂലധനം ഇറക്കി തങ്ങളുടെ രാജ്യത്ത് ഉല്പാദനകേന്ദ്രങ്ങൾ പ്രവർത്തിക്കണമെന്നാണ് അവരുടെ ആവശ്യം. വിദേശ മൂലധനം ആകർഷിക്കുന്നതിനും വിവിധ മാർഗ്ഗങ്ങൾ ഉണ്ട്. സാമ്പത്തികമായ ചട്ടങ്ങൾ ലഘൂകരിക്കുക, തൊഴിൽ സംബന്ധമായ നിബന്ധനകൾ ഒഴിവാക്കുക മുതലായ മാർഗ്ഗങ്ങൾ ഇവിടെ പിൻതുടരുന്നു. ഈ പ്രക്രിയകളുടെ ഫലമായി *സാമൂഹിക സുരക്ഷിതത്വസംവിധാനങ്ങൾക്ക് പ്രാധാന്യം കുറഞ്ഞു.* ആഗോള കമ്പോളത്തിൽ മത്സരിക്കാൻ കഴിയുന്ന രീതിയിൽ ഉല്പന്നങ്ങൾക്ക് വിലകുറയ്ക്കേണ്ടിവന്നതിന്റെ ഫലമാണ് ഇത്. തൊഴിലാളികളുടെ അവകാശങ്ങളെയും അടിസ്ഥാന മനുഷ്യാവകാശങ്ങളെയും പരമ്പരാഗത രീതിയിലുള്ള സാമൂഹ്യബോധമുള്ള രാഷ്ട്രവുമായി പൊരുത്തപ്പെട്ടത് എന്നു കരുതിയിരുന്ന കൂട്ടായ്മയേയും ഇത് അപകടത്തിലാക്കുന്നു. സാമൂഹ്യസുരക്ഷിതത്വത്തിനായുള്ള സംവിധാനങ്ങൾക്ക് അവയുടെ ചുമതല നിർവഹിക്കാൻ കഴിവില്ലാതെവരുന്നു. വികസ്വര രാജ്യങ്ങളിലും വളരെ മുൻപേ തന്നെ വികസനം പ്രാപിച്ചുകഴിഞ്ഞ രാജ്യങ്ങളിലും ദരിദ്ര രാജ്യങ്ങളിലും ഇതു സംഭവിക്കും. അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി സാമൂഹിക ക്ഷേമത്തിനായുള്ള പരിപാടികൾക്കു സർക്കാരിന്റെ ബജറ്റിൽ വേണ്ടത്ര തുക കൊള്ളിക്കാത്തത്, പഴയതും പുതിയതുമായ അപകടസാധ്യതകളെ നേരിടാൻ പൗരന്മാരെ അശക്തരാക്കുന്നു. തൊഴിലാളിസംഘടനകൾ ഫലപ്രദമായ സംര

www.malankaralibrary.com

ക്ഷണം നല്കാത്തതും പൗരന്മാരുടെ ശക്തിയില്ലായ്മയെ രൂക്ഷമാക്കുന്നു. സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങളുടെ കൂട്ടായ സമ്മർദ്ദം വഴി *തൊഴിലാളി സംഘടനകൾക്ക്* തൊഴിലാളികളുടെ താത്പര്യങ്ങളെ പ്രതിനിധീകരിക്കുക എന്ന ചുമതല നിർവഹിക്കുന്നത് കൂടുതൽ വിഷമകരമായി അനുഭവപ്പെടുന്നു. സാമ്പത്തിക പ്രയോജനം കണക്കിലെടുത്തുകൊണ്ട് സർക്കാരുകൾ തൊഴിലാളിസംഘടനകളുടെ സ്വാതന്ത്ര്യത്തിനും കൂടിയാലോചന നടത്താനുള്ള കഴിവിനും പരിമിതി നിശ്ചയിക്കുന്നതാണ് ഇതിനുള്ള ഒരു കാരണം. അതുകൊണ്ട് കീഴ്‌വഴക്കമനുസരിച്ചുള്ള കൂട്ടായ്മയുടെ ബന്ധങ്ങൾ കൂടുതൽ കൂടുതൽ തടസ്സങ്ങളെ മറികടക്കേണ്ടിവരുന്നു. *'നവീന വ്യവസ്ഥിതി'* (*'Rerum Novarum'*)[60] തൊട്ട് സഭയുടെ സാമൂഹികപ്രബോധനത്തിൽ വീണ്ടും വീണ്ടും നടത്തിയിട്ടുള്ള ആഹ്വാനം, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് തൊഴിലാളി സംഘടനകളെ പ്രോത്സാഹിപ്പിക്കണം എന്നതാണ്. ഈ ആഹ്വാനത്തിന് പണ്ടത്തേക്കാൾ ഇന്നു പ്രസക്തിയുണ്ട്. അത് മാനിക്കപ്പെടണം. പ്രാദേശികതലത്തിലും അന്താരാഷ്ട്രതലത്തിലും ഫലപ്രദമായ സഹകരണത്തിന്റെ പുതിയ രൂപങ്ങൾ ഉണ്ടാകുവാൻ ദീർഘവീക്ഷണത്തോടുകൂടി ഈ ആഹ്വാനത്തോട് താമസംവിനാ പ്രതികരിക്കുന്നത് അത്യന്താപേക്ഷിതമാണ്.

*തൊഴിലാളികൾക്ക് ഒരു സ്ഥലത്തുനിന്ന് വേറൊരുസ്ഥലത്തുപോയി പണിയെടുക്കുവാൻ* കഴിയുന്നു എന്നതും ഇതു സംബന്ധിച്ച നിയമങ്ങൾ ലഘൂകരിക്കപ്പെട്ടതും ശ്രദ്ധേയമായ ഒരു പ്രതിഭാസം ആണ്. ഇതിന് ചില നല്ല വശങ്ങളുണ്ട്. സമ്പത്തിന്റെ ഉത്പാദനത്തേയും സാംസ്കാരിക വിനിമയത്തേയും ഇത് പ്രോത്സാഹിപ്പിക്കും. എങ്കിലും ഈ പ്രതിഭാസത്തിന്റെ ഫലമായുണ്ടായ, സേവനവ്യവസ്ഥകൾ സംബന്ധിച്ചുള്ള അനിശ്ചിതത്വം പുതിയ രൂപത്തിലുള്ള മാനസിക അസ്ഥിരത ഉണ്ടാക്കാൻ ഇടയുണ്ട്. വിവാഹം തുടങ്ങി ആയുഷ്കാലത്തേക്കുള്ള വ്യവസ്ഥകൾ ആവിഷ്കരിക്കുന്നതിന് ഇത് തടസ്സമുണ്ടാക്കും. സാമൂഹിക വിഭവങ്ങൾ പാഴാക്കുന്നത് അവഗണിച്ചാൽപ്പോ

www.malankaralibrary.com

ലും മാനസികമായ അസ്ഥിരത മാനുഷികത ക്ഷയിക്കുന്ന സാഹചര്യം ഉണ്ടാക്കും. പണ്ട് വ്യവസായവത്കരണത്തിന് വിധേയമായ സമൂഹങ്ങളിൽ ഉണ്ടായ അത്യാഹിതങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇക്കാലത്തെ തൊഴിലില്ലായ്മ സാമ്പത്തിക പരാധീനതയുടെ പുതിയ രൂപങ്ങൾ സൃഷ്ടിക്കുന്നു. ഇപ്പോഴത്തെ പ്രതിസന്ധി ഈ സാഹചര്യം കൂടുതൽ വഷളാക്കുകയേ ഉള്ളു. ദീർഘകാലം ജോലി ഇല്ലാതിരിക്കുന്നതും സർക്കാരിനേയോ സ്വകാര്യ ഏജൻസികളെയോ ആശ്രയിക്കുന്നതും ഒരു മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും സർഗ്ഗശക്തിയേയും ക്ഷയിപ്പിക്കും. അയാളുടെ കുടുംബ സാമൂഹ്യബന്ധങ്ങളും സ്വാതന്ത്ര്യവും ക്രിയാത്മകതയും ക്ഷയിച്ചുകൊണ്ടിരിക്കും. ഇത് മാനസികവും ആത്മീയവുമായ തീവ്രവേദനയ്ക്ക് കാരണമാകും. ലോകത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ആസ്തികൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന എല്ലാവരേയും പ്രത്യേകിച്ചും ഭരണകൂടങ്ങളെ ഒരുകാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. *സംരക്ഷിക്കേണ്ടതും വിലമതിക്കേണ്ടതുമായ പ്രാഥമിക മൂലധനം മനുഷ്യനാണ്.* മനുഷ്യ വ്യക്തിത്വം അതിന്റെ സമഗ്രതയിൽ സംരക്ഷിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യണം. "എല്ലാ സാമ്പത്തിക, സാമൂഹിക ജീവിതത്തിന്റെയും പ്രഭവസ്ഥാനവും കേന്ദ്രബിന്ദുവും ലക്ഷ്യവും മനുഷ്യനാണ്."[61]

**26.** സാംസ്കാരികതലത്തിൽ പോൾ ആറാമന്റെ കാലത്തെ സാഹചര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറെക്കൂടെ ശ്രദ്ധേയമായ വ്യത്യാസങ്ങളാണ് കാണുന്നത്. അദ്ദേഹത്തിന്റെ കാലത്ത് കൂടുതൽ സംസ്കാരങ്ങൾക്ക് വ്യക്തത ഉണ്ടായിരുന്നു. എല്ലാ സംസ്കാരങ്ങളും കൂടി ഒന്നാക്കുന്നതിനുള്ള ശ്രമങ്ങളെ ചെറുക്കുന്നതിന് കൂടുതൽ അവസരങ്ങളുണ്ടായിരുന്നു. *സംസ്കാരങ്ങൾ തമ്മിൽ ആശയവിനിമയം* നടത്തുന്നതിനുള്ള സൗകര്യങ്ങൾ, സാധ്യതകൾ, ഇന്ന് ഗണ്യമായതോതിൽ വർദ്ധിച്ചിട്ടുണ്ട്; സംസ്കാരങ്ങൾ തമ്മിലുള്ള സംവാദത്തിന്, കൂടുതൽ അവസരങ്ങൾ ഉണ്ട്. ഇതു ഫലപ്രദമാകണമെങ്കിൽ സംവാദത്തിൽ പങ്കെടുക്കുന്ന വിവിധ കക്ഷികളുടെ അനന്യത

www.malankaralibrary.com

സംബന്ധിച്ച് ആഴമുള്ള അറിവുണ്ടായിരിക്കണം. ഇന്നത്തെ സാംസ്കാരിക വിനിമയങ്ങൾ കൂടുതൽ വാണിജ്യവത്കരിക്കപ്പെട്ടിരിക്കുന്നു. ഇതു രണ്ടുതരം അപകടങ്ങളിലേക്ക് നയിക്കാം എന്ന വസ്തുത വിസ്മരിക്കരുത്. ഒന്ന്: വിവിധ *സംസ്കാരങ്ങളിൽനിന്ന് ഒരാൾക്ക് നല്ലതെന്ന് തോന്നുന്നവമാത്രം തിരഞ്ഞെടുക്കുന്ന രീതിയാണ്.* ഇത് വേണ്ടത്ര വിവേചനമില്ലാതെയാണ് പലപ്പോഴും സംഭവിക്കുന്നത്. സംസ്കാരങ്ങളെ നിരത്തിവച്ചിരിക്കുന്നു. ഒന്നിനുപകരം വേറൊന്നാകാം, അടിസ്ഥാനപരമായി എല്ലാത്തിനും ഒരേ മൂല്യമാണുള്ളത് എന്നൊരു ചിന്താഗതി കാണാൻ കഴിയും. ഇത് വളരെവേഗം ആപേക്ഷികവാദത്തിലേക്ക് നയിക്കും. വിവിധ സംസ്കാരങ്ങൾ തമ്മിലുള്ള ശരിയായ സംവാദത്തിന് ഇത് സഹായകമല്ല. സാംസ്കാരിക ആപേക്ഷികവാദത്തിന്റെ ഫലമായി വ്യത്യസ്ത സംസ്കാരമുള്ള ആളുകൾ ഒരു പ്രദേശത്ത് ഒന്നിച്ചു താമസിക്കുമ്പോഴും അവർ വ്യത്യസ്ത സംസ്കാരമുള്ളവരായി തുടരും. ഇങ്ങനെയുള്ളിടത്ത് ആധികാരികമായ സംവാദമുണ്ടാകുകയില്ല. തത്ഫലമായി യഥാർത്ഥത്തിലുള്ള ഐക്യവും ഉണ്ടാകുകയില്ല. രണ്ടാമത്, ഇതിനു നേരേ വിപരീതമായ അപകടവും നിലവിലുണ്ട്. അതായത്, *സാംസ്കാരികമായ ഒരു ഏകീഭവിപ്പിക്കൽ.* അന്യരുടെ ജീവിതശൈലിയും ഇതുവഴി പെരുമാറ്റ രീതിയും വിവേചനരഹിതമായി സ്വന്തമാക്കുന്നു. ഇങ്ങനെ പ്രവർത്തിക്കുമ്പോൾ വിവിധ രാജ്യങ്ങളുടെ സംസ്കാരത്തിന്റെ ആഴമേറിയ അർത്ഥം കാണാതെ പോകുന്നു. വിവിധ ജനതകളുടെ പാരമ്പര്യം കാണാതെ പോകുന്നു. ഒരാൾ ജീവിതത്തിലെ അടിസ്ഥാനപരമായ പ്രശ്നങ്ങളോടു ബന്ധപ്പെടുത്തി സ്വയം നിർണ്ണയിക്കുകയും നിർവചിക്കുകയും ചെയ്യുന്നത് തന്റെ ജനതയുടെ സംസ്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും പശ്ചാത്തലത്തിലാണ്.[62] വിവിധ സംസ്കാരങ്ങളിൽനിന്ന് ഇഷ്ടമുള്ളത് തിരഞ്ഞെടുത്ത് സമാഹരിക്കുന്നതും സാംസ്കാരികമായ നിരപ്പാക്കലും ഒരു കാര്യത്തിൽ സാമ്യം വഹിക്കുന്നു. ഇവ രണ്ടിനും പൊതുവായുള്ള ഘടകം, മനുഷ്യസ്വഭാവത്തിൽനിന്നും സംസ്കാരത്തെ വേർപെടുത്തുന്നു എന്നതാണ്. അപ്പോൾ

www.malankaralibrary.com

സംസ്കാരങ്ങൾക്ക് സംസ്കാരങ്ങളെ മറികടക്കുന്ന ഒരു പ്രകൃതത്തിനകത്തുനിന്നുകൊണ്ട്,[63] അവയെത്തന്നെ സ്വയം നിർവചിക്കാൻ കഴിയില്ല എന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു.[63] മനുഷ്യൻ സംസ്കാരം സംബന്ധിച്ച സ്ഥിതിവിവരകണക്കിലെ ഒരു ഇനം മാത്രമായി അധ:പതിക്കുന്നു. ഇത് സംഭവിക്കുമ്പോൾ മനുഷ്യവർഗ്ഗം അടിമത്തത്തിന്റേയും കൃത്രിമങ്ങൾക്ക് വിധേയമാക്കപ്പെടലിന്റേയും പുതിയ അപകടങ്ങളെ നേരിടേണ്ടിവരും.

27. ഭക്ഷ്യക്ഷാമത്തിന്റെ ഫലമായി അനേകം ദരിദ്രരാജ്യങ്ങളിൽ ജീവിതം ഇന്നും അങ്ങേയറ്റം അരക്ഷിതമാണ്. ഈ സാഹചര്യം കൂടുതൽ വഷളാകാനുള്ള സാധ്യതയുമുണ്ട്. ലാസറിനെപ്പോലെ, ധനവാനോടൊപ്പം ഭക്ഷണത്തിനിരിക്കാൻ കഴിയാത്ത അനേകർ ഇന്നും വിശപ്പ് കൊയ്യുന്നവരാണ്. അവർ ഈ സംവിധാനത്തിന്റെ ഇരകളാണ്. പോൾ ആറാമൻ പുലർത്തിയ പ്രത്യാശയ്ക്ക് കടകവിരുദ്ധമായ ഒരു സാഹചര്യമാണ് ഇത്.[64] *വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക* (cf. മത്താ. 25:35, 37, 42) എന്നത് സാർവത്രിക സഭയോടുള്ള ഒരു ആജ്ഞയാണ്, സദാചാരപരമായ ഒരു ആജ്ഞ. സഭ അതിന്റെ സ്ഥാപകനായ യേശുക്രിസ്തു നല്കിയ പ്രബോധനം അനുസരിച്ച് കൂട്ടായ്മയും പരസ്പരം പങ്കുവയ്ക്കലും സംബന്ധിച്ചു പ്രവർത്തിക്കുമ്പോൾ ഇതാണ് ചെയ്യുന്നത്. ആഗോളവ്യവസ്ഥിതി നിലവിൽ വന്നിട്ടുള്ള ഈ കാലഘട്ടത്തിൽ വിശപ്പ് നിർമ്മാർജ്ജനം ചെയ്യുക എന്നത് ഈ ഭൂമുഖത്ത് സമാധാനവും സ്ഥിരതയും സംരക്ഷിക്കുന്നതിന് അവശ്യംവേണ്ട ഒരു ഉപാധിയായിത്തീർന്നിരിക്കുന്നു. ഭൗതിക വസ്തുക്കളുടെ ദൗർലഭ്യം അല്ല യഥാർത്ഥത്തിൽ വിശപ്പിന് കാരണം. അവ ലഭ്യമാക്കാൻ ശരിയായ സാമൂഹിക സംവിധാനം ഇല്ലാത്തതാണ്. വിശപ്പ് ഇല്ലാതാക്കാൻ വേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം സാമൂഹികസ്ഥാപനങ്ങളാണ്. ചുരുക്കിപ്പറഞ്ഞാൽ, നമുക്കില്ലാത്തത് അവശ്യംവേണ്ട ഭക്ഷണവും ശുദ്ധജലവും എല്ലാവർക്കും സ്ഥിരമായി ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിവുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ ഒരു ശൃംഖലയാണ്. ഇതുണ്ടാ

www.malankaralibrary.com

യിരുന്നെങ്കിൽ എല്ലാവർക്കും വേണ്ട പോഷകാഹാരം ലഭ്യമാകുമായിരുന്നു. എല്ലാവർക്കും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയും. സ്വാഭാവിക കാരണങ്ങൾകൊണ്ടോ ദേശീയ-അന്തർദ്ദേശീയ തലങ്ങളിലെ രാഷ്ട്രീയമായ നിരുത്തരവാദിത്തംമൂലമോ ഉണ്ടായ, യഥാർത്ഥ ഭക്ഷ്യ പ്രതിസന്ധി സംജാതമാകുന്ന സാഹചര്യങ്ങളിൽ ആളുകൾക്കുവേണ്ട അവശ്യസാധനങ്ങൾ എത്തിക്കാൻ കഴിയും. ഭക്ഷ്യസുരക്ഷിതത്വം ഇല്ലാത്തതു സംബന്ധിച്ച പ്രശ്നം ദീർഘകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്. ഈ പ്രശ്നം ഉണ്ടാകുന്നതിന് കാരണമായ അപര്യാപ്ത സംവിധാനങ്ങൾ മാറ്റണം. ദരിദ്രരാജ്യങ്ങളിൽ കാർഷിക വികസനം പ്രോത്സാഹിപ്പിക്കുകയും വേണം. ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് മുതൽമുടക്കിക്കൊണ്ടും ജലസേചനത്തിനും ഗതാഗതത്തിനും കമ്പോളങ്ങൾ സ്ഥാപിക്കുന്നതിനും കൃഷി സംബന്ധമായ സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിനും ഊന്നൽ കൊടുത്തുകൊണ്ടും ഇത് സാധിക്കാനാകും. പ്രാദേശികതലത്തിൽ ലഭ്യമായിട്ടുള്ള മാനുഷികവും പ്രകൃതിദത്തവും സാമൂഹികവും സാമ്പത്തികവുമായ വിഭവങ്ങൾ എത്രയും മെച്ചപ്പെട്ടരീതിയിൽ പ്രയോജനപ്പെടുത്തുന്ന കാർഷിക സാങ്കേതികവിദ്യയാണ് വികസിപ്പിക്കേണ്ടത്. ഈ സംവിധാനം ഏറെക്കാലം നിലനിർത്താൻ ആകും എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. കൃഷിഭൂമിയുടെ ഉപയോഗം സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നത് പ്രാദേശിക സമൂഹങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുവേണം. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ, പരമ്പരാഗതമായ കൃഷിരീതികളും പുതിയ സാങ്കേതികവിദ്യയും തുറന്നുതരുന്ന സാദ്ധ്യതകൾ പരിശോധിക്കുന്നത് പ്രയോജനകരമായിരിക്കും. ഏറ്റവുമധികം ചൂഷണം ചെയ്യപ്പെട്ടിട്ടുള്ള ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടും പരിസ്ഥിതിയോട് ആദരവ് പുലർത്തിക്കൊണ്ടും വേണ്ടത്ര പരീക്ഷണങ്ങൾക്കുശേഷം സമുചിതമാണെന്ന് ഉറപ്പുവരുത്തിയതും ആയ കാർഷിക സാങ്കേതികവിദ്യയാണ് കൊണ്ടുവരേണ്ടത്. അതേസമയം വികസ്വരരാജ്യങ്ങളിൽ നീതിപൂർവ

www.malankaralibrary.com

മായ കാർഷിക പരിഷ്കാരങ്ങൾ ഉണ്ടാകുക എന്ന കാര്യം അവഗണിച്ചുകൂടാ. ജീവിക്കാനുള്ള അവകാശവും മറ്റു മൗലികാവകാശങ്ങളും നേടാനുള്ള ശ്രമത്തിൽ കുടിവെള്ളത്തിനുള്ള അവകാശംപോലെ ഭക്ഷണത്തിനുള്ള അവകാശത്തിനും സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. അതുകൊണ്ട് *ഭക്ഷണവും കുടിവെള്ളത്തിന്റെ ലഭ്യതയും എല്ലാ മനുഷ്യർക്കും ലോകമെങ്ങും അവകാശപ്പെട്ടതാണ്. ഇതിൽ യാതൊരു വ്യത്യാസവും വിവേചനവും പാടില്ല* എന്ന ബോധം ഉണ്ടാകാൻ പൊതുജനമനസ്സാക്ഷിയെ സജ്ജമാക്കേണ്ടതുണ്ട്.[65] വികസന പ്രക്രിയയിൽ ദാരിദ്ര്യത്തിൽ കഴിയുന്ന രാജ്യങ്ങളുമായി ഐക്യത്തിലാകുന്നത് ഇന്നത്തെ ആഗോള പ്രതിസന്ധിക്കു പരിഹാരം കണ്ടെത്താൻ സഹായകമാകും എന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. ഇത് ഈയിടെയായി രാഷ്ട്രീയ പ്രവർത്തകരും അന്താരാഷ്ട്രസ്ഥാപനങ്ങളുടെ നടത്തിപ്പുകാരും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ദരിദ്രരാജ്യങ്ങൾക്ക് ഉപഭോഗവസ്തുക്കൾക്കും വികസനത്തിനുമായുള്ള തങ്ങളുടെ പൗരന്മാരുടെ ആവശ്യം നിറവേറ്റുന്നതിന്, ഐക്യബോധത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട്, സാമ്പത്തികസഹായം ലഭ്യമാക്കിയാൽ യഥാർത്ഥത്തിലുള്ള സാമ്പത്തിക വളർച്ചയുണ്ടാകും എന്നതു മാത്രമല്ല ഇന്നത്തെ പ്രതിസന്ധി അപകടത്തിലാക്കിയിരിക്കുന്ന സമ്പന്നരാഷ്ട്രങ്ങളിലെ ഉത്പാദനസംവിധാനം നിലനിർത്തുന്നതിനും ഇതു സഹായകമാകും.

**28**. ഈ കാലഘട്ടത്തിൽ വികസനത്തിന്റെ അതിപ്രധാനമായ മുഖങ്ങളിലൊന്ന് *ജീവനോടുള്ള ആദരവ്* എന്ന സുപ്രധാന പ്രശ്നമാണ്. ജനതകളുടെ വികസനം സംബന്ധിച്ച പ്രശ്നങ്ങളിൽനിന്ന് ഇതിനെ യാതൊരുവിധത്തിലും ഒഴിച്ചുനിർത്താനാകില്ല. അടുത്തകാലത്തു കൂടുതൽ പ്രാമുഖ്യം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന ഒരു ഘടകമാണിത്. ദാരിദ്ര്യത്തെപ്പറ്റിയും വികസനമില്ലായ്മ സംബന്ധിച്ചും നമുക്കുള്ള കാഴ്ചപ്പാടു കൂടുതൽ വിശാലമാക്കാൻ ഇതു നമ്മെ നിർബന്ധിക്കുന്നു.[66] ജീവൻ അംഗീകരിക്കുക; വിവിധ കാരണങ്ങളാൽ ജീവനുപ്രതിബന്ധം സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രത്യേ

www.malankaralibrary.com

കിച്ചും — ഇതു നമ്മുടെ കാഴ്ചപ്പാടിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

ദാരിദ്ര്യം നിലനില്ക്കുന്ന അനേകം പ്രദേശങ്ങളിൽ ശിശുമരണനിരക്കു വളരെ കൂടുതലാണ്. മാത്രമല്ല, ലോകത്തിന്റെ ചില ഭാഗങ്ങളിൽ ജനനനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഭരണകൂടങ്ങൾതന്നെ ഗർഭനിരോധനം പ്രോത്സാഹിപ്പിക്കുന്നു. ചിലപ്പോൾ ഗർഭഛിദ്രം നിർബന്ധിതമാക്കുകകൂടി ചെയ്യുന്ന തലംവരെയും അത് എത്തുന്നുണ്ട്. സാമ്പത്തികമായി വികസനം നേടിയിട്ടുള്ള രാജ്യങ്ങളിൽ ജീവന് എതിരായുള്ള നിയമങ്ങൾ വ്യാപകമായ തോതിലുണ്ട്. ഇതു സദാചാരം സംബന്ധിച്ച മനോഭാവത്തെയും പെരുമാറ്റത്തെയും രൂപപ്പെടുത്തിക്കഴിഞ്ഞു. ജനനത്തിനു എതിരായുള്ള ഒരു മനോഭാവം പ്രചരിക്കാൻ ഇതു സഹായിക്കുന്നു. മറ്റു രാജ്യങ്ങളിലും ഈ മനോഭാവം വളർത്താനുള്ള ശ്രമവും നടക്കുന്നുണ്ട്. ഇതെല്ലാം സാംസ്കാരികമായ പുരോഗതിയാണ് എന്ന രീതിയിൽ പ്രചരിപ്പിക്കപ്പെടുന്നു.

ചില സർക്കാരിതര സംഘടനകൾ ഗർഭഛിദ്രം പ്രചരിപ്പിക്കുവാൻ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ദരിദ്രരാഷ്ട്രങ്ങളിൽ അവർ വന്ധ്യംകരണവും ചിലപ്പോൾ പ്രോത്സാഹിപ്പിക്കുന്നു. എന്താണ് നടക്കുന്നത് എന്ന് സ്ത്രീകളെ അറിയിക്കുകപോലും ചെയ്യാതെയാണ് ചിലപ്പോൾ ഇതു ചെയ്യുക. മാത്രവുമല്ല, ശക്തമായ ജനനനിയന്ത്രണ നടപടികൾ ഉൾക്കൊള്ളുന്ന ആരോഗ്യനയം നടപ്പാക്കുന്നതുമായി ബന്ധപ്പെടുത്തിയാണ് ചിലപ്പോൾ വികസന സഹായം നല്കുന്നത് എന്ന് സംശയിക്കാൻ കാരണമുണ്ട്. ദയാവധം അനുവദിക്കുന്ന നിയമങ്ങളും ദയാവധത്തെ അംഗീകരിക്കാൻ നീതിന്യായ വ്യവസ്ഥയിൽ സമ്മർദ്ദം ചെലുത്താൻ ദേശീയതലത്തിലും അന്തർദേശീയതലത്തിലും പ്രവർത്തിക്കുന്ന സംഘടനകളും ആശങ്ക ഉളവാക്കുന്നുണ്ട്.

*ജീവനെ അംഗീകരിക്കുന്ന മനോഭാവം യഥാർത്ഥ വികസനത്തിന്റെ കേന്ദ്രബിന്ദുവാണ്.* ജീവൻ നിഷേധിക്കാനോ അടിച്ചമർത്താനോ ഒരു സമൂഹം തയ്യാറാകുമ്പോൾ, മനുഷ്യന്റെ

www.malankaralibrary.com

യഥാർത്ഥ നന്മയ്ക്കുവേണ്ടി ശ്രമിക്കാനുള്ള പ്രചോദനവും ഊർജ്ജവും അതിനു നഷ്ടമാകുന്നു. പുതുതായി എത്തുന്ന ജീവനെ സ്വീകരിക്കണം എന്ന ബോധം, വികാരം, വ്യക്തികൾക്കും സമൂഹത്തിനും ഇല്ലാതാകുമ്പോൾ, സമൂഹത്തിന് ആവശ്യമായ ഇതരമൂല്യങ്ങളും അംഗീകരിക്കാനുള്ള മനോഭാവവും കൂമ്പടഞ്ഞുപോകും.[67] ജീവനെ സ്വീകരിക്കുകവഴി മനുഷ്യന്റെ സദാചാരബോധം സുശക്തമാകും; ഇതു മനുഷ്യരെ പരസ്പരം സഹായിക്കുന്നവരാക്കും. ജീവൻ സ്വീകരിക്കണം എന്ന മനോഭാവം വളർത്തുമ്പോൾ, ധനികർ ദരിദ്രവിഭാഗത്തിന്റെ ആവശ്യങ്ങൾ കുറേക്കൂടി വ്യക്തമായി മനസ്സിലാക്കും. അപ്പോൾ തങ്ങളുടെ പൗരന്മാരുടെ സ്വാർത്ഥപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാമ്പത്തികവും ബൗദ്ധികവുമായ വിഭവങ്ങൾ വൻതോതിൽ ചെലവഴിക്കുന്നത് ഒഴിവാക്കാൻ കഴിയും. അതിനുപകരം എല്ലാ ജനതകളുടെയും വ്യക്തികളുടെയും ജീവനുവേണ്ടിയുള്ള മൗലികാവകാശം മാനിക്കുന്നതും ഐക്യവും കൂട്ടായ്മയും പ്രകടമാക്കുന്നതും സദാചാരപരമായി സാധുവും ആയ ഉത്പാദനമാനദണ്ഡങ്ങൾക്കനുസൃതമായി സത്കർമ്മങ്ങൾ പ്രോത്സാഹിപ്പിക്കാൻ അവർക്കു കഴിയും.

**29.** ആധുനിക ജീവിതത്തിന് വികസനവുമായി അടുത്ത ബന്ധം പുലർത്തുന്ന വേറൊരുവശം ഉണ്ട്; *മതസ്വാതന്ത്ര്യത്തിനുള്ള അവകാശം* നിഷേധിക്കൽ. മതപരമായ കാരണങ്ങളാൽ ലോകത്ത് ഇന്നും നടന്നുകൊണ്ടിരിക്കുന്ന സംഘർഷങ്ങളെയും സംഘട്ടനങ്ങളെയും പറ്റിയല്ല ഞാൻ പറയുന്നത്. ചിലപ്പോൾ മതപരമായ പ്രചോദനം മറ്റു കാരണങ്ങൾക്കുള്ള ഒരു മറ മാത്രമാണ്. ഉദാഹരണത്തിന് മറ്റുള്ളവരെ അടക്കിഭരിക്കുവാനും സമ്പത്ത് സ്വന്തമാക്കാനും ഉള്ള ആഗ്രഹം. ഇന്ന് ആളുകൾ പലപ്പോഴും ദൈവത്തിന്റെ വിശുദ്ധ നാമത്തിൽ കൊലപാതകം നടത്തുന്നുണ്ട്. എന്റെ മുൻഗാമിയായ ജോൺപോൾ രണ്ടാമനും ഞാനും പരസ്യമായി എടുത്തുപറഞ്ഞിട്ടുള്ളതും അപലപിച്ചിട്ടുള്ളതുമാണ് ഈ വസ്തുത.[68] അക്രമം, യഥാർത്ഥ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നതാണ്. ജനതകളുടെ

www.malankaralibrary.com

സാമൂഹികവും സാമ്പത്തികവും ആത്മീയവുമായ സുസ്ഥിതിയിലേക്കുള്ള പുരോഗതിയെ ഇത് തടയുന്നു. മതമൗലികവാദങ്ങളാൽ പ്രചോദിതമായ ഭീകരപ്രവർത്തനത്തിന് ഇത് പ്രത്യേകിച്ചും ബാധകമാണ്.[69] ഭീകരപ്രവർത്തനം വേദനയും നാശനഷ്ടങ്ങളും മരണവും വിതയ്ക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള സംവാദം അതു തടസ്സപ്പെടുത്തുന്നു. സമാധാനപരവും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതുമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട വിഭവങ്ങൾ വൻതോതിൽ ഭീകരത തടയുന്നതിലേക്ക് ചെലവഴിക്കേണ്ടിവരുന്നു.

ചിലപ്പോഴെല്ലാം മതഭ്രാന്താണ് മതസ്വാതന്ത്ര്യത്തിനുള്ള അവകാശം പ്രയോജനപ്പെടുത്തുന്നതിന് തടസ്സമായിനില്ക്കുന്നത്. അതുപോലെതന്നെ മതസംബന്ധമായ കാര്യങ്ങളിൽ അനാസ്ഥ പ്രോത്സാഹിപ്പിക്കുന്നതും അനേകം രാജ്യങ്ങളിൽ നിലവിലുള്ള പ്രായോഗിക നിരീശ്വരവാദവും ജനതകളുടെ വികസനത്തിന് തടസ്സമുണ്ടാക്കുന്നു. ആത്മീയവും മാനുഷികവുമായ വിഭവങ്ങൾ, ജനങ്ങൾക്ക് നിഷേധിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ദൈവം മനുഷ്യനെ സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും മനുഷ്യർക്ക് അതിഭൗതികമായ മഹത്ത്വം നല്കുകയും പൂർണ്ണതയിലേക്കുള്ള അവരുടെ സ്വാഭാവികമായ തൃഷ്ണ വളർത്തുകയും ചെയ്യുന്നു; *ആ ദൈവമാണ്, മനുഷ്യന്റെ യഥാർത്ഥ വികസനത്തിന്റെ ദാതാവ്.* അനിശ്ചിതത്വം നിറഞ്ഞ ഈ ബ്രഹ്മാണ്ഡകടാഹത്തിൽ നഷ്ടപ്പെട്ടുപോയ ഒരു അണു അല്ല മനുഷ്യൻ.[70] അവൻ ദൈവത്തിന്റെ സൃഷ്ടിയാണ്. അവന് അനശ്വരമായ ഒരു ആത്മാവു നല്കാൻ ദൈവം തിരുമനസ്സായി. ദൈവം അവനെ എന്നെന്നും സ്നേഹിക്കുകയും ചെയ്തു. യാദൃച്ഛികമായോ പ്രകൃത്യാനുസൃതമായ അനിവാര്യതകൊണ്ടോ ആണ് മനുഷ്യൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതെങ്കിൽ, താൻ ജീവിക്കുന്ന ലോകത്തിന്റെ പരിമിതമായ ചക്രവാളങ്ങൾക്കുള്ളിൽ തന്റെ പ്രതീക്ഷകൾ ഒതുക്കേണ്ടവൻ ആയിരുന്നു മനുഷ്യനെങ്കിൽ, ചരിത്രവും സംസ്കാരവും മാത്രമായിരുന്നു സമ്പൂർണ്ണമായ യാഥാർത്ഥ്യമെങ്കിൽ, അതിഭൗതിക ജീവിതത്തിൽ തന്റെ പരിമിതികൾ മറികടക്കുന്ന ഒരു ആന്ത

www.malankaralibrary.com

രിക സത്ത മനുഷ്യന് ഇല്ലായിരുന്നുവെങ്കിൽ, നമുക്ക് വളർച്ച യെപ്പറ്റിയും പരിണാമത്തെപ്പറ്റിയും സംസാരിക്കാമായിരുന്നു; എന്നാൽ വികസനത്തെപ്പറ്റി സംസാരിക്കുവാൻ കഴിയുമായി രുന്നില്ല. രാഷ്ട്രം പ്രായോഗിക നിരീശ്വരവാദം പ്രോത്സാഹിപ്പി ക്കുകയും പഠിപ്പിക്കുകയും ചിലപ്പോൾ അടിച്ചേല്പിക്കുകയും ചെയ്യുമ്പോൾ സമഗ്രമായ മാനവിക വികസനം ഉണ്ടാകുന്ന തിന് അവശ്യംവേണ്ട സദാചാരപരവും ആത്മീയവുമായ ശക്തി അതിന്റെ പൗരന്മാർക്ക് നിഷേധിക്കുകയുമാണ് ചെയ്യു ന്നത്. ദൈവികസ്നേഹത്തിന് കൂടുതൽ വിശാലഹൃദയത്തോ ടുകൂടിയുള്ള മാനുഷിക പ്രതികരണം നല്കാൻ നവമായ ഉത്സാഹത്തോടുകൂടി അവർ ശ്രമിക്കുകയും മുൻപോട്ടു പോകു കയും ചെയ്യുമ്പോൾ തടസ്സം സൃഷ്ടിക്കുകയാണ് രാഷ്ട്രം അപ്പോൾ ചെയ്യുന്നത്.[71] സാംസ്കാരികവും വ്യാപാരസംബ ന്ധവും രാഷ്ട്രീയവുമായ ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ സാമ്പത്തികമായി വികസിച്ചതോ, വികാസം പ്രാപിച്ചുകൊണ്ടി രിക്കുന്നതോ ആയ രാജ്യങ്ങൾ മനുഷ്യന്റെ വ്യക്തിത്വത്തെ സംബന്ധിച്ച അപൂർണ്ണമായ ഈ സങ്കല്പവും അന്യരാജ്യ ങ്ങളിലേക്ക് കയറ്റി അയയ്ക്കാറുണ്ട്. "അതിവികസനം"[72] ('Super development') യഥാർത്ഥവികസനത്തിന് വരുത്തുന്ന വലിയ ഒരു വിനാശമാണ്. ഇതുവഴി വികസനത്തോടൊപ്പം *"സദാചാരപരമായ വികാസം ഇല്ലായ്മയും"*[73] സംഭവിക്കുന്നു.

**30.** ഈ സന്ദർഭത്തിൽ സമഗ്രമായ മാനവവികസനം എന്ന വിഷയം കുറെക്കൂടി അർത്ഥവ്യാപ്തി ഉള്ളതായിത്തീരുന്നു: അതിന്റെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പരസ്പരബന്ധം *മനുഷ്യവിജ്ഞാനത്തിന്റെ വിവിധതലങ്ങൾ തമ്മിലുള്ള പര സ്പര പ്രവർത്തനം* പ്രോത്സാഹിപ്പിക്കുന്നതിൽ പ്രതിബദ്ധത കാട്ടേണ്ടതുണ്ട്. ജനതകളുടെ യഥാർത്ഥ വികസനം പ്രോത്സാ ഹിപ്പിക്കുന്നതിന് ഇതാവശ്യമാണ്. വികസനവുമായി ബന്ധ പ്പെട്ട സാമൂഹികവും സാമ്പത്തികവുമായ നടപടികൾ സംയു ക്തമായ പ്രവർത്തനത്തിലൂടെ നടപ്പാക്കിയാൽ മതി, വികസനം പൂർത്തിയായി എന്ന് പലപ്പോഴും ചിന്തിക്കാറുണ്ട്. ഈ സംയു ക്തപ്രവർത്തനത്തിന് ഒരു ദിശാബോധം ആവശ്യമാണ്; കാര

www.malankaralibrary.com

ണം, "എല്ലാ സാമൂഹിക പ്രവർത്തനത്തിലും ഒരു സിദ്ധാന്തം അടങ്ങിയിട്ടുണ്ട്."[74] പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുക്കുമ്പോൾ വിവിധ വകുപ്പുകൾ സഹകരിച്ച് പ്രവർത്തിക്കുന്നതിന് അവർ തമ്മിൽ ചിട്ടയായ ആശയവിനിമയം നടത്തേണ്ടതുണ്ട്. ഉപവി അറിവിനെ ഒഴിവാക്കുന്നില്ല. യഥാർത്ഥത്തിൽ അത് അറിവ് ആവശ്യപ്പെടുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ആന്തരികമായി സജീവമാക്കുകയും ചെയ്യുന്നു. അറിവ് ഒരിക്കലും ബുദ്ധിയുടെ മാത്രം പ്രവർത്തനത്തിന്റെ ഫലമല്ല. കണക്കുകൂട്ടലിലും പരീക്ഷണത്തിലും അതിനെ ഒതുക്കിനിർത്താൻ കഴിഞ്ഞേക്കും. എന്നാൽ തന്റെ ഉത്പത്തിയും അന്ത്യവും സംബന്ധിച്ച്, അവയുടെ വെളിച്ചത്തിൽ, മനുഷ്യന് ദിശാബോധം നല്കുന്ന വിജ്ഞാനമാകണമെങ്കിൽ അറിവിന് *സ്നേഹത്തിന്റേതായ "ഉപ്പു" "ചേർക്കേണ്ടതുണ്ട്."* അറിവു കൂടാതെയുള്ള പ്രവൃത്തികൾ അന്ധമാണ്; സ്നേഹമില്ലാത്ത അറിവ് വന്ധ്യമാണ്. "യഥാർത്ഥസ്നേഹത്താൽ പ്രചോദിതനാകുന്ന ഒരു വ്യക്തി ദാരിദ്ര്യത്തിന്റെ കാരണങ്ങൾ കണ്ടെത്താൻ വൈദഗ്ദ്ധ്യത്തോടെ പരിശ്രമിക്കുന്നു; അതിനെ എങ്ങനെ ചെറുക്കാം എന്നും എങ്ങനെ പൊരുതി കീഴടക്കാമെന്നും കണ്ടുപിടിക്കാൻ ശ്രമിക്കുന്നു."[75] നമ്മുടെ മുൻപിൽ കാണുന്ന ഈ പ്രതിഭാസങ്ങളെ നേരിടേണ്ടിവരുമ്പോൾ യഥാർത്ഥ സ്നേഹം ആവശ്യപ്പെടുന്നത് നാം അറിയണം എന്നാണ്. അറിവിന്റെ ഓരോ തലത്തിന്റേയും സവിശേഷമായ സാദ്ധ്യതയെ അംഗീകരിക്കുകയും ആദരിക്കുകയും വേണം. വിവിധ വിഭാഗങ്ങളിൽ ചെയ്തുതീർത്തു കഴിഞ്ഞ പ്രവർത്തനങ്ങൾക്ക് ഒരു അനുബന്ധമായി, വേണമെങ്കിൽ സ്വീകരിക്കാവുന്ന ഒരു കൂട്ടിച്ചേർക്കലായി, ഉപവിയെ കണ്ടുകൂടാ. തുടക്കം മുതലേ സംവാദത്തിൽ ഏർപ്പെടാൻ പരസ്നേഹം ഇടയാക്കുന്നു. പരസ്നേഹം ആവശ്യപ്പെടുന്നതും യുക്തിബോധം ആവശ്യപ്പെടുന്നതും പരസ്പരവിരുദ്ധമായവയല്ല. മാനുഷികമായ അറിവ് സമ്പൂർണ്ണമല്ല. ശാസ്ത്രത്തിന്റെ നിഗമനങ്ങൾക്ക് സ്വയം സമഗ്ര മാനവികവികസനത്തിന്റെ പാത ചൂണ്ടിക്കാട്ടാൻ കഴിയുകയില്ല. എപ്പോഴും മുന്നേറാനുള്ള ഒരു തൃഷ്ണ നിലവിലു

www.malankaralibrary.com

ണ്ട്: സത്യത്തിൽ സ്നേഹം ആവശ്യപ്പെടുന്നത് ഇതാണ്.[76] മുൻപോട്ട് പോകുക എന്നു പറഞ്ഞാൽ യുക്തിയുടെ നിഗമനങ്ങൾ ഉപേക്ഷിക്കുക എന്നല്ല അർത്ഥം. അതിന്റെ ഫലങ്ങളെ നിഷേധിക്കുന്നുമില്ല. ബുദ്ധിശക്തിയും സ്നേഹവും പരസ്പരബന്ധമില്ലാത്ത രണ്ട് അറകളിലല്ല സൂക്ഷിച്ചിരിക്കുന്നത്: *സ്നേഹം ബുദ്ധിശക്തിയാൽ സമ്പന്നവും ബുദ്ധിശക്തി സ്നേഹത്താൽ പൂരിതവുമാണ്.*

**31.** ധാർമ്മികമായ വിലയിരുത്തലും ശാസ്ത്രീയ ഗവേഷണവും പരസ്പരം സഹകരിച്ച് മുൻപോട്ടു പോകണം എന്നാണ് ഇതിനർത്ഥം. വിവിധ ശാസ്ത്രശാഖകൾ തമ്മിൽ സ്വരച്ചേർച്ചയിൽ കഴിയാൻ പരസ്നേഹം അവയിൽ സജീവമായി പ്രവർത്തിക്കണം. ശാസ്ത്രം പൊതുവേ ഐക്യംപാലിക്കുകയും വിവിധ ശാഖകൾ അവയുടെ സവിശേഷതകൾ നിലനിർത്തുകയും വേണം. സഭയുടെ സാമൂഹിക പ്രബോധനത്തിന് *"വിവിധ ശാസ്ത്രശാഖകളെ സംയോജിപ്പിക്കുന്ന ഒരു സുപ്രധാന മാനം"*[77] ഉണ്ട്. ഈ കാഴ്ചപ്പാടിൽ സഭയുടെ സാമൂഹികപ്രബോധനത്തിന് ഏറെ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയും. വിശ്വാസം, ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, അതിഭൗതികശാസ്ത്രം ഇവയെല്ലാം സഹകരിച്ച് പ്രവർത്തിച്ച് മനുഷ്യവർഗ്ഗത്തിന് സേവനം അനുഷ്ഠിക്കുവാൻ ഇടയാക്കുന്നതാണ് സഭയുടെ സാമൂഹികപ്രബോധനം. എല്ലാറ്റിലുമുപരി, ഇവിടെയാണ് സഭയുടെ സാമൂഹിക പ്രബോധനം അതിന്റെ വൈജ്ഞാനികമാനം പ്രയോഗിക്കുന്നത്. വികസനം ഉണ്ടാകാതിരിക്കുന്നതിന്റെ കാരണങ്ങളിൽ വിവേകത്തിന്റേയും വിചിന്തനത്തിന്റേയും അഭാവവും മാർഗ്ഗദർശനം നല്കാൻ കഴിയുന്ന ഒരു ഉദ്ഗ്രഥനത്തിലേക്ക് നയിക്കുന്ന യുക്തിചിന്തയുടെ[78] അഭാവവും ഉണ്ട് എന്ന് പോൾ ആറാമൻ വ്യക്തമായി മനസ്സിലാക്കിയിരുന്നു. മാർഗദർശനം നല്കുന്ന ഉദ്ഗ്രഥനത്തിന് എല്ലാ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക-ആത്മീയവശങ്ങളേയും ഉൾക്കൊള്ളുന്ന വ്യക്തമായ ഒരു കാഴ്ചപ്പാട് ആവശ്യമാണ്.[79] വിജ്ഞാനത്തെ അനേകം ശാഖകളായി വേർതിരിക്കുന്നതും[80] അതിഭൗതികശാസ്ത്രത്തെ മാനവിക ശാസ്ത്ര

www.malankaralibrary.com

ങ്ങൾ അവഗണിക്കുന്നതും[81] ഭൗതികശാസ്ത്രവും ദൈവശാസ്ത്രവും തമ്മിലുള്ള സംവാദത്തിൽ പ്രത്യക്ഷപ്പെടുന്ന വൈഷമ്യങ്ങളും വിജ്ഞാനത്തിന്റെ വികസനത്തെ മാത്രമല്ല പ്രതികൂലമായി ബാധിക്കുന്നത്; ജനതകളുടെ വികസനത്തേയും അത് ബാധിക്കും. കാരണം, വ്യത്യസ്ത മാനങ്ങളിൽ മനുഷ്യന്റെ സമഗ്രമായ നന്മ എന്ത് എന്ന് കാണുവാൻ ഇവയെല്ലാം കൂടുതൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. "യുക്തിബോധം എന്നാൽ എന്ത് എന്നും ഇത് എവിടെയെല്ലാം പ്രയോഗിക്കാം"[82] എന്നത് സംബന്ധിച്ചുമുള്ള നമ്മുടെ സങ്കല്പം കൂടുതൽ വിശാലമാക്കിയാൽ മാത്രമേ വികസനവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങൾക്കും വേണ്ടത്ര പരിഗണന നൽകുന്നതിൽ നാം വിജയിക്കുകയുള്ളൂ. സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനും ഇതു കൂടിയേ തീരൂ.

**32.** പലേടത്തും ജനതകളുടെ വികസനത്തിൽ ഇന്ന് കാണപ്പെടുന്ന ശ്രദ്ധേയമായ പുതിയ ഘടകങ്ങൾ *പുതിയ പരിഹാരങ്ങൾ* ആവശ്യപ്പെടുന്നവയാണ്. ഈ പരിഹാരങ്ങൾ ഐക്യത്തോടെ കണ്ടെത്തേണ്ടതുണ്ട്. ഓരോ ഘടകത്തിന്റെയും സവിശേഷമായ നിയമങ്ങൾ മാനിച്ചുകൊണ്ടും മനുഷ്യനെ സംബന്ധിച്ച സമഗ്രസങ്കല്പത്തിന്റെ വെളിച്ചത്തിലും മനുഷ്യന്റെ വ്യക്തിത്വത്തിന്റെ വിഭിന്ന വശങ്ങളെ പ്രതിഫലിപ്പിക്കുന്നതും ഉപവിയുടെ കണ്ണാടിയിലൂടെ നോക്കി ശുദ്ധീകരിക്കപ്പെട്ടിട്ടുള്ളതുമായ പരിഹാരങ്ങൾ കണ്ടെത്തേണ്ടതുണ്ട്. അപ്പോൾ, ശ്രദ്ധേയമായ അനുരൂപസ്വഭാവവും ചില പരിഹാരമാർഗ്ഗങ്ങളും വെളിച്ചത്തുവരും. അപ്പോൾ മനുഷ്യജീവിതത്തെ സംബന്ധിച്ച അടിസ്ഥാനഘടകങ്ങൾ ഒന്നും അവഗണിക്കേണ്ടിവരില്ല.

മനുഷ്യന്റെ മഹത്ത്വവും നീതിബോധവും പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ ആവശ്യപ്പെടുന്നത് സാമ്പത്തികമായ അസമത്വങ്ങൾ ഉണ്ടാക്കുന്ന സമ്പദ്‌വ്യവസ്ഥ സംബന്ധിച്ച തീരുമാനങ്ങൾ ഉണ്ടാകണമെന്നാണ്. അതിരുകടന്നതും ധാർമ്മികമായി സ്വീകാര്യമല്ലാത്തതുമായ രീതിയിലും സാമ്പത്തിക അസമത്വം ഉണ്ടാകരുത്.[83] *എല്ലാവർക്കും സ്ഥിരമായ ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തിന് മുൻഗണന കൊടു*

www.malankaralibrary.com

*ക്കുക* എന്ന സമീപനം തുടരുകയും വേണം. എല്ലാ കാര്യങ്ങളും കണക്കിലെടുക്കുമ്പോൾ *"സാമ്പത്തിക യുക്തിബോധം"* ആവശ്യപ്പെടുന്നതും ഇതുതന്നെയാണ് എന്നു കാണാം. ഒരു രാജ്യത്തു തന്നെയോ വിവിധ രാജ്യങ്ങളിലെ ജനങ്ങൾ തമ്മിലോ, സംവിധാനത്തിൽനിന്നു തന്നെ ഉണ്ടാകുന്ന സാമൂഹിക അസമത്വം വർദ്ധിക്കുമ്പോൾ (ഉദാഹരണത്തിന്, ദാരിദ്ര്യത്തിൽ കഴിയുന്നവരുടെ എണ്ണം വൻതോതിൽ വർദ്ധിക്കുക) അതു സാമൂഹികമായ കെട്ടുറപ്പിനെ പ്രതികൂലമായി ബാധിക്കും എന്നു മാത്രമല്ല, അങ്ങനെ ജനാധിപത്യത്തെ അപകടത്തിലാക്കുകയും ചെയ്തേക്കാം. അത് ക്രമേണ നഷ്ടമായികൊണ്ടിരിക്കുന്ന "സാമൂഹിക മൂലധനം" വഴി സമ്പദ്വ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കും. പരസ്പരവിശ്വാസത്തിന്റേയും പരസ്പരം ആശ്രയിക്കുന്നതിന്റേയും നിയമങ്ങളോടുള്ള ആദരവിന്റേയും ബന്ധങ്ങളുടെ ശൃംഖലയെ അത് പ്രതികൂലമായി ബാധിക്കും. മേല്പറഞ്ഞ ബന്ധം ഏതു സമൂഹത്തിലും സഹവർത്തിത്തം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്.

സംവിധാനപരമായ അരക്ഷിതത്ത്വം ഉല്പാദനവിരുദ്ധവും മാനവികവിഭവങ്ങളെ പാഴാക്കുന്നതുമായ മനോഭാവം സൃഷ്ടിക്കുമെന്ന് സാമ്പത്തികശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. പ്രവർത്തനങ്ങൾ പ്രധാനമായും യന്ത്രങ്ങൾ നടത്തുന്നിടത്ത് തൊഴിലാളികൾ ആ സാഹചര്യത്തോട് മെല്ലെ പൊരുത്തപ്പെടുന്നു. അവരിലെ ക്രിയാത്മകത പുറത്തുവരുന്നില്ല. ഇക്കാര്യം സംബന്ധിച്ചും സാമ്പത്തികശാസ്ത്രവും സാന്മാർഗ്ഗിക വിലയിരുത്തലും ഒരേ നിഗമനത്തിലാണ് എത്തുന്നത്. *മാനുഷികമായ ചെലവിൽ എപ്പോഴും സാമ്പത്തികമായ ചെലവ് ഉൾപ്പെട്ടിരിക്കും.* അതുപോലെ സാമ്പത്തികമായ *വികലപ്രവർത്തനം* മാനുഷികമായ ചെലവിനു കാരണമാകും.

സംസ്കാരങ്ങളെ സാങ്കേതികവിജ്ഞാനത്തിന്റെ മാനങ്ങളിൽ ഒതുക്കിനിർത്തിയാൽ ഹ്രസ്വകാലത്തേക്ക് അത് ലാഭകരമായിരിക്കാമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ പരസ്പരം സമ്പന്നമാക്കുന്നതിനും സജീവമായി സഹകരിച്ച് പ്രവർത്തി

www.malankaralibrary.com

ക്കുന്നതിനും ഇത് തടസ്സം സൃഷ്ടിക്കും. ഹ്രസ്വകാലവും ദീർഘകാലവുമായുള്ള സാമ്പത്തികമോ സാമൂഹികമോ ആയ പരിഗണനകളെ വ്യത്യസ്തമായി കാണുന്നത് പ്രധാനപ്പെട്ട സംഗതിയാണ്. തൊഴിലാളികളുടെ അവകാശങ്ങൾക്ക് നല്കിയിട്ടുള്ള സംരക്ഷണത്തിന്റെ നിലവാരം താഴ്ത്തുകയോ അന്താരാഷ്ട്രതലത്തിൽ മത്സരിക്കുന്നതിന് ഒരു രാജ്യത്തിന് കൂടുതൽ കഴിവുണ്ടാകുന്നതിലേക്ക് സമ്പത്തിന്റെ പുനർവിതരണം സംബന്ധിച്ച സംവിധാനം ഉപേക്ഷിക്കുകയോ ചെയ്യുന്നത്, ശാശ്വതമായ വികസനം നേടുന്നതിന് തടസ്സമായിരിക്കും. ഇക്കാലത്ത് നിലവിലുള്ള ഹ്രസ്വകാല സമ്പദ്‌വ്യവസ്ഥയിലേക്കുള്ള നീക്കം, മാനുഷികമായ എന്തെല്ലാം പരിണിതഫലങ്ങൾ ഉണ്ടാക്കും എന്ന് സശ്രദ്ധം പഠിക്കേണ്ടിയിരിക്കുന്നു. 'ഹ്രസ്വകാല' സമ്പദ്‌വ്യവസ്ഥ എന്നു പറയുമ്പോൾ പലപ്പോഴും വളരെ ചുരുങ്ങിയ കാലമാണ് ഉദ്ദേശിക്കുന്നത്. *സമ്പദ്‌വ്യവസ്ഥയുടെ അർത്ഥത്തെയും അതിന്റെ ലക്ഷ്യങ്ങളേയും സംബന്ധിച്ച് കൂടുതൽ ആഴത്തിൽ ഇനിയും വിചിന്തനം നടത്തുന്നത്* അപ്പോൾ ആവശ്യമായി വരും.[84] അതുപോലെ തന്നെ, ആഴമുള്ളതും ദീർഘവീക്ഷണത്തോടു കൂടിയതുമായ ഒരു പുനരവലോകനം നിലവിലുള്ള വികസന മാതൃക സംബന്ധിച്ചും നടത്തേണ്ടിവരും. അതിലെ വൈകല്യങ്ങളും വ്യതിയാനങ്ങളും അങ്ങനെ തിരുത്താൻ കഴിയണം. ഭൂമിയുടെ പരിസ്ഥിതി സംബന്ധിച്ച ആരോഗ്യം ഇത് അനിവാര്യമാക്കിത്തീർക്കുന്നു. എല്ലാറ്റിനുമുപരി മനുഷ്യന്റെ സാംസ്കാരികവും ധാർമ്മികവുമായ പ്രതിസന്ധി ഈ പുനരവലോകനം അനിവാര്യമാക്കുന്നുണ്ട്. ലോകമെങ്ങും ഈ പ്രതിസന്ധിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ട് കുറെകാലമായി.

**33.** *'ജനതകളുടെ പുരോഗതി'* പുറപ്പെടുവിച്ചിട്ട് നാല്പതിൽപരം വർഷങ്ങളായി. ഇപ്പോഴും അതിൽ ചർച്ച ചെയ്യപ്പെട്ട മുഖ്യവിഷയം, അതായത് പുരോഗതി, *ഉത്തരം കിട്ടാത്ത ചോദ്യമായി* തുടരുന്നു. ഇപ്പോൾ നിലവിലുള്ള സാമ്പത്തികവും ധനപരവുമായ പ്രതിസന്ധി പ്രശ്നം കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഏറെക്കാലം ദാരിദ്ര്യത്തിൽ കഴിഞ്ഞി

www.malankaralibrary.com

രുന്ന ചില രാജ്യങ്ങളിൽ ശ്രദ്ധേയമായ സാമ്പത്തികവളർച്ച ഉണ്ടായിട്ടുണ്ട്. ലോകത്ത് ആകെയുള്ള ഉല്പാദനത്തിൽ അവർക്കുള്ള പങ്ക് വർദ്ധിച്ചിട്ടുമുണ്ട്. അതേസമയം മറ്റു മേഖലകളിൽ മനുഷ്യർ ജീവിക്കുന്നത് ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യങ്ങളിലാണ്. പോൾ ആറാമന്റെ കാലത്ത് നിലവിലിരുന്ന സാഹചര്യത്തിന് സമാനമായ സാഹചര്യത്തിൽ. ചില പ്രദേശങ്ങളിൽ സ്ഥിതി കൂടുതൽ വഷളായിട്ടുമുണ്ട്. ഇത്തരം സാഹചര്യം നിലവിൽ വന്നതിന്റെ കാരണങ്ങളിൽ ചിലത് *'ജനതകളുടെ പുരോഗതി'*യിൽ എടുത്തു പറഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. സാമ്പത്തികമായി വികസിച്ച രാജ്യങ്ങൾ ചുമത്തുന്ന ഉയർന്ന തീരുവകൾ, ഈ കാരണങ്ങളിൽ ഒന്നാണ്. ദരിദ്രരാജ്യങ്ങളിലെ ഉല്പന്നങ്ങൾക്ക് വികസിതരാജ്യങ്ങളിലെ കമ്പോളങ്ങളിൽ പ്രവേശിക്കുന്നതിന് ഇത് ഇപ്പോഴും തടസ്സമായി നിൽക്കുന്നു. ചാക്രികലേഖനത്തിൽ മറ്റു കാരണങ്ങളെ ചുരുക്കമായേ സ്പർശിച്ചിട്ടുള്ളൂ. ഇന്ന് ആ കാരണങ്ങൾ കൂടുതൽ വ്യക്തമായി പുറത്തുവന്നിരിക്കുന്നു; ഉദാഹരണത്തിന്, അധിനിവേശ രാജ്യങ്ങളിൽനിന്നും ഒഴിഞ്ഞുപോവുക എന്ന പ്രക്രിയയുടെ വിലയിരുത്തൽ അന്ന് ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ടിരുന്ന വിഷയമാണ്. സ്വയംഭരണത്തിലേക്കുള്ള യാത്ര സ്വതന്ത്രമായും സമാധാനപരമായും പുരോഗമിക്കും എന്നായിരുന്നു പോൾ ആറാമൻ പ്രതീക്ഷിച്ചത്. നാല്പതു വർഷങ്ങൾക്കുശേഷവും ഈ യാത്ര ഏറെ ദുർഘടമാണ് എന്ന് നാം സമ്മതിച്ചേ തീരൂ. പുതിയ രൂപത്തിലുള്ള അധിനിവേശം, പഴയതും പുതിയതുമായ വിദേശശക്തികളെ തുടർന്നും ആശ്രയിക്കുന്നത്, സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്കുള്ളിൽ തന്നെ കാണപ്പെടുന്ന ഉത്തരവാദിത്തരാഹിത്യം — ഇവയെല്ലാമാണ് ഇതിന് കാരണം.

ഇന്നത്തെ പുതിയ സവിശേഷത, *ലോകമെമ്പാടും പരസ്പരം ആശ്രയിക്കുക എന്നത് വൻതോതിൽ വർദ്ധിച്ചിരിക്കുന്നു* എന്നതാണ്. ആഗോളവത്കരണം എന്നാണ് ഇത് അറിയപ്പെടുന്നത്. പോൾ ആറാമൻ ഇത് ഭാഗികമായി മുൻകൂട്ടി കണ്ടു. എന്നാൽ ഇത്ര വേഗത്തിൽ ഇത് എങ്ങും വ്യാപിക്കും

www.malankaralibrary.com

എന്ന് മുൻകൂട്ടി കാണാൻ ആകുമായിരുന്നില്ല. സാമ്പത്തികമായി വികാസം പ്രാപിച്ച രാജ്യങ്ങളിലായിരുന്നു ഈ പ്രക്രിയ തുടങ്ങിയത്. പിന്നീട് എല്ലാ സമ്പദ്‌വ്യവസ്ഥകളേയും ഉൾക്കൊള്ളുന്ന രീതിയിൽ സ്വാഭാവികമായിത്തന്നെ ഇത് വ്യാപിച്ചു. വിശാലമായ ഭൂപ്രദേശങ്ങൾ അവികസിതാവസ്ഥയിൽനിന്നും വികസനത്തിലേക്ക് വന്നതിന്റെ പിന്നിലുള്ള മുഖ്യമായ ചാലകശക്തി ഇതായിരുന്നു. അതുതന്നെ വലിയ ഒരു അവസരവുമായിരുന്നു. എങ്കിലും സത്യത്തിൽ അധിഷ്ഠിതമായ സ്നേഹത്തിന്റെ മാർഗ്ഗദർശനം ഇല്ലെങ്കിൽ ഈ ആഗോളശക്തി ഇതുവരെ കണ്ടിട്ടില്ലാത്തത്ര വലിയ നാശനഷ്ടങ്ങൾക്ക് കാരണമാകുകയും മനുഷ്യസമൂഹമാകുന്ന കുടുംബത്തിൽ കൂടുതൽ വിഭാഗീയത സൃഷ്ടിക്കുകയും ചെയ്യും. അതുകൊണ്ട് സത്യവും സ്നേഹവും നമ്മുടെ മുൻപിൽ തികച്ചും പുതുമയുള്ള ഒരു സർഗ്ഗാത്മക വെല്ലുവിളി ഉയർത്തുന്നു; ഈ വെല്ലുവിളി വളരെ വിപുലമാണ്, സങ്കീർണ്ണവുമാണ് എന്നതിൽ സംശയമില്ല. *യുക്തിയുടെ മേഖല കൂടുതൽ വിശാലമാക്കുകയും ഈ പുതിയ ശക്തികളെ മനസ്സിലാക്കുന്നതിനും നിയന്ത്രിക്കുന്നതിനും* അതിനെ കഴിവുള്ളതാക്കുകയും വേണം. ഇതാണ് നാം നേരിടുന്ന വെല്ലുവിളി. "സ്നേഹസംസ്കാരത്തിന്റെ" കാഴ്ചപ്പാടിൽനിന്നുകൊണ്ട് ഈ ശക്തികളെ ചൈതന്യവത്താക്കണം. എല്ലാ ജനതകൾക്കിടയിലും, എല്ലാ സംസ്കാരങ്ങളിലും, അതിനുവേണ്ട വിത്ത് ദൈവം പാകിയിട്ടുണ്ട്.

www.malankaralibrary.com

## അദ്ധ്യായം മൂന്ന്

# സാഹോദര്യവും സാമ്പത്തിക വികസനവും പൗരസമൂഹവും

**34.** *'സത്യത്തിൽ സ്നേഹം'* മനുഷ്യനെ ദാനം എന്ന അത്ഭുതകരമായ അനുഭവത്തിനു മുന്നിൽ പ്രതിഷ്ഠിക്കുന്നു. നമ്മുടെ ജീവിതങ്ങളിൽ സൗജന്യദാനം അനേകവ്യത്യസ്തരൂപങ്ങളിൽ സന്നിഹിതമാണ്. കേവലം ഉപഭോഗപരവും പ്രയോജനാധിഷ്ഠിതവുമായ ജീവിതവീക്ഷണം കാരണം ഇതു പലപ്പോഴും തിരിച്ചറിയപ്പെടാതെ പോകുന്നു. മനുഷ്യൻ ദാനത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. ഈ ദാനം അവന്റെ അതീന്ദ്രിയമാനത്തെ പ്രകടമാക്കുകയും അതിന്റെ സാന്നിദ്ധ്യം ഉളവാക്കുകയും ചെയ്യുന്നു. തന്റെയും തന്റെ ജീവന്റെയും സമൂഹത്തിന്റെയും രചയിതാവ് താൻ തന്നെയാണെന്ന് ആധുനിക മനുഷ്യൻ ചിലപ്പോൾ തെറ്റിദ്ധരിച്ചുപോകാറുണ്ട്. സ്വാർത്ഥപരമായി തന്നിൽതന്നെ അടയ്ക്കപ്പെട്ടു കഴിയുന്നതിൽനിന്നുണ്ടാകുന്ന ഒരു സങ്കല്പമാണിത്. വിശ്വാസസംബന്ധമായ വാക്കുകളിൽ പറഞ്ഞാൽ, ഇത് *'ജന്മപാപത്തിന്റെ'* ഒരു പരിണതഫലമാണ്. സാമൂഹിക അവസ്ഥകളിലും സമൂഹത്തിന്റെ ഘടനയിലുമുള്ള ജന്മപാപത്തിന്റെ സാന്നിദ്ധ്യത്തെ സഭയുടെ ജ്ഞാനം എപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്: "തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന വ്രണിതമായ ഒരു സ്വഭാവം മനുഷ്യനുണ്ട് എന്ന വസ്തുതയെക്കുറിച്ചുള്ള അജ്ഞത വിദ്യാഭ്യാസത്തിന്റെയും രാഷ്ട്രീയത്തിന്റെയും സാമൂഹിക പ്രവർത്തനത്തിന്റെയും സദാചാരത്തിന്റെയും മേഖലകളിൽ ഗുരുതരമായ തെറ്റുകൾ ഉളവാക്കുന്നു."[85] പാപത്തിന്റെ വിനാശകരമായ ഫലങ്ങൾ പ്രകടമാകുന്ന മേഖലകളുടെ പട്ടികയിൽ ഇപ്പോൾ കുറച്ചു

www.malankaralibrary.com

കാലമായി സമ്പദ്‌വ്യവസ്ഥയും ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വ്യക്തമായ തെളിവ് ഇക്കാലത്ത് നമ്മുടെ പക്കലുണ്ട്. താൻ സ്വയംപര്യാപ്തനാണെന്നും ചരിത്രത്തിൽ സന്നിഹിതമായ തിന്മയെ വിജയകരമായി ഇല്ലാതാക്കാൻ തന്റെ സ്വന്തം പ്രവർത്തനംകൊണ്ടുമാത്രം കഴിയുമെന്നുമുള്ള ബോദ്ധ്യം, ഭൗതിക അഭിവൃദ്ധിയുടെയും സാമൂഹിക പ്രവർത്തനത്തിന്റെയും അന്തർലീനമായ രൂപങ്ങളാണ് സന്തോഷവും രക്ഷയും എന്ന ചിന്താക്കുഴപ്പത്തിലേക്ക് മനുഷ്യനെ നയിച്ചിരിക്കുന്നു. സമ്പദ്‌വ്യവസ്ഥ സ്വതന്ത്രമായിരിക്കേണ്ടതാണെന്നും ഒരു ധാർമ്മിക സ്വഭാവത്തിന്റെ “സ്വാധീനങ്ങളിൽ” നിന്ന് അതിനെ പരിരക്ഷിക്കേണ്ടതാണെന്നുമുള്ള ബോദ്ധ്യം തീർത്തും വിനാശകരമായ ഒരു മാർഗ്ഗത്തിൽ സാമ്പത്തിക പ്രക്രിയയെ ദുരുപയോഗിക്കുന്നതിലേക്ക് മനുഷ്യനെ നയിച്ചിരിക്കുകയാണ്. കാലാന്തരത്തിൽ, ഈ ബോദ്ധ്യങ്ങൾ, വ്യക്തിപരവും സാമൂഹികവുമായ സ്വാതന്ത്ര്യത്തെ ചവിട്ടിമെതിക്കുന്ന സാമ്പത്തിക സാമൂഹിക രാഷ്ട്രീയ വ്യവസ്ഥിതികളിലേക്ക് നയിക്കപ്പെടാറുണ്ട്. അതുകൊണ്ട് അവ വാഗ്ദാനം ചെയ്യുന്ന നീതി കൈവരുത്താൻ അവയ്ക്ക് കഴിയുന്നുമില്ല. ‘പ്രത്യാശയിൽ രക്ഷ’ (*Spe Salvi)* എന്ന എന്റെ ചാക്രികലേഖനത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, ഇക്കാരണത്താൽ ചരിത്രത്തിന് *ക്രിസ്തീയ പ്രത്യാശ*[86] നഷ്ടപ്പെടുന്നു. സ്വാതന്ത്ര്യത്തിലും നീതിയിലും അന്വേഷിക്കപ്പെടുന്ന, മനുഷ്യന്റെ സമഗ്രവികസനത്തിന്റെ ശുശ്രൂഷയ്ക്കുള്ള ശക്തമായ ഒരു സാമൂഹിക ഉറവിടം ഇല്ലാതാകുന്നു. പ്രത്യാശ യുക്തിബോധത്തെ പ്രോത്സാഹിപ്പിക്കുകയും മനസ്സിനെ നിയന്ത്രിക്കാനുള്ള ശക്തി അതിനു നൽകുകയും ചെയ്യുന്നു.[87] വിശ്വാസത്തിൽ അതിന്റെ സാന്നിദ്ധ്യം നേരത്തേ തന്നെയുണ്ട്, തീർച്ചയായും അതു വിശ്വാസത്താൽ വിളിക്കപ്പെടുകയും ചെയ്യുന്നു. യഥാർത്ഥത്തിലുള്ള സ്നേഹം പ്രത്യാശയാൽ പരിപോഷിപ്പിക്കപ്പെടുകയും അതേസമയം അതു വെളിപ്പെടുത്തുകയും ചെയ്യുന്നു. തികച്ചും സൗജന്യമായ ഒരു ദൈവികദാനം എന്ന നിലയിൽ, പ്രത്യാശ നമ്മുടെ ജീവിതങ്ങളിൽ പൊട്ടിവിടരുന്നു. ഇതു നാം അർഹിക്കാത്ത

www.malankaralibrary.com

ഒന്നാണ്. നീതിയുടെ എല്ലാ നിയമത്തിനും അതീതമായ ഒന്നാണിത്. ദാനം അതിന്റെ സ്വഭാവത്താൽതന്നെ യോഗ്യതയ്ക്ക് അതീതമായി നിലകൊള്ളുന്നു. അതിന്റെ നിയമമാകട്ടെ അതിസമൃദ്ധിയുടേതും. നമ്മിലെ ദൈവികസാന്നിദ്ധ്യത്തിന്റെയും അവിടുന്ന് നമ്മിൽനിന്ന് എന്തു പ്രതീക്ഷിക്കുന്നു എന്നതിന്റെയും ഒരു അടയാളം എന്ന നിലയിൽ, അത് നമ്മുടെ ആത്മാക്കളിൽ പ്രഥമസ്ഥാനം കരസ്ഥമാക്കുന്നു. വിശുദ്ധ അഗസ്തീനോസ് പഠിപ്പിക്കുന്നതുപോലെ, സത്യം — സ്നേഹമെന്ന നിലയിലും അതുപോലെ ദാനം എന്ന നിലയിലും — നമ്മളേക്കാൾ മഹത്തായ ഒന്നാണ്.[88] അതുപോലെ, നമ്മളാകുന്ന സത്യം, നമ്മുടെ വ്യക്തിപരമായ മനസ്സാക്ഷിയുടെ സത്യം, പ്രഥമമായി, നമുക്കു *നൽകപ്പെട്ടതാണ്*. അറിവിന്റേതായ ഓരോ പ്രക്രിയയിലും സത്യം എന്നത് നാം രൂപംകൊടുക്കുന്ന ഒന്നല്ല. അത് എപ്പോഴും കണ്ടെത്തപ്പെടുകയോ സ്വീകരിക്കപ്പെടുകയോ ആണ്. സ്നേഹംപോലെ സത്യവും ആസൂത്രണം ചെയ്യപ്പെടുകയോ ഇച്ഛാനുസരണം ഉണ്ടാകുകയോ ചെയ്യുന്നില്ല, മറിച്ച് ഏതുവിധേനയും അത് മനുഷ്യരിൽ നിക്ഷിപ്തമാക്കപ്പെടുകയാണ്."[89]

എല്ലാവർക്കും ലഭിക്കുന്ന ഒരു ദാനമായതുകൊണ്ട് സത്യത്തിലുള്ള സ്നേഹം സമൂഹത്തെ പടുത്തുയർത്തുന്ന ഒരു ശക്തിയാണ്. അതിരുകളോ പരിധികളോ അടിച്ചേല്പിക്കാതെ അത് എല്ലാവരേയും ഒരുമിച്ചുകൂട്ടുന്നു. നാം സ്വയം കെട്ടിപ്പടുക്കുന്ന ഒരു മനുഷ്യസമൂഹത്തിന്, കേവലം അതിന്റെ സ്വന്തം ശക്തികൊണ്ടുമാത്രം, പൂർണ്ണസാഹോദര്യമുള്ള ഒരു സമൂഹമാകാൻ കഴിയുകയില്ല. അതുപോലെതന്നെ എല്ലാ ഭിന്നതകളേയും മറികടക്കാനും ഒരു യഥാർത്ഥ സാർവത്രിക സമൂഹമാകാനും അതിനു സാധിക്കുകയുമില്ല. മനുഷ്യവംശത്തിന്റെ ഐക്യം, എല്ലാ അതിരുകളെയും അതിലംഘിക്കുന്ന ഒരു സാഹോദര്യ കൂട്ടായ്മ; സ്നേഹമാകുന്ന ദൈവത്തിന്റെ വചനമാണ് അതിലേക്കു ക്ഷണിക്കുന്നത്. ഈ സുപ്രധാന പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ നാം ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ഒരു വശത്ത്, ദാനത്തിന്റെ യുക്തി നീതിയെ ഒഴിവാ

www.malankaralibrary.com

ക്കുകയോ പുറമേനിന്ന് കൂട്ടിച്ചേർക്കപ്പെടുന്ന രണ്ടാമത്തെ ഒരു ഘടകമായി വെറുതെ അതിന്റെ പാർശ്വത്തിൽ നിലകൊള്ളുകയോ അല്ല. നേരേമറിച്ച്, സാമ്പത്തിക സാമൂഹിക രാഷ്ട്രീയ വികസനം യഥാർത്ഥത്തിൽ മാനുഷികമാകണമെങ്കിൽ, സാഹോദര്യത്തിന്റെ ഒരു ആവിഷ്കാരം എന്ന നിലയിൽ, *സൗജന്യദാനം എന്ന തത്ത്വത്തിന് (the principle of gratuitousness)* അത് ഇടം നൽകേണ്ടതാണ്.

**35.** പരസ്പരവിശ്വാസത്തിന്റെ ഒരു അന്തരീക്ഷത്തിൽ, ആളുകൾ തമ്മിൽ ബന്ധത്തിനു കളമൊരുക്കുന്ന ഒരു സാമ്പത്തിക സ്ഥാപനമാണ് *കമ്പോളം*. തങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും തൃപ്തിപ്പെടുത്താൻവേണ്ടി തുല്യമൂല്യമുള്ള ചരക്കുകളും സേവനങ്ങളും കൈമാറുമ്പോൾ, ബന്ധങ്ങൾ ക്രമീകരിക്കാൻ കരാറുകൾ ഉപയോഗിക്കുന്ന സാമ്പത്തിക വ്യക്തികളാണ് ഈ ആളുകൾ. *വിനിമയനീതി (commutative justice)* എന്നു വിളിക്കാവുന്ന തത്ത്വങ്ങൾക്ക് വിധേയമാണ് കമ്പോളം. ഒരു ഇടപാടിലെ കക്ഷികൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലിന്റെ ബന്ധങ്ങളെ ഇതു നിയന്ത്രിക്കുന്നു. എന്നാൽ, കമ്പോള സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടായിരിക്കേണ്ട *വിതരണനീതിയുടെയും സാമൂഹികനീതിയുടെയും (distributive justice* and *social justice)* പ്രാധാന്യം സഭയുടെ സാമൂഹിക പ്രബോധനം നിരന്തരമായി ഉയർത്തിക്കാട്ടിയിട്ടുണ്ട്. അത് കൂടുതൽ വിശാലമായ ഒരു സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ ഉൾപ്പെടുന്നു എന്നുള്ളതുകൊണ്ടുമാത്രമല്ല, അതു പ്രവർത്തിക്കുന്ന ബന്ധങ്ങളുടെ ശൃംഖല കൂടുതൽ വ്യാപകമായതുകൊണ്ടുകൂടിയാണിത്. വാസ്തവത്തിൽ, കൈമാറ്റം ചെയ്യപ്പെടുന്ന ചരക്കുകളുടെ മൂല്യത്തിന്റെ തുല്യതയുടെ തത്ത്വം മാത്രമാണ് കമ്പോളത്തെ നിയന്ത്രിക്കുന്നതെങ്കിൽ, നന്നായി പ്രവർത്തിക്കാൻ ആവശ്യമായ സാമൂഹിക ഐക്യം സൃഷ്ടിക്കാൻ അതിനു കഴിയുകയില്ല. *ഐക്യദാർഢ്യത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും ആന്തരിക രൂപങ്ങളില്ലാതെ കമ്പോളത്തിന് അതിന്റെ സാമ്പത്തിക ധർമ്മം യഥോചിതം പൂർണ്ണമായി നിറവേറ്റാൻ സാധിക്കുകയില്ല.* ഈ വിശ്വാസമാണ് ഇന്ന് നഷ്ടീഭ

www.malankaralibrary.com

വിച്ചിരിക്കുന്നത്. വിശ്വാസത്തിന്റെ നഷ്ടം ഗുരുതരമായ ഒരു നഷ്ടമാണ്. ദരിദ്രരാജ്യങ്ങളുടെ വികസനത്തിൽനിന്ന് ആദ്യം നേട്ടമുണ്ടാകുന്നത് സമ്പന്നരാജ്യങ്ങൾക്കായിരിക്കുമെന്നും നീതിയുടെ വ്യാപകമായ പ്രയോഗത്തിൽനിന്ന് സമ്പദ്വ്യവസ്ഥയ്ക്കുതന്നെ പ്രയോജനമുണ്ടാകുമെന്നും 'ജനതകളുടെ പുരോഗതി'യിൽ പോൾ ആറാമൻ തറപ്പിച്ചു പറഞ്ഞത് തികച്ചും കാലോചിതമായിരുന്നു.[90] സാമ്പത്തികസഹായംവഴി തെറ്റിയ നടപടികൾ തിരുത്തുക എന്നതു മാത്രമല്ല അത് എന്നു മാർപാപ്പ പറഞ്ഞു. ദരിദ്രർ ഒരു "ഭാര"[91]മായി കണക്കാക്കപ്പെടേണ്ടവരല്ല. വെറും സാമ്പത്തിക വീക്ഷണകോണിൽ നോക്കിയാൽപ്പോലും അവർ ഒരു മുതൽക്കൂട്ടാണ്. കമ്പോളസമ്പദ് വ്യവസ്ഥ ഏറ്റവും നന്നായി പ്രവർത്തിക്കണമെങ്കിൽ, ദാരിദ്ര്യത്തിന്റെയും അവികസിതാവസ്ഥയുടെയും ഒരംശം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം, അതിൽത്തന്നെ അടങ്ങിയിട്ടുണ്ട് എന്നു കരുതുന്നത് എങ്ങനെയായാലും തെറ്റുതന്നെ. വിമോചനം പ്രോത്സാഹിപ്പിക്കുന്നത് കമ്പോളത്തിന്റെ താത്പര്യങ്ങൾക്കനുസൃതമാണ്. പക്ഷെ, ഫലപ്രദമായി അതു ചെയ്യണമെങ്കിൽ, അതിന് സ്വയം ആശ്രയിക്കാൻ കഴിയുകയില്ല. കാരണം, അതിന്റെ ശേഷിക്കപ്പുറത്തുള്ള എന്തെങ്കിലും ഉത്പാദിപ്പിക്കാൻ അതിന് സ്വയം സാധിക്കുകയില്ലല്ലോ. അവ സൃഷ്ടിക്കാൻ കഴിയുന്ന ഇതര സംഗതികളിൽനിന്ന് അത് ധാർമ്മിക ഊർജ്ജം സ്വീകരിക്കണം.

36. *വാണിജ്യപരമായ യുക്തിയുടെ* കേവലമായ പ്രയോഗംവഴി എല്ലാ സാമൂഹിക പ്രശ്നങ്ങളും പരിഹരിക്കാൻ സാമ്പത്തിക പ്രവർത്തനത്തിനു കഴിയുകയില്ല. *പൊതുനന്മ ലക്ഷ്യമാക്കിയുള്ള പരിശ്രമത്തിലേക്ക്* ഇതു തിരിച്ചുവിടേണ്ടതാവശ്യമാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയ സമൂഹവും പ്രത്യേകമായി ഉത്തരവാദിത്തം ഏറ്റെടുക്കണം. അതുകൊണ്ട്, സ്വത്തുല്പാദനത്തിനുള്ള ഒരു യന്ത്രം മാത്രമായി കരുതപ്പെടുന്ന സാമ്പത്തിക പ്രവർത്തനം പുനർവിതരണത്തിൽക്കൂടി നീതി പിൻതുടരാനുള്ള മാർഗ്ഗമായി കരുതപ്പെടുന്ന രാഷ്ട്രീയ പ്രവർത്തനത്തിൽനിന്നു വേർപെടുമ്പോൾ, ഗുരുതരമായ അസന്തുലിതാ

www.malankaralibrary.com

വസ്ഥ സൃഷ്ടിയ്ക്കപ്പെടുന്നു എന്ന് ഓർക്കേണ്ടതുണ്ട്.

സാമ്പത്തിക പ്രവർത്തനത്തെ സമൂഹത്തിന് എതിരായുള്ള ഒന്നായി കണക്കാക്കാൻ പാടില്ല എന്ന നിലപാടാണ് സഭ എന്നും കൈക്കൊണ്ടിട്ടുള്ളത്. കമ്പോളം, അതിലും അതിനാൽത്തന്നെയും, ശക്തന്മാർ ദുർബലരെ അടിമപ്പെടുത്തുന്ന ഇടമല്ല; അങ്ങനെയാകാൻ പാടില്ലതാനും. കമ്പോളത്തിന്റെ വികാസം അതിനാൽത്തന്നെ യഥാർത്ഥ മനുഷ്യബന്ധങ്ങളുടെ അന്ത്യം കുറിക്കുന്നു എന്ന മട്ടിൽ സമൂഹത്തിന് അതിനെ കമ്പോളത്തിൽനിന്ന് രക്ഷിക്കേണ്ടതായിട്ടില്ല. കമ്പോളത്തിന് ഒരു നിഷേധാത്മക ശക്തിയാകാൻ കഴിയും എന്ന് സമ്മതിക്കേണ്ടതുണ്ട്. അതു സ്വഭാവത്താൽതന്നെ അപ്രകാരമായതുകൊണ്ടല്ല, എന്നാൽ ഒരു പ്രത്യേക ആദർശത്തിന് അതിനെ അങ്ങനെയാക്കാൻ കഴിയും എന്നതുകൊണ്ടാണത്. ശുദ്ധമായ അവസ്ഥയിൽ കമ്പോളം നിലനിൽക്കുന്നില്ല എന്ന് ഓർക്കേണ്ടതുണ്ട്. അതിനെ നിർവചിക്കുകയും അതിന് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്ന സാംസ്കാരിക രൂപങ്ങളാണ് അതിനെ വാർത്തെടുക്കുന്നത്. അധികാരതലങ്ങളിലുള്ളവർ വെറും സ്വാർത്ഥലക്ഷ്യങ്ങളാൽ പ്രചോദിതരാകുമ്പോൾ, സമ്പദ്‌വ്യവസ്ഥയേയും ധനകാര്യത്തേയും ഉപകരണങ്ങളെന്ന നിലയിൽ മോശമായി ഉപയോഗപ്പെടുത്താൻ കഴിയും. തന്മൂലം അവയിൽത്തന്നെ നന്മയായിട്ടുള്ള ഉപകരണങ്ങളെ ഉപദ്രവകരങ്ങളാക്കി മാറ്റാൻ സാധിക്കും.



www.malankaralibrary.com

എന്നാൽ, ഉപകരണം അതിനാൽത്തന്നെയല്ല (*per se*) മനുഷ്യന്റെ തമോമയമായ യുക്തിബോധമാണ് ഈ പരിണതഫലങ്ങൾ ഉളവാക്കുന്നത്. അതുകൊണ്ട് ഉപകരണത്തോടല്ല വ്യക്തികളോടും അവരുടെ ധാർമ്മിക മനസ്സാക്ഷിയോടും വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്തത്തോടുമാണ് ഇതിനു കണക്കു ചോദിക്കേണ്ടത്.

സാമ്പത്തിക പ്രവർത്തനത്തിനു പുറത്തോ അതിനു "ശേഷമോ" മാത്രമല്ല അതിനുള്ളിലും, സൗഹൃദത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പാരസ്പര്യത്തിന്റെയും മാനുഷികമായ സാമൂഹികബന്ധങ്ങൾ പുലർത്താമെന്നതാണ് സഭയുടെ സാമൂഹിക പ്രബോധനം കൈക്കൊള്ളുന്ന നിലപാട്. സാമ്പത്തികമണ്ഡലം ധാർമ്മികപരമായി നിഷ്പക്ഷമോ നൈസർഗ്ഗികമായി മനുഷ്യത്വവിരുദ്ധമോ സമൂഹത്തെ എതിർക്കുന്നതോ അല്ല. അത് മാനുഷികപ്രവർത്തനത്തിന്റെ അവിഭാജ്യഭാഗമാണ്. അതു കൃത്യമായി മാനുഷികമായതുകൊണ്ട് അതിനെ നിർമ്മിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത് ധാർമ്മികമായ ഒരു രീതിയിലായിരിക്കണം.

നാം അഭിമുഖീകരിക്കുന്നതും ആഗോളവത്കരണത്തിന്റെ ഈ കാലത്ത് വികസനത്തിന്റെ പ്രശ്നങ്ങൾകൊണ്ട് സ്പഷ്ടമാക്കപ്പെട്ടതും, സാമ്പത്തികവും ധനപരവുമായ പ്രതിസന്ധികാരണം കൂടുതൽ അടിയന്തിരസ്വഭാവം കൈവന്നിട്ടുള്ളതുമായ വലിയ വെല്ലുവിളി; സുതാര്യത, സത്യസന്ധത, ഉത്തരവാദിത്തബോധം മുതലായ സാമൂഹിക സദാചാരത്തിന്റെ പരമ്പരാഗത തത്ത്വങ്ങൾ അവഗണിക്കുകയോ ദുർബലമാക്കുകയോ ചെയ്യാൻ കഴിയുകയില്ലെന്നു മാത്രമല്ല, *വാണിജ്യപരമായ ബന്ധങ്ങളിൽ* സൗജന്യദാനത്തിന്റെ തത്ത്വത്തിനും സാഹോദര്യത്തിന്റെ ഒരു ആവിഷ്കാരം എന്ന നിലയിലുള്ള ദാനത്തിന്റെ യുക്തിക്കും *സാധാരണ സാമ്പത്തിക പ്രവർത്തനത്തിൽ ഇടം കണ്ടെത്താൻ കഴിയണമെന്നും, അത്* ചിന്തയിലും പെരുമാറ്റത്തിലും പ്രകടമാക്കപ്പെടണം എന്നതുമാണ്. ഇക്കാലത്ത് ഇത് മാനുഷികമായ ഒരു ആവശ്യമാണ്. സാമ്പത്തിക യുക്തി ആവശ്യപ്പെടുന്നതും അതാണ്. അത് പരസ്നേഹത്തി

www.malankaralibrary.com

ന്റെയും സത്യത്തിന്റെയും ആവശ്യമാണ്.

37. *സാമ്പത്തികപ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലും നീതിപുലർത്തണമെന്ന നിലപാടാണ്* സഭയുടെ സാമൂഹിക പ്രബോധനങ്ങൾ എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. കാരണം, ഇത് എപ്പോഴും മനുഷ്യനോടും അവന്റെ ആവശ്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. വിഭവങ്ങൾ കണ്ടെത്തൽ, പണം സ്വരൂപിക്കൽ, ഉല്പാദനം, ഉപഭോഗം എന്നിവയ്ക്കും സാമ്പത്തികചക്രത്തിന്റെ മറ്റെല്ലാഘട്ടങ്ങൾക്കും അനിവാര്യമായി സാന്മാർഗ്ഗിക വശങ്ങളുണ്ട്. *അങ്ങനെ, എല്ലാ സാമ്പത്തിക തീരുമാനത്തിനും ഒരു ധാർമ്മിക പരിണതഫലമുണ്ട്.* സാമൂഹികശാസ്ത്രങ്ങളും സമകാലികസമ്പദ്വ്യവസ്ഥ സ്വീകരിക്കുന്ന ദിശയും ഇതേ നിഗമനത്തിലേക്ക് വിരൽചൂണ്ടുന്നു. ആദ്യം സ്വത്തിന്റെ ഉല്പാദനം സമ്പദ്വ്യവസ്ഥയെ ഏല്പിക്കാമെന്നും പിന്നീട് അതിന്റെ വിതരണത്തിന്റെ ചുമതല രാഷ്ട്രീയത്തിനു നൽകാമെന്നും ഒരുപക്ഷേ ഒരു കാലത്ത് കരുതാമായിരുന്നു. ഇക്കാലത്ത് അത് കൂടുതൽ പ്രയാസകരമാണ്. സർക്കാരുകളുടെ അധികാരം മുഖ്യമായി പ്രദേശികതലത്തിൽ തുടരുമ്പോൾ സാമ്പത്തിക പ്രവർത്തനം പ്രാദേശിക പരിധിക്കുള്ളിൽ ഒതുങ്ങാത്തതായി ത്തീർന്നിരിക്കുന്നു. അതിനാൽ, സാമ്പത്തിക പ്രക്രിയ വികസിച്ചുവരുമ്പോൾ, പ്രാരംഭം മുതൽതന്നെ നീതിയുടെ നിയമങ്ങൾ ആദരിക്കപ്പെടേണ്ടതാണ്. അത് അതിനുശേഷമോ സാന്ദർഭികമായിട്ടോ ഉള്ളതാകാൻ പാടില്ല. വെറും ലാഭത്തിന്റേതു മാത്രമല്ലാത്ത തത്ത്വങ്ങൾക്കനുസൃതമായി, ആ പ്രക്രിയയിൽ സാമ്പത്തികമൂല്യത്തിന്റെ ഉല്പാദനം ബലികഴിക്കാതെതന്നെ, പ്രവർത്തിക്കാൻ സ്വതന്ത്രമായി തിരഞ്ഞെടുപ്പു നടത്തുന്ന ആളുകളുടെ സാമ്പത്തികപ്രവർത്തനത്തിനും കമ്പോളത്തിനുള്ളിൽ ഇടം സൃഷ്ടിക്കേണ്ടതുണ്ട്. മതപരവും അത്മായരുടേതുമായ പശ്ചാത്തലങ്ങളിൽനിന്നും തുടക്കം കുറിച്ച പല സാമ്പത്തികസ്ഥാപനങ്ങളും ഇതു മൂർത്തരൂപത്തിൽതന്നെ സാദ്ധ്യമാണെന്ന് തെളിയിക്കുന്നു.

ആഗോളവത്കരണത്തിന്റെ കാലത്ത് തങ്ങളുടെ ഇടയിൽതന്നെ ഏറെ വ്യത്യസ്തതകളുള്ള സംസ്കാരങ്ങളോടു

www.malankaralibrary.com

ബന്ധപ്പെട്ട മത്സരാധിഷ്ഠിത മാതൃകകൾ സമ്പദ്വ്യവസ്ഥയെ സ്വാധീനിക്കുന്നു. അവ ഉല്പാദിപ്പിക്കുന്ന സാമ്പത്തിക സംരംഭത്തിന്റെ ഭിന്നരൂപങ്ങൾ, അവയുടെ നേർക്കാഴ്ചയുടെ മുഖ്യ കാര്യം വിനിമയനീതിയിൽ കണ്ടെത്തുന്നു. *സാമ്പത്തിക ജീവിതത്തിന് കരാറുകൾ* ആവശ്യമാണെന്നുള്ളത് അവിതർക്കിതമാണ്. തുല്യമൂല്യമുള്ള ചരക്കുകൾക്കിടയിലെ വിനിമയത്തിന്റെ ബന്ധങ്ങൾ ക്രമീകരിക്കാൻ ഇത് ആവശ്യമാണ്. എന്നാൽ അതിന് *നീതിപൂർവ്വമായ നിയമങ്ങളും* രാഷ്ട്രീയത്താൽ നിയന്ത്രിതമായ *പുനർവിതരണത്തിന്റെ രൂപങ്ങളും* കൂടി ആവശ്യമുണ്ട്. കൂടാതെ *ദാനത്തിന്റെ ചൈതന്യത്താൽ* സുരഭിലമായ പ്രവർത്തനങ്ങളും അത് ആവശ്യപ്പെടുന്നു. ആദ്യം പറഞ്ഞ യുക്തി, കരാർ പ്രകാരമുള്ള വിനിമയത്തിന്റെ യുക്തി, ആഗോളവത്കൃതകാലത്തെ സമ്പദ്വ്യവസ്ഥയുടെ സവിശേഷാവകാശമായി കാണപ്പെടുന്നുണ്ട്. പക്ഷേ, രാഷ്ട്രീയ യുക്തി, നിരുപാധികദാനത്തിന്റെ യുക്തി എന്നീ മറ്റു രണ്ടു യുക്തികൾക്കുള്ള അതിന്റെ ആവശ്യവും പ്രത്യക്ഷമായോ പരോക്ഷമായോ അത് പ്രകടമാക്കുന്നു.

38. *കമ്പോളം, രാഷ്ട്രം, സമൂഹം*[92] എന്നിങ്ങനെ മൂന്നുവിഭാഗങ്ങളുള്ള ഒരു വ്യവസ്ഥിതിയുടെ ആവശ്യത്തെക്കുറിച്ചു സംസാരിച്ചപ്പോൾ, എന്റെ മുൻഗാമി ജോൺപോൾ രണ്ടാമൻ *'നൂറാമാണ്ട്'* (*Centesimus Annus*) എന്ന ചാക്രികലേഖനത്തിൽ ഈ പ്രശ്നത്തിലേക്ക് ശ്രദ്ധക്ഷണിക്കുകയുണ്ടായി. *സൗജന്യദാനത്തിന്റെയും സാഹോദര്യത്തിന്റെയും സമ്പദ്വ്യവസ്ഥയ്ക്കുള്ള* ഏറ്റവും സ്വാഭാവികപശ്ചാത്തലമായി അദ്ദേഹം കണ്ടത് പൗരസമൂഹത്തെയായിരുന്നു. എന്നാൽ മറ്റു രണ്ടു പശ്ചാത്തലങ്ങളിൽ അതിന് അദ്ദേഹം ഇടം നിഷേധിച്ചുമില്ല. ഇന്ന് സാമ്പത്തികജീവിതത്തെ അനേകംതലങ്ങളുള്ള ഒരു പ്രതിഭാസമായി മനസ്സിലാക്കണമെന്ന് നമുക്ക് പറയാൻ കഴിയും. ഈ തലങ്ങളിൽ ഓരോന്നിലും വിവിധ അളവുകളിലും ഓരോന്നിനും അനുയോജ്യമായ പ്രത്യേക മാർഗങ്ങളിലും സാഹോദര്യപാരസ്പര്യത്തിന്റെ വശം സന്നിഹിതമായിരിക്കണം. ഇപ്പോഴത്തെ ആഗോളവത്കരണകാലത്ത്, സാമ്പത്തികരംഗത്തെ വിവിധ

www.malankaralibrary.com

പ്രവർത്തകരുടെയിടയിലെ നീതിയ്ക്കും പൊതുനന്മയ്ക്കും വേണ്ടിയുള്ള ഐക്യദാർഢ്യവും ഉത്തവാദിത്തബോധവും ഊട്ടിവളർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന സൗജന്യ ദാനത്തിൽനിന്ന് വേറിട്ടു നിൽക്കാൻ സാമ്പത്തികപ്രവർത്ത നത്തിനു കഴിയുകയില്ല. അതു വ്യക്തമായും സാമ്പത്തിക ജനാധിപത്യത്തിന്റെ നിശ്ചിതവും അഗാധവുമായ ഒരു രൂപ മാണ്. ഐക്യദാർഢ്യം പ്രഥമവും പ്രധാനവുമായി എല്ലാവ രുടെ ഭാഗത്തുനിന്നും എല്ലാവരെ സംബന്ധിച്ചും ഉണ്ടാകേണ്ട ഒരു ഉത്തരവാദിത്തബോധമാണ്.[93] അതുകൊണ്ട് അത് രാഷ്ട്ര ത്തിന്റെ മാത്രം കാര്യമായി ഏല്പിച്ചുകൊടുക്കാൻ പറ്റുകയി ല്ല. കഴിഞ്ഞകാലങ്ങളിൽ ആദ്യം നീതിയും തുടർന്ന് അതി ന്റെ ഒരു പൂരകമായി സൗജന്യദാനവും എന്ന ക്രമത്തിലാണെ ന്ന് വാദിക്കാൻ സാധിച്ചിരുന്നു. എന്നാൽ ഇന്ന്, സൗജന്യദാ നത്തെക്കൂടാതെ പ്രഥമസ്ഥാനത്ത് നീതി ഉണ്ടാകുക സാധ്യമ ല്ല എന്നു വ്യക്തമാണ്. അതുകൊണ്ട്, തുല്യഅവസരത്തിന്റെ വ്യവസ്ഥകൾക്കു വിധേയമായി, വ്യത്യസ്ത സ്ഥാപനലക്ഷ്യ ങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്ന സംരംഭങ്ങളുടെ സ്വതന്ത്രപ്ര വർത്തനം അനുവദിക്കുന്ന ഒരു കമ്പോളമാണാവശ്യം. ലാഭോ ദ്ദേശ്യമുള്ള സ്വകാര്യസംരംഭങ്ങളോടും വിവിധ മാതൃകകളി ലുള്ള പൊതുസംരംഭങ്ങളോടുമൊപ്പം, പരസ്പരാശ്രയത്വ ത്തിൽ അധിഷ്ഠിതവും സാമൂഹിക ലക്ഷ്യങ്ങൾ പിന്തുടരു ന്നതുമായ വാണിജ്യസ്ഥാപനങ്ങൾക്ക് വേരുപിടിക്കാനും സ്വയം ആവിഷ്കരിക്കാനുമുള്ള സാഹചര്യം ഉണ്ടാകണം. കമ്പോളസ്ഥലത്തെ അവരുടെ അന്യോന്യമുള്ള സമ്പർക്ക ത്തിൽനിന്ന് വാണിജ്യരംഗത്തെ പെരുമാറ്റത്തിന്റെ സങ്കരരൂപ ങ്ങളും അതുവഴി *സമ്പദ്‌വ്യവസ്ഥ സംശുദ്ധമാക്കാനുള്ള* മാർഗ ങ്ങളെക്കുറിച്ചുള്ള ശുഷ്കാന്തിയും ഉരുത്തിരിഞ്ഞുവരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സത്യത്തിൽ സ്നേഹം ആവശ്യപ്പെടുന്നത്, ലാഭം ഉപേക്ഷിക്കാതെ തന്നെ, തുല്യമൂല്യമുള്ളവയുടെ വിനിമയത്തിന്റെ യുക്തിയേയും ഒരേ ഒരു ലക്ഷ്യമെന്ന നിലയിലുള്ള ലാഭത്തേയുംകാൾ ഉന്നതമായ ഒരു ലക്ഷ്യമുള്ള, മേല്പറഞ്ഞ സാമ്പത്തിക ഉദ്യമത്തിന്റെ

www.malankaralibrary.com

മാതൃകകൾക്ക് രൂപവും ഘടനയും നൽകണമെന്നാണ്.

**39.** സമ്പന്നരെ മാത്രമല്ല എല്ലാ വിഭാഗം ആളുകളെയും അതിന്റെ മണ്ഡലത്തിൽ ഉൾക്കൊള്ളാൻ കഴിയുന്ന *കമ്പോള സമ്പദ്വ്യവസ്ഥയുടെ ഒരു മാതൃക* സൃഷ്ടിക്കാൻ *'ജനതകളുടെ പുരോഗതി'*യിൽ പോൾ ആറാമൻ ആവശ്യപ്പെടുകയുണ്ടായി. എല്ലാവർക്കുംവേണ്ടി കൂടുതൽ മനുഷ്യത്വമുള്ള ഒരു ലോകം, "ഒരു വിഭാഗത്തിന്റെ ചെലവിൽ മറ്റൊരു വിഭാഗം പുരോഗതിയുണ്ടാക്കാതെ, എല്ലാവർക്കും കൊടുക്കാനും കൊള്ളാനും കഴിയുന്ന"[94] ഒരു ലോകം, കെട്ടിപ്പടുക്കുന്നതിന് പരിശ്രമിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഇപ്രകാരം *'നവീനവ്യവസ്ഥിതി'* (*Rerum Novarum*) എന്ന ചാക്രികലേഖനത്തിൽ അടങ്ങിയ ഉൾക്കാഴ്ചകളും അഭിലാഷങ്ങളും അദ്ദേഹം ആഗോളതലത്തിൽ പ്രയോഗിക്കുകയായിരുന്നു. വ്യാവസായിക വിപ്ലവത്തിന്റെ ഒരു ഫലം എന്ന നിലയിൽ, സാമൂഹിക ക്രമത്തിന്, അതിന്റെ സ്വയം നിയന്ത്രണത്തിനുവേണ്ടി, പുനർവിതരണം ഉദ്ദേശിച്ചുള്ള രാഷ്ട്രത്തിന്റെ ഇടപെടലും ആവശ്യമാണെന്നുള്ള ആശയം ആദ്യമായി — അതിനു മുൻപായിത്തന്നെ — നിർദ്ദേശിക്കപ്പെട്ടപ്പോഴാണ് *'നവീനവ്യവസ്ഥിതി'* എഴുതിയത്. ഇന്ന് കമ്പോളങ്ങളും സമൂഹങ്ങളും ആവിർഭവിക്കുന്ന രീതി ഈ ദർശനത്തിന് ഭീഷണിയാണെന്നു മാത്രമല്ല, പൂർണ്ണമായും മനുഷ്യത്വപരമായ ഒരു സമ്പദ്വ്യവസ്ഥയുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഇത് അപര്യാപ്തമാണുതാനും. മനുഷ്യനെയും സമൂഹത്തെയുംകുറിച്ചുള്ള അതിന്റെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ സഭയുടെ സാമൂഹിക പ്രബോധനം എപ്പോഴും കൈക്കൊണ്ടിട്ടുള്ള നിലപാടിനെ ആഗോളവത്കരണത്തിന്റെ ചലനാത്മക പ്രവർത്തനം ഇന്നു സ്ഥിരീകരിച്ചിരിക്കുകയാണ്.

കമ്പോളത്തിന്റെ യുക്തിയും രാഷ്ട്രത്തിന്റെ യുക്തിയും തമ്മിൽ അതാതിന്റെ സ്വാധീനമേഖലകളിൽ അതാതിന്റേതായ കുത്തക തുടർന്നും നിലനിർത്തുമെന്ന് ഒരു ധാരണയിലെത്തുമ്പോൾ, കാലാന്തരത്തിൽ ഏറെ നഷ്ടമുണ്ടാകുന്നു: പൗരന്മാർ തമ്മിലുള്ള ബന്ധത്തിലെ ഐക്യദാർഢ്യം, പങ്കാളിത്തവും

www.malankaralibrary.com

പിന്തുണയും, സൗജന്യദാനത്തിന്റെ പ്രവർത്തനങ്ങൾ എന്നിവയൊക്കെ നഷ്ടപ്പെടുന്നു. *കിട്ടാൻവേണ്ടി കൊടുക്കുക* (വിനിമയത്തിന്റെ യുക്തി), *ചുമതല എന്ന നിലയിൽ നൽകുക* (രാഷ്ട്രനിയമം ഏർപ്പെടുത്തുന്ന പൊതുവായ കടപ്പാടിന്റെ യുക്തി) എന്നിവയ്ക്ക് വിരുദ്ധമായി ഇവയെല്ലാം നിലകൊള്ളുന്നു. അവികസിതാവസ്ഥയെ പരാജയപ്പെടുത്താൻ, വിനിമയാധിഷ്ഠിത ഇടപാടുകൾ മെച്ചപ്പെടുത്താനും പൊതുജനക്ഷേമ ഘടനകൾ സ്ഥാപിക്കാനും മാത്രമല്ല, എല്ലാറ്റിലും ഉപരി *ആഗോളതലത്തിൽ സൗജന്യദാനത്തിന്റെയും കൂട്ടായ്മയുടെയും അംശങ്ങളാൽ മുദ്രിതമായ സാമ്പത്തിക പ്രവർത്തനത്തിന്റെ രൂപങ്ങളിലേക്കുള്ള തുറവി ക്രമേണ വർദ്ധിപ്പിക്കാനും കൂടിയുള്ള പ്രവർത്തനം* ആവശ്യമാണ്. കമ്പോളവും രാഷ്ട്രവും മാത്രമുള്ള ഒരു യുഗ്മമാതൃക സമൂഹത്തെ ക്ഷയിപ്പിക്കുന്നു. എന്നാൽ പൗരസമൂഹത്തിലേക്ക് പരിമിതപ്പെടാതെ അതിൽ സ്വാഭാവികസ്ഥാനം കണ്ടെത്തുന്ന ഐക്യദാർഢ്യത്തിൽ അധിഷ്ഠിതമായ സാമ്പത്തികരൂപങ്ങളാകട്ടെ, സമൂഹത്തെ പടുത്തുയർത്തുന്നു. സൗജന്യദാനത്തിന്റെ വിപണി നിലവിലില്ല. സൗജന്യദാനത്തിന്റെ മനോഭാവങ്ങൾ നിയമം കൊണ്ടു നിർമ്മിക്കാൻ കഴിയുകയുമില്ല. എങ്കിലും പരസ്പര ദാനത്തിലേക്കു തുറക്കാൻ മനഃസ്ഥിതിയുള്ള വ്യക്തികളെ വിപണിക്കും രാഷ്ട്രത്തിനും ആവശ്യമുണ്ട്.

**40.** ഗുരുതരമായ വ്യതിയാനങ്ങളും പരാജയങ്ങളും കൊണ്ട് മുദ്രിതമായ ഇന്നത്തെ അന്താരാഷ്ട്ര സാമ്പത്തികരംഗത്തിന് *ബിസിനസ്സംരംഭത്തെ മനസ്സിലാക്കാൻ ഗൗരവതരമായ ഒരു പുതിയ മാർഗം ആവശ്യമുണ്ട്.* പഴയ മാതൃകകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഭാവിയുടെ ശുഭപ്രതീക്ഷ നൽകുന്ന പുതിയവ ചക്രവാളത്തിൽ രൂപംകൊള്ളുന്നുണ്ട്. നിസ്സംശയമായും ബിസിനസുകൾക്കുള്ള ഏറ്റവും വലിയ അപകടസാദ്ധ്യതകളിൽ ഒന്ന് അവ ഏതാണ്ടു പൂർണ്ണമായിത്തന്നെ അവയുടെ നിക്ഷേപകരോട് ഉത്തരം പറയേണ്ടവയാണെന്നുള്ളതും തന്മൂലം അവയുടെ സാമൂഹികമൂല്യം പരിമിതപ്പെടുന്നു എന്നുള്ളതുമാണ്. ബിസിനസ് സംരംഭങ്ങൾ വലിയതോ

www.malankaralibrary.com

തിൽ വളരുന്നു. അവയ്ക്ക് കൂടുതൽ കൂടുതൽ മൂലധനം ആവശ്യമായി വരുന്നു. അതുകൊണ്ട് തന്റെ കമ്പനിയുടെ സജീവ നിലനില്പിനും പ്രവർത്തനഫലങ്ങൾക്കും കേവലം ഹ്രസ്വകാലത്തേക്കല്ലാതെ ദീർഘകാലത്തേക്ക് താൻ ഉത്തരവാദിയാണെന്നു കരുതുന്ന ഒരു സ്ഥിരം ഡയറക്ടറുടെ കൈകളിൽ ബിസിനസ് സംരംഭം ആയിരിക്കുക എന്നത് അപൂർവ്വമായിക്കൊണ്ടിരിക്കുന്നു. ഒരു പ്രദേശത്തെ മാത്രം ആശ്രയിക്കുക എന്നതും ബിസിനസ്സിനെ സംബന്ധിച്ചടത്തോളം അപൂർവ്വമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ, ഒരു നിശ്ചിത ഭൂപ്രദേശത്തോടു ബന്ധമില്ലാത്തവരും അതുകൊണ്ട് അസാധാരണ ചലനക്ഷമതയുള്ളവരുമായ ഓഹരിഉടമകളുടെ പ്രയോജനത്തിനുവേണ്ടി; തൊഴിലാളികൾ, വിതരണക്കാർ, ഉപഭോക്താക്കൾ, പ്രകൃതിയിലെ പരിസ്ഥിതി, വിശാല സമൂഹം എന്നിങ്ങനെ കമ്പനിയുടെ നിലനില്പിൽ തല്പരരായ എല്ലാവരോടും എല്ലാറ്റിനോടുമുള്ള കമ്പനിയുടെ ഉത്തരവാദിത്തബോധത്തെ ഉല്പാദനത്തിന്റെ ബാഹ്യസ്രോതസ്സ് വത്കരണത്തിന് *(outsourcing)* ദുർബലപ്പെടുത്താൻ കഴിയും. ഇന്നത്തെ അന്താരാഷ്ട്ര മൂലധനവിപണി വലിയ പ്രവർത്തനസ്വാതന്ത്ര്യം നൽകുന്നു. എന്നാൽ ബിസിനസിന്റെ ഭാഗത്ത് ഉണ്ടായിരിക്കേണ്ട വലിയ *സാമൂഹിക ഉത്തരവാദിത്തത്തെ*ക്കുറിച്ച് അവബോധം വർദ്ധിച്ചുവരുന്നുണ്ടുതാനും. കോർപ്പറേറ്റ് ലോകത്തിന്റെ സാമൂഹിക ഉത്തരവാദിത്തത്തെക്കുറിച്ച് ഇപ്പോൾ നടക്കുന്ന സംവാദത്തോടു ബന്ധപ്പെട്ട സദാചാരപരമായ പരിഗണനകൾ എല്ലാം സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ സ്വീകാര്യമല്ല. *എങ്കിലും ബിസിനസ് കാര്യങ്ങളിൽ ഉടമകളുടെ താത്പര്യങ്ങൾക്കനുസൃതമായി മാത്രം പ്രവർത്തിക്കാൻ കഴിയുകയില്ലെന്നും തൊഴിലാളികൾ, ഇടപാടുകാർ, ഉല്പാദനത്തിനുള്ള വിവിധ ഘടകങ്ങൾ ലഭ്യമാക്കുന്നവർ, ബന്ധപ്പെട്ട സമൂഹം എന്നിങ്ങനെ ബിസിനസ്സിന്റെ സജീവ നിലനില്പിന് സംഭാവന നൽകുന്ന എല്ലാ തല്പരകക്ഷികളോടുമുള്ള ഉത്തരവാദിത്തം അത് ഏറ്റെടുക്കേണ്ടതാണെന്നും ഉള്ള ബോദ്ധ്യം വളർന്നുവരുന്നുണ്ട്.* ഇക്ക

www.malankaralibrary.com

ഴിഞ്ഞ ഏതാനും വർഷങ്ങളിൽ മാനേജർമാരുടെ സാർവലൗകിക സ്വഭാവമുള്ള ഒരു പുതിയ വിഭാഗം ആവിർഭവിച്ചിട്ടുണ്ട്. ഓഹരി ഉടമകളോടു മാത്രമാണ് പലപ്പോഴും ഇവർക്ക് ഉത്തരവാദിത്തമുള്ളത്. ഓഹരി ഉടമകളുടെ അജ്ഞാതമായ നിക്ഷേപങ്ങളാണ് പൊതുവെ ഇവരുടെ പ്രതിഫലം യഥാർത്ഥത്തിൽ നിർണ്ണയിക്കുന്നത്. എന്നാൽ നേരെ മറിച്ച്, ദീർഘവീക്ഷണമുള്ള പല മാനേജർമാരും, അവരുടെ സംരംഭവും അതു പ്രവർത്തിക്കുന്ന പ്രദേശവും അഥവാ പ്രദേശങ്ങളും തമ്മിലുള്ള അഗാധമായ ബന്ധത്തെപ്പറ്റി ഇന്ന് വർദ്ധിച്ചതോതിൽ ബോധവാന്മാരാണ്. കേവലം വ്യക്തിപരമായ പ്രയോജനത്തിനുവേണ്ടി വിദേശത്തേക്കു മൂലധനം കൊണ്ടുപോകുന്നതുകൊണ്ട്, സ്വന്തം മാതൃരാജ്യത്തിനുണ്ടാകാവുന്ന നഷ്ടത്തിലേക്ക് ഗൗരവമായി ശ്രദ്ധപതിപ്പിക്കാൻ പോൾ ആറാമൻ ജനങ്ങളെ ക്ഷണിക്കുകയുണ്ടായി.[95] *നിക്ഷേപത്തിന് എപ്പോഴും സാമ്പത്തികമെന്നപോലെ ധാർമ്മികവുമായ പ്രാധാന്യമുണ്ടെന്ന്* ജോൺപോൾ രണ്ടാമൻ പഠിപ്പിച്ചു.[96] മൂലധനവിപണി ഗണനീയമായി ഉദാരവത്കരിക്കപ്പെട്ടിട്ടുണ്ട്. നിക്ഷേപം മാനുഷികവും ധാർമ്മികവുമായതല്ല കേവലം സാങ്കേതികമായ പ്രവൃത്തിയാണെന്ന് ആധുനിക സാങ്കേതിക ചിന്ത അഭിപ്രായപ്പെടുകയും ചെയ്യുന്നു. എങ്കിലും മേല്പ്പറഞ്ഞവയെല്ലാം — അതിന് ഊന്നൽ നൽകേണ്ടതാണ് — ഇന്നും സാധുവാണ്. സ്വന്തം നാട്ടിലെന്നതിനേക്കാൾ വിദേശത്തു നിക്ഷേപിക്കുന്ന പക്ഷം ഒരു നിശ്ചിതമൂലധനത്തിന് മേന്മയുണ്ടാകാൻ കഴിയും എന്നത് നിഷേധിക്കാൻ ഒരു കാരണവുമില്ല. എന്നാലും നീതി ആവശ്യപ്പെടുന്ന കാര്യങ്ങൾ പരിരക്ഷിക്കപ്പെടേണ്ടതാണ്. മൂലധനം ഉത്പാദിപ്പിക്കപ്പെട്ട മാർഗത്തിനും അത് ഉത്പാദിപ്പിക്കപ്പെട്ട സ്ഥലത്ത് ഉപയോഗിക്കാത്തപക്ഷം അതുകൊണ്ട് വ്യക്തികൾക്കുണ്ടാകാവുന്ന ദോഷത്തിനും അർഹമായ പരിഗണന നൽകിക്കൊണ്ടായിരിക്കണം ഇത്.[97] *ധനപരമായ വിഭവങ്ങളുടെ* ഊഹക്കച്ചവടാടിസ്ഥാനത്തിലുള്ള ഉപയോഗമാണ് ഒഴിവാക്കേണ്ടത്. ഹ്രസ്വകാലലാഭം മാത്രം തേടാനുള്ള പ്രലോഭനത്തിന് ഈ ഉപയോഗം വഴങ്ങുന്നു. സംരംഭത്തിന്റെ ദീർഘ

www.malankaralibrary.com

കാലത്തേക്കുള്ള നിലനില്പ്, യഥാർത്ഥസമ്പദ്‌വ്യവസ്ഥയ്ക്ക് അതുകൊണ്ടുള്ള പ്രയോജനം, വികസനം ആവശ്യമുള്ള രാജ്യങ്ങളിൽ അനുയോജ്യവും ഉചിതവുമായ മാർഗങ്ങളിലൂടെ കൂടുതൽ സാമ്പത്തിക ഉദ്യമങ്ങളുടെ പുരോഗതിയിലുള്ള ശ്രദ്ധ എന്നിവ ഇവിടെ പരിഗണിക്കപ്പെടുന്നില്ല. നിക്ഷേപങ്ങളുടെയും വൈദഗ്ദ്ധ്യങ്ങളുടെയും കയറ്റുമതി അവ സ്വീകരിക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുമെന്നുള്ളത് വാസ്തവമാണ്. തൊഴിൽ സാങ്കേതികജ്ഞാനം ഇവ സാർവത്രികസംഗതികളാണ്. എങ്കിലും സുസ്ഥിരവികസനത്തിന് ഒരു അത്യാവശ്യഘടകമായ, ഉത്പാദനപരവും സാമൂഹികവുമായ ഒരു സുദൃഢസമ്പ്രദായം ഉണ്ടാകാൻ സഹായിച്ചുകൊണ്ട്, പ്രാദേശിക സമൂഹത്തിന് യഥാർത്ഥസംഭാവന നൽകാതെ കേവലം അനുകൂലവ്യവസ്ഥകൾ ലക്ഷ്യംവച്ചോ ചൂഷണത്തിനുള്ള ദുഷ്ടലാക്കോടു കൂടിയോ ഇവ കയറ്റുമതി ചെയ്യുന്നത് ശരിയല്ല.

**41.** എപ്പോഴും കൂടുതൽ വിപുലമായിക്കൊണ്ടിരിക്കുന്ന *മൂല്യങ്ങളുടെ ഒരു വിപുലശ്രേണി, ബിസിനസ് സംരംഭത്തിൽ* ഉൾപ്പെടുന്നു എന്ന് ഈ ചർച്ചയുടെ പശ്ചാത്തലത്തിൽ നിരീക്ഷിക്കുന്നത് സഹായകമായിരിക്കും. വിപണിയും രാഷ്ട്രവുമെന്ന യുഗ്മ മാതൃകയുടെ തുടരുന്ന ആധിപത്യം, ഒരുവശത്ത് ഒരു മുതലാളിത്ത ചായ്‌വുള്ള സ്വകാര്യ ബിസിനസ് നായകന്റെയും മറുവശത്ത് സ്റ്റേറ്റ് ഡയറക്ടറുടെയും ഭാഷയിൽമാത്രം ചിന്തിക്കാൻ നമ്മെ ശീലിപ്പിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ, സംയോജിതമായ ഒരു മാർഗത്തിൽ ബിസിനസ് മനസ്സിലാക്കപ്പെടേണ്ടതാണ്. ഇങ്ങനെ പറയാൻ സാമ്പത്തിക കാരണങ്ങൾക്കതീതമായ അനേകം കാരണങ്ങളുണ്ട്. ബിസിനസ് പ്രവർത്തനങ്ങൾക്ക് തൊഴിൽപരമായ പ്രാധാന്യത്തേക്കാൾ കൂടുതലായി ഒരു മാനുഷികപ്രാധാന്യമുണ്ട്;[98] വ്യക്തിപരമായ ഒരു പ്രവർത്തനം (*actus personae*)[99] എന്ന് മനസ്സിലാക്കപ്പെടുന്ന അതിന്റെ സാന്നിദ്ധ്യം എല്ലാ ജോലിയിലുമുണ്ട്. അതുകൊണ്ടാണ് ഏതെങ്കിലും തരത്തിൽ "താൻ തനിക്കുവേണ്ടിത്തന്നെയാണ് ജോലി ചെയ്യുന്നത്"[100] എന്നു മനസ്സിലാക്കിക്കൊണ്ട് തന്റേതായ സംഭാവന നൽകാൻ ഓരോ തൊഴിലാളിക്കും അവസരം

www.malankaralibrary.com

ലഭിക്കേണ്ടത്. "അദ്ധ്വാനിക്കുന്ന ഓരോ വ്യക്തിയും ഒരു സ്രഷ്ടാവാണ്"[101] എന്ന് ഉചിതമായ കാരണത്തോടുകൂടി പോൾ ആറാമൻ പഠിപ്പിച്ചു. തൊഴിലാളികളുടെ ആവശ്യങ്ങൾക്കും അന്തസ്സിനുമൊപ്പം സമൂഹത്തിന്റെ ആവശ്യങ്ങൾക്കുമുള്ള പ്രത്യുത്തരമായിട്ടാണ്, "സ്വകാര്യ"വും "പൊതു"വും തമ്മിലുള്ള കേവലമായ അന്തരത്തിൽ കൂടുതലായി വിവിധ മാതൃകകളിലുള്ള ബിസിനസ് സംരംഭങ്ങൾ സ്ഥിതിചെയ്യുന്നത്. അവയിൽ ഓരോന്നിനും ഒരു നിശ്ചിത ബിസിനസ് ശേഷി ആവശ്യമുണ്ട്. അവ അത് ആവിഷ്കരിക്കുകയും ചെയ്യുന്നു. ദേശീയതലത്തിലും ആഗോളതലത്തിലുമുള്ള പൊതുനന്മയ്ക്കായി സേവനം ചെയ്യുന്ന ഒരു നിലയിലേക്ക് വേഗം എത്തിച്ചേരുന്ന ഒരു സമ്പദ് വ്യവസ്ഥയുടെ നിർമ്മാണത്തിനുവേണ്ടി, ബിസിനസ് പ്രവർത്തനത്തിന്റെ ഈ വിശാലമായ പ്രാധാന്യം കണക്കിലെടുക്കുന്നത് ഉചിതമാണ്. "ലാഭമില്ലാത്ത" ലോകത്തിൽനിന്ന് "ലാഭമുള്ള" ലോകത്തിലേക്കും തിരിച്ചും, പൊതുലോകത്തിൽനിന്ന് പൗരസമൂഹത്തിലേക്കും വികസിത സമ്പദ്വ്യവസ്ഥകളിൽനിന്ന് വികസ്വരരാജ്യങ്ങളിലേക്കും, പ്രാഗത്ഭ്യം മാറ്റിക്കൊണ്ടുള്ള ബിസിനസ് പ്രവർത്തനത്തിന്റെ വ്യത്യസ്തമാതൃകകളുടെ ഇടയിലെ പാരസ്പര്യത്തെ (*cros fertilization*) അത് അനുകൂലിക്കുന്നു.

"*രാഷ്ട്രീയഅധികാര"ത്തിലും മൂല്യങ്ങളുടെ ഒരു വിപുല ശ്രേണി* ഉൾപ്പെടുന്നുണ്ട്. സാമൂഹികമായി ഉത്തരവാദിത്തമുള്ളതും മാനുഷികമായ സാമ്പത്തിക ഉല്പാദനക്ഷമതയുടെ ഒരു പുതിയ ക്രമം നിർമ്മിക്കുന്ന പ്രക്രിയയിൽ ഇത് അവഗണിക്കാൻ പാടില്ല. ആഗോളതലത്തിൽ ബിസിനസ് പ്രവർത്തനങ്ങളുടെ ഭിന്നരൂപങ്ങളെ വളർത്തിയെടുക്കുന്നതുപോലെ, പലതലങ്ങളിൽ ഫലപ്രദമായ ഒരു വികേന്ദ്രീകൃത രാഷ്ട്രീയാധികാരത്തെയും നാം പ്രോത്സാഹിപ്പിക്കണം. ഇന്നത്തെ സമഗ്ര സമ്പദ്വ്യവസ്ഥ രാഷ്ട്രങ്ങളുടെ പങ്ക് അനാവശ്യമാക്കുന്നില്ല. എന്നാൽ അതിനേക്കാൾ കൂടുതലായി അത് അന്യോന്യമുള്ള വർദ്ധിച്ച സഹകരണത്തിന് സർക്കാരുകളെ പ്രേരിപ്പിക്കുന്നു. രാഷ്ട്രത്തിന്റെ അന്ത്യം പ്രഖ്യാപിക്കുക എന്ന വലിയ അപകടം

www.malankaralibrary.com

പാടില്ല എന്ന് ജ്ഞാനവും വിവേകവും ഉപദേശിക്കുന്നു. ഇന്നത്തെ പ്രതിസന്ധിയുടെ കാഠിന്യത്തിന്റെ പശ്ചാത്തലത്തിൽ, രാഷ്ട്രത്തിന്റെ പങ്ക് വളരാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്നതാണെന്നു തോന്നുന്നു. അതിന്റെ ശേഷികൾ പലതും അതു വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. കൂടാതെ, ചില രാജ്യങ്ങളിൽ രാഷ്ട്രനിർമ്മാണവും പുനർനിർമ്മാണവും അവയുടെ വികസനത്തിലെ ഒരു മുഖ്യഘടകമായി അവശേഷിക്കുന്നു. ഇന്നത്തെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഐക്യദാർഢ്യാധിഷ്ഠിതമായ ഒരു പദ്ധതിക്കുള്ളിൽ *അന്താരാഷ്ട്ര സഹായത്തിന്റെ* ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്, ഭരണഘടനാപരവും നിയമപരവും ഭരണപരവുമായ സമ്പ്രദായങ്ങൾ ഇതുവരെ പൂർണ്ണമായി അനുഭവിക്കാത്ത രാജ്യങ്ങളിൽ അവയുടെ ഏകീകരണത്തിനായിരിക്കണം. സാമ്പത്തികസഹായത്തോടൊപ്പം *നിയമവ്യവസ്ഥക്ക്* അനുയോജ്യമായ ഉറപ്പുകൾ കൂടുതൽ ശക്തിപ്പെടുത്തുക എന്നതു ലക്ഷ്യമാക്കിയുള്ള സഹായവും ആവശ്യമാണ്. പൊതുവായ ക്രമത്തിന്റെയും മനുഷ്യാവകാശങ്ങളെയും യഥാർത്ഥ ജനാധിപത്യ സ്ഥാപനങ്ങളെയും ആദരിക്കുന്ന ഫലപ്രദമായ തടവുശിക്ഷയുടെയും ഒരു വ്യവസ്ഥയാണിത്. രാഷ്ട്രത്തിന് എല്ലായിടത്തും ഒരേപോലെയുള്ള സവിശേഷതകൾ ഉണ്ടായിരിക്കണമെന്നില്ല. ദുർബലമായ ഭരണഘടനാസമ്പ്രദായങ്ങളെ ശക്തിപ്പെടുത്തുക ലക്ഷ്യമാക്കിയുള്ള പിൻതുണയോടൊപ്പം, സാംസ്കാരികവും സാമൂഹികവും പ്രാദേശികവും മതപരവുമായ സ്വഭാവമുള്ള മറ്റു രാഷ്ട്രീയ സഹവർത്തികളുടെ വികസനവും ഉണ്ടാകണം. സാമ്പത്തിക ആഗോളവത്കരണത്തിന്റെ പ്രക്രിയക്ക് മാർഗ്ഗദർശനം നൽകാനുള്ള ഏറ്റവും നല്ല വഴികളിൽ ഒന്ന് പ്രാദേശിക ദേശീയ അന്തർദ്ദേശീയ തലങ്ങളിലുള്ള രാഷ്ട്രീയ അധികാരത്തിന്റെ സംയോജനമാണ്. ജനാധിപത്യത്തിന്റെ അടിത്തറകളെ വാസ്തവത്തിൽ അത് അട്ടിമറിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള വഴിയും അതുതന്നെ.

42. ആഗോളവത്കരണത്തിൽ ഉൾപ്പെടുന്ന ചലനാത്മക പ്രവർത്തനം, മനുഷ്യമനസ്സിനെ ആശ്രയിക്കാത്ത, അജ്ഞാ

www.malankaralibrary.com

തവും നിർവികാരവുമായ ശക്തികളുടെയോ ഘടനകളുടെയോ ഉത്പന്നമാണെന്ന മട്ടിൽ, വിധി കല്പിതത്വത്തിന്റെ ഭാഷയിൽ അതിനെ ചിലപ്പോൾ വീക്ഷിക്കാറുണ്ട്.[102] ആഗോളവത്കരണത്തെ തീർച്ചയായും ഒരു സാമൂഹികസാമ്പത്തിക പ്രക്രിയയായി മനസ്സിലാക്കുമ്പോൾതന്നെ, അതിന്റെ ഒരേ ഒരു മാനം ഇതല്ല എന്ന് ഓർക്കുന്നത് ഇക്കാര്യത്തിൽ ഉപയോഗപ്രദമാണ്. കൂടുതൽ ദൃശ്യമായ പ്രക്രിയയുടെ പിന്നിൽ മനുഷ്യവർഗ്ഗം തന്നെ വർദ്ധിച്ചതോതിൽ പരസ്പരബന്ധിതമായിത്തീർന്നു കൊണ്ടിരിക്കുന്നു. തങ്ങളുടേതായ ഉത്തരവാദിത്തങ്ങൾ ഒറ്റയ്ക്കും കൂട്ടായും ഏറ്റെടുക്കുമ്പോൾ, ഈ പ്രക്രിയയിലൂടെ ആനുകൂല്യങ്ങളും വികസനവും[103] കൈവരിക്കേണ്ട വ്യക്തികളെയും ജനതകളെയും കൊണ്ടാണ് അതു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതിർത്തികളുടെ തകർച്ച ഒരു ഭൗതിക വസ്തുത മാത്രമല്ല. അതിന്റെ കാരണങ്ങളിലും ഫലങ്ങളിലും അത് ഒരു സാംസ്കാരികസംഭവം കൂടിയാണ്. വിധികല്പിതം എന്ന നിലപാടിൽ കൂടി ആഗോളവത്കരണത്തെ വീക്ഷിക്കുകയാണെങ്കിൽ, അതിനെ വിലയിരുത്താനും അതിനു മാർഗ്ഗദർശനം നൽകാനുമുള്ള മാനദണ്ഡങ്ങൾ നഷ്ടപ്പെടുന്നു. ഒരു മാനുഷിക യാഥാർത്ഥ്യം എന്ന നിലയിൽ അത്, വിവേചനത്തിന്റെ പ്രക്രിയക്ക് വിധേയമാക്കേണ്ട, വിഭിന്ന സാംസ്കാരിക പ്രവണതകളുടെ ഉല്പന്നമാകുന്നു. മനുഷ്യകുടുംബത്തിന്റെ ഐക്യവും നന്മയിലേക്കുള്ള അതിന്റെ വികാസവുമാണ് ഒരു പ്രക്രിയ എന്ന നിലയിലുള്ള ആഗോളവത്കരണത്തിന് സത്യവും അതിന്റെ മൗലികമായ സദാചാരമാനദണ്ഡങ്ങൾ നൽകുന്നതും. അതുകൊണ്ട്, അതീന്ദ്രിയതയിലേക്കു തുറക്കുന്ന ലോകവ്യാപകമായ സംയോജനത്തിന്റെ *വ്യക്ത്യാധിഷ്ഠിതവും സമൂഹോന്മുഖവുമായ സാംസ്കാരിക പ്രക്രിയ പ്രോത്സാഹിപ്പിക്കാൻ നിലനിൽക്കുന്ന ഒരു പ്രതിബദ്ധത* ആവശ്യമാകുന്നു.

നിഷേധിക്കുകയോ വലുതാക്കി കാട്ടുകയോ ചെയ്യാൻ പാടില്ലാത്ത ഘടനാപരമായ അംശങ്ങളിൽ ചിലത് ഉണ്ടെങ്കിൽപ്പോലും, "തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഒരു സാങ്കല്പിക സിദ്ധാന്തമായ ആഗോളവത്കരണം നല്ലതോ ചീത്തയോ അല്ല. ആളു

www.malankaralibrary.com

കൾ അതിനെ എന്താക്കിത്തീർക്കുന്നുവോ അതായിരിക്കും അത്."[104] നാം അതിന്റെ ഇരകളാകാൻ പാടില്ല. യുക്തിയുടെ വെളിച്ചത്തിൽ പ്രവർത്തിച്ച്, ഉപവിയാലും സത്യത്താലും നയിക്കപ്പെട്ട് നാം അതിന്റെ മുഖ്യവക്താക്കളാകണം. അതിനോടുള്ള അന്ധമായ എതിർപ്പ് തെറ്റിദ്ധരിക്കപ്പെട്ടതും മുൻവിധിയോടുകൂടിയതുമായ ഒരു മനോഭാവമായിരിക്കും. അന്ധമായ വിരോധംമൂലം ഈ പ്രക്രിയയുടെ സർഗ്ഗാത്മകവശങ്ങൾ തിരിച്ചറിയാൻ കഴിയാതെവരികയും വികസനത്തിനുള്ള അതിന്റെ അനേകം അവസരങ്ങൾ പ്രയോജനപ്പെടുത്താനുള്ള സന്ദർഭം ഇല്ലാതാക്കുക എന്ന അപകട സാദ്ധ്യത തത്ഫലമായി ഉണ്ടാകുകയും ചെയ്യും. അനുയോജ്യമായി മനസ്സിലാക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ആഗോളവത്കരണ പ്രക്രിയ, ലോകവ്യാപകമായ ഒരു തലത്തിൽ, വൻതോതിലുള്ള സ്വത്തിന്റെ പുനർവിതരണത്തിന്റെ അഭൂതപൂർവമായ സാദ്ധ്യതയിലേക്കു തുറക്കുന്നു. എങ്കിലും തെറ്റായി നിയന്ത്രിക്കപ്പെടുകയാണെങ്കിൽ, അത് ദാരിദ്ര്യത്തിന്റെയും അസമത്വത്തിന്റെയും വർദ്ധനവിനു വഴിതെളിക്കുകയും ഒരു ആഗോള പ്രതിസന്ധിക്കുപോലും തുടക്കംകുറിക്കുകയും ചെയ്യും. *ജനതകൾ തമ്മിലും ജനതകൾക്കുള്ളിലും ഭിന്നതകൾ ഉളവാക്കുന്ന തെറ്റായ പ്രവർത്തനങ്ങൾ* — അവയിൽ ചിലത് ഗുരുതരമാണ് — തിരുത്തേണ്ടതും സ്വത്തിന്റെ പുനർവിതരണം ദാരിദ്ര്യത്തിന്റെ പുനർവിതരണത്തിലോ വർദ്ധനവിലോ കൂടി സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്; ഇപ്പോഴത്തെ സ്ഥിതി മോശമായി നിയന്ത്രിക്കുകയാണെങ്കിൽ ഉണ്ടാകുന്ന ഒരു യഥാർത്ഥ അപകടമാണിത്. ദരിദ്രരായ ജനങ്ങൾ വികസനത്തിന്റെ ഒരു നിശ്ചിത ഘട്ടത്തിൽ കഴിയണമെന്നും വികസിതരായ ജനങ്ങളുടെ ജീവകാരുണ്യപരമായ സഹായം ലഭിക്കുന്നതിൽ സംതൃപ്തരാകണമെന്നും ദീർഘകാലമായി കരുതപ്പെട്ടിരുന്നു. '*ജനതകളുടെ പുരോഗതി*'യിൽ പോൾ ആറാമൻ ഈ മനഃസ്ഥിതിയെ ശക്തമായി എതിർത്തിട്ടുണ്ട്. ഇന്ന് ഈ ജനങ്ങളെ ദാരിദ്ര്യത്തിൽനിന്നു രക്ഷിക്കാൻ മുൻപത്തേക്കാൾ വളരെയധികം ഭൗതിക വിഭവങ്ങൾ ലഭ്യമാകുന്നുണ്ട്.

www.malankaralibrary.com

എന്നാൽ അതിൽ കൂടുതലും ഒടുവിൽ എത്തിച്ചേർന്നത്, വികസിതരാജ്യങ്ങളിൽനിന്നുള്ള ജനങ്ങളുടെ കൈകളിലാണ്. മൂലധനത്തിന്റെയും തൊഴിലിന്റെയും നീക്കത്തിൽ സംഭവിച്ച ഉദാരവത്കരണത്തിൽനിന്ന് കൂടുതൽ പ്രയോജനം ലഭിച്ചത് ഈ രാജ്യങ്ങൾക്കാണ്. അതുകൊണ്ട്, സ്വാർത്ഥപരമോ സ്വയസംരക്ഷണപരമോ സ്വകാര്യ താത്പര്യങ്ങൾക്ക് ഉതകുന്നതോ ആയ പദ്ധതികൾ, സമൃദ്ധിയുടെ ഘടകങ്ങളുടെ ലോകമെമ്പാടുമുള്ള വ്യാപനത്തിന് തടസ്സമാകാൻ പാടില്ല. തീർച്ചയായും, വികസ്വരമായ അഥവാ പുരോഗമിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ പങ്കാളിത്തം ഈ പ്രതിസന്ധിയെ മെച്ചമായി കൈകാര്യം ചെയ്യാൻ ഇന്നു നമ്മെ പ്രാപ്തരാക്കുന്നു. ആഗോളവത്കരണത്തിന്റെ പ്രക്രിയയിൽ അന്തർലീനമായിട്ടുള്ള മാറ്റം വലിയ പ്രയാസങ്ങളും അപകടങ്ങളും കൊണ്ടുവരുന്നുണ്ട്. ഐക്യദാർഢ്യത്തിന്റെ മാനവീകരണ ലക്ഷ്യത്തിലേക്ക് ആഗോളവത്കരണത്തെ ശക്തമായി മുന്നോട്ടുനീക്കുന്ന, നരവംശശാസ്ത്രത്തിന്റെയും സദാചാരത്തിന്റെയും അന്തർലീന ചൈതന്യത്തെ ഉപയോഗപ്പെടുത്താൻ നമുക്കു സാധിച്ചെങ്കിൽ മാത്രമേ ഇവ തരണം ചെയ്യാൻ കഴിയൂ. വ്യക്ത്യധിഷ്ഠിതവും പ്രയോജനവാദപരവുമായ സ്വഭാവമുള്ള, സദാചാരപരവും സാംസ്കാരികവുമായ പരിഗണനകൾ നിർഭാഗ്യവശാൽ പലപ്പോഴും ഈ ചൈതന്യത്തെ മുക്കിക്കളയുകയോ ഞെരുക്കുകയോ ചെയ്യുന്നു. ആഗോളവത്കരണം അനേകഭാവങ്ങളുള്ളതും സങ്കീർണ്ണവുമായ ഒരു പ്രതിഭാസമാണ്. ദൈവശാസ്ത്രപരമായ മാനം ഉൾപ്പെടെയുള്ള അതിന്റെ എല്ലാ വ്യത്യസ്തമാനങ്ങളുടെയും നാനാത്വത്തിലും ഏകത്വത്തിലും ഈ പ്രതിഭാസത്തെ മനസ്സിലാക്കേണ്ടതാണ്. *ഇപ്രകാരം മനുഷ്യവർഗ്ഗത്തിന്റെ ആഗോളവത്കരണം അനുഭവിക്കാനും ആപേക്ഷികമായരീതിയിൽ, കൂട്ടായ്മയുടെയും വിഭവങ്ങളുടെ പങ്കുവയ്ക്കലിന്റെയും രീതിയിൽ, അതിനെ നിയന്ത്രിക്കാനും സാധിക്കും.*

www.malankaralibrary.com

## അദ്ധ്യായം നാല്

# ജനതകളുടെ വികസനം അവകാശങ്ങളും കർത്തവ്യങ്ങളും പരിസ്ഥിതി

43. "നമുക്ക് പ്രയോജനകരമായ മാനുഷിക ഐക്യദാർഢ്യം എന്ന യാഥാർത്ഥ്യം ഒരു കർത്തവ്യം നമ്മിൽ ചുമത്തുകയും ചെയ്യുന്നുണ്ട്."[105] തങ്ങളോടു തന്നെയല്ലാതെ മറ്റാരോടും ത ങ്ങൾക്ക് യാതൊരു കടപ്പാടുമില്ലെന്ന് ഇന്ന് അനേകർ അവ കാശപ്പെടുന്നു. അവരുടെ അവകാശങ്ങളെക്കുറിച്ചു മാത്രമേ അവർക്ക് താത്പര്യമുള്ളൂ. തങ്ങളുടെ തന്നെയും മറ്റുള്ളവരുടെ യും സമഗ്രവികസനത്തിനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കു ന്നതിൽ അവർക്കു പലപ്പോഴും വലിയ വൈഷമ്യമുണ്ട്. അതു കൊണ്ട് *അവകാശങ്ങൾ കേവലം ദുഃസ്വാതന്ത്ര്യം ആയിത്തീ രാതിരിക്കണമെങ്കിൽ അവയെക്കുറിച്ചുള്ള സങ്കല്പത്തിൽ എ പ്രകാരമാണ് കർത്തവ്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നത്*[106] എന്ന തിനെപ്പറ്റി ഒരു പുനർവിചിന്തനം ആവശ്യമായിരിക്കുന്നു എന്നത് സുപ്രധാനമാണ്. ഇക്കാലത്ത് ഗുരുതരമായ ഒരു പൊരുത്തക്കേടിന് നാം സാക്ഷ്യം വഹിക്കുന്നു; ഒരു വശത്ത്, സ്വഭാവത്തിൽ സ്വേച്ഛാപരവും അത്യാവശ്യമല്ലാത്തതുമായ അവകാശവാദങ്ങൾ ഉന്നയിക്കപ്പെടുന്നു. അതോടൊപ്പം പൊതുഘടനകൾ അവയെ അംഗീകരിക്കുകയും പ്രോത്സാ ഹിപ്പിക്കുകയും ചെയ്യണമെന്ന ആവശ്യവും ഉയരുന്നു. മറുവ ശത്ത്, പ്രാഥമികവും അടിസ്ഥാനപരവുമായ അവകാശങ്ങൾ അംഗീകരിക്കപ്പെടാതെയിരിക്കുകയും ലോകത്തിന്റെ പലഭാ ഗത്തും അവ ലംഘിക്കപ്പെടുകയും ചെയ്യുന്നു.[107] സമ്പദ്സ

www.malankaralibrary.com

മൃദ്ധമായ സമൂഹങ്ങളിലെ "ആധികൃത്തിനുള്ള അവകാശ" ത്തിനുവേണ്ടി, നിയമലംഘനത്തിനും ദുർവൃത്തിക്കുപോലു മുള്ള അവകാശത്തിനുവേണ്ടി, ഉന്നയിക്കപ്പെടുന്ന വാദങ്ങളും, അവികസിതലോകത്തിന്റെ മേഖലകളിലും വൻനഗരകേന്ദ്ര ങ്ങളുടെ പ്രാന്തങ്ങളിലും ഭക്ഷണം, കുടിവെള്ളം, അടിസ്ഥാന വിദ്യാഭ്യാസം, പ്രാഥമികാരോഗ്യപരിചരണം തുടങ്ങിയവയുടെ അഭാവവും തമ്മിലുള്ള ഒരു ബന്ധം പലപ്പോഴും ശ്രദ്ധിക്കപ്പെട്ടി ട്ടുണ്ട്. ഈ ബന്ധം ഇനി പറയുന്നതിലാണ് അടങ്ങിയിരിക്കു ന്നത്: വ്യക്തിപരമായ അവകാശങ്ങൾക്ക് പൂർണ്ണഅർത്ഥം നൽകുന്ന കർത്തവ്യങ്ങളുടെ ചട്ടക്കൂട്ടിൽനിന്ന് അവ വിച്ഛേദി ക്കപ്പെടുമ്പോൾ, ഫലത്തിൽ അപരിമിതവും വിവേചനരഹി തവുമായ ആവശ്യങ്ങളുടെ ആധികൃത്തിലേക്ക് നയിച്ചു കൊണ്ട് അവ അനിയന്ത്രിതമായിത്തീരാം. അവകാശങ്ങൾ നൽകുന്ന അമിതമായ ഊന്നൽ കർത്തവ്യങ്ങൾ അവഗണിക്കു ന്നതിലേക്ക് നയിക്കുന്നു. കർത്തവ്യങ്ങൾ അവകാശങ്ങൾക്ക് ഒരു പരിധി കല്പിക്കുന്നു. കാരണം അവകാശങ്ങൾ ഭാഗമാ യിട്ടുള്ള നരവംശശാസ്ത്രപരവും സദാചാരപരവുമായ ചട്ട ക്കൂട്ടിലേക്ക് അവ വിരൽചൂണ്ടുന്നു. ഈ രീതിയിൽ അവ ദുഃ സ്വാതന്ത്ര്യമായിത്തീരുന്നില്ലെന്ന് ഉറപ്പാക്കുന്നു. തന്മൂലം കർ ത്തവ്യങ്ങൾ അവകാശങ്ങളെ ശക്തിപ്പെടുത്തുകയും പൊ തുനന്മയുടെ സേവനത്തിന് ചെയ്യേണ്ട ഒരു ദൗത്യം എന്ന നി ലയിൽ അവയുടെ പ്രതിരോധവും പ്രോത്സാഹനവും ആവശ്യ പ്പെടുകയും ചെയ്യുന്നു. അല്ലാത്തപക്ഷം, മനുഷ്യാവകാശങ്ങളു ടെ അടിസ്ഥാനം ഒരു പൗരസമൂഹത്തിന്റെ തീരുമാനങ്ങളെ ആശ്രയിച്ചാണെങ്കിൽ, ആ അവകാശങ്ങൾ ഏതു സമയവും മാറ്റപ്പെടാം. അതുകൊണ്ട് അവയെ ആദരിക്കാനും അനുധാ വനം ചെയ്യാനുമുള്ള കർത്തവ്യം പൊതുവായ അവബോധ ത്തിൽനിന്നു മാഞ്ഞുപോകുന്നു. അപ്പോൾ ഭരണകൂടങ്ങളും അന്തർദ്ദേശീയ സംഘടനകളും അവകാശങ്ങളുടെ വസ്തു നിഷ്ഠതയും "അലംഘനീയത"യും കാണാതെ പോയെന്നു വരാം. ഇതു സംഭവിക്കുമ്പോൾ ജനതകളുടെ യഥാർത്ഥവിക സനം അപകടത്തിലാക്കുകയാണ്.[108] ഇത്തരത്തിലുള്ള ചിന്ത

www.malankaralibrary.com

കളും പ്രവൃത്തികളും അന്താരാഷ്ട്ര സംഘടനകളുടെ അധികാരം സംശയകരമാക്കുന്നു; പ്രത്യേകിച്ച്, വികസനം ഏറ്റവുമധികം ആവശ്യമുള്ള രാജ്യങ്ങളുടെ കണ്ണുകളിൽ. തീർച്ചയായും, ഈ രാജ്യങ്ങൾ ആവശ്യപ്പെടുന്നത് "അവരുടെ സ്വന്തം ഭാഗധേയത്തിന്റെ ശില്പികൾ"[109] ആകാൻ, അതായത് അവരുടെ കർത്തവ്യങ്ങൾ നിർവഹിക്കാൻ, സഹായിക്കാനുള്ള ചുമതല അന്തർദ്ദേശീയ സമൂഹം ഏറ്റെടുക്കണമെന്നാണ്. *കർത്തവ്യങ്ങളുടെ അന്യോന്യമുള്ള പങ്കുവയ്ക്കലാണ് വെറുതെ അവകാശങ്ങൾ ഉറപ്പിച്ചു പറയുന്നതിനേക്കാൾ പ്രവർത്തനത്തിനുള്ള ശക്തമായ ഉത്തേജനം.*

**44.** വികസനത്തിലെ അവകാശങ്ങളും കർത്തവ്യങ്ങളും എന്ന ആശയം *ജനസംഖ്യാവർദ്ധനവിനോടു* ബന്ധപ്പെട്ട പ്രശ്നങ്ങളും കണക്കിലെടുക്കേണ്ടതാണ്. ഇത് യഥാർത്ഥവികസനത്തിന്റെ ഏറെ സുപ്രധാനമായ ഒരു വശമാണ്. കാരണം അത് ജീവിതത്തിന്റെയും കുടുംബത്തിന്റെയും അന്യാധീനപ്പെടുത്താൻ സാദ്ധ്യമല്ലാത്ത മൂല്യങ്ങളോട് ബന്ധപ്പെട്ടതാണ്.[110] ഒരു സാമ്പത്തികവീക്ഷണത്തിൽ നോക്കിയാൽപോലും വികസനമില്ലായ്മയുടെ പ്രാഥമിക കാരണം ജനസംഖ്യാവർദ്ധനവാണെന്നു കരുതുന്നത് തെറ്റാണെന്നു കാണാം. ഒരു വശത്ത്, സാമ്പത്തികമായി പുരോഗതി കൈവരിച്ച രാജ്യങ്ങളിൽ കാണപ്പെടുന്ന ശിശുമരണനിരക്കിലെ ഗണനീയമായ കുറവും ശരാശരി ആയുർദൈർഘ്യത്തിലെ വർദ്ധനവും, മറുവശത്ത്, തങ്ങളുടെ ജനനനിരക്കിൽ അമ്പരിപ്പിക്കുന്ന കുറവു രേഖപ്പെടുത്തുന്ന സമൂഹങ്ങളിൽ കാണാവുന്ന പ്രതിസന്ധിയുടെ അടയാളങ്ങളും പരിഗണിച്ചാൽ മതി ഇതു മനസ്സിലാക്കാൻ. ഉത്തരവാദിത്തപൂർണ്ണമായ സന്താനോല്പാദനത്തിന് അർഹമായ ശ്രദ്ധ വ്യക്തമായി നൽകേണ്ടതാണ്. ഇതിന്, മറ്റുകാര്യങ്ങളുടെ കൂട്ടത്തിൽ, സമഗ്രമനുഷ്യവികസനത്തിനു നൽകാനുള്ള സർഗ്ഗാത്മകസംഭാവനയുണ്ട്. തന്റെ ലൈംഗികതയുടെ പ്രയോഗത്തിൽ മാനുഷിക മൂല്യങ്ങൾക്ക് പൂർണ്ണമായ ആദരവ് നൽകുവാൻ മനുഷ്യനെ, അവന്റെ യഥാർത്ഥവികസനത്തിൽ ഉത്കണ്ഠയുള്ള സഭ ഉദ്ബോധിപ്പിക്കുന്നു. ലൈംഗികതയെ

www.malankaralibrary.com

കേവലം സുഖമോ വിനോദമോ ആയി ചുരുക്കാൻ പാടില്ല. ഉണ്ടായേക്കാവുന്ന രോഗത്തിൽനിന്ന്, അല്ലെങ്കിൽ സന്താനോല്പാദനത്തിന്റെ "അപകടസാദ്ധ്യത"യിൽനിന്ന് തല്പരകക്ഷികളെ സംരക്ഷിക്കുക മാത്രം ലക്ഷ്യമാക്കിയുള്ള സാങ്കേതിക ബോധനമായി ലൈംഗിക വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്. ഇതിലൂടെ ലൈംഗികതയുടെ ആഴത്തിലുള്ള അർത്ഥത്തെ ദരിദ്രമാക്കുകയും അവഗണിക്കുകയുമായിരിക്കും ചെയ്യുക. വ്യക്തികൾ മാത്രമല്ല സമൂഹവും അംഗീകരിക്കുകയും ഉത്തരവാദിത്തപൂർവം വിനിയോഗിക്കുകയും ചെയ്യേണ്ട ഒന്നാണിത്. സുഖത്തിന്റെ ഒരു ഉറവിടമായി മാത്രം ലൈംഗികതയെ കാണുകയും അതുപോലെതന്നെ നിർബന്ധിത ജനന നിയന്ത്രണത്തിന്റെ തന്ത്രങ്ങളിൽക്കൂടി അതിനെ ക്രമീകരിക്കുകയും ചെയ്യുന്നത് ഉത്തരവാദിത്തമില്ലായ്മയാണ്. ഈ രണ്ടു കാര്യങ്ങളിലും ഭൗതികവാദപരമായ ആശയങ്ങളും നയങ്ങളും പ്രവർത്തനനിരതമാകുകയും വ്യക്തികൾ ആത്യന്തികമായി അക്രമത്തിന്റെ വിവിധ രൂപങ്ങൾക്ക് വിധേയരാകുകയും ചെയ്യുന്നു. അങ്ങനെയുള്ള നയങ്ങൾക്കെതിരെ രാഷ്ട്രത്തിനും അതിന്റെ നിയന്ത്രണനിയമങ്ങൾക്കും വിരുദ്ധമായി, ലൈംഗികതയുടെ മേഖലയിൽ[111] കുടുംബത്തിന്റെ പ്രാഥമികമായ സ്ഥാനം പ്രതിരോധിക്കുകയും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ മാതാപിതാക്കന്മാർ അനുയോജ്യമായവിധം തയാറാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

*ജീവിതത്തോട് സാന്മാർഗ്ഗികമായി ഉത്തരവാദിത്തമുള്ള ഒരു തുറവി സമ്പന്നമായ ഒരു സാമൂഹിക സാമ്പത്തിക സ്രോതസിനെ പ്രതിനിധീകരിക്കുന്നു.* ജനപ്പെരുപ്പമുള്ള രാഷ്ട്രങ്ങൾക്ക് ദാരിദ്ര്യത്തിൽനിന്നു കരകയറാൻ കഴിഞ്ഞിട്ടുണ്ട്. അവയുടെ ജനസംഖ്യാബലവും ജനങ്ങളുടെ കഴിവുകളും കൊണ്ടാണിത്. മറുവശത്ത് മുൻപ് ഐശ്വര്യപൂർണ്ണമായിരുന്ന രാജ്യങ്ങൾ ഇപ്പോൾ അനിശ്ചിതത്വത്തിന്റെ ഒരു ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ചിലത് അധഃപതനത്തിലൂടെയും. അവയുടെ ജനനനിരക്കുകളിലെ കുറവാണ് കൃത്യമായി ഇതിന്റെ കാരണം. ഏറെ സമ്പദ്സമൃദ്ധമായ സമൂഹങ്ങൾക്ക് ഇത്

www.malankaralibrary.com

ഒരു നിർണ്ണായക പ്രശ്നമായിത്തീർന്നിരിക്കുന്നു. "പുനഃ സ്ഥാപനനിരപ്പ്" എന്നു വിളിക്കപ്പെടുന്നതലത്തിൽനിന്ന് ചില പ്പോൾ താഴെപ്പോകുന്ന രീതിയിൽ ജനനനിരക്കിൽ ഉണ്ടാകുന്ന കുറവ്, സാമൂഹികക്ഷേമ സംവിധാനങ്ങളിൽ ഞെരുക്കം ഉണ്ടാ ക്കുന്നു. അവയുടെ ചെലവ് വർദ്ധിക്കുന്നു. സമ്പാദ്യങ്ങളെയും തന്മൂലം നിക്ഷേപത്തിന് ആവശ്യമായ സാമ്പത്തികസ്രോതസ്സു കളെയും അതു കാർന്നുതിന്നുന്നു. യോഗ്യത നേടിയ തൊ ഴിലാളികളുടെ ലഭ്യത കുറയ്ക്കുകയും തങ്ങളുടെ ആവശ്യ ങ്ങൾക്കുവേണ്ടി രാഷ്ട്രങ്ങൾക്ക് ഉപയോഗിക്കാവുന്ന "മസ്തി ഷ്കസഞ്ചയ"ത്തെ ചുരുക്കുകയും ചെയ്യുന്നു. കൂടാതെ, ചെറു തും ചിലപ്പോൾ സൂക്ഷ്മവുമായ കുടുംബങ്ങൾ സാമൂഹിക ബന്ധങ്ങൾ ദരിദ്രമാക്കുകയും ഐക്യദാർഢ്യത്തിന്റെ ഫലപ്രദ മായ രൂപങ്ങൾ ഉറപ്പാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യു ക എന്ന അപകടസാദ്ധ്യതയിലൂടെ കടന്നുപോകുന്നു. ഭാവി യെക്കുറിച്ചുള്ള അല്പവിശ്വാസത്തിന്റെയും സാന്മാർഗ്ഗികമായ തളർച്ചയുടെയും ലക്ഷണങ്ങളാണ് ഈ അവസ്ഥകൾ. അങ്ങ നെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും മനോഹാരിത യും വ്യക്തിയുടെ ഏറ്റവും അഗാധമായ ആവശ്യങ്ങളോടും അന്തസ്സിനോടും ഈ സ്ഥാപനങ്ങൾ ഇണങ്ങുന്നുവെന്നുള്ള വസ്തുതയും വരുംതലമുറകളുടെ മുന്നിൽ ഒരിക്കൽകൂടി ഉയർത്തിക്കാട്ടേണ്ടത് സാമൂഹികവും സാമ്പത്തികംപോലു മായ ഒരു ആവശ്യമായിത്തീർന്നുകൊണ്ടിരിക്കുന്നു. ഇക്കാര ണത്താൽ, സമൂഹത്തിന്റെ പ്രാഥമിക സജീവഘടകമായ,[112] ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള വിവാഹത്തിൽ അധിഷ്ഠിതമായ, *കുടുംബത്തിന്റെ കേന്ദ്രാഭിമുഖ്യതയും സമഗ്രതയും പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ* പ്രാവർത്തിക മാക്കാനും അതിന്റെ അത്യാവശ്യമുള്ള ബന്ധുത്വപരമായ സ്വഭാവം ആദരിച്ചുകൊണ്ട് അതിന്റെ സാമ്പത്തികവും ധന വിനിയോഗപരവുമായ ആവശ്യങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കാനും രാഷ്ട്രങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

**45.** വ്യക്തിയുടെ ഏറ്റവും അഗാധമായ ധാർമ്മികാ വശ്യങ്ങൾ നിറവേറ്റാനുള്ള ശ്രമത്തിന് സാമ്പത്തിക ശാസ്ത്ര

www.malankaralibrary.com

ത്തിന്റെ തലത്തിലും സുപ്രധാനവും പ്രയോജനകരവുമായ അനന്തരഫലങ്ങൾ ഉണ്ട്. *ശരിയായി പ്രവർത്തിക്കാൻ സമ്പദ്വ്യവസ്ഥയ്ക്ക് സദാചാരം വേണം* —ഏതെങ്കിലും സദാചാരമല്ല, ജനകേന്ദ്രീകൃതമായ സദാചാരം. സമ്പദ്വ്യവസ്ഥയുടെയും ധനപരമായ ഇടപാടുകളുടെയും ബിസിനസ്സിന്റെയും ലോകത്ത് സദാചാരത്തെക്കുറിച്ച് നാം ഇന്നു ധാരാളം കേൾക്കുന്നുണ്ട്. ബിസിനസ് സദാചാരത്തെക്കുറിച്ചുള്ള ഗവേഷണ കേന്ദ്രങ്ങളും ചർച്ചാസമ്മേളനങ്ങളും വർദ്ധിച്ചുവരുന്നു. സമൂഹത്തോടുള്ള ബിസിനസ്സിന്റെ ഉത്തരവാദിത്തങ്ങളോടു ബന്ധപ്പെട്ട ആശയങ്ങളുടെ നീക്കത്തിന്റെ ഭാഗമായി, സദാചാര സംബന്ധമായ സാക്ഷ്യപ്പെടുത്തൽ സമ്പ്രദായം വികസിത ലോകത്തിൽ ഉടനീളം വ്യാപിച്ചുവരികയാണ്. ബാങ്കുകൾ "സദാചാരപരമായ" അക്കൗണ്ടുകളും നിക്ഷേപങ്ങളും നിർദ്ദേശിക്കുന്നു. പ്രത്യേകമായി, ചെറുവായ്പകളിലൂടെയും കൂടുതൽ പൊതുവായി, ധനപരമായ ചെറിയ ഇടപാടുകളിലൂടെയും "സദാചാരപരമായ സാമ്പത്തികഇടപാടുകൾ" വികസിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രക്രിയകൾ പ്രശംസനീയവും ഏറെ പിന്തുണ അർഹിക്കുന്നവയുമാണ്. ലോകത്തിലെ വികസനം കുറഞ്ഞ മേഖലകളിലും അവയുടെ സർഗ്ഗാത്മകഫലങ്ങൾ അനുഭവപ്പെടുന്നുണ്ട്. എങ്കിലും "സദാചാരപരമായ" എന്ന വിശേഷണം ദുരുപയോഗപ്പെടുത്താവുന്നതുകൊണ്ട്, വിവേചിച്ചറിയാനുള്ള ഭദ്രമായ ഒരു മാനദണ്ഡം വികസിപ്പിച്ചെടുക്കുന്നത് ആശാസ്യമായിരിക്കും. ഈ വാക്ക് പൊതുവായ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുമ്പോൾ എത്രയോ അധികം വ്യാഖ്യാനങ്ങൾക്ക്, നീതിക്കും യഥാർത്ഥ മനുഷ്യക്ഷേമത്തിനും വിരുദ്ധമായ തീരുമാനങ്ങളും തെരഞ്ഞെടുപ്പുകളും അതിൽ ഉൾപ്പെടുന്ന അവസ്ഥവരെ പോലും, അത് ഇടം കൊടുക്കുന്നു.

വാസ്തവത്തിൽ അത് ഏറെ ആശ്രയിക്കുന്നത് അതിൽ അന്തർഭവിച്ചിരിക്കുന്ന സദാചാരസമ്പ്രദായത്തെയാണ്. ഈ വിഷയത്തിൽ സഭയുടെ സാമൂഹികപ്രബോധനത്തിന് എടുത്തുപറയത്തക്ക ഒരു സംഭാവന നൽകാൻ കഴിയും. കാരണം, അത് "ദൈവത്തിന്റെ ഛായയിലുള്ള" (ഉത്പ. 1:27) മനു

www.malankaralibrary.com

ഷ്യന്റെ സൃഷ്ടിയിൽ അധിഷ്ഠിതമാണ്. മനുഷ്യവ്യക്തിയുടെ അലംഘനീയമായ അന്തസ്സും സ്വാഭാവിക സദാചാരനിയമങ്ങളും അതീന്ദ്രിയമൂല്യവും ഉദിക്കുന്നത് ഈ അടിസ്ഥാനതത്ത്വത്തിൽ നിന്നാണ്. ഈ രണ്ടു സ്തംഭങ്ങളിൽനിന്ന് ബിസിനസ് സദാചാരം വേറിട്ടു നിൽക്കുമ്പോൾ അതിന്റെ സവിശേഷസ്വഭാവം അതിന് നഷ്ടപ്പെടുന്ന അപകടം അനിവാര്യമായി ഉണ്ടാകുകയും അത് ചൂഷണത്തിന്റെ രൂപങ്ങൾക്ക് ഇരയായിത്തീരുകയും ചെയ്യുന്നു. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, അവയുടെ വികലമായ പ്രവർത്തനത്തിന്റെ വശങ്ങളെ തിരുത്തുക എന്നതിനേക്കാൾ കൂടുതലായി നിലവിലുള്ള സാമ്പത്തികവും ധനപരവുമായ സമ്പ്രദായങ്ങൾക്ക് വിധേയമാകുക എന്ന അപകടസാധ്യത ഉണ്ടാകുന്നു. മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, യഥാർത്ഥത്തിൽ അധാർമ്മികമായ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനെ ന്യായീകരിക്കാൻ അതിനെ ഉപയോഗിക്കുന്നു എന്ന അപകടസാദ്ധ്യതയുണ്ട്. "സദാചാരപരം" എന്ന് ഔപചാരികമായി വിളിച്ചിട്ടില്ലാത്ത ഉദ്യമങ്ങൾ സദാചാരപരമല്ല എന്നു സൂചിപ്പിക്കുന്ന വിധത്തിൽ ആദർശപരമായ അന്തരങ്ങൾ സൃഷ്ടിക്കാൻ ഈ വാക്ക് ഉപയോഗിക്കരുത്. സമ്പദ്‌വ്യവസ്ഥയിൽ അഥവാ ധനപരമായ ലോകത്തിൽ "സദാചാരപരമായ" മേഖലകളോ വിഭാഗങ്ങളോ സൃഷ്ടിക്കാൻവേണ്ടി മാത്രമല്ല, കേവലം ബാഹ്യമായ ഒരു മേൽവിലാസത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അതിന്റെ സ്വഭാവത്തിനുതന്നെ സഹജമായ ആവശ്യങ്ങളോടുള്ള ആദരവു കാരണം സമ്പദ് വ്യവസ്ഥ മുഴുവൻ, ധനപരമായ പ്രവർത്തനങ്ങളാകെ, സദാചാരപരമാണെന്ന് ഉറപ്പു വരുത്താനുള്ള പരിശ്രമങ്ങൾ — ഇതു പറയേണ്ടത് സർവ്വ പ്രധാനമാണ് — ആവശ്യമാണ്. സമ്പദ്‌വ്യവസ്ഥ അതിന്റെ എല്ലാ ശാഖകളിലും മാനുഷിക പ്രവർത്തനത്തിന്റെ ഒരു മേഖലയ്ക്ക് രൂപം കൊടുക്കുന്നു എന്ന് അനുസ്മരിച്ചുകൊണ്ടുള്ള, ഈ വിഷയത്തിലെ സഭയുടെ സാമൂഹികപ്രബോധനം തികച്ചും വ്യക്തമാണ്.[113]

**46.** *ബിസിനസ്സും സദാചാരവും തമ്മിലുള്ള ബന്ധത്തിൽ* അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങളും അതുപോലെതന്നെ

www.malankaralibrary.com

ഉല്പാദനരീതിയിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമവും നാം പരിഗണിക്കുമ്പോൾ ലാഭാധിഷ്ഠിത കമ്പനികളും ലാഭം ലക്ഷ്യമാക്കാത്ത സംഘടനകളും തമ്മിലുള്ള പരമ്പരാഗതമായി സാധുവായ അന്തരം യാഥാർത്ഥ്യത്തോട് പൂർണ്ണമായി നീതി പുലർത്തുകയോ ഭാവിയിലേക്ക് പ്രായോഗിക മാർഗ്ഗനിർദ്ദേശം നൽകുകയോ ചെയ്യുന്നില്ല എന്നു കാണാം. ഇക്കഴിഞ്ഞ ദശകങ്ങളിൽ സംരംഭത്തിന്റെ ഈ രണ്ടു മാതൃകകളുടെ ഇടയിൽ വിശാലമായ ഒരു മദ്ധ്യമേഖല ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. അവികസിതരാജ്യങ്ങളെ പിന്തുണയ്ക്കുന്ന സാമൂഹിക സഹായ കരാറുകൾക്ക് സംഭാവന ചെയ്യുന്ന പരമ്പരാഗത കമ്പനികൾ, വ്യക്തിഗത കമ്പനികളോടു ബന്ധപ്പെട്ട പരസ്നേഹ പ്രവർത്തനത്തിനുള്ള സ്ഥാപനങ്ങൾ, സാമൂഹികക്ഷേമം ലക്ഷ്യമാക്കുന്ന കമ്പനികളുടെ കൂട്ടായ്മകൾ, “പൗര സമ്പദ് വ്യവസ്ഥ”യെന്നും “കൂട്ടായ്മയുടെ സമ്പദ്വ്യവസ്ഥ” യെന്നും വിളിക്കപ്പെടുന്നതിന്റെ വൈവിധ്യവത്ക്കരിക്കപ്പെട്ട ലോകം എന്നിവയെല്ലാം കൂടിച്ചേർന്നതാണിത്. ഇതു കേവലം ഒരു “മൂന്നാം മേഖല”യുടെ കാര്യമല്ല. ലാഭം ഒഴിവാക്കാത്തതും, ലാഭത്തെ മാനുഷികവും സാമൂഹികവുമായ ലക്ഷ്യങ്ങൾ നേടാനുള്ള ഒരു മാർഗ്ഗമായി കരുതുകയും ചെയ്യുന്ന, സ്വകാര്യ പൊതുരംഗങ്ങളെ സമാശ്ലേഷിക്കുന്ന, വിശാലമായ ഒരു പുതിയ സംയോജിത യാഥാർത്ഥ്യത്തിന്റെ കാര്യമാണിത്. അത്തരം കമ്പനികൾ ലാഭവിഹിതം വിതരണം ചെയ്യുന്നുണ്ടോ ഇല്ലയോ, അവയുടെ നൈയാമികഘടന വ്യവസ്ഥാപിതമായ ഏതെങ്കിലും രൂപത്തിനു സദൃശ്യമാണോ എന്നിവയ്ക്ക്, കൂടുതൽ മനുഷ്യത്വപരമായ ഒരു വിപണിയും സമൂഹവും എന്ന ലക്ഷ്യം നേടാനുള്ള ഒരു മാർഗ്ഗമായി ലാഭത്തെ വീക്ഷിക്കാനുള്ള അവയുടെ സന്നദ്ധതയോടു തുലനം ചെയ്യുമ്പോൾ രണ്ടാം സ്ഥാനമേയുള്ളൂ. ഈ പുതിയ രീതിയിലുള്ള സംരംഭങ്ങൾ എല്ലാ രാജ്യങ്ങളിലും നിയമപരവും ധനവിനിയോഗപരവുമായി അനുയോജ്യമായ ഒരു ഘടന കണ്ടെത്തുന്നതിൽ വിജയിക്കും എന്നു പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു. കൂടുതൽ പരമ്പരാഗതരൂപങ്ങളിലുള്ള ബിസിനസ്സിന്റെ പ്രാധാന്യത്തെ

www.malankaralibrary.com

യും സാമ്പത്തിക സാമൂഹിക പ്രയോജനങ്ങളേയും ബാധിക്കാതെതന്നെ, സാമ്പത്തിക സ്ഥാപനങ്ങൾ അവയുടെ ചുമതലകൾ കൂടുതൽ വ്യക്തമായും പൂർണ്ണമായും ഏറ്റെടുക്കുന്നതിലേക്ക് വ്യവസ്ഥിതിയെ നയിക്കുന്നു. അതുമാത്രമല്ല. *ബിസിനസിന്റെ സ്ഥാപനപരമായ രൂപങ്ങളുടെ വൈവിധ്യം തന്നെ കൂടുതൽ പരിഷ്കൃതമെന്നു മാത്രമല്ല കൂടുതൽ മത്സരാത്മകവുമായ ഒരു വിപണി സംജാതമാക്കുന്നു.*

47. വിവിധ തരത്തിലുള്ള ബിസിനസ്സുകളെ, പ്രത്യേകിച്ച് ലാഭത്തെ കൂടുതൽ മനുഷ്യത്വപരമായ ഒരു വിപണിയും സമൂഹവും എന്ന ലക്ഷ്യം നേടിയെടുക്കാനുള്ള മാർഗ്ഗമായി കാണാൻ കഴിയുന്നവയെ, ശക്തിപ്പെടുത്താനുള്ള ശ്രമം; ആഗോള സമ്പദ്വ്യവസ്ഥയുടെ സ്വാധീനവൃത്തങ്ങളിൽനിന്ന് ഒഴിവാക്കപ്പെടുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്യുന്ന രാജ്യങ്ങളിലും ഉണ്ടാകേണ്ടതാണ്. ഈ രാജ്യങ്ങളിൽ, വികേന്ദ്രീകരണത്തിൽ അധിഷ്ഠിതമായ, അനുയോജ്യമായവിധത്തിൽ ആസൂത്രിതവും നിയന്ത്രിതവുമായ, അവകാശങ്ങൾക്ക് ഊന്നൽ നൽകുകയും എന്നാൽ ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്ന പദ്ധതികളുമായി മുന്നേറേണ്ടത് ഏറെ സുപ്രധാനമാണ്. *വികസന പരിപാടികളിൽ*, വികസനത്തിന് പ്രാഥമികമായി ഉത്തരവാദിത്തമുള്ള വ്യക്തിയെന്ന നിലയിൽ, *മനുഷ്യവ്യക്തിയുടെ കേന്ദ്രസ്ഥാനം* എന്ന തത്ത്വം നിലനിർത്തേണ്ടതാണ്. ഒരു നിശ്ചിതസ്ഥലത്തെ ആളുകളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ദരിദ്രാവസ്ഥമൂലം അവർക്കു പൂർത്തിയാക്കാൻ കഴിയാത്ത ചുമതലകൾ നിർവഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് പ്രധാനകാര്യം. സാമൂഹികതാല്പര്യം ഒരിക്കലും അമൂർത്തമായ ഒരു മനോഭാവമായിരിക്കാൻ പാടില്ല. വികസന പരിപാടികൾ, പ്രത്യേക സ്ഥിതിഗതികളുമായി ഇണങ്ങിപ്പോകണമെങ്കിൽ അവ അയവുള്ളവയായിരിക്കണം. അവയിൽനിന്ന് പ്രയോജനം ലഭിക്കുന്നവർക്ക് അവയുടെ ആസൂത്രണത്തിലും പങ്കുണ്ടാകേണ്ടിയിരിക്കുന്നു.

www.malankaralibrary.com

സാർവ്വത്രികമായി സാധുതയുള്ള പരിഹാരങ്ങൾ ഇല്ലാത്തതുകൊണ്ട്, പ്രയോഗിക്കപ്പെടേണ്ട മാനദണ്ഡം ഐക്യദാർഢ്യത്തിന്റെ ഒരു പശ്ചാത്തലത്തിൽ, ഫലങ്ങൾ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചുകൊണ്ട്, വർദ്ധിതമായ വികസനം ലക്ഷ്യമാക്കേണ്ടതാണ്. അധികവും ആശ്രയിച്ചിരിക്കുന്നത് പരിപാടികൾ പ്രായോഗികമായി നടപ്പിലാക്കുന്ന രീതിയെയാണ്. "ജനങ്ങളുടെ സ്വന്തം വികസനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള മുഖ്യ ഉത്തരവാദിത്തം അവർക്കു തന്നെയാണുള്ളത്. പക്ഷേ, അവർ ഇത് ചെയ്യുക ഒറ്റപ്പെട്ട അവസ്ഥയിലല്ല."[114] നമ്മുടെ ലോകം ക്രമാനുഗതമായി കൂടുതൽ സമഗ്രമായിത്തീരുന്നതുകൊണ്ട്, ഇക്കാലത്ത് പോൾ ആറാമന്റെ ഈ വാക്കുകൾ മുൻപെന്നത്തേയുംകാൾ കാലോചിതമാണ്. ഇങ്ങനെയുള്ള ഉൾപ്പെടുത്തലിന്റെ കർമ്മനിരതമായ അവസ്ഥ സ്വയമേ സംഭവിക്കുന്ന ഒന്നല്ല. ഓരോ അവസ്ഥയുടെയും വിവേകപൂർണ്ണമായ ഒരു വിലയിരുത്തൽ അടിസ്ഥാനമാക്കി ജനങ്ങളുടെ സമൂർത്തജീവിതങ്ങളോടു ബന്ധപ്പെട്ട് പരിഹാരങ്ങൾ ശ്രദ്ധാപൂർവ്വം രൂപപ്പെടുത്തേണ്ട ആവശ്യമുണ്ട്. വൻകിട പദ്ധതികളോടൊപ്പം ചെറു പദ്ധതികൾക്കും ഒരു ഇടമുണ്ട്. എല്ലാറ്റിലുമുപരി നൈയാമിക വ്യക്തിത്വവും ശാരീരിക വ്യക്തിത്വവും ഉള്ളവർ ഉൾപ്പെടെ പൗരസമൂഹത്തിലെ മുഴുവൻ അംഗങ്ങളേയും സജീവമായി രൂപപ്പെടുത്തേണ്ട ആവശ്യമുണ്ട്.

*അന്താരാഷ്ട്ര സഹകരണത്തിന്,* തങ്ങളുടെ സാന്നിദ്ധ്യത്തിന്റെയും മേൽനോട്ടത്തിന്റെയും പരിശീലനത്തിന്റെയും ആദരവിന്റെയും ഐക്യദാർഢ്യത്തിലൂടെ സാമ്പത്തികവും മാനുഷികവുമായ പ്രക്രിയയുടെ ഭാഗമാകാൻ കഴിയുന്ന ആളുകളെ ആവശ്യമുണ്ട്. പലപ്പോഴും അമിതമായ ചെലവുള്ള അവരുടെ ഉദ്യോഗസ്ഥമേധാവിത്വപരവും ഭരണപരവുമായ പ്രവർത്തനസംവിധാനത്തിന്റെ യഥാർത്ഥ ഫലപ്രാപ്തിയെ ഈ നിലപാടിൽനിന്ന് അന്താരാഷ്ട്ര സംഘടനകൾ ചോദ്യം ചെയ്തേക്കാം. സഹായം സ്വീകരിക്കുന്നവർ സഹായം നൽകുന്നവർക്ക് വിധേയരായിത്തീരുക, വികസനം ഉദ്ദേശിച്ചുള്ള പണത്തിന്റെ വളരെ വലിയ ഒരു ശതമാനം തട്ടിയെടുക്കുന്ന ചെലവേറിയ

www.malankaralibrary.com

ഉദ്യോഗസ്ഥാധിപത്യം ശാശ്വതമാക്കാൻ ദരിദ്രർ സഹായിക്കുക എന്നിവ ചിലപ്പോൾ സംഭവിക്കാറുണ്ട്. അതുകൊണ്ട് സഹകരണത്തിന്റെ പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള അവരുടെ വരുമാനത്തിന്റെ ശതമാനം, ആ പരിപാടികളുടെ യഥാർത്ഥ ഉള്ളടക്കം, അവസാനമായി അതു നടപ്പാക്കുന്നതിന്റെ തന്നെ വിശദമായ ചെലവ് എന്നിവ ദാതാക്കളേയും പൊതുജനങ്ങളേയും അറിയിച്ചുകൊണ്ട് എല്ലാ അന്തർദ്ദേശീയ ഏജൻസികളും സർക്കാരേതരസംഘടനകളും പരിപൂർണ്ണ സുതാര്യതയോട് സ്വയം പ്രതിബദ്ധത പുലർത്തുമെന്ന് പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.

48. ഇന്ന് വികസനം എന്ന വിഷയം *പ്രകൃതിയിലെ പരിസ്ഥിതിയോട് നമുക്കുള്ള ബന്ധത്തിൽനിന്ന്* ഉത്ഭവിക്കുന്ന കർത്തവ്യങ്ങളോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. പരിസ്ഥിതി എല്ലാവർക്കുമുള്ള ദൈവത്തിന്റെ ദാനമാണ്. നാം അത് ഉപയോഗിക്കുമ്പോൾ, നമുക്ക് ദരിദ്രരോടും വരുംതലമുറകളോടും മനുഷ്യവർഗ്ഗം മുഴുവനോടു തന്നെയും ഒരു ഉത്തരവാദിത്തമുണ്ട്. മനുഷ്യരുൾപ്പെടെയുള്ള പ്രകൃതിയെ വെറും യാദൃച്ഛികതയുടെയോ പരിണാമപരമായ നിർണ്ണയവാദത്തിന്റെയോ ഫലം എന്ന നിലയിൽ കാണുമ്പോൾ, നമ്മുടെ ഉത്തരവാദിത്തബോധം ക്ഷയിക്കുന്നു. പ്രകൃതിയിൽ ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനത്തിന്റെ വിസ്മയകരമായ ഫലം ഒരു വിശ്വാസി തിരിച്ചറിയുന്നു. സൃഷ്ടിയിൽ അന്തർലീനമായ സന്തുലിതാവസ്ഥയെ മാനിച്ചുകൊണ്ട് ഭൗതികമോ അല്ലാത്തതോ ആയ നമ്മുടെ ന്യായമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻവേണ്ടി ഇത് നമുക്ക് ഉപയോഗിക്കാവുന്നതാണ്. ഈ ദർശനം നഷ്ടപ്പെടുന്നപക്ഷം നാം പ്രകൃതിയെ ഒരു അസ്പൃശ്യവസ്തുവായി പരിഗണിക്കുന്നതിലോ അതല്ലെങ്കിൽ അതിനെ ദുരുപയോഗിക്കുന്നതിലോ എത്തിച്ചേരും. ഈ രണ്ടു മനോഭാവവും പ്രകൃതിയെ ദൈവത്തിന്റെ സൃഷ്ടിയുടെ ഫലമായി കണക്കാക്കുന്ന ക്രൈസ്തവദർശനവുമായി പൊരുത്തപ്പെടുന്നില്ല.

*പ്രകൃതി സ്നേഹത്തിന്റെയും സത്യത്തിന്റെയും ഒരു രൂപരേഖ പ്രകടമാക്കുന്നു.* അത് നമുക്ക് മുൻപേയുള്ളതാണ്.

www.malankaralibrary.com

നമ്മുടെ ജീവിതത്തിന്റെ പശ്ചാത്തലമായി അതു നമുക്ക് ദൈവം നൽകിയിരിക്കുന്നു. സ്രഷ്ടാവിനെയും (cf. *റോമ.* 1:20) മനുഷ്യവർഗ്ഗത്തോടുള്ള അവിടുത്തെ സ്നേഹത്തേയും കുറിച്ച് പ്രകൃതി നമ്മോടു സംസാരിക്കുന്നു. കാലത്തിന്റെ അന്ത്യത്തിൽ, ക്രിസ്തുവിൽ "ഒന്നിപ്പിക്കാൻ" (cf. *എഫേ.* 1:9-10; *കൊളോ.* 1:19-20) വേണ്ടി വിധിക്കപ്പെട്ടതാണത്. അങ്ങനെ അതും ഒരു "ദൈവവിളി"യാകുന്നു.[115] പ്രകൃതി നമ്മുടെ ഉപയോഗത്തിനുള്ളതാണ്. "ചിതറിയ ഉപയോഗശൂന്യമായ വസ്തുക്കളുടെ ഒരു കൂമ്പാരം"[116] ആയിട്ടല്ല, "കൃഷി ചെയ്യാനും സംരക്ഷിക്കാനും" (*ഉത്പ.* 2:15) ആവശ്യമായ തത്ത്വങ്ങൾ അതിൽനിന്ന് ഉൾക്കൊള്ളാൻ മനുഷ്യനെ പ്രാപ്തനാക്കികൊണ്ട് അതിന് അന്തർലീനമായ ഒരു ക്രമം നൽകിയിട്ടുള്ള സ്രഷ്ടാവിന്റെ ഒരു ദാനം എന്ന നിലയിൽ. എന്നാൽ പ്രകൃതിയെ മനുഷ്യവ്യക്തിയെക്കാൾ പ്രാധാന്യമുള്ളതായി കാണുന്നതും യഥാർത്ഥ വികസനത്തിന് വിരുദ്ധമാണെന്നുള്ളത് എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ അവസ്ഥ നവ പ്രാകൃത മതത്തിന്റെയോ പുതിയ വിശ്വദേവതാവാദത്തിന്റെയോ നിലപാടുകളിലേക്ക് നയിക്കുന്നു. കേവലം പ്രകൃതിമാഹാത്മ്യവാദപരമായ ഒരു അർത്ഥത്തിൽ മനസ്സിലാക്കപ്പെടുമ്പോൾ, പ്രകൃതിയിൽനിന്നു മാത്രം മനുഷ്യരക്ഷ കൈവരിക്കാൻ കഴിയുകയില്ല. ഇത്രയും പറഞ്ഞതിനുശേഷം, ഇതിനു വിരുദ്ധമായ നിലപാട് തള്ളിക്കളയേണ്ടതും ആവശ്യമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഈ നിലപാട് പ്രകൃതിയുടെ മേലുള്ള പരിപൂർണ്ണ സാങ്കേതിക ആധിപത്യം ലക്ഷ്യമിടുന്നു. സ്വാഭാവിക പരിസ്ഥിതി നമ്മുടെ ഇഷ്ടാനുസരണം കൈകാര്യം ചെയ്യേണ്ട കേവലമായ ഒരു അസംസ്കൃത പദാർത്ഥമല്ല. പ്രകൃതിയുടെ വീണ്ടുവിചാരമില്ലാത്ത ചൂഷണത്തിനല്ല, അതിന്റെ വിവേകപൂർണ്ണമായ ഉപയോഗത്തിനുള്ള ലക്ഷ്യങ്ങളും മാനദണ്ഡങ്ങളും നിർണ്ണയിക്കുന്ന ഒരു "വ്യാകരണം" അടങ്ങിയ സ്രഷ്ടാവിന്റെ അത്ഭുതകരമായ ഒരു രചനയാണത്. വളച്ചൊടിക്കപ്പെട്ട ഈ ധാരണകളുടെ ഫലമായി ഇക്കാലത്ത് വികസനത്തിന് ഏറെ ഉപദ്രവം ഉണ്ടാകുന്നുണ്ട്. അനിശ്ചിതമായ വിവരങ്ങളുടെ

www.malankaralibrary.com

ഒരു ശേഖരമായി മാത്രം പ്രകൃതിയെ ചുരുക്കുന്ന പക്ഷം; അത് പരിസ്ഥിതിയുടെമേലുള്ള ബലപ്രയോഗത്തിലോ മനുഷ്യപ്രകൃതിയെത്തന്നെ മാനിക്കുന്നതിൽ പരാജയപ്പെടുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ പോലുമോ എത്തിച്ചേരും. പദാർത്ഥം കൊണ്ടു മാത്രമല്ല ആത്മീയചൈതന്യം കൊണ്ടു കൂടിയാണ് നമ്മുടെ പ്രകൃതി ഉരുവാക്കപ്പെട്ടിരിക്കുന്നത്. അതിഭൗതികമായ അർത്ഥവും അഭിലാഷങ്ങളുംകൊണ്ട് അതു സമ്പന്നമാക്കപ്പെട്ടിരിക്കുന്നു. സംസ്കാരത്തിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതും അതാണ്. സംസ്കാരത്തിലൂടെയാണ് മനുഷ്യർ സ്വാഭാവിക പരിസ്ഥിതിയെ രൂപപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത്. സാന്മാർഗ്ഗികനിയമത്തിന്റെ ശാസനകൾക്കനുസൃതമായുള്ള സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്തപൂർണ്ണമായ ഉപയോഗം ഇതിന് മാർഗ്ഗനിർദ്ദേശം നൽകുന്നു. തത്ഫലമായി, സമഗ്ര മനുഷ്യവികസനത്തിനുള്ള പദ്ധതികൾക്ക് ഭാവി തലമുറകളെ അവഗണിക്കാൻ കഴിയുകയില്ല. പരിസ്ഥിതി വിജ്ഞാനീയം, നൈയാമികം, സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം എന്നിങ്ങനെയുള്ള വിവിധ പശ്ചാത്തലങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ പദ്ധതികൾ ഐക്യദാർഢ്യത്താലും *തലമുറകൾക്കിടയിലുള്ള നീതി*യാലും മുദ്രിതമാക്കപ്പെടേണ്ടതുണ്ട്.[117]

**49.** ഇന്ന് പരിസ്ഥിതിയുടെ പരിചരണത്തോടും സംരക്ഷണത്തോടും ബന്ധപ്പെട്ട ചോദ്യങ്ങൾ *ഊർജ്ജപ്രശ്ന*ത്തിന് അർഹമായ പരിഗണ നൽകേണ്ടതുണ്ട്. ചില രാഷ്ട്രങ്ങളും ശക്തികേന്ദ്രങ്ങളും കമ്പനികളും പുനരുല്പാദനക്ഷമമല്ലാത്ത ഊർജ്ജസ്രോതസുകൾ കൈയടക്കിവയ്ക്കുന്നു എന്നത് ദരിദ്രരാജ്യങ്ങളിലെ വികസനത്തിന് ഗുരുതരമായ വിഘാതം സൃഷ്ടിക്കുന്നു. ഈ രാജ്യങ്ങൾക്ക് നിലവിലുള്ള പുനരുല്പാദനക്ഷമമല്ലാത്ത ഊർജ്ജം ലഭ്യമാക്കാനോ ഇതര മാർഗ്ഗങ്ങൾക്കുള്ള ഗവേഷണത്തിനുവേണ്ടി പണം മുടക്കാനോ ഉള്ള സാമ്പത്തികമാർഗ്ഗങ്ങൾ ഇല്ല. പ്രകൃതി വിഭവങ്ങളുടെ കരുതൽ ശേഖരം ചൂഷണത്തിനും രാഷ്ട്രങ്ങൾ തമ്മിലും രാഷ്ട്രങ്ങൾക്കിടയിലും കൂടെക്കൂടെയുള്ള സംഘട്ടനങ്ങൾക്കും ഇട

www.malankaralibrary.com

യാക്കുന്നു. ഇത്തരം കരുതൽശേഖരം പലപ്പോഴും ദരിദ്രരാജ്യങ്ങളിൽ തന്നെയാണ് കാണപ്പെടുക. ഇതേ രാജ്യങ്ങളുടെ മണ്ണിൽ തന്നെയാണ് ഭീമമായ മരണവും നാശവും കൂടുതൽ ജീർണ്ണതയും ഉളവാക്കിക്കൊണ്ട് ഈ സംഘട്ടനങ്ങൾ പലപ്പോഴും നടക്കുന്നത്. ഭാവിക്കുവേണ്ടി ഒന്നിച്ച് ആസൂത്രണം ചെയ്യാൻ, പുനരുല്പാദനക്ഷമമല്ലാത്ത വിഭവങ്ങളുടെ ചൂഷണം ക്രമീകരിക്കാനുള്ള സ്ഥാപനപരമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അന്തർദ്ദേശീയ സമൂഹത്തിന്റെ അടിയന്തരമായ ഒരു കർത്തവ്യമാണ്. ഈ പ്രക്രിയയിൽ ദരിദ്രരാജ്യങ്ങളെ പങ്കെടുപ്പിക്കണം.

ഈ രംഗത്തും *പുതിയ ഐക്യദാർഢ്യത്തിനുള്ള അടിയന്തരമായ ഒരു ധാർമ്മികത ആവശ്യമുണ്ട്,* പ്രത്യേകിച്ച് വികസ്വരരാജ്യങ്ങളും ഉയർന്നതോതിൽ വ്യവസായവത്കരിക്കപ്പെട്ട രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ.[118] സാങ്കേതികമായി പുരോഗമിച്ച സമൂഹങ്ങൾക്ക് ഉല്പാദനരീതികളിലെ ഒരു വിപ്ലവത്തിലൂടെയോ അവയുടെ പൗരന്മാരുടെ ഇടയിലെ പരിസ്ഥിതി സംബന്ധമായ ഉയർന്ന സംവേദനക്ഷമതയിലൂടെയോ അതതു രാജ്യങ്ങളിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കാൻ കഴിയും. അവ അങ്ങനെ ചെയ്യുകയും വേണം. മെച്ചപ്പെട്ട ഊർജ്ജക്ഷമത കൈവരുത്താനും അതേസമയം ഊർജ്ജത്തിന്റെ ബദൽ രൂപങ്ങൾക്കുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കാനും ഇപ്പോൾ സാദ്ധ്യമാണെന്ന് കൂട്ടിച്ചേർക്കേണ്ടതാണ്. എന്നിരുന്നാലും ഊർജ്ജസ്രോതസ്സുകൾ ഇല്ലാത്ത രാജ്യങ്ങൾക്ക് അവ ലഭിക്കത്തക്കവണ്ണം പ്രസ്തുത സ്രോതസ്സുകളുടെ ലോകവ്യാപകമായ പുനർവിതരണവും ആവശ്യമാണ്. കൊള്ള മുതൽ ആദ്യം അവകാശപ്പെടുന്നത് ആരായാലും അഥവാ ശേഷിക്കുന്നത് കരസ്ഥമാക്കുന്നത് ആരായാലും അവരുടെ കൈകളിൽ മേൽപ്പറഞ്ഞ രാജ്യങ്ങളുടെ ഭാഗധേയം വിട്ടുകൊടുക്കാൻ കഴിയുകയില്ല. സുപ്രധാന പ്രശ്നങ്ങളാണ് നാം ഇവിടെ കൈകാര്യം ചെയ്യുന്നത്. അവയെ മതിയായ വിധത്തിൽ നേരിടണമെങ്കിൽ, ഭാവിതലമുറകളിൽ അവ ഉളവാക്കുന്ന ആഘാതം എല്ലാവരും ഉത്തരവാദിത്തപൂർവം തിരിച്ചറിയണം, പ്രത്യേ

www.malankaralibrary.com

കിച്ച്, "മെച്ചപ്പെട്ട ഒരു ലോകത്തിന്റെ നിർമ്മാണത്തിൽ തങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്ന"[119] കൂടുതൽ ദരിദ്രമായ രാജ്യങ്ങളിലെ അനേകം യുവജനങ്ങളിൽ.

**50.** ഈ ഉത്തരവാദിത്തം ആഗോളതലത്തിലുള്ള ഒന്നാണ്. കേവലം ഊർജ്ജത്തോടു മാത്രം ബന്ധപ്പെട്ട ഒന്നല്ല, മുഴുവൻ സൃഷ്ടലോകത്തോടും അത് ബന്ധപ്പെട്ടിരിക്കുന്നു. സൃഷ്ടലോകത്തെ, അതിന്റെ വിഭവങ്ങൾ ശോഷിച്ച രീതിയിൽ വരുംതലമുറകൾക്ക് കൈമാറാൻ പാടില്ല. പ്രകൃതിയെ സംരക്ഷിക്കാനും അതിന്റെ ഫലങ്ങൾ ആസ്വദിക്കാനും ലോകത്തിലെ ജനങ്ങളെ അന്തസ്സായി അധിവസിപ്പിക്കുകയും തീറ്റിപ്പോറ്റുകയും ചെയ്യത്തക്കവണ്ണം ഉന്നത സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി പുതിയരീതിയിൽ കൃഷി ചെയ്യാനുംവേണ്ടി മനുഷ്യർ പ്രകൃതിയുടെമേൽ ഉത്തരവാദിത്തപൂർണ്ണമായ മേൽനോട്ടം ന്യായമായി നിർവഹിക്കുന്നു. ഈ ഭൂമിയിൽ എല്ലാവർക്കും ഇടമുണ്ട്. അവിടുത്തെ സന്താനങ്ങൾക്കുള്ള ദൈവത്തിന്റ ദാനമായ പ്രകൃതിയിൽനിന്നുതന്നെ കഠിനാദ്ധ്വാനത്തിലൂടെയും സർഗ്ഗാത്മകതയിലൂടെയും, അന്തസ്സായി ജീവിക്കാനുള്ള വിഭവങ്ങൾ മനുഷ്യകുടുംബം മുഴുവനും ഇവിടെ കണ്ടെത്താനാകണം. അതേസമയം ഭാവിതലമുറകളും ഭൂമിയിൽ അന്തസ്സായി ജീവിക്കുകയും തുടർന്നു കൃഷി ചെയ്യുകയും ചെയ്യത്തക്ക അവസ്ഥയിൽ ഭൂമിയെ അവർക്ക് കൈമാറാനുള്ള നമ്മുടെ ഗൗരവാവഹമായ ചുമതല നാം അംഗീകരിക്കണം. "സ്വീകരിക്കേണ്ട മാർഗ്ഗത്തെക്കുറിച്ച് ഉത്തരവാദിത്തപൂർവ്വം ചിന്തിച്ചശേഷം, നാം ആരിൽനിന്നുദ്ഭവിക്കുകയും ആരിലേക്കു മടങ്ങിപ്പോകുകയും ചെയ്യുന്നുവോ ആ ദൈവത്തിന്റെ സർഗ്ഗാത്മകസ്നേഹം പ്രതിഫലിപ്പിക്കുന്ന *പരിസ്ഥിതിയും മനുഷ്യരും തമ്മിലുള്ള ആ ഉടമ്പടി ശക്തിപ്പെടുത്തുക,* എന്ന ലക്ഷ്യത്തോടെ,"[120] സംയുക്തതീരുമാനങ്ങൾ എടുക്കുന്നതിനോട് പ്രതിബദ്ധത ഉണ്ടായിരിക്കണമെന്നാണ് ഇതർത്ഥമാക്കുന്നത്. പരിസ്ഥിതി കൈകാര്യം ചെയ്യുന്നതിലെ വിനാശകരമായ മാർഗ്ഗങ്ങൾ നേരിടുന്നതിൽ അന്താരാഷ്ട്ര സമൂ

www.malankaralibrary.com

ഹവും പ്രത്യേക ഭരണകൂടങ്ങളും വിജയിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതുപോലെതന്നെ പങ്കുവയ്ക്കേണ്ട പാരിസ്ഥിതികവിഭവങ്ങൾ ഉപയോഗിച്ചുതീർക്കുന്നതിന്റെ സാമ്പത്തികവും സാമൂഹികവുമായ ബാധ്യതകൾ സുതാര്യമായി തിരിച്ചറിയുകയും മറ്റു ജനതകളോ ഭാവിതലമുറകളോ അല്ല അവ വരുത്തിവച്ചവർ തന്നെ അതിനു പരിഹാരം ചെയ്യുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്താനുള്ള എല്ലാ പരിശ്രമങ്ങളും നടത്താൻ ബന്ധപ്പെട്ട അധികാരികൾക്ക് കടമയുണ്ട്. സംയുക്തമായി പ്രവർത്തിക്കാനും നിയമത്തെ ആദരിക്കുകയും ഈ ഭൂമിയിലെ ഏറ്റവും ദുർബലമായ മേഖലകളോടുള്ള ഐക്യദാർഢ്യം പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് ഉത്തമ വിശ്വാസത്തോടുകൂടി പ്രവർത്തിക്കാനുള്ള സന്നദ്ധത കാണിക്കാനും, എല്ലാ അന്താരാഷ്ട്ര നേതാക്കന്മാരേയും, പരിസ്ഥിതിയുടെയും വിഭവങ്ങളുടെയും കാലാവസ്ഥയുടെയും സംരക്ഷണം കടപ്പെടുത്തുന്നു.[121] സമ്പദ്‌വ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് "കാര്യക്ഷമത" എന്ന സങ്കല്പം മൂല്യരഹിതമല്ല എന്ന അനുഭവത്തിൽ അധിഷ്ഠിതമായി, പ്രകൃതി വിഭവങ്ങളുടെ ഏറ്റവും കാര്യക്ഷമമായ ഉപയോഗം — ദുരുപയോഗമല്ല — കൈവരുത്തുക എന്നുള്ളതാണ്.

**51.** മനുഷ്യവർഗ്ഗം *പരിസ്ഥിതിയോടു പ്രതികരിക്കുന്ന രീതി അതിനോടുതന്നെയുള്ള പ്രതികരണത്തെയും, തിരിച്ചും സ്വാധീനിക്കുന്നു.* ഇക്കാര്യം, സമകാലികസമൂഹത്തെ അതിന്റെ ജീവിതശൈലിയെപ്പറ്റി ഗൗരവാവഹമായ പുനരവലോകനം നടത്താൻ ക്ഷണിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും ജീവിതലക്ഷ്യം ആസ്വാദനമാണെന്ന വാദത്തിന്റെയും ഉപഭോക്താവിന്റെ ഇഷ്ടമാണ് പരമപ്രധാനം എന്ന വാദത്തിന്റെയും പ്രവണത നിലനിൽക്കുന്നു. അവയുടെ ഹാനികരമായ പ്രത്യാഘാതങ്ങൾ പരിഗണിക്കപ്പെടുന്നുമില്ല.[122] മനോഭാവത്തിലെ ഫലപ്രദമായ ഒരു മാറ്റമാണാവശ്യം. "സത്യം, സൗന്ദര്യം, നന്മ, പൊതുവായ വളർച്ചയ്ക്കുവേണ്ടി അന്യരുമായുള്ള കൂട്ടായ്മ എന്നീ ഘടകങ്ങൾ, ഉപഭോഗസംബന്ധമായ തെരഞ്ഞെടുപ്പു

www.malankaralibrary.com

കളെയും സമ്പാദ്യങ്ങളെയും നിക്ഷേപങ്ങളെയും നിർണ്ണയിക്കുന്ന"[123] പുതിയ ജീവിതശൈലി അവലംബിക്കുന്നതിലേക്ക് ഈ മാറ്റം വഴിതെളിക്കുന്നു. ഐക്യദാർഢ്യത്തിന്റെയും സാമൂഹിക സൗഹാർദ്ദത്തിന്റെയും ഓരോ ലംഘനവും പരിസ്ഥിതിക്ക് ഹാനി ഉണ്ടാക്കുകയും പാരിസ്ഥിതികക്ഷയം സമൂഹത്തിലെ ബന്ധങ്ങളെ തകരാറിലാക്കുകയും ചെയ്യുന്നു. പ്രകൃതി, പ്രത്യേകിച്ച് നമ്മുടെ കാലത്തെ പ്രകൃതി, അത് ഇപ്പോൾ ഒരു സ്വതന്ത്രഘടകം അല്ലാത്തതുപോലെ, സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ചലനവുമായി സമന്വയിക്കപ്പെട്ടിരിക്കുന്നു. ചില കാർഷികമേഖലകളിൽ താമസിക്കുന്നവരുടെയിടയിലെ ദാരിദ്ര്യത്തിന്റെയും അവികസനത്തിന്റെയും ഫലം കൊണ്ടു കൂടിയാണ് അവിടെ നിലങ്ങൾ തരിശാക്കപ്പെടുകയും ഉല്പാദനം കുറയുകയും ചെയ്യുന്നത്. അവരുടെ സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിന് ഉത്തേജനം നൽകുമ്പോൾ, പ്രകൃതി തന്നെയാണ് സംരക്ഷിക്കപ്പെടുക. കൂടാതെ, യുദ്ധങ്ങൾ കാരണം എന്തുമാത്രം പ്രകൃതിവിഭവങ്ങളാണ് പാഴായിപ്പോകുന്നത്! ജനങ്ങളുടെ ഉള്ളിലും ജനതകൾക്കിടയിലുമുള്ള സമാധാനം പ്രകൃതിക്ക് കൂടുതൽ സംരക്ഷണം പ്രദാനം ചെയ്യും. വിഭവങ്ങളുടെ, പ്രത്യേകിച്ച് ജലത്തിന്റെ, നിഗൂഢമായ ശേഖരണം ബന്ധപ്പെട്ട ജനതകളുടെയിടയിൽ ഗുരുതരമായ സംഘട്ടനങ്ങൾ ഉളവാക്കും. വിഭവങ്ങളുടെ ഉപയോഗം സംബന്ധിച്ച സമാധാനപരമായ പരസ്പരധാരണ പ്രകൃതിയേയും അതേസമയം ബന്ധപ്പെട്ട സമൂഹങ്ങളുടെ ക്ഷേമവും സംരക്ഷിക്കും.

സഭയ്ക്ക് സൃഷ്ടികളോട് ഒരു ഉത്തരവാദിത്തമുണ്ട്. അവൾ പൊതുരംഗത്ത് അതുറപ്പിച്ചു പറയുകയും വേണം. അങ്ങനെ ചെയ്യുമ്പോൾ, അവൾ എല്ലാവർക്കും അവകാശപ്പെട്ട സൃഷ്ടിയുടെ ദാനങ്ങൾ എന്ന നിലയിൽ ഭൂമിയേയും ജലത്തേയും വായുവിനേയും മാത്രമല്ല പ്രതിരോധിക്കേണ്ടത്. എല്ലാറ്റിലുമുപരി അവൾ മനുഷ്യവർഗ്ഗത്തെ സ്വയം നാശത്തിൽനിന്ന് സംരക്ഷിക്കണം. ശരിയായി മനസ്സിലാക്കപ്പെടുന്നപക്ഷം, ഒരു മനുഷ്യ പരിസ്ഥിതിവിജ്ഞാനം രൂപപ്പെടേണ്ടിയിരിക്കുന്നു.

www.malankaralibrary.com

പ്രകൃതിയിലെ ക്ഷയം മാനുഷിക സഹവർത്തിത്വത്തിന് രൂപം കൊടുക്കുന്ന സംസ്കാരത്തോട് വാസ്തവത്തിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. "മനുഷ്യ പരിസ്ഥിതിവിജ്ഞാനം"[124] സമൂഹത്തിൽ മാനിക്കപ്പെടുമ്പോൾ പ്രകൃതിസംബന്ധമായ പരിസ്ഥിതി വിജ്ഞാനത്തിനും പ്രയോജനമുണ്ടാകുന്നു. മനുഷ്യന്റെ സുകൃതങ്ങൾ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ഒന്നു ദുർബലമാകുമ്പോൾ അത് മറ്റുള്ളവയെ അപകടത്തിലാക്കുന്നതുപോലെ പാരിസ്ഥിതികവ്യവസ്ഥ സമൂഹത്തിന്റെ ആരോഗ്യത്തേയും പ്രകൃതിയുമായുള്ള അതിന്റെ നല്ല ബന്ധത്തേയും ബാധിക്കുന്ന ഒരു പദ്ധതിയോടുള്ള ആദരവിൽ അധിഷ്ഠിതമാണ്.

പ്രകൃതിയെ സംരക്ഷിക്കാൻ ഉത്തേജനങ്ങളോ തടസ്സപ്പെടുത്തലുകളോ വഴിയുള്ള ഇടപെടൽ പോരാ. സമുചിതമായ വിദ്യാഭ്യാസംപോലും പര്യാപ്തമല്ല. ഇവ സുപ്രധാന ചുവടുകൾ തന്നെ. എന്നാൽ സമൂഹത്തിന്റെ മൊത്തത്തിലുള്ള സാന്മാർഗ്ഗികഗതിയാണ് നിർണ്ണായക പ്രശ്നം. ജീവിക്കാനുള്ള അവകാശത്തോടും സ്വാഭാവിക മരണത്തോടുമുള്ള ആദരവ് ഇല്ലാതെയാകുകയാണെങ്കിൽ, മനുഷ്യരുടെ ഗർഭധാരണം, ഗർഭാവസ്ഥ, ജനനം എന്നിവ കൃത്രിമമാക്കുകയാണെങ്കിൽ, മനുഷ്യഭ്രൂണങ്ങൾ ഗവേഷണത്തിനുവേണ്ടി ബലികഴിക്കപ്പെടുകയാണെങ്കിൽ, സമൂഹമനഃസാക്ഷി മനുഷ്യപരിസ്ഥിതി വിജ്ഞാനത്തേയും അതോടൊപ്പം പ്രകൃതിസംബന്ധമായ പരിസ്ഥിതി വിജ്ഞാനത്തേയും കുറിച്ചുള്ള സങ്കല്പം നഷ്ടപ്പെടുന്ന അവസ്ഥയിൽ എത്തിച്ചേരും. സ്വയം ആദരിക്കാൻ വരുംതലമുറകളെ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായങ്ങളും നിയമങ്ങളും സഹായിക്കാത്തിടത്തോളം, പ്രകൃതിയിലെ പരിസ്ഥിതിയെ അവർ ആദരിക്കണമെന്നു നിർബന്ധിക്കുന്നത് വൈരുദ്ധ്യമായിരിക്കും. പ്രകൃതിയുടെ ഗ്രന്ഥം ഏകവും അവിഭാജ്യവുമാണ്. പരിസ്ഥിതി മാത്രമല്ല, ജീവൻ, ലൈംഗികത, വിവാഹം, സാമൂഹിക ബന്ധങ്ങൾ എന്നിവയും ഒറ്റവാക്കിൽ പറഞ്ഞാൽ സമഗ്രമനുഷ്യവികസനവും അത് ഉൾക്കൊള്ളുന്നു. പരിസ്ഥിതിയോടുള്ള നമ്മുടെ കർത്തവ്യങ്ങൾ മനുഷ്യവ്യക്തി

www.malankaralibrary.com

യോടുള്ള നമ്മുടെ കർത്തവ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യവ്യക്തിയെ അവനിൽത്തന്നെയും അന്യരോടുമുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും പരിഗണിക്കുമ്പോൾ, ഒരു കൂട്ടം കർത്തവ്യങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട് മറ്റൊരുകൂട്ടത്തെ ഉയർത്തിപ്പിടിക്കുന്നത് തെറ്റായിരിക്കും. ഇന്ന് നമ്മുടെ മനോഭാവത്തിലും പ്രവർത്തനത്തിലുമുള്ള ഗുരുതരമായ ഒരു വൈരുദ്ധ്യം ഇവിടെയാണ്: വ്യക്തിയുടെ അന്തസ്സു കെടുത്തുന്ന കാര്യം പരിസ്ഥിതിയെ തകർക്കുകയും സമൂഹത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

**52.** സത്യവും അത് വെളിപ്പെടുത്തുന്ന സ്നേഹവും ഉത്പാദിപ്പിക്കാൻ കഴിയുകയില്ല. ഒരു ദാനമായി അവയെ സ്വീകരിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. അവയുടെ ആത്യന്തികമായ ഉറവിടം മനുഷ്യനല്ല. അങ്ങനെയാകാൻ കഴിയുകയുമില്ല. അത് സത്യവും സ്നേഹവും തന്നെയായ ദൈവം മാത്രമാകുന്നു. ഈ തത്ത്വം സമൂഹത്തിനും വികസനത്തിനും അത്യന്തം സുപ്രധാനമാണ്. കാരണം, മേല്പറഞ്ഞവയ്ക്ക് വെറും മാനുഷിക ഉല്പന്നമാകാൻ കഴിയുകയില്ല. വ്യക്തികളുടെയും ജനതകളുടെയും ഭാഗത്തുനിന്ന് വികസനത്തിനുള്ള വിളി കേവലം മാനുഷികമായ തെരഞ്ഞെടുപ്പിൽ അധിഷ്ഠിതമല്ല. എന്നാൽ അത് നമുക്ക് മുൻപേയുള്ളതും സ്വതന്ത്രമായി സ്വീകരിക്കപ്പെടാൻ നമുക്കുവേണ്ടി രൂപംകൊള്ളുന്നതുമായ ഒരു പദ്ധതിയുടെ സഹജമായ ഭാഗമാകുന്നു. നമുക്കു മുൻപേയുള്ളതും നമുക്കു രൂപം നൽകുന്നതുമായ നിലനിൽക്കുന്ന സത്യവും സ്നേഹവും, നന്മ എന്താണെന്നും യഥാർത്ഥ സന്തോഷം എന്തിലാണ് അടങ്ങിയിരിക്കുന്നതെന്നും നമുക്കു കാണിച്ചുതരുന്നു. *യഥാർത്ഥ വികസനത്തിലേക്കുള്ള വഴി അതു നമുക്ക് കാട്ടിത്തരുന്നു.*

www.malankaralibrary.com

## അദ്ധ്യായം അഞ്ച്


# മാനവകുടുംബത്തിന്റെ സഹകരണം

53. ഒരു മനുഷ്യന് അനുഭവിക്കാവുന്ന ഏറ്റം തീവ്രമായ ദാരിദ്ര്യത്തിന്റെ ഒരു രൂപമാണ് ഒറ്റപ്പെടൽ. ദാരിദ്ര്യത്തിന്റെ ഭൗതികരൂപങ്ങളുൾപ്പെടെ മറ്റു രൂപങ്ങളിലേക്ക് ഒരു സൂക്ഷ്മനിരീക്ഷണം നടത്തിയാൽ ഇവയെല്ലാം, ഒറ്റപ്പെടലിൽനിന്നുണ്ടായതായി കാണാം; സ്നേഹിക്കപ്പെടാതിരിക്കുക, സ്നേഹിക്കുന്നതിൽ വിഷമങ്ങൾ അനുഭവപ്പെടുക ഇതാണല്ലോ ഒറ്റപ്പെടൽ. ദൈവത്തിന്റെ സ്നേഹം നിരസിക്കുന്നതാണ് പലപ്പോഴും ദാരിദ്ര്യത്തിനു കാരണമായിത്തീരുന്നത്. മനുഷ്യനിൽ കാണുന്ന അടിസ്ഥാനപരമായ ഒരു പ്രവണതയാണ് തന്നിലേക്കുതന്നെ ചുരുങ്ങുക എന്നുള്ളത്. തനിക്കു സ്വയം പര്യാപ്തതയുണ്ട് എന്ന് അവൻ കരുതുന്നു; അല്ലെങ്കിൽ താൻ തീർത്തും നിസ്സാരനാണ്, നൈമിഷികമായ ഒരു വസ്തുതയാണ് എന്നു കരുതുക; ഒരു വ്യവസ്ഥിതിയുമില്ലാത്ത പ്രപഞ്ചത്തിൽ താൻ 'ഒരന്യനാണ്' എന്ന വിചാരം. തനിച്ചാകുമ്പോൾ മനുഷ്യൻ മറ്റുള്ളവരിൽനിന്നു ഒറ്റപ്പെടുന്നു.[125] യാഥാർത്ഥ്യത്തിൽനിന്നു വേറിട്ടുനില്ക്കുമ്പോൾ, ഒരു അടിസ്ഥാനതത്ത്വത്തെപ്പറ്റി ചിന്തിക്കാതിരിക്കുകയും അതിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോൾ, അയാൾ ഒറ്റപ്പെടുന്നു. മാനുഷികം മാത്രമായ പദ്ധതികളിലും സിദ്ധാന്തങ്ങളിലും യാഥാർത്ഥ്യബോധമില്ലാത്ത 'ഭാസുരഭാവിയിലും' (utopias) അതിരുകവിഞ്ഞ വിശ്വാസമർപ്പിക്കുമ്പോൾ മനുഷ്യസമൂഹം ഒന്നാകെ ഒറ്റപ്പെടുന്നു.[126] ഇന്നു മനുഷ്യവർഗ്ഗം പണ്ടത്തെക്കാൾ കൂടുതൽ പരസ്പരം ഇടപെടുന്നുണ്ട്. പരസ്പരം അടുത്തു ബന്ധപ്പെട്ടിരിക്കുന്നു എന്ന

www.malankaralibrary.com

തോന്നൽ യഥാർത്ഥ കൂട്ടായ്മയായി മാറണം; രൂപാന്തരപ്പെടണം. മനുഷ്യവർഗ്ഗം ഒരു കുടുംബമാണ്, യഥാർത്ഥ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന ഒരു കുടുംബം; അടുത്തടുത്തു താമസിക്കുന്ന വ്യക്തികളുടെ സംഘങ്ങൾ അല്ല — *ഈ വസ്തുത തിരിച്ചറിയുകയാണ് എല്ലാറ്റിനും ഉപരി ജനതകളുടെ വികസനത്തിനു വേണ്ടത്.*[127]

"ലോകം അപകടത്തിലായിരിക്കുന്നത് ചിന്തയുടെ അഭാവം കൊണ്ടാണ്"[128] എന്ന് പോൾ ആറാമൻ മാർപാപ്പ മനസ്സിലാക്കി. ഇത് ഒരു നിരീക്ഷണമാണ്, അതേസമയം ഒരാഗ്രഹത്തിന്റെ പ്രകടനവുമാണ്. നാമെല്ലാം ഒരു കുടുംബമാണ് എന്ന വസ്തുതയിൽ അടങ്ങിയിരിക്കുന്നതെല്ലാം കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കുന്നതിന് ഒരു പുതിയ ചിന്താസരണി ആവിർഭവിക്കേണ്ടതുണ്ട്. ലോകത്തിലുള്ള വിവിധ ജനതകൾ പരസ്പരം ഇടപെടുമ്പോൾ ഈ പുതിയ ചിന്താസരണിയുടെ ആവശ്യം നമുക്കു ബോദ്ധ്യമാകും. അപ്പോൾ ഐക്യം കൂട്ടായ്മയായി മാറും,[129] ആരും നിരാലംബരായി തീരില്ല. ഈ രീതിയിൽ ചിന്തിക്കുന്നതിന് *ബന്ധങ്ങളെ സംബന്ധിച്ച് കുറെക്കൂടി ആഴമുള്ള ഒരു വിലയിരുത്തൽ ഉണ്ടാക*



www.malankaralibrary.com

*ണം.* സാമൂഹികശാസ്ത്രങ്ങൾക്കു മാത്രം ഈ വിലയിരുത്തൽ നടത്താനാകില്ല. മനുഷ്യന്റെ അതീന്ദ്രിയമായ മഹത്ത്വം ശരിക്കും മനസ്സിലാക്കുന്നതിന് അതിഭൗതികശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും സഹായം വേണ്ടിവരും.

മനുഷ്യൻ ഒരു ആത്മീയ വ്യക്തിയാണ്. വ്യക്തികൾ തമ്മിലുള്ള ബന്ധത്തിലൂടെയേ മനുഷ്യനെ നിർവചിക്കാനാകൂ. ഒരാൾ ഈ ബന്ധങ്ങൾ എത്രമാത്രം ആത്മാർത്ഥതയോടെ നിലനിർത്തുന്നുവോ അത്രമാത്രം അയാളുടെ വ്യക്തിഗതമായ അനന്യത പക്വത പ്രാപിക്കും. ഒറ്റപ്പെടലിലൂടെയല്ല മനുഷ്യൻ തന്റെ യോഗ്യത സ്ഥാപിക്കുക; അയാൾക്കു മറ്റു മനുഷ്യരുമായുള്ള ബന്ധം, ദൈവവുമായുള്ള ബന്ധം — ഇതാണ് അയാളുടെ മൂല്യം നിർണ്ണയിക്കുന്നത്. ഇതുകൊണ്ടാണ് പരസ്പരബന്ധങ്ങൾക്ക് അടിസ്ഥാനപരമായ പ്രാധാന്യമുള്ളത്. വ്യക്തികളെപ്പറ്റി ഈ പറഞ്ഞതെല്ലാം ജനതകൾക്കും ബാധകമാണ്. അതിനാൽ, വ്യക്തികൾ തമ്മിലുള്ള ബന്ധം അതിഭൗതികമായി മനസ്സിലാക്കുന്നത് അവരുടെ വികസനത്തിന് ഏറെ സഹായകമായിരിക്കും. ഇതു സംബന്ധിച്ച് ക്രൈസ്തവ വെളിപാടിൽനിന്നു യുക്തിചിന്തക്കു പ്രചോദനവും ദിശാബോധവും ലഭിക്കുന്നു. ക്രൈസ്തവവീക്ഷണത്തിൽ, വിവിധ രൂപത്തിലുള്ള ഏകാധിപത്യ വ്യവസ്ഥിതിയിൽ സംഭവിക്കുന്നതുപോലെ മനുഷ്യസമൂഹം വ്യക്തിയെ അയാളുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുംവിധം വിഴുങ്ങിക്കളയുന്നില്ല. ക്രൈസ്തവവീക്ഷണത്തിൽ വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം ഒരു സമഗ്രതയും വേറൊരു സമഗ്രതയും തമ്മിലുള്ള ബന്ധമാണ്.[130] ഒരു കുടുംബം അതിന്റെ അംഗങ്ങളുടെ വ്യക്തിത്വം നിരാകരിക്കാത്തതുപോലെ; ജ്ഞാനസ്നാനംവഴി ഓരോ പുതിയ സൃഷ്ടിയും സജീവമായ തന്റെ ശരീരത്തിന്റെ ഭാഗമാകുമ്പോൾ തിരുസഭ സന്തോഷിക്കുന്നതുപോലെ (*ഗലാ.* 6:15, 2 *കോറി.* 5:17); മനുഷ്യവർഗ്ഗമാകുന്ന സമൂഹത്തിൽ വിവിധ ജനതകൾക്ക് അവയുടെ വ്യക്തിത്വവും അനന്യതയും നഷ്ടമാകുന്നില്ല. ഇതെല്ലാം കൂടുതൽ വ്യക്തമായി പരസ്പരം കാണപ്പെടുകയും അവയുടെ ന്യായമായ വൈവിദ്ധ്യം നിലനിർത്തി

www.malankaralibrary.com

ക്കൊണ്ട് പരസ്പരം ബന്ധിപ്പിക്കുകയുമാണ് ഇവിടെ നടക്കുന്നത്.

**54.** മാനവകുടുംബത്തിൽ വ്യക്തികളും ജനതകളും ഉൾപ്പെട്ടിരിക്കുകയും പരസ്പരം ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ബന്ധപ്പെടലിന്റെ ഈ പ്രക്രിയയാണ്, വികസനം എന്നു പറയാം. നീതിയുടെയും സമാധാനത്തിന്റെയും അടിസ്ഥാനമൂല്യങ്ങളിന്മേൽ പടുത്തുയർത്തേണ്ട കൂട്ടായ്മയിലാണ് ഇതു സാധിക്കേണ്ടത്. പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകൾ തമ്മിൽ ഒരേ ദൈവികസത്തയിലുള്ള ബന്ധം ഈ കാഴ്ചപ്പാടിനെ സ്പഷ്ടമായി പ്രതിഫലിപ്പിക്കുന്നു. ദൈവിക ആളുകൾ സംശുദ്ധമായ ബന്ധത്തിലായിരിക്കുന്നതിനാൽ പരിശുദ്ധ ത്രിത്വം പരമമായ ഐക്യമാണ്. ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിൽ പ്രകടമാകുന്ന പാരസ്പര്യവും സുതാര്യതയും പരിപൂർണ്ണവും, ഓരോ ആളുകളും തമ്മിലുള്ള ബന്ധം സമ്പൂർണ്ണവും ആണ്. കാരണം ഈ മൂന്ന് ആളുകളുംകൂടി അനന്യവും അപരിമേയവുമായ ഒരേ ഒരു ദൈവമാണ്. നമ്മെ ഈ കൂട്ടായ്മയുടെ യാഥാർത്ഥ്യത്തിലും പങ്കാളികളാക്കാൻ ദൈവം ആഗ്രഹിക്കുന്നു: "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകുന്നതിനുവേണ്ടി" (*യോഹ.* 17:22). "തിരുസഭ ഈ ഐക്യത്തിന്റെ അടയാളവും ഉപകരണവുമാണ്."[131] ചരിത്രത്തിൽ ഉടനീളമുള്ള മാനുഷിക ബന്ധങ്ങൾക്ക് ത്രിത്വത്തിന്റെ മാതൃകയാൽ ധന്യമാക്കപ്പെടാതിരിക്കാനാവില്ല. വെളിപ്പെടുത്തപ്പെട്ട ത്രിത്വരഹസ്യത്തിൽ കാണുമ്പോൾ യഥാർത്ഥത്തിലുള്ള തുറവി എന്നത് വ്യക്തിപരമായ തനിമ നഷ്ടപ്പെടുത്തുന്നു എന്നല്ല അർത്ഥമാക്കുന്നത്, മറിച്ച് ആഴത്തിലുള്ള പരസ്പരസ്വീകരണവും കൊടുക്കലുമാണ് എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്ന ത്രിത്വരഹസ്യത്തിന്റെ വെളിച്ചത്തിൽ ഇത് മനസ്സിലാക്കാൻ കഴിയും. സ്നേഹവും സത്യവും സംബന്ധിച്ചുള്ള മനുഷ്യരുടെ സാമാന്യ അനുഭവത്തിൽനിന്നും ഇത് ആവിർഭവിക്കുന്നു. ദമ്പതികളുടെ കൂദാശയെ ആസ്പദമാക്കിയുള്ള സ്നേഹം അവരെ ആത്മീയമായി "ഏകശരീരത്തിൽ" ഒന്നിപ്പിക്കുകയും (*ഉത്പ.* 2:24; *മത്താ.* 19:5;

www.malankaralibrary.com

*എഫേ.* 5:31) യഥാർത്ഥത്തിലുള്ള ബന്ധത്തിന്റെ അടിസ്ഥാന ത്തിൽ രണ്ടാളുകൾ ഒന്നായിത്തീരുകയും ചെയ്യുന്നു. ഇതിനു സമാനമായ രീതിയിൽ സത്യം ആത്മാക്കളെ ഒന്നിപ്പിക്കുന്നു. ഒരേ രീതിയിൽ ചിന്തിക്കാൻ ഇത് കാരണമായിത്തീരുന്നു. സത്യം അവരെ ഏകീകരിച്ച് തന്നിലേക്ക് തന്നെ ആകർഷി ക്കുന്നു.

**55.** മനുഷ്യവർഗ്ഗത്തിന്റെ ഐക്യത്തെപ്പറ്റി നമുക്ക് ലഭിച്ചി ട്ടുള്ള വെളിപാട് മനസ്സിലാകണമെങ്കിൽ "മാനുഷികം" എന്നു പറയുന്നതിന്റെ അതിഭൗതികശാസ്ത്രപരമായ വ്യാഖ്യാനം അറിഞ്ഞിരിക്കേണ്ടതുണ്ട്. പരസ്പരബന്ധം ഇതിന്റെ ഒരു അവിഭാജ്യഘടകമാണ്. മറ്റ് സംസ്കാരങ്ങളും മതങ്ങളും മനു ഷ്യന്റെ സാഹോദര്യവും സമാധാനവും പ്രബോധനവിഷയ മാക്കുന്നു. അതുകൊണ്ട് സമഗ്രമായ മാനുഷിക വികാസ ത്തിൽ അവയ്ക്ക് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ചില മത സാംസ്കാരിക മനോഭാവങ്ങൾ സ്നേഹത്തിന്റേയും സത്യ ത്തിന്റേയും ആശയങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നില്ല. ഇത് യഥാർത്ഥത്തിലുള്ള മാനവിക വികാസത്തിന് തടസ്സമായി നിൽക്കുന്നു, അല്ലെങ്കിൽ അതിനെ പിൻതിരിപ്പിക്കുന്നു. പര സ്പരം കൂട്ടായ്മയിൽ ജീവിക്കുവാൻ മനുഷ്യരെ നിർബന്ധി ക്കാത്ത ചില മത സംസ്കാരങ്ങൾ ഇന്ന് നിലവിലുണ്ട്. വ്യക്തി പരമായ സുഖസൗകര്യങ്ങൾക്കും ആഗ്രഹങ്ങൾക്കും വേണ്ടി മറ്റുള്ളവരിൽനിന്നും ഒറ്റപ്പെട്ടുനില്ക്കാൻ പ്രേരിപ്പിക്കുന്നവ യാണ് ഇവ. മാത്രമല്ല, മതപരമായ വ്യത്യസ്തമാർഗ്ഗങ്ങൾ ഇന്ന് നിരവധിയാണ്. ഓരോന്നും ചെറിയ ചെറിയ സംഘങ്ങളേയോ, ചിലപ്പോൾ വ്യക്തിയേയോ ആകർഷിക്കുന്നു. വിവിധ മതങ്ങ ളിൽനിന്ന് വേണ്ടത് ഉൾക്കൊള്ളുക എന്ന സമീപനത്തിലൂടെ പരസ്പരം അകലുന്നതിനും മാനുഷികബന്ധം ഇല്ലാതായി ത്തീരുന്നതിനും ഇത് കാരണമാവുകയും ചെയ്യുന്നു. ആഗോ ളവത്കരണ പ്രക്രിയയുടെ ആശാസ്യമല്ലാത്ത ഫലങ്ങളിൽ ഒന്ന് വിവിധമതങ്ങളിൽനിന്ന് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കുക എന്ന പ്രവണതയെ അതനുകൂലിക്കുന്നു എന്നതാണ്.[132] "മത ത്തിന്റെ" ഇത്തരം രൂപങ്ങളെ അതു പ്രോത്സാഹിപ്പിക്കുന്ന

www.malankaralibrary.com

തിന്റെ ഫലമായി കൂട്ടായ്മയിലേക്ക് നയിക്കപ്പെടുന്നതിനു പകരം അന്യോന്യം അന്യരായിത്തീരുന്നതിനും യാഥാർത്ഥ്യത്തിൽനിന്നും ഒറ്റപ്പെടുന്നതിനും ഇടയാക്കുന്നു. അതേസമയം തന്നെ, സമൂഹത്തെ മരവിപ്പിക്കുന്ന ചില മതസാംസ്കാരിക പാരമ്പര്യങ്ങൾ ഇപ്പോഴും ശക്തമായി തുടരുകയും ചെയ്യുന്നു. ഇവർ സമൂഹത്തെ പരസ്പരം ബന്ധമില്ലാത്ത സംഘങ്ങളായി തിരിക്കുന്നു. വ്യക്തിയുടെ മഹനീയത അംഗീകരിക്കാത്ത വിശ്വാസങ്ങൾ ആണ് ഇവ. അദൃശ്യ ശക്തികളോട് വിധേയത്വം പുലർത്തുന്ന ചില മാന്ത്രികവിദ്യയിലും ഇവർ വിശ്വസിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സ്നേഹത്തിനും സത്യത്തിനും സ്വയം സമർത്ഥിക്കുന്നതിന് പ്രയാസമുണ്ട്. ഇത് യഥാർത്ഥത്തിലുള്ള വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

ഇക്കാരണത്താൽ, വികസനത്തിന് വ്യത്യസ്ത ജനതകളുടെ മതങ്ങളും സംസ്കാരങ്ങളും ആവശ്യമാണെന്നിരിക്കിലും ഇവ സംബന്ധിച്ച്, ശരിയായ വിവേചനവും കൂടിയേ തീരൂ. മതസ്വാതന്ത്ര്യം എന്നു പറയുമ്പോൾ മതങ്ങളോടുള്ള ഉദാസീന മനോഭാവമോ എല്ലാ മതങ്ങളും ഒരുപോലെ ആണെന്നോ അർത്ഥമാക്കുന്നില്ല.[133] സംസ്കാരങ്ങളും മതങ്ങളും നല്കുന്ന സംഭാവന സംബന്ധിച്ച് വിവേകപൂർവമായ നിലപാട് സ്വീകരിക്കണം. രാഷ്ട്രീയാധികാരം പ്രയോഗിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. പരസ്പര ബഹുമാനത്തിന്റെ അരൂപിയിൽ പൊതുനന്മയ്ക്കുവേണ്ടിയും സമൂഹത്തെ പടുത്തുയർത്തുന്നതിനും ഇത് അനുപേക്ഷണീയമാണ്. ഇങ്ങനെയുള്ള വിവേകപൂർവമായ തിരിച്ചറിവ് സ്നേഹത്തിന്റേയും സത്യത്തിന്റേയും മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാകണം വ്യക്തികളുടേയും ജനതകളുടേയും വികസനമാണ് അപകടത്തിൽ ആകാതെ സംരക്ഷിക്കപ്പെടേണ്ടത്. അതുകൊണ്ട്, വിവേകപൂർവമായ വിവേചനത്തിൽ, യഥാർത്ഥത്തിൽ സാർവത്രികമായ ഒരു മനുഷ്യസമൂഹത്തിന്റെ ആവിർഭാവത്തിനുവേണ്ടി, വിമോചനവും എല്ലാവരേയും സ്വീകരിക്കാനുള്ള സന്നദ്ധ

www.malankaralibrary.com

തയും കണക്കിലെടുക്കേണ്ടതുണ്ട്. മതങ്ങളേയും സംസ്കാരങ്ങളേയും വിലയിരുത്തുമ്പോൾ "മനുഷ്യനെ മുഴുവനായും, എല്ലാ മനുഷ്യരെയും" മാനദണ്ഡമായി സ്വീകരിക്കണം. മനുഷ്യന്റെ മുഖമുള്ള ദൈവത്തിന്റെ മതമായ ക്രിസ്തുമതം[134] മേല്പറഞ്ഞ അതേ മാനദണ്ഡം ഉൾക്കൊള്ളുന്നുണ്ട്.

**56.** ക്രിസ്തുമതത്തിനും മറ്റു മതങ്ങൾക്കും വികസനത്തിന് തങ്ങളുടേതായ സംഭാവന നല്കാൻ കഴിയണമെങ്കിൽ *പൊതുജീവിതത്തിൽ ദൈവത്തിന് ഒരു സ്ഥാനമുണ്ടായിരിക്കണം.* സാംസ്കാരികവും സാമൂഹികവും സാമ്പത്തികവും പ്രത്യേകിച്ചും രാഷ്ട്രീയവുമായ മേഖലകളിൽ ദൈവത്തിന് ഇടമുണ്ടാകണം. സഭയുടെ സാമൂഹികപ്രബോധനം തുടങ്ങുന്നത്. ക്രിസ്തുമതത്തിന് പൗരാവകാശംവേണം എന്ന വാദത്തോടുകൂടിയാണ്.[135] തന്റെ മതവിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനും മതവിശ്വാസത്തിലെ സത്യങ്ങൾ പൊതുജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതിനുമുള്ള ഒരുവന്റെ അവകാശം നിഷേധിക്കുന്നത് യഥാർത്ഥവികസനത്തിന് തടസ്സമായിരിക്കും. പൊതുജീവിതത്തിൽനിന്ന് മതത്തെ അകറ്റി നിർത്തുന്നത് വ്യക്തികൾ തമ്മിൽ കണ്ടുമുട്ടുന്നതും മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിക്കായി സഹകരിച്ച് പ്രവർത്തിക്കുന്നതും തടസ്സപ്പെടുത്തുന്നതിന് തുല്യമാണ്. ഇതുപോലെ തന്നെ അപകടകാരിയാണ് മതമൗലികവാദവും. പൊതുജീവിതത്തിന്റെ ചൈതന്യം നഷ്ടപ്പെടുവാനും രാഷ്ട്രീയത്തിന് സ്വേച്ഛാധിപത്യപരവും വിനാശകരവുമായ സ്വഭാവം കൈവരുന്നതിനും ഇത് ഇടയാക്കുന്നു. മനുഷ്യാവകാശങ്ങൾ അവഗണിക്കപ്പെടാനും സാധ്യതയുണ്ട്. അവയുടെ പ്രകൃത്യാതീത അടിസ്ഥാനം ഇല്ലാതാകുന്നതുകൊണ്ടോ വ്യക്തിസ്വാതന്ത്ര്യം അംഗീകരിക്കപ്പെടാത്തതുകൊണ്ടോ ഇത് സംഭവിക്കാം. മതേതരത്വവും മതമൗലികവാദവും യുക്തിചിന്തയും മതവിശ്വാസവും തമ്മിൽ പ്രയോജനകരമായ സംവാദവും ഫലപ്രദമായ സഹകരണവും നടക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. *യുക്തിചിന്ത എപ്പോഴും വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്.* ഈ പറഞ്ഞത് രാഷ്ട്രീയ യുക്തിചിന്തയ്ക്കും

www.malankaralibrary.com

ബാധകമാണ്. എല്ലാം തികഞ്ഞതാണ് എന്ന ഭാവം പലപ്പോഴും അതു വച്ചു പുലർത്തുന്നു. ഇത് ഉപേക്ഷിക്കേണ്ടതുണ്ട്. മതമാകട്ടെ, അതിന്റെ യഥാർത്ഥ മാനുഷികമുഖം വെളിപ്പെടുന്നതിന് *യുക്തിയാൽ ശുദ്ധീകരിക്കപ്പെടണം.* ഇത് ലംഘിക്കപ്പെടുമ്പോൾ മാനുഷികവികസനം വലിയ വില നല്കേണ്ടിവരും.

**57.** വിശ്വാസവും യുക്തിചിന്തയും തമ്മിൽ ഫലപ്രദമായ സംഭാഷണത്തിൽ ഏർപ്പെടുന്നത് സമൂഹത്തിലെ പരസ്നേഹപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കും എന്ന കാര്യത്തിൽ സംശയമേ ഇല്ല. മാനവകുടുംബത്തിൽ നീതിയും സമാധാനവും ഉണ്ടാകുന്നതിനു പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന വിശ്വാസികളും അവിശ്വാസികളും സാഹോദര്യം പ്രകടമാകുന്ന രീതിയിൽ സഹകരിക്കുന്നതിന് ഏറ്റം അനുയോജ്യമായ ചട്ടക്കൂട് ഈ സംഭാഷണമായിരിക്കും. "ഭൂമുഖത്തുള്ള സമസ്തവസ്തുക്കളും മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാകണം, അവയുടെ കേന്ദ്രബിന്ദുവും ഉച്ചകോടിയും മനുഷ്യനായിരിക്കണം എന്ന കാര്യത്തിൽ വിശ്വാസികളും വിശ്വാസമില്ലാത്തവരും ഏകാഭിപ്രായക്കാരാണ്"[136] എന്ന് *'ആനന്ദവും പ്രതീക്ഷയും'* (*Gaudium et Spes*) എന്ന പ്രബോധനരേഖയിൽ കൗൺസിൽ പിതാക്കന്മാർ പ്രഖ്യാപിക്കുന്നു. വിശ്വാസികളെ സംബന്ധിച്ചിടത്തോളം, കേവല യാദൃച്ഛികതയിൽ നിന്നോ അന്ധമായ ആവശ്യകതയിൽനിന്നോ അല്ല ലോകത്തിന്റെ ഉത്ഭവം. ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണത്. സന്മനസ്സുള്ള എല്ലാ മനുഷ്യരോടും, മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവരോടും ഒരു മതത്തിലും വിശ്വസിക്കാത്തവരോടും ഒപ്പം, പ്രവർത്തിച്ച് നമ്മുടെ ലോകം ദൈവത്തിന്റെ പദ്ധതിക്ക് അനുരൂപമാക്കിത്തീർക്കുവാൻ വിശ്വാസികൾക്ക് കടമയുള്ളത് ഇക്കാരണത്താലാണ്. സ്രഷ്ടാവിന്റെ കൺമുമ്പിൽ മനുഷ്യരെല്ലാം ഒരു കുടുംബമായി കഴിയണം എന്നതാണ് അവിടുത്തെ പദ്ധതി. സ്നേഹത്തിന്റെ സവിശേഷമായ പ്രകടനവും വിശ്വാസികളും അവിശ്വാസികളും സൗഹാർദ്ദത്തിൽ സഹകരിക്കുന്നതിനുള്ള മാർഗ്ഗരേഖയുമാണ് 'ഉപാംഗത്വം' സംബന്ധിച്ച തത്ത്വം.[137] അന്യാധീനപ്പെടുത്താനാകാത്ത മനുഷ്യ സ്വാതന്ത്ര്യ

www.malankaralibrary.com

വുമായി അഭേദ്യമായ ബന്ധപ്പെട്ട ഒരു പദപ്രയോഗമാണ് ഇത്. സ്വതന്ത്രമായി പ്രവർത്തിക്കുന്ന മദ്ധ്യവർത്തികളുടെ സഹായത്തോടുകൂടി ഒരു വ്യക്തിക്ക് സഹായം ലഭ്യമാക്കുന്ന ഒരു സംവിധാനമാണിത്. ഒരു വ്യക്തിക്കോ സമൂഹത്തിനോ സ്വന്തം നിലയിൽ ഒരു കാര്യം ചെയ്യാൻ കഴിയാതെവരുമ്പോൾ ഇങ്ങനെയുള്ള സഹായം ലഭ്യമാക്കുന്നു. എപ്പോഴും അവരുടെ ഉന്നമനമാണ് ഇതിന്റെ ലക്ഷ്യം. കാരണം, ഉത്തരവാദിത്തം ഏറ്റെടുക്കുകവഴി പങ്കാളിത്തത്തിലൂടെ അവരുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. ഉപാംഗത്വം ഒരു വ്യക്തിയുടെ അന്തസ്സിനെ ആദരിക്കുന്നു. എപ്പോഴും മറ്റുള്ളവർക്ക് എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിവുള്ള ഒരാളായി വ്യക്തിയെ അംഗീകരിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മനുഷ്യനായിരിക്കുക എന്നതിന്റെ കാതലായ അംശം പരസ്പരസമ്പർക്കം എന്നതാണെങ്കിൽ സർവതും നിയന്ത്രിക്കുന്ന 'ക്ഷേമരാഷ്ട്രം' ഉരുത്തിരിയുന്നത് തടയുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഉപാംഗത്വമാണ്. വിവിധ രീതിയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ കണക്കിലെടുക്കുവാനും അവയെല്ലാം ഏകോപിപ്പിക്കുവാനും ഈ തത്ത്വത്തിന് കഴിയും. പദ്ധതികൾ പലതാകുമ്പോൾ അത് ആവിഷ്കരിക്കുന്നവരും പലരായിരിക്കും. ആഗോളവത്കരണം കൈകാര്യം ചെയ്യുന്നതിനും യഥാർത്ഥത്തിലുള്ള മാനവവികസനത്തിലേക്ക് അതിനെ നയിക്കുന്നതിനും ഏറ്റവും അനുയോജ്യമാണ് ഉപാംഗത്വം സംബന്ധിച്ച തത്ത്വം. ലോകം മുഴുവൻ അടക്കിഭരിക്കുന്ന ഒരു ഏകാധിപത്യശക്തി ഉണ്ടാകാതിരിക്കുന്നതിന്, ആഗോളവത്കരണത്തിൽ അതിന്റെ ഭരണ സംവിധാനത്തിലും ഉപാംഗത്വം പ്രകടമായിരിക്കണം; വിവിധ തലങ്ങൾ ഉണ്ടായിരിക്കുകയും ഓരോ തലത്തിനും മറ്റു തലങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കുകയും വേണം. ആഗോളവത്കരണത്തിന് അധികാരസ്ഥാനങ്ങൾ കൂടിയേതീരൂ. കാരണം, ആഗോളതലത്തിലുള്ള പൊതുനന്മ എന്ന ലക്ഷ്യം ഉയർത്തുന്ന പ്രശ്നം കൈകാര്യം ചെയ്യാൻ അതാവശ്യമാണ്. ഈ അധികാരസ്ഥാനം ഉപാംഗത്വമുള്ളതും പല ഉപഘടകങ്ങളോ

www.malankaralibrary.com

ടുകൂടിയതും ആയിരിക്കണം.[138] അല്ലെങ്കിൽ അതു സ്വാത ന്ത്ര്യത്തെ പ്രതികൂലമായി ബാധിക്കും. പ്രായോഗികമായി ഫല പ്രാപ്തി ഉണ്ടാകുന്നതിനും ഇത് ആവശ്യമാണ്.

58. ഉപാംഗത്വത്തിന്റെ തത്ത്വം ഐക്യദാർഢ്യത്തിന്റെ തത്ത്വവുമായി അടുത്തബന്ധം പുലർത്തണം, മറിച്ചും. ഉപാം ഗത്വം മാത്രമാണെങ്കിൽ ഒരു സാമൂഹിക സ്വകാര്യ പ്രസ്ഥാന മാകും നിലവിൽവരുക. ഇനി ഉപാംഗത്വമില്ലാതെ ഐക്യദാർ ഢ്യം മാത്രമായാൽ സാധുക്കളുടെ അന്തസ്സിനു നിരക്കാത്ത രീതിയിലുള്ള സാമൂഹിക സഹായം നല്കുന്ന അനുചിതമായ ഒരു പൈതൃകഭാവം നിലവിൽവരും. *അന്താരാഷ്ട്രവികസന സഹായം* ചർച്ചചെയ്യുമ്പോഴും മേൽപ്പറഞ്ഞ സാമാന്യനിയമം അതിന്റെ വിശാലമായ അർത്ഥത്തിൽ പരിഗണിക്കേണ്ടതാണ്. സഹായം നല്കുന്നവരുടെ ഉദ്ദേശം എന്തുതന്നെ ആയാലും ഇത്തരം സഹായം ജനങ്ങളെ ഒരുതരം പരാശ്രയത്തിലേക്കു നയിച്ചെന്നുവരാം. സഹായം സ്വീകരിക്കുന്ന രാജ്യത്ത് പ്രാദേ ശിക തലത്തിൽ അടിച്ചമർത്തലിനും ചൂഷണത്തിനും ഇതു കാരണമാകാം. സാമ്പത്തിക സഹായം അതിന്റെ യഥാർത്ഥ ലക്ഷ്യത്തോടു വിശ്വസ്തത പുലർത്തുകയാണ് വേണ്ടത്; മറ്റ് ആനുഷംഗിക ലക്ഷ്യങ്ങൾ അതിനുണ്ടാകരുത്. ഈ സഹാ യം വിതരണം ചെയ്യുന്നതിൽ, സഹായം സ്വീകരിക്കുന്ന രാജ്യ ത്തെ ഭരണകൂടത്തെ മാത്രമല്ല പ്രാദേശിക സാമ്പത്തിക പ്രവർ ത്തകരെയും പ്രാദേശികസഭകളുൾപ്പെടെയുള്ള സാംസ്കാരിക പ്രവർത്തകരെയും പങ്കെടുപ്പിക്കണം. ഏറ്റം താഴ്ന്നതട്ടിലുള്ള വരെയും പങ്കെടുപ്പിക്കുക, പദ്ധതികൾ പൂർത്തിയാക്കാൻ അ വർ പങ്കുവഹിക്കുക എന്നതാകണം സഹായപരിപാടികളുടെ മുഖമുദ്ര. വികസനസഹായം സ്വീകരിക്കുന്ന രാജ്യങ്ങളിലെ ഏറ്റം വിലപ്പെട്ട വിഭവം മാനവശേഷിയാണ്. ഇതാണ് സമാ ഹരിക്കേണ്ട യഥാർത്ഥ മൂലധനം. യഥാർത്ഥത്തിൽ സ്വതന്ത്ര മായ ഒരു ഭാവി ഏറ്റം ദരിദ്രമായ രാജ്യങ്ങൾക്കുകൂടി കൈവരും എന്ന് ഉറപ്പുവരുത്താൻ ഇതാവശ്യമാണ്. വികസ്വരരാജ്യ ങ്ങൾക്കു സാമ്പത്തിക മേഖലയിൽ ആവശ്യമായ ഏറ്റം വലിയ സഹായം അവയുടെ ഉത്പന്നങ്ങളെ ക്രമേണ അന്താരാഷ്ട്ര

www.malankaralibrary.com

വിപണിയിൽ കടന്നുകൂടുവാൻ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു വഴി, അന്താരാഷ്ട്ര സാമ്പത്തിക ജീവിതത്തിൽ പൂർണ്ണമായി പങ്കെടുക്കുവാൻ അവർക്കിടയാക്കുക എന്നതാണ് എന്നു നാം ഓർമ്മിക്കണം. കഴിഞ്ഞകാലത്ത് വികസ്വരരാജ്യങ്ങൾക്കു നല്കിയ സഹായംകൊണ്ട് സഹായം നല്കിയ രാജ്യങ്ങളുടെ ഉത്പന്നങ്ങൾക്കു പ്രസ്തുതരാജ്യങ്ങളിൽ ചെറുകമ്പോളങ്ങൾ സൃഷ്ടിക്കുക മാത്രമായിരുന്നു. മേല്പറഞ്ഞ ഉത്പന്നങ്ങൾക്കു യഥാർത്ഥത്തിലുള്ള ആവശ്യകത ഇല്ലാതിരുന്നതാണ് ഇതിനു കാരണം; ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുകയും നിലവിലുള്ള ആവശ്യങ്ങൾക്കനുസൃതമായി അവയെ രൂപപ്പെടുത്തുകയും ചെയ്യുവാൻ ആ രാജ്യങ്ങളെ പ്രാപ്തരാക്കുകയാണു വേണ്ടത്. ഇതു കൂടാതെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതിമൂലം — പ്രത്യേകിച്ചും കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതി — മത്സരം നേരിടേണ്ടിവരുമോ എന്നു ഭയപ്പെടുന്നവരും ഉണ്ട്. എന്നിരുന്നാലും ഈ രാജ്യങ്ങളുടെ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള നിലനില്പ് ഉറപ്പുവരുത്തുന്നത് അവരുടെ ഉത്പന്നങ്ങളുടെ വിപണന സാദ്ധ്യതയാണ് എന്ന വസ്തുത നാം ഓർമ്മിക്കണം. കാർഷിക ഉത്പന്നങ്ങളുടെ ന്യായവും നീതിയുക്തവുമായ അന്താരാഷ്ട്ര വ്യാപാരം ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായിരിക്കും. ഇക്കാരണത്താൽ, ഇത്തരം ഉത്പന്നങ്ങൾ അവയുടെ വിപണന സാദ്ധ്യത കണക്കിലെടുത്തുകൊണ്ടുവേണം ഉത്പാദിപ്പിക്കുവാൻ. മാത്രമല്ല, ഇവയെ പിൻതുണയ്ക്കുന്ന അന്താരാഷ്ട്ര വ്യാപാര ചട്ടങ്ങൾ ഉണ്ടാക്കേണ്ടതുമാണ്. ഈ രാജ്യങ്ങളിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.

**59.** *വികസനത്തിനായുള്ള സഹകരണം* സാമ്പത്തിക മേഖലയിൽ മാത്രം ഒതുങ്ങിനിന്നാൽ പോരാ. *സംസ്കാരങ്ങളും ജനതകളും തമ്മിൽ അടുത്തിടപഴകുന്ന മഹത്തായ ഒരവസരമാണ് ഇത് നല്കുന്നത്.* വികസിത രാഷ്ട്രങ്ങളുടെ ഭാഗത്തു

www.malankaralibrary.com

നിന്നുള്ളവരാണ് സഹകരണത്തിൽ ഏർപ്പെടുന്ന കക്ഷികളിൽ ഒരു വിഭാഗമെങ്കിൽ (പലപ്പോഴും ഇതാണ് സംഭവിക്കുന്നത്) അവർ തങ്ങളുടെ തന്നെയോ മറ്റു രാജ്യങ്ങളുടെയോ സാംസ്കാരിക അനന്യത കണക്കിലെടുക്കുന്നതിൽ പരാജയപ്പെട്ടാൽ, അഥവാ, ആ സംസ്കാരത്തെ രൂപപ്പെടുത്തുന്ന മാനുഷിക മൂല്യങ്ങൾ അവഗണിച്ചാൽ, ദരിദ്രരാജ്യങ്ങളിലെ പൗരന്മാരുമായി അർത്ഥവത്തായ സംവാദത്തിൽ ഏർപ്പെടാൻ അവർക്ക് കഴിയുകയില്ല. സഹകരണത്തിൽ ഏർപ്പെടുന്ന ദരിദ്ര രാജ്യങ്ങൾ വിവേചനരഹിതമായി തങ്ങളുടെ മുമ്പിൽ വയ്ക്കുന്ന ഏതൊരു സാംസ്കാരിക നിർദ്ദേശത്തേയും സ്വീകരിക്കാൻ തയ്യാറായാൽ, തങ്ങളുടെ രാജ്യത്തിന്റെ യഥാർത്ഥ വികസനത്തിനുള്ള ഉത്തരവാദിത്തം നിറവേറ്റാൻ അവർക്ക് കഴിയാതെ വരും.[139] സാങ്കേതികമായി പുരോഗമിച്ച സമൂഹങ്ങൾ, തങ്ങളുടെ സാങ്കേതികവികസനത്തിന്റെ ഫലമായി മറ്റുള്ളവരേക്കാൾ സാംസ്കാരികമായ മേൽക്കോയ്മ തങ്ങൾക്കുണ്ടെന്ന് തെറ്റിദ്ധരിക്കരുത്. തങ്ങളുടെ ചരിത്രത്തിൽ ഉടനീളം സമൃദ്ധി ഉണ്ടാക്കിയതും പലപ്പോഴും വിസ്മരിക്കപ്പെടുന്നതും ആയ മൂല്യങ്ങൾ അവരവരുടെ ഇടയിൽത്തന്നെ വീണ്ടും കണ്ടെത്തുകയാണ് അവർ ചെയ്യേണ്ടത്. വികസ്വര സമൂഹങ്ങൾ അവരവരുടെതന്നെ പാരമ്പര്യത്തിൽ കാണുന്ന യഥാർത്ഥ മാനവികമൂല്യങ്ങളോട് തുടർന്നും വിശ്വസ്തത പുലർത്തണം. ആഗോളവത്കരിച്ച സാങ്കേതിക സംസ്കാരത്തിന്റെ യാന്ത്രിക ഘടനകൾ ആ മൂല്യങ്ങളെ നിരുപാധികം കീഴടക്കാൻ അവർ അനുവദിച്ചുകൂടാ. എല്ലാ സംസ്കാരങ്ങളിലും പൊതുവായി ചില സാന്മാർഗ്ഗിക മൂല്യങ്ങളുണ്ട്. അവയിൽ ചിലത് ഒറ്റപ്പെട്ടതാകാം. ചിലത് പരസ്പരം ബന്ധപ്പെട്ടതാകാം. ഇത് സ്രഷ്ടാവ് ഉദ്ദേശിച്ചിട്ടുള്ള മനുഷ്യസ്വഭാവത്തിന്റെ പ്രകടനമാണ്. സാന്മാർഗ്ഗിക വിജ്ഞാനം ഈ പാരമ്പര്യത്തെ പ്രകൃതിനിയമം എന്നാണ് വിളിക്കുന്നത്.[140] സാർവത്രികമായ ഈ സാന്മാർഗ്ഗികനിയമം, സാംസ്കാരികവും മതപരവും രാഷ്ട്രീയവുമായ എല്ലാ സംഭാഷണത്തിനും ഉപകരിക്കുന്ന ശക്തമായ ഒരടിത്തറയാണ്. വൈവിദ്ധ്യമാർന്നതും ബഹുമു

www.malankaralibrary.com

ഖവുമായ സംസ്കാരങ്ങൾ, സത്യത്തെയും നന്മയെയും ദൈവത്തെയും കണ്ടുമുട്ടുന്നതിനുള്ള എല്ലാ സംസ്കാരങ്ങളുടേയും അന്വേഷണത്തിൽനിന്ന് അടർന്ന് മാറുന്നില്ലായെന്ന് ഇത് ഉറപ്പുവരുത്തും. മനുഷ്യഹൃദയങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഈ നിയമം അനുസരിക്കുന്നത് സർഗ്ഗാത്മകമായ എല്ലാ സഹകരണത്തിന്റേയും മുൻ ഉപാധിയാണ്, എല്ലാ സംസ്കാരങ്ങൾക്കും ഇറക്കിവയ്ക്കേണ്ട ചില ചുമടുകളുണ്ട്. ഒഴിഞ്ഞുപോകേണ്ട ചില നിഴലുകളുണ്ട്. ക്രൈസ്തവവിശ്വാസം സംസ്കാരങ്ങളിൽ അവതരിക്കുകവഴിയും അവയെ സ്വായത്തമാക്കുകയും അതേസമയം സംസ്കാരങ്ങൾക്ക് അതീതമായി നിലകൊള്ളുകയും ചെയ്യുന്നതുവഴി, സാർവത്രികമായ സാഹോദര്യത്തിലും കൂട്ടായ്മയിലും വളരാൻ അവയെ സഹായിക്കാൻ അതിനു കഴിയും. ആഗോളതലത്തിലുള്ള പുരോഗതിക്കും സമൂഹത്തിന്റെ വികസനത്തിനും ക്രൈസ്തവവിശ്വാസം സഹായകമാണ്.

**60.** ഇന്നത്തെ സാമ്പത്തികപ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള ശ്രമത്തിൽ, ദരിദ്രരാജ്യങ്ങൾക്ക് നല്കുന്ന വികസന സഹായം, എല്ലാവർക്കുംവേണ്ടി സമ്പത്ത് സൃഷ്ടിക്കുന്നതിനുള്ള സാധുവായ ഒരു മാർഗ്ഗമായി കരുതണം. ആഗോള സമ്പദ്‌വ്യവസ്ഥയുടെ കാഴ്ചപ്പാടിൽനിന്നു നോക്കിയാൽപോലും സാമ്പത്തിക വികസനത്തിന്റെ പ്രാരംഭ ദശയിൽതന്നെ ഇപ്പോഴും കഴിയുന്ന ജനങ്ങൾക്ക് സഹായം നല്കുന്നതിനേക്കാൾ ശ്രദ്ധേയമായ വളർച്ചയ്ക്ക് കളമൊരുക്കുന്ന വേറെ എന്ത് സഹായപരിപാടിയാണ് ഉള്ളത്? ഈ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ, സാമ്പത്തികമായി വികസനം പ്രാപിച്ചുകഴിഞ്ഞ കൂടുതൽ രാഷ്ട്രങ്ങൾ അവയുടെ ആകെ ഗാർഹിക ഉത്പാദനത്തിന്റെ നല്ലൊരുഭാഗം വികസനസഹായത്തിനായി മാറ്റിവയ്ക്കാൻ കഴിയുന്നത്ര ശ്രമിക്കണം. അങ്ങനെ, ഇക്കാര്യത്തിൽ അന്താരാഷ്ട്രസമൂഹം ഏറ്റെടുത്തിട്ടുള്ള ചുമതലകൾ നിർവഹിക്കാൻ അവർ തയ്യാറാകണം. ഇതു ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം, തങ്ങളുടെതന്നെ രാജ്യത്ത് സാമൂഹിക സഹായത്തിനും ജനക്ഷേമത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള നയങ്ങൾ

www.malankaralibrary.com

പുനഃപരിശോധിക്കുകയും ഉപാംഗത്വതത്ത്വം പ്രാവർത്തികമാക്കി കുറെക്കൂടെ സമഗ്രമായ ക്ഷേമസംവിധാനങ്ങൾ ആവിഷ്കരിക്കുകയും ആണ്. ഇതിന് സ്വകാര്യ വ്യക്തികളുടെയും പൊതുസമൂഹത്തിന്റെയും സജീവമായ പങ്കാളിത്തം ഉണ്ടായിരിക്കുകയും വേണം. ഈ രീതി തുടർന്നാൽ സാമൂഹികസേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും ഇനിയും മെച്ചപ്പെടുത്തുവാനും അതേസമയംതന്നെ വിഭവങ്ങൾ ലാഭിക്കുവാനും കഴിയും. വിഭവങ്ങൾ പാഴാകുന്നതും വഞ്ചനാപരമായ അവകാശവാദങ്ങൾ അനുവദിക്കുന്നതും ഒഴിവാക്കിയാൽ വിഭവങ്ങൾ മിച്ചംവരുത്തുവാനും അവ അന്താരാഷ്ട്ര കൂട്ടായ്മക്കായി മാറ്റിവയ്ക്കുവാനും സാധിക്കും. കുറേക്കൂടി വികേന്ദ്രീകരിച്ചതും പരസ്പരം ബന്ധംപുലർത്തുന്നതുമായ ഒരു സാമൂഹ്യകൂട്ടായ്മ ഉണ്ടെങ്കിൽ, ഉദ്യോഗസ്ഥഭരണം കഴിയുന്നത്ര പരിമിതിപ്പെടുത്തുകയും എന്നാൽ പ്രവർത്തനങ്ങൾ വേണ്ടത്ര ഏകോപിപ്പിക്കുകയും ചെയ്താൽ, ജനതകൾതമ്മിലുള്ള ഐക്യദാർഢ്യം വർദ്ധിപ്പിക്കുന്നതിന്, ഇപ്പോൾ നിശ്ചലമായിക്കിടക്കുന്ന ഊർജ്ജസമ്പത്തിനെ പ്രയോജനപ്പെടുത്താൻ കഴിയും.

വികസനസഹായത്തെ ഫലപ്രദമായി സാമ്പത്തിക ഉപാംഗത്വം പ്രയോജനപ്പെടുത്തി സമീപിക്കാവുന്നതാണ്. തങ്ങൾ കരമടയ്ക്കുന്ന തുകയുടെ ഒരംശം എങ്ങനെ ചിലവഴിക്കണം എന്ന് തീരുമാനിക്കുന്നതിന് പൗരന്മാരെ അനുവദിക്കുകയാണിവിടെ ചെയ്യേണ്ടത്. പ്രത്യേക താത്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംവിധാനമായി തരംതാഴാതെയിരുന്നാൽ, സമൂഹക്ഷേമത്തിനായുള്ള കൂട്ടായ്മയുടെ രൂപഭേദങ്ങൾ താഴേതട്ടിൽനിന്ന് ഉയർന്നുവരാൻ ഇത് സഹായിക്കും. വികസനത്തിനായുള്ള കൂട്ടായ്മയുടെ തലത്തിലും ഇതുകൊണ്ട് വ്യക്തമായ നേട്ടങ്ങൾ ഉണ്ടാകും.

**61.** സാമ്പത്തിക പ്രതിസന്ധിയുടെ മദ്ധ്യത്തിൽപ്പോലും അന്താരാഷ്ട്രതലത്തിൽ കൂടുതൽ കൂട്ടായ്മ പ്രകടമാകുന്നത് വിദ്യാഭ്യാസം നേടാനുള്ള സൗകര്യം വർദ്ധിപ്പിക്കുവാൻ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമത്തിലാണ്. ഫലപ്രദമായ അന്താരാഷ്ട്ര സഹകരണത്തിനും അവശ്യംവേണ്ട

www.malankaralibrary.com

ഒരു മുൻ ഉപാധിയാണിത്. പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്നതും തൊഴിൽ പരിശീലനവും മാത്രമല്ല വിദ്യാഭ്യാസം എന്ന പദം അർത്ഥമാക്കുന്നത്. ഇതു രണ്ടും വികസനത്തിൽ പ്രാധാന്യം അർഹിക്കുന്ന ഘടകങ്ങളാണ് എന്നത് ശരിതന്നെ. ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ രൂപീകരണമാണ് വിദ്യാഭ്യാസം. ഇവിടെ എടുത്തുപറയേണ്ട ഒരു പ്രശ്നം ഉണ്ട്. വിദ്യ അഭ്യസിപ്പിക്കുന്നതിന് മനുഷ്യവ്യക്തിത്വത്തിന്റെ സ്വഭാവം അറിഞ്ഞിരിക്കുക ആവശ്യമാണ്. വിദ്യാഭ്യാസം ലഭിക്കേണ്ട പുരുഷനെ അഥവാ സ്ത്രീയെ മനസ്സിലാക്കണം. മനുഷ്യസ്വഭാവം സംബന്ധിച്ച് ഒരു ആപേക്ഷികവാദാടിസ്ഥാനത്തിൽ മനസ്സിലാക്കുന്നത് ഇപ്പോൾ കൂടുതൽ കൂടുതൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. സാന്മാർഗ്ഗിക ബോധനത്തിൽ ഇത് പ്രത്യേകിച്ചും പ്രകടമാണ്. വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് ഇതു പ്രതിബന്ധമായിത്തീരുന്നു. ഈ ആപേക്ഷികവാദത്തിന് കീഴടങ്ങിയാൽ എല്ലാവരും കൂടുതൽ ദരിദ്രരായിത്തീരും. സഹായം ഏറ്റവും അധികംവേണ്ട ജനങ്ങൾക്ക് സഹായംകൊണ്ട് ഫലമുണ്ടാകുന്നതിന് ഇത് തടസ്സമായിരിക്കും. ഈ ദരിദ്രജനവിഭാഗങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവും ആയ ദാരിദ്ര്യം മാത്രമല്ല ഉള്ളത്. ജനങ്ങളെ തങ്ങളുടെ മാനുഷികമായ സിദ്ധികൾ പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിന് സഹായിക്കുന്നതിനുള്ള വിദ്യാഭ്യാസരീതികളും വിഭവങ്ങളും അവർക്ക് അന്യമാണ്.

ഈ പ്രശ്നം എത്ര സുപ്രധാനമാണെന്ന് വെളിപ്പെടുത്തുന്നതാണ് *അന്താരാഷ്ട്രവിനോദ സഞ്ചാരം* എന്ന പ്രതിഭാസം. സാമ്പത്തികവികസനത്തിനും സാംസ്കാരിക വളർച്ചയ്ക്കും ഗണ്യമായി സഹായിക്കാവുന്ന ഒരു ഘടകമാണിത്. എന്നാൽ ഇത് ചൂഷണത്തിനും സാന്മാർഗ്ഗിക അധഃപതനത്തിനും സാഹചര്യം ഉണ്ടാക്കാം. ഇന്നത്തെ സാഹചര്യം വികസനത്തിന്റെ സാമ്പത്തിക വശങ്ങൾക്ക് അസാധാരണമായ സാദ്ധ്യതകൾ തുറന്നുതരുന്നുണ്ട്. അതായത്, പണത്തിന്റെ ഒഴുക്കും ഗണ്യമായ തോതിൽ പ്രാദേശിക സംരംഭങ്ങൾ ഉണ്ടാകുന്നതും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം

www.malankaralibrary.com

പോകുന്നതാണ് സാംസ്കാരിക വശങ്ങളും. അവയിൽ സുപ്രധാനമായ ഒന്നാണ് വിദ്യാഭ്യാസം. പലപ്പോഴും ഇതാണ് സംഭവിക്കുന്നത്. എന്നാൽ ചിലപ്പോൾ അന്താരാഷ്ട്ര വിനോദസഞ്ചാരം വിനോദ സഞ്ചാരികളുടെയും തദ്ദേശവാസികളുടെയും വിദ്യാഭ്യാസത്തെ പ്രതികൂലമായും ബാധിക്കുന്നുണ്ട്. തദ്ദേശവാസികൾ പലപ്പോഴും സന്മാർഗ്ഗവിരുദ്ധവും വികൃതവുമായ പെരുമാറ്റത്തിന് വിധേയരാകുന്നു. ലൈംഗികവിനോദസഞ്ചാരം ഇതിനുദാഹരണമാണ്; ചെറു പ്രായത്തിൽത്തന്നെ അനേകം മനുഷ്യജീവികൾ ഇത്തരം വിനോദസഞ്ചാരത്തിന് ബലിയർപ്പിക്കപ്പെടുന്നു. പ്രാദേശിക ഭരണകൂടത്തിന്റെ പിൻതുണയോടുകൂടിയാണ് ഇത് നടക്കുന്നത് എന്നത് ദയനീയമായ ഒരവസ്ഥയാണ്. വിനോദസഞ്ചാരികൾ പുറപ്പെടുന്ന രാജ്യങ്ങളിലെ ഭരണകൂടങ്ങളും മൗനം പാലിക്കുന്നു. വിനോദസഞ്ചാരത്തിന്റെ സംഘാടകർ ഈ ചൂഷണത്തിന് കൂട്ടുനില്ക്കുകയാണ് ചെയ്യുന്നത്. ഇത്രതന്നെ മോശമല്ലാത്ത സാഹചര്യങ്ങളിലും അന്താരാഷ്ട്ര വിനോദസഞ്ചാരത്തിലൂടെ ഉപഭോക്തൃസംസ്കാരത്തെയും സുഖാന്വേഷണത്തെയുമാണ് പ്രോത്സാഹിപ്പിക്കുന്നത്. യാഥാർത്ഥ്യത്തിൽനിന്നും ഒളിച്ചോടാനുള്ള ഒരു സംവിധാനമായി ഇത് മാറിയിരിക്കുന്നു. വിനോദസഞ്ചാരികൾ പുറപ്പെടുന്ന രാജ്യത്തെ അനുസ്മരിപ്പിക്കുന്ന ഒരു മനോഭാവമാണ് ഇത്. വ്യക്തികളും സംസ്കാരങ്ങളും പരസ്പരം ഇടപഴകുന്നതിനുള്ള ഒരു സാഹചര്യമല്ല ഇത് സൃഷ്ടിക്കുന്നത്. അതുകൊണ്ട് ഒരു വ്യത്യസ്ത രീതിയിലുള്ള വിനോദ സഞ്ചാരം നാം വികസിപ്പിക്കേണ്ടതുണ്ട്. യഥാർത്ഥത്തിലുള്ള പരസ്പരധാരണ വളർത്താൻ കഴിവുള്ളതും വിശ്രമത്തിനും ആരോഗ്യകരമായ വിനോദത്തിനും വേണ്ടത്ര സൗകര്യം നല്കിക്കൊണ്ടുള്ളതുമായ ഒരു സമീപനം. അന്താരാഷ്ട്ര സഹകരണത്തിൽനിന്നും വികസന പ്രസ്ഥാനങ്ങളിൽനിന്നും ലഭിച്ച അനുഭവത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ഇത്തരം വിനോദസഞ്ചാരം വളരേണ്ടതുണ്ട്.

**62.** സമഗ്രമായ മാനവവികസനത്തിന്റെ ശ്രദ്ധേയമായ മറ്റൊരു മുഖമാണ് കുടിയേറ്റം എന്ന പ്രതിഭാസം. ഈ

www.malankaralibrary.com

പ്രതിഭാസം ശ്രദ്ധേയമാക്കുന്നത് അസംഖ്യം ആളുകൾ കുടിയേറിപ്പാർക്കുന്നു എന്നുള്ളതും അതിൽനിന്ന് ഉയരുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ പ്രശ്നങ്ങളുമാണ്. ഇത് രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്രസമൂഹത്തിനും നാടകീയമായ വെല്ലുവിളികളാണ് ഉയർത്തുന്നത്. ചരിത്രം സൃഷ്ടിക്കുന്ന ഒരു സാമൂഹിക പ്രതിഭാസത്തെയാണ് നാം നേരിടുന്നത്. അതിവിശാലമായ ഒരു പ്രതിഭാസം. ധീരവും ദീർഘവീക്ഷണമുള്ളതുമായ അന്താരാഷ്ട്ര സഹകരണനയങ്ങൾ കൊണ്ടേ ഇതിനെ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യാൻ കഴിയുകയുള്ളു. കുടിയേറ്റക്കാർ പുറപ്പെടുന്ന രാജ്യങ്ങളിലും അവർ എത്തിച്ചേരാൻ ഉദ്ദേശിക്കുന്ന രാജ്യങ്ങളും അടുത്തു സഹകരിച്ച് ഇത്തരം നയങ്ങൾക്ക് രൂപം നല്കണം. വിവിധ നിയമസംവിധാനങ്ങളുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയുന്നതിന് ആവശ്യമായ അന്താരാഷ്ട്ര ചട്ടങ്ങളും ഈ നയങ്ങളോടൊപ്പം ഉണ്ടാകേണ്ടതുണ്ട്. കുടിയേറിപ്പാർക്കുന്നതും അതുപോലെ തന്നെ കുടിയേറ്റക്കാർ ചെന്നെത്തുന്നതുമായ വ്യക്തികളുടേയും കുടുംബങ്ങളുടേയും ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ ശ്രദ്ധ വേണം. ഈ കാലഘട്ടത്തിലെ കുടിയേറ്റപ്രശ്നങ്ങൾ ഒരു രാജ്യത്തിനും സ്വന്തംനിലയിൽ കൈകാര്യം ചെയ്യാനാകില്ല. സ്വന്തം രാജ്യംവിട്ടുവരുന്ന അസംഖ്യം കുടിയേറ്റക്കാർ അനുഭവിക്കുന്ന യാതനയുടേയും അവരുടെ പ്രതീക്ഷകളുടേയും സ്ഥലംമാറ്റം കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളുടേയും ദൃക്സാക്ഷികൾ ആണല്ലോ നാം. ഈ പ്രതിഭാസം കൈകാര്യം ചെയ്യുക പ്രയാസമണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ വിദേശ ജോലിക്കാർ തദ്ദേശവാസികളുമായി ഇഴുകിച്ചേരുന്നതിൽ പ്രയാസങ്ങളുണ്ടെങ്കിലും അവർ എത്തിച്ചേർന്ന രാജ്യത്തെ സാമ്പത്തികവികസനത്തിന് ശ്രദ്ധേയമായ സംഭാവന അവരുടെ അധ്വാനം വഴി നല്കേണ്ടതുണ്ട്. മാത്രമല്ല, അവർ സ്വന്തം നാട്ടിലേക്ക് അയയ്ക്കുന്ന പണവും സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതാണ്. ഈ തൊഴിലാളികൾ ഒരു കച്ചവടച്ചരക്കായോ പണിയെടുക്കാനുള്ളവർ മാത്രമായോ പരിഗണിക്ക

www.malankaralibrary.com

പ്പെടാൻ പാടില്ല. ഉത്പ്പാദനത്തിന്റെ പല ഘടകങ്ങളിൽ ഒന്നായി മാത്രം അവരെ കണക്കാക്കാൻ ഇടയാകരുത്. ഓരോ കുടിയേറ്റക്കാരനും ഒരു മനുഷ്യവ്യക്തിയാണ്. ആ നിലയിൽ അയാൾക്കും മൗലികവും, അനിഷേധ്യവുമായ അവകാശങ്ങൾ ഉണ്ട്. ഈ അവകാശങ്ങൾ എല്ലാവരും എല്ലാ സാഹചര്യങ്ങളിലും മാനിക്കേണ്ടിയിരിക്കുന്നു.[142]

**63.** വികസനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുമ്പോൾ, *ദാരിദ്ര്യവും തൊഴിലില്ലായ്മയും* തമ്മിലുള്ള അഭേദ്യമായ ബന്ധം എടുത്തുകാട്ടാതിരിക്കാൻ നിവൃത്തിയില്ല. പലപ്പോഴും മനുഷ്യ പ്രയത്നത്തിന്റെ അന്തസ്സിനെ മാനിക്കാത്തതാണ് ദാരിദ്ര്യത്തിന്റെ കാരണം. "ഒന്നുകിൽ തൊഴിലില്ലായ്മ കൊണ്ടോ അല്ലെങ്കിൽ ജോലിക്ക് കുറഞ്ഞമൂല്യം നിശ്ചയിച്ചിരിക്കുന്നതിനാലോ ജോലിയിൽനിന്ന് ഉണ്ടാകുന്ന അവകാശങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നതുമൂലമോ പ്രത്യേകിച്ചും നീതിപൂർവമായ വേതനത്തിനുള്ള അവകാശം, തൊഴിലാളിയുടേയും അയാളുടെ കുടുംബത്തിന്റേയും ഭദ്രതയ്ക്കുള്ള അവകാശം, അവഗണിക്കപ്പെടുന്നു."[143] ഇക്കാരണത്താൽ, രണ്ടായിരാമാണ്ട് മെയ് ഒന്നാം തീയതി തൊഴിലാളികളുടെ ജൂബിലിയുടെ സന്ദർഭത്തിൽ, എന്റെ വന്ദ്യ മുൻഗാമി ജോൺപോൾ രണ്ടാമൻ മാന്യമായ ജോലിക്കുവേണ്ടിയുള്ള ഒരു ആഗോള സഖ്യത്തിന്[144] ആഹ്വാനം ചെയ്തു. അന്താരാഷ്ട്ര തൊഴിലാളിസംഘടനയുടെ നിലപാടിന് പിൻതുണ പ്രഖ്യാപിക്കുന്ന ഒരാഹ്വാനമായിരുന്നു അത്. ഇങ്ങനെ, ഈ ലക്ഷ്യത്തിന് ശക്തമായ ഒരു ധാർമ്മിക പ്രചോദനം അദ്ദേഹം നല്കി. ലോകത്തെ എല്ലാ രാജ്യങ്ങളിലേയും കുടുംബങ്ങളുടെ ആഗ്രഹം അതാണെന്ന് അദ്ദേഹം മനസ്സിലാക്കി. ജോലിയെപ്പറ്റി പറയുമ്പോൾ 'മാന്യമായ' എന്ന പദത്തിന് എന്താണർത്ഥം? ഓരോ വ്യക്തിയുടേയും സാമൂഹിക സാഹചര്യത്തിൽ അയാളുടെ അടിസ്ഥാനപരമായ അന്തസ്സ് പ്രകടമാകുന്ന ജോലി എന്നാണിതിനർത്ഥം: സ്വതന്ത്രമായി തെരഞ്ഞെടുത്ത ജോലി, തങ്ങളുടെ സമൂഹത്തിന്റെ വികസനത്തിന് തൊഴിലാളികളെ ഫലപ്രദമായ രീതിയിൽ പങ്കെടുപ്പിക്കുന്ന ജോലി, യാതൊരുതരം വിവേച

www.malankaralibrary.com

നവുമില്ലാതെ തൊഴിലാളിക്ക് ചെയ്യാവുന്ന ജോലി, തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനു മതിയായതുമായ വരുമാനം കുടുംബങ്ങൾക്ക് ഉറപ്പുവരുത്തുന്ന ജോലി. കുട്ടികളെ പണിയെടുക്കാൻ നിർബന്ധിതരാക്കുന്ന സാഹചര്യം ഉണ്ടായിരിക്കരുത്. വീണ്ടും, സ്വതന്ത്രമായി സംഘടിക്കുവാൻ തൊഴിലാളികൾക്ക് അനുവാദമുള്ള ജോലിയാണത്. സംഘടനയിലൂടെ തങ്ങൾക്ക് പറയാനുള്ളത് ശ്രദ്ധിച്ച് കേൾക്കപ്പെടും എന്ന് ഉറപ്പുവരുത്താൻ ഉതകുന്ന ജോലി വ്യക്തിയുടെയും കുടുംബത്തിന്റേയും ആത്മീയതയുടെ തലത്തിലും തങ്ങളുടെ വേരുകൾ വീണ്ടും കണ്ടെത്താൻ വേണ്ടത്ര സമയം ലഭ്യമാക്കുന്ന ജോലിയാണത്. ജോലിയിൽനിന്ന് വിരമിച്ചവർക്ക് മാന്യമായ ഒരു ജീവിതനിലവാരം ഉറപ്പുവരുത്തുന്ന ഒരു ജോലി.

**64.** തൊഴിൽ എന്ന വിഷയത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഇന്ന് രൂപംകൊണ്ടുവരുന്ന തൊഴിൽമേഖലയിൽ പുതിയ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളാൻ തൊഴിലാളി സംഘടനകൾ തയാറാകേണ്ടതിന്റെ പ്രാധാന്യം അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. സഭ എപ്പോഴും തൊഴിലാളി സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു പ്രത്യേകവിഭാഗം തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനായി സംഘടിപ്പിച്ചവയാണെങ്കിലും തൊഴിലാളി യൂണിയനുകൾ കുറേക്കൂടി വിശാലമായ സമീപനത്തിലൂടെ നമ്മുടെ സമൂഹത്തിൽ ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളേയും നേരിടേണ്ടതുണ്ട്. ഉദാഹരണത്തിന്, സാമൂഹികശാസ്ത്രജ്ഞന്മാർ, തൊഴിലാളികളും ഉപഭോക്താക്കളും തമ്മിലുള്ള സംഘർഷം എന്നുപറയുന്ന മേഖലയിൽപ്പെട്ട സങ്കീർണ്ണമായ പ്രശ്നങ്ങൾ അവർ അഭിമുഖീകരിക്കേണ്ടതുണ്ട്. ഇന്ന് ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്നത് തൊഴിലാളിയിലല്ല ഉപഭോക്താവിലാണ് എന്ന സിദ്ധാന്തം അംഗീകരിച്ചില്ലെങ്കിൽ കൂടി തൊഴിലാളി സംഘടനകൾ കൈകാര്യം ചെയ്യേണ്ട പുതിയ പ്രശ്നങ്ങളാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. സൃഷ്ടിപരമായി കൈകാര്യം ചെയ്യേണ്ട പ്രശ്നങ്ങളാണ് ഇവ. ഇന്ന് ജോലി നടക്കുന്നത്

www.malankaralibrary.com

ആഗോളതലത്തിലാണ്. അതുകൊണ്ട് ദേശീയ തൊഴിലാളി സംഘടനകളും അവരുടെ സംഘടനയിൽ അംഗത്വം നേടിയവരും സ്വന്തം താല്പര്യങ്ങൾക്കപ്പുറം സാമൂഹികാവകാശങ്ങൾ പലപ്പോഴും ലംഘിക്കപ്പെടുന്ന വികസ്വരരാജ്യങ്ങളിലെ തൊഴിലാളികളുടെ താല്പര്യങ്ങളിലും ശ്രദ്ധചെലുത്തണം. ഈ തൊഴിലാളികളുടെ സംരക്ഷണം അവർ ജനിച്ചുവളർന്ന രാജ്യങ്ങളിലെ നടപടികളിലൂടെ ഒരളവിൽ സാധിക്കാവുന്നതാണ്. എന്നാലും തൊഴിലാളി സംഘടനകൾ ധാർമ്മികവും സാംസ്കാരികവുമായ പ്രചോദനം പ്രകടമാക്കണം. ഈ പ്രചോദനമാണ് വ്യത്യസ്തമായ സാമൂഹികവും തൊഴിൽപരവുമായ സാഹചര്യത്തിൽ വികസനത്തിൽ നിർണ്ണായകമായ ഒരു പങ്കുവഹിക്കാൻ തൊഴിലാളി സംഘടനകളെ പ്രാപ്തരാക്കിയത്. സഭയുടെ പരമ്പരാഗതമായ പ്രബോധനം തൊഴിലാളി സംഘടനകളുടേയും രാഷ്ട്രീയത്തിന്റേയും ചുമതലകളും പ്രവർത്തനവും തമ്മിലുള്ള വ്യത്യാസവും ചൂണ്ടിക്കാട്ടുന്നുണ്ട്. തികച്ചും സാധുവായ ഒരു വേർതിരിക്കലാണ് ഇവിടെ നടത്തിയിട്ടുള്ളത്. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും പൊതുസമൂഹത്തിന്റെ ഇടയിലാണ് തൊഴിലാളി സംഘടനകൾ പ്രവർത്തിക്കേണ്ടതെന്ന് അതു വ്യക്തമാക്കുന്നു. അസംഘടിതരും ചൂഷണം ചെയ്യപ്പെടുന്നവരുമായ തൊഴിലാളികൾക്കുവേണ്ടി പ്രത്യേകിച്ചും അവർ പ്രവർത്തിക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള തൊഴിലാളികളുടെ ദയനീയാവസ്ഥ പല കാര്യങ്ങളിലും വ്യാപൃതമായിരിക്കുന്ന സമൂഹം പലപ്പോഴും അവഗണിക്കുകയാണ് ചെയ്യുന്നത്.

**65.** സാമ്പത്തികഘടനയുടെ ദുരുപയോഗം സമ്പദ്വ്യവസ്ഥയെ തകർക്കുകയാണുണ്ടായത്. അതുകൊണ്ട്, *പണമിടപാടുകൾ* ഇന്ന് പിന്നോട്ട് പോകണം, അത് മെച്ചപ്പെട്ട തോതിൽ സമ്പത്ത് ഉണ്ടാക്കുന്നതിനും വികസനം നേടുന്നതിനുമുള്ള ഒരു ഉപകരണമായിത്തീരണം. വീണ്ടും തകർച്ച സംഭവിക്കാത്ത രീതിയിൽ പുതിയ ഘടനകളും പ്രവർത്തനശൈലികളും ആവിഷ്കരിച്ച് ഈ പാതയിലൂടെ മുന്നേറണം. ഇവ

www.malankaralibrary.com

ഉപകരണങ്ങൾ മാത്രമാണ് അതുകൊണ്ട് സമ്പദ്‌വ്യവസ്ഥയും ധനമിടപാടുകളും പൂർണ്ണമായും വ്യവസ്ഥയുടെ ഏതാനും മേഖലകൾ മാത്രമല്ലാതെ, ധാർമ്മികമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. മാനവികമായ വികസനത്തിനും ജനതകളുടെ വികസനത്തിനും അനുയോജ്യമായ സാഹചര്യം അങ്ങനെ സൃഷ്ടിക്കാനാകും. മാനുഷികപരിഗണനയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ധനവിനിയോഗ പരിപാടികൾ ആവിഷ്കരിക്കുന്നത് തീർച്ചയായും ഉപകാരപ്രദമാണ്. ചില സാഹചര്യങ്ങളിൽ ഇത് കൂടിയേ തീരൂ. എന്നാൽ ധനവിനിയോഗ സംവിധാനം മുഴുവനായും യഥാർത്ഥവികസനം നിലനിർത്തുന്നതു ലക്ഷ്യമാക്കിയിട്ടുള്ളതായിരിക്കണം എന്ന വസ്തുത വിസ്മരിക്കരുത്. എല്ലാറ്റിനും ഉപരിയായി നന്മ ചെയ്യാനുള്ള ഉദ്ദേശം കാര്യക്ഷമമായ രീതിയിൽ വസ്തുക്കൾ ഉത്പാദിപ്പിക്കാനുള്ള കഴിവുമായി പൊരുത്തപ്പെടുന്നതല്ല എന്നു കരുതരുത്. സാമ്പത്തികവിദഗ്ധർ തങ്ങളുടെ പ്രവർത്തനത്തിന്റെ യഥാർത്ഥ ധാർമ്മിക അടിസ്ഥാനം വീണ്ടും കണ്ടെത്തണം. സങ്കീർണ്ണമായ ധനവിനിയോഗ ഉപകരണങ്ങളുടെ ദുരുപയോഗം നിക്ഷേപകരുടെ താത്പര്യങ്ങൾ വഞ്ചിക്കപ്പെടുന്നതിനിടയാക്കരുത്. ശരിയായ ഉദ്ദേശം, സുതാര്യത, കാര്യക്ഷമതയ്ക്കായുള്ള അന്വേഷണം ഇവയെല്ലാം പരസ്പരം പൊരുത്തപ്പെട്ടുപോകുന്നവയാണ്. ഒരിക്കലും അവയെ വേർതിരിച്ചുകൂടാ. ഒന്ന് മറ്റൊന്നിൽനിന്നും അടർത്തി എടുക്കരുത്. സ്നേഹം വിവേകമുള്ളതാണെങ്കിൽ, ദീർഘവീക്ഷണമുള്ളതും നീതിപൂർവ്വവുമായ താത്ക്കാലികസൗകര്യത്തിനോട് ഒത്തുചേർന്ന് പ്രവർത്തിക്കാൻ മാർഗ്ഗം കണ്ടെത്തും. ക്രെഡിറ്റ് യൂണിയൻ പ്രവർത്തനത്തിലെ അനുഭവം ഈ നിലപാട് ശ്രദ്ധേയമായ രീതിയിൽ വ്യക്തമാക്കുന്നതാണ്.

സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അപലപനീയമായ ഊഹക്കച്ചവടം നിരുത്സാഹപ്പെടുത്തുന്നതിനും ധനകാര്യമേഖലയെ നിയന്ത്രിക്കുന്നതും ധനവിനിയോഗത്തിന്റെ വികസനം ലക്ഷ്യമാക്കിയുള്ള പുതിയ രൂപങ്ങൾ പരീക്ഷിച്ചു നോക്കുന്നതും പ്രോത്സാഹജ

www.malankaralibrary.com

നകമായ അനുഭവങ്ങളാണ്. ഇവയെപ്പറ്റി കൂടുതൽ പഠിക്കുകയും ഇവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നിക്ഷേപകന്റെ ഉത്തരവാദിത്തത്തിന് ഏറെ പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു സമീപനമായിരിക്കണം ഇത്. മാത്രമല്ല, ചെറിയ തോതിലുള്ള സാമ്പത്തിക ഇടപാടുകളുടെ (മൈക്രോ ഫൈനാൻസ്) പ്രവർത്തനം ശക്തിപ്പെടുത്തുകയും കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. മൈക്രോ ഫൈനാൻസിന്റെ വേരുകൾ മനുഷ്യസ്നേഹികളുടെ ചിന്തയിലും പ്രവർത്തനത്തിലും ആണ് കണ്ടെത്താൻ കഴിയുക. പണയംവച്ച് പണമെടുക്കുന്ന പ്രസ്ഥാനത്തിന്റെ ഉത്ഭവത്തെപ്പറ്റിയാണ് ഞാൻ ഇവിടെ വിവക്ഷിക്കുന്നത്. ജനസംഖ്യയിൽ നല്ലൊരു വിഭാഗം ആളുകളും സാമ്പത്തിക വൈഷമ്യങ്ങൾകൊണ്ട് ഏറെ വലയാൻ ഇടയുള്ള ഈ കാലഘട്ടത്തിൽ കൊള്ളപ്പലിശയിൽനിന്നും നിരാശയിൽനിന്നും അവരെ രക്ഷിക്കുന്നത് ഒരു അടിയന്തിരാവശ്യമായിട്ടുണ്ട്. പാവപ്പെട്ടവരെ ചെറിയ തോതിലുള്ള വായ്പകൾ വഴി സഹായിക്കുന്നതുപോലെ തന്നെ ഇതും പ്രാധാന്യം അർഹിക്കുന്നു. ഈ രണ്ടു മേഖലകളിലും ഉണ്ടാകാവുന്ന ചൂഷണം നിരുത്സാഹപ്പെടുത്തുന്നതിനാണ് ശ്രമിക്കേണ്ടത്. സമ്പന്നരാജ്യങ്ങളിലും പുതിയ രൂപത്തിലുള്ള ദാരിദ്ര്യം ഇന്ന് അനുഭവപ്പെടുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങിയും ദുർബലവിഭാഗങ്ങളുടെ നന്മയ്ക്കായി പുതിയ മേഖലകൾ തുറന്നും പ്രായോഗികമായി സഹായിക്കാൻ മൈക്രോ ഫൈനാൻസിന് കഴിയും. സമ്പദ്‌വ്യവസ്ഥ പൊതുവേ മാന്ദ്യത്തിലായിരിക്കുന്ന ഇക്കാലത്തും ഇത് സാധ്യമാണ്.

**66.** ആഗോളതലത്തിലുള്ള പരസ്പര ബന്ധങ്ങൾ, പുതിയ ഒരു രാഷ്ട്രീയശക്തി ഉരുത്തിരിയുന്നതിനു കളമൊരുക്കി. ഉപഭോക്താക്കളുടെയും അവരുടെ സംഘടനകളുടെയും ശക്തിയാണ് ഇത്. കാരണം, പ്രോത്സാഹിപ്പിക്കേണ്ട ക്രിയാത്മകഘടകങ്ങൾ ഇതിലുണ്ട്. അതുപോലെ തന്നെ ഒഴിവാക്കേണ്ട അതിരുകടന്ന പ്രവൃത്തികളും. അതുകൊണ്ട് കൂടുതൽ പഠനത്തിനു വിഷയമാക്കേണ്ട ഒരു പ്രതിഭാസമാണ് ഇത്. വാങ്ങുക എന്നത് എപ്പോഴും, ഒരു സാമ്പത്തികപ്രവൃത്തി മാത്രമല്ല, ധാർമ്മികത

www.malankaralibrary.com

ഉൾക്കൊള്ളുന്ന ഒരു പ്രവൃത്തി കൂടിയാണ് എന്ന് ആളുകൾ മനസ്സിലാക്കണം. അതുകൊണ്ട് ഉത്പാദകരുടെ സാമൂഹിക ഉത്തരവാദിത്തം പോലെ തന്നെ ഉപഭോക്താവിന് വ്യക്തമായ ഒരു സാമൂഹിക ഉത്തരവാദിത്തമുണ്ട്. ഇതു രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. തങ്ങളുടെ അനുദിന ചുമതലകൾ സംബന്ധിച്ച് ഉപഭോക്താവിനെ നിരന്തരം ബോധവാനാക്കേണ്ടതുണ്ട്.[145] വാങ്ങുക എന്ന പ്രക്രിയ, അതിൽ അടങ്ങിയിരിക്കുന്ന സാമ്പത്തികന്യായവും യുക്തിയും നിലനിർത്തികൊണ്ടു തന്നെ ധാർമ്മിക അവബോധത്തോടെ ചെയ്യേണ്ടതുണ്ട്. ചില്ലറ വ്യാപാരത്തിൽ, പ്രത്യേകിച്ചും ഇപ്പോഴത്തേതുപോലെ സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുകയും വാങ്ങാനുള്ള കഴിവു കുറഞ്ഞിരിക്കുകയും ചെയ്യുന്ന ഈ കാലത്ത് മറ്റു മാർഗങ്ങൾ കണ്ടെത്തണം. പത്തൊൻപതാം നൂറ്റാണ്ടുതൊട്ടു പ്രവർത്തിക്കുന്ന ഉപഭോക്തൃ സഹകരണസംഘങ്ങൾ പോലുള്ള സഹകരണാടിസ്ഥാനത്തിലുള്ള വിക്രയം ഇതിനുദാഹരണമാണ്. ഈ പ്രസ്ഥാനം തുടങ്ങിയത് ഭാഗികമായി കത്തോലിക്കരുടെ ഉത്സാഹം കൊണ്ടാണ്. കൂടാതെ ലോകത്തെ പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽനിന്നുള്ള ഉത്പന്നങ്ങൾ കമ്പോളത്തിലെത്തുന്നതു പ്രോത്സാഹിപ്പിക്കുന്നതു പ്രയോജനകരമായിരിക്കും. ഉത്പാദകർക്കു ന്യായമായ വില ലഭ്യമാക്കാൻ ഈ പദ്ധതിക്കു കഴിയും. എങ്കിലും ചില ഉപാധികൾ നിറവേറ്റേണ്ടതായുണ്ട്. കമ്പോളം യഥാർത്ഥത്തിൽ സുതാര്യമായിരിക്കണം. ഉല്പാദകർക്ക് കൂടുതൽ ആദായം കിട്ടിയാൽ മാത്രം പോരാ. തൊഴിൽപരമായ കഴിവു വർദ്ധിപ്പിക്കുന്നതിനും സാങ്കേതികരംഗത്തും കൂടുതൽ മെച്ചപ്പെട്ട പരിശീലനം അവർക്കു ലഭിക്കണം; അവസാനമായി, ഈ രീതിയിലുള്ള വ്യാപാരം ഏതെങ്കിലും സങ്കുചിതസിദ്ധാന്തത്തിന്റെ തടവിലാകുകയുമരുത്. സാമ്പത്തിക ജനാധിപത്യം പടുത്തുയർത്തുന്നതിന് ഉപഭോക്താക്കൾക്കു നിർണ്ണായക ഒരു പങ്കുണ്ടാകണം. പക്ഷേ, അവരെ യഥാർത്ഥത്തിൽ പ്രതിനിധീകരിക്കാത്ത സംഘടനകളുടെ കൈയിലവർ ചട്ടുകങ്ങളാകരുത്.

**67.** ആഗോളതലത്തിൽ പരസ്പരം ആശ്രയിക്കുക എന്ന

www.malankaralibrary.com

രീതി നിരന്തരം അനിഷേധ്യമാംവിധം വളർച്ച പ്രാപിക്കുകയാണ്. ഈ സാഹചര്യത്തിൽ ഐക്യരാഷ്ട്രസംഘടന പരിഷ്കരിക്കണം എന്നത് എല്ലാവർക്കും ബോധ്യമായിട്ടുള്ള ഒരാവശ്യമാണ്. ഇപ്പോഴത്തെ ആഗോള സാമ്പത്തികമാന്ദ്യത്തിനിടയിലും ഇതിന്റെ ആവശ്യം അനുഭവപ്പെടുന്നു. അതുപോലെ തന്നെ സാമ്പത്തികസ്ഥാപനങ്ങളും അന്താരാഷ്ട്ര ധനവിനിമയവും പരിഷ്കരിക്കേണ്ടതുണ്ട്. ആഗോളകുടുംബം എന്ന ആശയം ഫലപ്രദമായി പ്രയോഗത്തിൽ വരുത്തുന്നതിന് ഇത് ആവശ്യമാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രാഷ്ട്രങ്ങളെ സംരക്ഷിക്കുവാനും തീരുമാനമെടുക്കുന്നതിൽ അവർക്കും പങ്കാളിത്തം നല്കുന്നതിനും ഉള്ള ഉത്തരവാദിത്തം സംബന്ധിച്ച തത്ത്വം[146] പ്രാവർത്തികമാക്കാൻ പുതിയ വഴികൾ കണ്ടെത്തേണ്ട അടിയന്തിരമായ ആവശ്യമുണ്ട്. എല്ലാ ജനതകളുടേയും കൂട്ടായ്മയിലുള്ള വികസനത്തിന് വേണ്ടതായ അന്താരാഷ്ട്ര സഹകരണത്തിന് ദിശാബോധം നല്കുന്നതിനും ഈ സഹകരണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ രാഷ്ട്രീയവും നൈയാമികവും സാമ്പത്തികവുമായ സംവിധാനം ഉണ്ടാക്കുന്നതിന് ഇത് ആവശ്യമാണ്. ആഗോളസമ്പദ്വ്യവസ്ഥയുടെ നടത്തിപ്പിനും പ്രതിസന്ധിയിലായ സമ്പദ് വ്യവസ്ഥകളെ ഉത്തേജിപ്പിക്കുന്നതിനും പ്രതിസന്ധി കൂടുതൽ രൂക്ഷമാകാതിരിക്കുന്നതിനും അതുപോലെതന്നെ, നിലവിൽ വരാനിടയുള്ള വർദ്ധിച്ച അസന്തുലനം കൂടുതൽ രൂക്ഷമാകാതിരിക്കുന്നതിനും സമഗ്രവും കാലോചിതവുമായ നിരായുധീകരണം നടപ്പാക്കുന്നതിനും ഭക്ഷ്യസുരക്ഷിതത്വവും സമാധാനവും നേടുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കുടിയേറ്റം നിയന്ത്രിക്കുന്നതിനും എല്ലാം ഒരു യഥാർത്ഥ ആഗോള രാഷ്ട്രീയ *അധികാരസ്ഥാനം* അവശ്യം ഉണ്ടാകേണ്ടതുണ്ട്. എന്റെ മുൻഗാമിയായ ഭാഗ്യപ്പെട്ട ജോൺ ഇരുപത്തിമൂന്നാമൻ കുറെ വർഷങ്ങൾക്കുമുൻപ് ഇത് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. ഇങ്ങനെയുള്ള അധികാരസ്ഥാനം നിയമവിധേയമായിരിക്കണം, എപ്പോഴും ഉപാംഗത്വത്തിന്റേയും കൂട്ടായ്മയുടേയും തത്ത്വങ്ങൾ ഇതിൽ പാലിക്കപ്പെടണം. അത് എപ്പോഴും പൊതുനന്മ[147] അന്വേഷിക്കുകയും *സത്യത്തിൽ*

www.malankaralibrary.com

*അധിഷ്ഠിതമായ സ്നേഹത്തിൽ, മൂല്യങ്ങളാൽ പ്രചോദിതമായ യഥാർത്ഥവും സമഗ്രവുമായ മാനവവികസനം നേടുന്നതിനുള്ള പ്രതിബദ്ധത പ്രഖ്യാപിക്കുകയും വേണം.* കൂടാതെ, ഇങ്ങനെയുള്ള ഒരു അധികാരസ്ഥാനത്തെ ലോകം മുഴുവനും അംഗീകരിക്കണം. എല്ലാവരുടേയും സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടത്ര അധികാരവും ശക്തിയും അതിൽ നിക്ഷിപ്തമാകുകയും വേണം. അതുപോലെതന്നെ, നീതിയോടുള്ള ആദരവും അവകാശങ്ങളോടുള്ള ബഹുമാനവും ഉറപ്പുവരുത്തുന്നതിന് ഈ അധികാരസ്ഥാനത്തിന് പ്രാപ്തി ഉണ്ടായിരിക്കണം.[148] ബന്ധപ്പെട്ട കക്ഷികളെല്ലാം അതിന്റെ തീരുമാനങ്ങൾ അനുസരിക്കും എന്ന് ഉറപ്പുവരുത്താനുള്ള ശക്തി ഈ അധികാരസ്ഥാനത്തിന് ഉണ്ടാകാതെ നിവൃത്തിയില്ല. വിവിധ അന്താരാഷ്ട്ര രംഗങ്ങളിൽ സ്വീകരിച്ച ഏകോപിത നടപടികൾ പ്രാവർത്തികമാക്കാനുള്ള കഴിവും അതിന് ഉണ്ടായിരിക്കണം. ഇങ്ങനെ ഒരു അധികാരസ്ഥാനം ഇല്ലെങ്കിൽ വിവിധ മേഖലകളിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും അന്താരാഷ്ട്ര നിയമം അനുസരിക്കുമോ ലംഘിക്കുമോ എന്നത് വിവിധ രാഷ്ട്രങ്ങളുടെ ശക്തിയെ സംബന്ധിച്ച സന്തുലനത്തെ ആശ്രയിച്ചിരിക്കും. ജനതകളുടെ സമഗ്രവികസനത്തിനും അന്താരാഷ്ട്ര സഹകരണത്തിനും ഇപ്പോൾ ഉള്ളതിനേക്കാൾ മെച്ചപ്പെട്ട ഒരു അന്താരാഷ്ട്ര സംവിധാനം ആവശ്യമാണ്. ആഗോളവത്കരണം കൈകാര്യം ചെയ്യുന്നതിന് ഇത് കൂടിയേ തീരൂ. ഉപാംഗത്വമാകണം ഇതിന്റെ മുഖമുദ്ര.[149] പുരോഗമനവും സഹകരണവും സാധ്യമാകണമെങ്കിൽ സദാചാരനിയമങ്ങളോട് വിധേയത്വം പുലർത്തുന്ന ഒരു സാമൂഹിക സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയുടെ പ്രമാണരേഖയിൽ പറഞ്ഞിട്ടുള്ളതുപോലെ, സദാചാരത്തിന്റെയും സമൂഹത്തിന്റെയും മേഖലകളിലുള്ള പരസ്പരബന്ധത്തിനും രാഷ്ട്രീയവും സമ്പദ്‌വ്യവസ്ഥയും പൊതുജനമേഖലയും തമ്മിലുള്ള ബന്ധത്തിനും അനുയോജ്യമായ ഒരു സാമൂഹിക സംവിധാനമാണ് ഉണ്ടാകേണ്ടത്.

www.malankaralibrary.com

## അദ്ധ്യായം ആറ്

# ജനതകളുടെ വികസനവും സാങ്കേതികവിദ്യയും

**68.** ജനതകളുടെ വികസനം ആത്യന്തികമായി വ്യക്തികളുടെ വികസനത്തോട് ബന്ധപ്പെട്ടതാണ്. ഓരോ വ്യക്തിയും സ്വഭാവത്താൽത്തന്നെ സ്വന്തം വികസനത്തിൽ തത്പരനാണ്. വികസനം എന്നത് കേവലം സ്വാഭാവിക സംവിധാനങ്ങളുടെ ഫലമല്ല. കാരണം നമുക്കെല്ലാവർക്കും സ്വതന്ത്രവും ഉത്തരവാദിത്തപൂർണ്ണവുമായ തെരഞ്ഞെടുപ്പുകൾ നടത്താനാവുമെന്നതുതന്നെ. അതു നമ്മുടെ ചാപല്യങ്ങളെ ആശ്രയിക്കുന്ന ഒന്നല്ലതാനും. കാരണം നമുക്കറിയാവുന്നതുപോലെ നാമാരും സ്വയംഭൂവല്ല. ഓരോരുത്തരും ഓരോ ദാനങ്ങളാണ്. നമ്മുടെ സത്തയും അതിന്റെ പരിമിതികളുമാണ് നമ്മുടെ സ്വാതന്ത്ര്യത്തിനു രൂപം നല്കുന്നതിൽ ആഴമായ പങ്ക് വഹിക്കുന്നത്. ആരും സ്വന്തം മനഃസാക്ഷിയെ തന്റെ ഇഷ്ടംപോലെ രൂപപ്പെടുത്തുന്നില്ല. പിന്നെയോ നാം നമ്മുടെ സ്വന്തം "എന്നെ" നമുക്കു നല്കപ്പെട്ടിരിക്കുന്ന 'സ്വത്വ'ത്തിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തുന്നത്. മറ്റുള്ളവർ നമ്മുടെ നിയന്ത്രണത്തിന് അപ്പുറമാണെന്നു മാത്രമല്ല; നാം ഓരോരുത്തരും സ്വന്തം നിയന്ത്രണത്തിനപ്പുറത്താണ്. *താനായിത്തീരുന്നതിന്റെ ഉത്തരവാദിത്തം ആരെങ്കിലും സ്വയം അവകാശപ്പെടുകയാണെങ്കിൽ ആ വ്യക്തിയുടെ വികസനം പരിമിതപ്പെടുത്തപ്പെടുകയാണ്.* സാങ്കേതികവിദ്യയുടെ 'അത്ഭുതങ്ങളിലൂടെ' സ്വയം പുനഃസൃഷ്ടിക്കാമെന്നു മാനവകുലം കരുതുന്നുവെങ്കിൽ; അത് സമ്പത്തിന്റെ 'അത്ഭുതങ്ങൾ'കൊണ്ട് അതിസ്വാഭാവികവും ഉപഭോഗപരവുമായ വളർച്ച നിലനിർത്താമെന്ന്

www.malankaralibrary.com

കരുതുന്നതുപോലെയാണ്. ഇവ സാമ്പത്തികവികസനത്തെ വിനാശകരമായ ദുരന്തത്തിലേക്ക് നിപതിപ്പിക്കുന്നതുപോലെ ജനതകളുടെ വികസനം വഴിതെറ്റിക്കുകയാവും ചെയ്യുക. ഇത്തരത്തിലുള്ള 'പ്രോമിത്തീയൻ' ചിന്താഗതികളുടെ ഇട യിൽ ആരുടെയും കേവലം ഔദാര്യമല്ലാത്തതും, അന്തർലീ നമായ നന്മയുടെ അംഗീകാരത്താൽ യഥാർത്ഥത്തിൽ മാന വികവുമായ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ സ്നേഹ ത്തെ നാം ശക്തമാക്കേണ്ടതുണ്ട്. ഇതിനായി ഓരോ വ്യ ക്തിയും ദൈവം നമ്മുടെ ഹൃദയത്തിൽ എഴുതിയിട്ടുള്ള സ്വാഭാ വിക ധാർമ്മികനിയമത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ കണ്ടെ ത്തുവാൻ സ്വയം പരിശോധിക്കേണ്ടതുണ്ട്.

**69.** ഇക്കാലത്തെ വികസനത്തിന്റെ വെല്ലുവിളി, ജീവശാ സ്ത്രമേഖലയിൽ പോലുമുള്ള സ്വാധീനംമൂലം *സാങ്കേതിക പുരോഗതിയുമായി* ഏറെ ബന്ധപ്പെട്ടിരിക്കുന്നു. സാങ്കേതിക വിദ്യ വ്യക്തിസ്വാതന്ത്ര്യവും സ്വയം നിർണ്ണയവുമായി, വളരെ ശക്തമായ ഒരു മാനവിക യാഥാർത്ഥ്യമാണ് എന്ന് ഉറപ്പിച്ചു പറയേണ്ടതുണ്ട്. സാങ്കേതികവിദ്യയിൽ ആത്മാവിന് പദാർത്ഥ ത്തിന്റെമേലുള്ള അധീശത്വം പ്രകടമാക്കപ്പെടുകയും ഉറപ്പിക്ക പ്പെടുകയും ചെയ്യുന്നു. "സൃഷ്ടികളുമായുള്ള ബന്ധനത്തിൽ നിന്നും കൂടുതൽ കൂടുതൽ സ്വതന്ത്രമാകുന്ന മനുഷ്യാത്മാവ് അതിന്റെ സ്രഷ്ടാവിനെക്കുറിച്ചുള്ള ചിന്തയിലേക്കും ആരാ ധനയിലേക്കും എളുപ്പത്തിൽ ആകർഷിക്കപ്പെടുന്നു."[150] പദാർ ത്ഥങ്ങളുടെമേലുള്ള ആധിപത്യം വിനിയോഗിക്കുവാനും അപ കടസാധ്യതകൾ കുറയ്ക്കുവാനും ജോലി പരിമിതപ്പെടുത്തു വാനും ജീവിതസാഹചര്യം മെച്ചപ്പെടുത്തുവാനും സാങ്കേ തികവിദ്യ നമ്മെ പ്രാപ്തരാക്കുന്നു. മനുഷ്യപ്രയത്നത്തിന്റെ ദൈവവിളിയുടെ ഹൃദയത്തെയാണ് അതു സ്പർശിക്കുന്നത്. സ്വന്തം വൈഭവത്തിന്റെ നേട്ടമായ സാങ്കേതികവിദ്യയിൽ, മനു ഷ്യൻ സ്വയം തിരിച്ചറിയുകയും സ്വന്തം മാനവികത രൂപ പ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യപ്രവൃത്തിയുടെ വസ്തു നിഷ്ഠമായ വശമാണ് സാങ്കേതികവിദ്യ.[151] എന്നാൽ അതിന്റെ ഉത്ഭവവും നിലനില്പിന് കാരണവുമായ വശവും വ്യക്തിനി

www.malankaralibrary.com

ഷ്ഠമാണ്. തൊഴിലാളി തന്നെയാണ്. ഇക്കാരണത്താൽ സാങ്കേതികവിദ്യ ഒരിക്കലും കേവലം സാങ്കേതികജ്ഞാനം മാത്രമല്ല. മനുഷ്യനെയും അവന്റെ വികസനത്തിനുള്ള ത്വരയെയും അതു വെളിപ്പെടുത്തുന്നു. ഭൗതിക പരിമിതികളെ സാവകാശം തരണംചെയ്യാൻ അവനെ പ്രേരിപ്പിക്കുന്ന ആന്തരിക സംഘർഷത്തെ ഇത് ആവിഷ്ക്കരിക്കുന്നു. ഈ അർത്ഥത്തിൽ, സാങ്കേതികവിദ്യ, കൃഷിചെയ്യാനും പരിപാലിക്കുവാനുമായി ഭൂമിയെ മനുഷ്യന് ഏൽപ്പിച്ചുകൊടുത്ത ദൈവത്തിന്റെ കല്പനയോടുള്ള പ്രത്യുത്തരമാണ് (ഉത്പ. 2:15). അത് ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹത്തെ പ്രകാശിപ്പിക്കുന്ന ഉടമ്പടിയെ, മനുഷ്യവ്യക്തികളും പരിസ്ഥിതിയുമായുള്ള ഉടമ്പടിയെ ശക്തമാക്കുന്നതാകണം.

**70.** സാങ്കേതികവികസനം, മനുഷ്യപ്രയത്നങ്ങൾക്കു പിന്നിലുള്ള 'എങ്ങനെ' സംബന്ധിച്ച ചോദ്യങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകുകയും, 'എന്തുകൊണ്ട്' സംബന്ധിച്ച ചോദ്യങ്ങൾക്കു വേണ്ടത്ര പ്രാധാന്യം കൊടുക്കാതെ വരികയും ചെയ്യുമ്പോൾ, സാങ്കേതികവിദ്യ സ്വയം പര്യാപ്തമാണെന്ന ആശയം വളരാം. ഇക്കാരണത്താൽ സാങ്കേതികവിദ്യ ഇരട്ടസ്വഭാവം ഉള്ളതാവും. വ്യക്തിസ്വാതന്ത്ര്യത്തിനുള്ള ഉപകരണമായി, മനുഷ്യന്റെ സർഗ്ഗശേഷിയിൽ പിറന്ന സാങ്കേതികവിദ്യ, വസ്തുക്കളിൽ അന്തർലീനമായ പരിമിതികളെ ഇല്ലാതാക്കുന്ന സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ ആവിഷ്ക്കാരമായി മനസ്സിലാക്കാവുന്നതാണ്. ആഗോളവത്കരണപ്രക്രിയ ആദർശങ്ങളെ സാങ്കേതികവിദ്യയ്ക്കു വഴിമാറ്റുന്നു.[152] അങ്ങനെ അത് ഒരു ആദർശശക്തിയായി രൂപം കൊള്ളുകയും, അതിലൂടെ, ഉണ്മയെയും സത്യത്തെയും കണ്ടെത്തുന്നതിൽനിന്നും നമ്മെ തടയുകയും ചെയ്യുന്ന ഒന്നാകുമെന്ന് ഭീഷണി ഉയർത്തുകയും ചെയ്യുന്നു. അതുസംഭവിച്ചാൽ, നാം നമ്മുടെ ജീവിത സാഹചര്യങ്ങളെ, അറിയുകയും ഘടനാപരമായി നാം ഭാഗമായിപ്പോകുന്ന ഒരു സാങ്കേതിക സാംസ്കാരികകാഴ്ചപ്പാടിൽ വിലയിരുത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യേണ്ടതുണ്ട്. ഇതുവഴി നാം നമ്മുടെ സൃഷ്ടിയല്ലാത്ത അർത്ഥത്തെ

www.malankaralibrary.com

ഒരിക്കലും തിരിച്ചറിയാനാവാത്ത സ്ഥിതിയിലാവുകയും ചെയ്യുന്നു. ഈ കാഴ്ചപ്പാടിൽ നിന്നുണ്ടാകുന്ന "സാങ്കേതിക" വിശ്വദർശനം, ഇപ്പോൾ ഏറെ പ്രബലമാവുകയും അതിലൂടെ സാധ്യമായതുമായി ചേർന്നു പോകുന്നതാണ് സത്യം എന്നു വരികയും ചെയ്യുന്നു. സത്യത്തിന്റെ ഏകമാനദണ്ഡം ഫല ദായകത്വവും പ്രയോജനവുമായി മാറുമ്പോൾ, വികസനം സ്വാഭാവികമായും നിഷേധിക്കപ്പെടുകയാണ്.

യഥാർത്ഥവികസനം പ്രാഥമികമായി 'പ്രവൃത്തി' അല്ല. സാങ്കേതികാടിത്തറയിൽ ചിന്തിക്കുവാനും, മാനുഷികപ്രവൃ ത്തികളുടെ മാനുഷിക അർത്ഥം, വ്യക്തിയുടെ സത്തയുടെ ആകമാന അർത്ഥത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കു വാനും സാധിക്കുന്ന ഒരു മനസ്സാണ് വികസനത്തിലേക്കുള്ള താക്കോൽ. ഉപഗ്രഹങ്ങളിലൂടെയോ, വിദൂര ഇലക്ട്രോണിക് ആവേഗങ്ങളിലൂടെയോ നാം പ്രവർത്തിക്കുമ്പോഴും നമ്മുടെ പ്രവൃത്തികൾ നമ്മുടെ ഉത്തരവാദിത്തപൂർണ്ണമായ സ്വാതന്ത്ര്യ ത്തിന്റെ ആവിഷ്ക്കാരമായി നിലകൊള്ളുന്നു. സാങ്കേതിക വിദ്യ ഏറെ ആകർഷകമാണ് കാരണം അതു നമ്മുടെ ഭൗതിക പരിമിതികളിൽനിന്നും നമ്മെ പുറത്തു കൊണ്ടുവരികയും നമ്മുടെ ചക്രവാളങ്ങളെ വികസിപ്പിക്കുകയും ചെയ്യുന്നു. *ധാർമ്മിക ഉത്തരവാദിത്തങ്ങളുടെ ഫലമായുള്ള തീരുമാനങ്ങ ളിലൂടെ സാങ്കേതികവിദ്യയുടെ അഭിനിവേശങ്ങളോട് പ്രതി കരിക്കുമ്പോഴാണ് മനുഷ്യസ്വാതന്ത്ര്യം യാഥാർത്ഥ്യമാകുന്നത്.* അതുകൊണ്ട് സാങ്കേതികവിദ്യയുടെ ധാർമ്മികവും ഉത്തര വാദിത്തപൂർണ്ണവുമായ ഉപയോഗത്തെക്കുറിച്ചുള്ള പരിശീലനം അത്യാവശ്യമാണ്. സാങ്കേതികവിദ്യ ചുമത്തുന്ന അഭിനിവേ ശങ്ങൾക്കുമപ്പുറം കടന്ന്, സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർ ത്ഥം നാം അനുഭവിക്കണം. അതാകട്ടെ സമ്പൂർണ്ണ സ്വയം നിർണ്ണയത്തോടുള്ള ഒരു ലഹരിയല്ല, നമ്മുടെ സ്വന്തം സത്ത യിൽ തുടക്കംകുറിച്ച്, ആത്യന്തിക സത്തയിലേക്കുള്ള വിളി യ്ക്കുള്ള പ്രത്യുത്തരമാണ്.

**71.** ഭദ്രമായ മാനവികതത്ത്വങ്ങളിൽനിന്നും, സാങ്കേതിക മനോഭാവത്തിന് ഉണ്ടാക്കാനാവുന്ന ഈ അപഭ്രംശം വികസന,

www.malankaralibrary.com

സമാധാനമേഖലകളിലെ ഏതാനും സാങ്കേതികപ്രയോഗങ്ങളിൽ പ്രകടമായിട്ടുണ്ട്. ജനതകളുടെ വികസനത്തെ, മിക്കവാറും സാമ്പത്തിക ക്രയവിക്രയത്തിന്റെയും വിപണിയുടെ സ്വതന്ത്രമാക്കലിന്റെയും നികുതി റദ്ദാക്കലിന്റെയോ ഉത്പാദനത്തിലെ മുതൽമുടക്കിന്റെയോ ഒരു വിഷയമായും, സംവിധാനങ്ങളുടെ പരിഷ്ക്കരണപ്രശ്നമായും കണക്കാക്കാറുണ്ട്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, കേവലം ഒരു സാങ്കേതികപ്രശ്നം. ഈ ഘടകങ്ങളെല്ലാം സുപ്രധാനങ്ങളാണ്. എങ്കിലും സാങ്കേതികസംവിധാനങ്ങൾ എന്തേ സമ്മിശ്രഫലങ്ങൾ ഉണ്ടാക്കുന്നു എന്ന് നാം സ്വയം ചോദിക്കേണ്ടതുണ്ട്. അതിന്റെ കാരണത്തെക്കുറിച്ചും ഗൗരവതരമായ ചിന്ത ഉണ്ടാവണം. യാന്ത്രികമോ, വ്യക്തിപരമല്ലാത്തതോ ആയ ശക്തികളിലൂടെ, അവ വിപണിയിൽനിന്നും ഉയരുന്നതോ അന്തർദേശിയ രാഷ്ട്രീയത്തിൽ നിന്നുണ്ടാകുന്നതോ ആകട്ടെ, പൂർണ്ണമായ വികസനം ഉറപ്പാക്കാനാവില്ല. *നീതിബോധമുള്ള മനുഷ്യർ ഇല്ലാതെ, പൊതുനന്മയുടെ ആവശ്യങ്ങളോട് ശരിയായ ബോധ്യമുള്ള മനഃസാക്ഷിയുള്ള പണം ഇടപാടുകാരും രാഷ്ട്രീയക്കാരും ഇല്ലാതെ വികസനം അസാധ്യമത്രേ.* തൊഴിൽപരമായ വൈദഗ്ധ്യവും ധാർമ്മിക ഉറപ്പും ഉണ്ടാവണം. എന്നാൽ സാങ്കേതികവിദ്യ എല്ലാം കീഴടക്കിയാൽ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും തമ്മിൽ ആശയക്കുഴപ്പം ഉണ്ടാവുകയാവും ഫലം. അതായത് ഒരു ബിസിനസ്സിന്റെ ഏക ലക്ഷ്യം പരമാവധി ലാഭമുണ്ടാക്കുകയാണെന്നും രാഷ്ട്രീയത്തിലാണെങ്കിൽ അധികാരം കൈയടക്കൽ മാത്രമാണെന്നും ശാസ്ത്രതലത്തിൽ, അത് ഗവേഷണഫലങ്ങളാണെന്നും വരും. സാമ്പത്തികവും പണപരവും രാഷ്ട്രീയവുമായ പരസ്പരബന്ധത്തിന്റെ സങ്കീർണ്ണതകളുടെ അടിയിൽ തെറ്റിദ്ധാരണകളും ക്ലേശങ്ങളും അനീതിയും ഉണ്ട്. സാങ്കേതിക അറിവുകളുടെ വർദ്ധന പ്രയോജനം ഉണ്ടാക്കുന്നത് അതുള്ളവർക്കു മാത്രമാണ്. അതിന്റെ നിഴലിൽ സമൂഹത്തിലെ അടിത്തട്ടിൽ കഴിയുന്നവരുടെ നില മാറ്റമില്ലാതെ തുടരുന്നു. അവർക്കു വിമോചനത്തിനുള്ള സാധ്യതകൾ വളരെ വിരളമാണ്.

www.malankaralibrary.com

**72.** സമാധാനംപോലും ഒരു സാങ്കേതിക ഉല്പന്നമായി, സർക്കാരുകൾ തമ്മിലുള്ള കരാറുകളുടെയോ ഫലപ്രദമായ സാമ്പത്തികസഹായം ഉറപ്പാക്കുന്നതിനുള്ള ഉദ്യമങ്ങളുടെയോ നേട്ടമായി കണക്കാക്കപ്പെടാവുന്ന അപകടമുണ്ട്. സമാധാന സ്ഥാപനത്തിന് നയതന്ത്രബന്ധങ്ങളുടെയും, സാമ്പത്തിക, സാങ്കേതിക, സാംസ്കാരിക വിനിമയങ്ങളുടെയും പൊതുപരി പാടികളെക്കുറിച്ചുള്ള കരാറുകളുടെയും നിസ്തന്ദ്രമായ പര സ്പരബന്ധം അനിവാര്യമാണ്. അതുപോലെതന്നെ സൈ നികസംഘർഷങ്ങൾ നിയന്ത്രിക്കുന്നതിനും തീവ്രവാദത്തിന്റെ അടിസ്ഥാനകാരണങ്ങൾ വേരോടെ പിഴുതു കളയുന്നതിനും ഇതാവശ്യമാണ്. എന്നാൽ ഈ സംരംഭങ്ങൾ സ്ഥായിയായ ഫലം ഉണ്ടാക്കണമെങ്കിൽ മനുഷ്യജീവിതത്തെക്കുറിച്ചുള്ള സത്യത്തിന്റെ മൂല്യങ്ങളിൽ അടിത്തറയിട്ടതാകണം. അതാ യത്, പ്രശ്നബാധിതരായ ജനങ്ങളുടെ ശബ്ദം കേൾക്കപ്പെ ടുകയും അവരുടെ സാഹചര്യങ്ങൾ കണക്കിലെടുക്കപ്പെടു കയും ചെയ്താലേ അവരുടെ പ്രതീക്ഷകൾ ശരിയായി വ്യാ ഖ്യാനിക്കപ്പെടാനാവൂ. ജനങ്ങളെ ഒന്നിച്ചു കൊണ്ടുവരുന്നതി നും സ്നേഹത്തിലും പരസ്പരധാരണയിലും അടിത്തറയിട്ട വികസനം സാധ്യമാക്കുന്നതിനും ആഴമായ പ്രതിബദ്ധത യോടെ യത്നിക്കുന്ന ധാരാളം വ്യക്തികളുടെ അജ്ഞാതമായ യത്നങ്ങളുമായി നാം നിരചേരണം. അവരിൽ വികസനത്തി ന്റെയും സമാധാനത്തിന്റെയും സമ്പൂർണ്ണ മാനവമാനം ഉയർ ത്തിപ്പിടിക്കുന്നതിനുള്ള മഹാദൗത്യത്തിൽ വ്യാപൃതരായിരി ക്കുന്ന ക്രൈസ്തവവിശ്വാസികളും ഉണ്ട്.

**73.** സാമൂഹ്യസമ്പർക്കമാധ്യമങ്ങളുടെ വർദ്ധിച്ചുകൊണ്ടി രിക്കുന്ന വ്യാപകമായ സാന്നിധ്യവും, സാങ്കേതിക വികസന വുമായി ബന്ധപ്പെട്ടതാണ്. അതില്ലാതെ, മാനവകുടുംബ ത്തിന്റെ ജീവിതത്തെക്കുറിച്ച് ഇന്നു ചിന്തിക്കാനേ സാധി ക്കുകയില്ല. ഗുണത്തിനോ ദോഷത്തിനോ ആവട്ടെ ഇന്നത്തെ ജീവിതത്തിന്റെ അവിഭാജ്യഭാഗമാണത്. അവ നിഷ്പക്ഷമാ ണെന്നും തന്മൂലം മനുഷ്യരുടെ ധാർമ്മികപരിഗണനകളെ ബാധിക്കില്ലെന്നും കരുതുന്നത് അബദ്ധമാവും. മാധ്യമങ്ങളുടെ

www.malankaralibrary.com

സാങ്കേതികസ്വഭാവത്തെ കർക്കശമായി ഉറപ്പിച്ചു പറയുന്ന കാഴ്ചപ്പാടുകൾ, വിപണിയെ കീഴടക്കുവാനുള്ള സാമ്പത്തിക താല്പര്യങ്ങൾക്കു അവ വിധേയമാകുന്നതിനെയും, ആദർശ പരവും, രാഷ്ട്രീയവും ആയ പദ്ധതികളുടെ സാംസ്കാരിക മാതൃകകൾ അടിച്ചേൽപ്പിക്കുന്നതിനുള്ള ശ്രമങ്ങളെയും, ഫല പ്രദമായി തുണയ്ക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യത്തോടും മനുഷ്യവ്യക്തിയോടുമുള്ള മനോഭാവങ്ങളിൽ മാറ്റം ഉണ്ടാക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള മൗലികമായ പ്രാധാന്യത്തെ കണക്കിലെടുക്കുമ്പോൾ, അവയുടെ സ്വാധീനത്തെക്കുറിച്ച്, പ്രത്യേകിച്ചും ആഗോളവത്കരണത്തിന്റെയും ഐക്യദാർഢ്യത്തോടെയുള്ള ജനതകളുടെ വികസനത്തിന്റെയും ധാർമ്മിക സാംസ്ക്കാരികമാനത്തെ പരുവപ്പെടുത്തുന്നതിലുള്ള പങ്കിനെക്കുറിച്ച് നാം ശ്രദ്ധാപൂർവം ചിന്തിക്കേണ്ടതുണ്ട്. ആഗോളവത്കരണത്തോടും, വികസനത്തോടുമുള്ള ധാർമ്മികകാഴ്ചപ്പാടിന് വേണ്ടതെന്തെന്ന് ചിന്തിക്കുന്നതിനൊപ്പം *നരവംശശാസ്ത്രപരമായ കാഴ്ചപ്പാടിൽ, മാധ്യമങ്ങളുടെ അർത്ഥവും ലക്ഷ്യവും എന്തായിരിക്കണം എന്നും കാണേണ്ടതുണ്ട്.* ഇതിനർത്ഥം അവയ്ക്കു സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള കഴിവുണ്ടെന്നാണ്. സാങ്കേതികവികസനം മൂലം വിവരങ്ങൾ പ്രസരിപ്പിക്കുന്നതിൽ അവയ്ക്കുണ്ടായ സാധ്യതകളുടെ വർദ്ധന വഴി മാത്രമല്ലത്. പിന്നെയോ വ്യക്തിയെക്കുറിച്ചും പൊതുനന്മയെക്കുറിച്ചും ഉള്ള സത്യസന്ധമായ ധാർമ്മികമൂല്യങ്ങൾ പ്രതിബിംബിക്കുന്നതിൽ അവ സജ്ജമായതുകൊണ്ടുകൂടിയുമാണ്. സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ പരസ്പരബന്ധത്തിനും ആശയങ്ങളുടെ പ്രസരണത്തിനും ഉള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം, അവമൂലം സ്വാതന്ത്ര്യം വർദ്ധമാനമാകുന്നുവെന്നോ വികസനവും ജനാധിപത്യവും എല്ലാവർക്കുമായി അന്തർദേശീയവത്ക്കരിക്കുന്നു എന്നോ അർത്ഥമില്ല. ഇത്തരം ലക്ഷ്യങ്ങൾ കൈവരിക്കപ്പെടണമെന്നുണ്ടെങ്കിൽ വ്യക്തികളുടെയും ജനതകളുടെയും അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിന് അവർ ശ്രദ്ധിക്കണം; അവ വ്യക്തമായും ഉപവിയിൽ നയിക്കപ്പെടുന്നതും സത്യത്തിന്റെയും നന്മയുടെയും സേവനത്തിലു

www.malankaralibrary.com

ള്ളതും സ്വാഭാവികവും അതിസ്വാഭാവികവുമായ സാഹോദര്യത്തെ വളർത്തുന്നതിനു ലക്ഷ്യം വച്ചുള്ളതുമാകണം. മനുഷ്യസ്വാതന്ത്ര്യം വാസ്തവത്തിൽ ഈ ഉന്നത മൂല്യങ്ങളുമായി ആന്തരികമായി ബന്ധപ്പെട്ടതാണ്. നീതിക്കുവേണ്ടിയുള്ള പൊതുഅന്വേഷണത്തിനായുള്ള സാർവത്രികപങ്കാളിത്തത്തെ ശക്തമാക്കുന്നതിന്, മാനവകുടുംബത്തിന്റെ കൂട്ടായ്മയും സമൂഹത്തിന്റെ പൊതുമനോഭാവവും വളർത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുവാൻ മാധ്യമങ്ങൾക്കാവും.

**74.** സാങ്കേതികവിദ്യയുടെ പരമാധിപത്യവും മനുഷ്യന്റെ ധാർമ്മിക ഉത്തരവാദിത്തവും തമ്മിലുള്ള സാംസ്കാരിക പോരാട്ടത്തിന്റെ സുപ്രധാനമായ രണഭൂമിയായിട്ടുണ്ട് ജൈവ ധാർമ്മികതയുടെ (Bio Ethics) തലം. അവിടെ സമഗ്ര മാനവ വികസനത്തിന്റെ കേവല സാധ്യത തന്നെ അടിസ്ഥാനപരമായി ചോദ്യം ചെയ്യപ്പെടുന്നു. ഈ സുപ്രധാനവും നിർണ്ണായകവുമായ മേഖലയിൽ ശക്തമായി ഉയരുന്ന മൗലികമായ ചോദ്യമുണ്ട്: 'മനുഷ്യൻ അവന്റെ പ്രവൃത്തികളുടെ മാത്രം ഉല്പന്നമാണോ,' അതോ ദൈവത്തിൽ ആശ്രയിക്കുന്നവനാണോ? ഈ മേഖലയിലെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും, സാങ്കേതികവിദ്യയ്ക്ക് ഇടപെടാനുള്ള സാധ്യതകളും, രണ്ടുതരം വാദങ്ങളിൽ ഒന്നു തെരഞ്ഞെടുക്കുവാൻ നമ്മെ നിർബന്ധിതരാക്കുന്നു: അതിഭൗതികതയിലേക്കു തുറവിയുള്ള യുക്തിയും എല്ലാം ജന്മസിദ്ധമെന്ന അടഞ്ഞ ചിന്താരീതിയും; *രണ്ടിൽ ഒന്ന്* എന്ന വ്യക്തമായ സാധ്യതയാണ് നമുക്കുള്ളത്. സാങ്കേതികവിദ്യയുടെ സ്വയം കേന്ദ്രീകൃതമായ ഉപയോഗത്തിന്റെ നിലപാട്, അർത്ഥത്തെയും മൂല്യത്തെയും തിരസ്കരിക്കുന്നതിനാൽ യുക്തിക്കുനിരക്കാത്തതാണെന്ന് തെളിയുന്നു. ഇല്ലായ്മയിൽനിന്ന് ഉണ്മയും യാദൃച്ഛികതയിൽനിന്നും ബുദ്ധിയും എങ്ങനെ ഉണ്ടായി[153] എന്ന ചോദ്യം അതിഭൗതികയാഥാർത്ഥ്യത്തിനു മുമ്പിൽ വാതിലടയ്ക്കുന്നവരെ ഉത്തരമില്ലാത്തവരാക്കുന്നത് കേവലം ആകസ്മികമായ ഒന്നല്ല. ഈ നാടകീയ ചോദ്യങ്ങൾക്കു മുമ്പിൽ വിശ്വാസവും യുക്തിയും പരസ്പരസഹായത്തിനെത്തണം. അവയ്ക്കൊന്നിച്ചേ മനു

www.malankaralibrary.com

ഷ്യനെ രക്ഷിക്കാനാവൂ. *സാങ്കേതികവിദ്യയിലുള്ള പൂർണ്ണ ആശ്രയത്വത്താൽ മോഹിപ്പിക്കപ്പെട്ട്, വിശ്വാസമില്ലാത്ത യുക്തി, അതിന്റെ സർവശക്തിയെക്കുറിച്ചുള്ള അയഥാർത്ഥ ജ്ഞാനത്തിൽ ഞെരുങ്ങി നീങ്ങുവാൻ വിധിക്കപ്പെട്ടിരിക്കുന്നു. യുക്തിയില്ലാത്ത വിശ്വാസമാകട്ടെ അനുദിനജീവിതത്തിൽ നിന്നും അകറ്റപ്പെടുന്നതിന്റെ അപകടത്തിലുമാണ്.*[154]

**75.** സാമൂഹ്യപ്രശ്നത്തിന്റെ ആഗോളമാനത്തെക്കുറിച്ച് പോൾ ആറാമൻ തിരിച്ചറിയുകയും അതിലേക്കു ശ്രദ്ധക്ഷണിക്കുകയും ചെയ്തു.[155] അദ്ദേഹത്തെ പിൻചെന്ന് സാമൂഹ്യപ്രശ്നം സമൂലമായും ഒരു നരവംശശാസ്ത്രപരമായ പ്രശ്നമായിരിക്കുന്നുവെന്ന് നാം സ്ഥിരീകരിക്കേണ്ടതുണ്ട്. കാരണം ജൈവ സാങ്കേതികത, ജീവനെ വലിയ അളവ് മനുഷ്യന്റെ നിയന്ത്രണത്തിലാക്കിയിരിക്കുന്നതിനാൽ ജീവൻ എങ്ങനെ ഉണ്ടാകുന്നു എന്നതിനെക്കാൾ അത് എങ്ങനെ വികലമാക്കപ്പെടുന്നു എന്നത് പ്രശ്നമായിരിക്കുന്നു എന്ന അർത്ഥത്തിലാണിത്. ഇൻവീട്രോ ഫെർട്ടിലൈസേഷൻ, ഭ്രൂണഗവേഷണം, ക്ലോൺസ് ഉത്പാദനത്തിനും മാനുഷിക സങ്കരങ്ങൾ ഉണ്ടാക്കാനുമുള്ള സാധ്യത — ഇതെല്ലാം ജീവന്റെ ഉത്ഭവം തങ്ങൾ മനസ്സിലാക്കിയിരിക്കുന്നു എന്ന ധാരണയിൽ എല്ലാ രഹസ്യവും തങ്ങൾക്കു കീഴടങ്ങിക്കഴിഞ്ഞു എന്നു കരുതുന്ന ആകെ ഇന്നത്തെ വികലമായ സംസ്കാരത്തിൽ ആവിർഭവിക്കുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. സാങ്കേതികവിദ്യയുടെ അധീശത്വത്തിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണം നാമിവിടെ കാണുന്നു. ഇത്തരം സംസ്കാരത്തിൽ, സാങ്കേതികസാധ്യതകളെ കണക്കിലെടുക്കുക മാത്രമാണ് മനഃസാക്ഷിയുടെ ദൗത്യം. അതുകൊണ്ട് നമ്മുടെ ഭാവിക്ക് ഭീഷണി ഉയർത്തുന്ന അസ്വസ്ഥജനകമായ അന്തരീക്ഷത്തെയോ "മരണസംസ്ക്കാരത്തിനു" കൈവശമുള്ള ശക്തമായ പുത്തൻ ഉപകരണങ്ങളെയോ നാം വിലകുറച്ചു കാണരുത്. ഗർഭഛിദ്രത്തിന്റെ വ്യാപകവും അതിദാരുണവുമായ പ്രഹരത്തിനൊപ്പം ചിട്ടയോടെയുള്ള, ബീജഗുണോൽക്കർഷബന്ധിയായി ക്രമീകരിച്ച ജനനങ്ങളും ഭാവിയിൽ നമുക്ക് നേരിടേണ്ടിവരും. അല്ല,

www.malankaralibrary.com

രഹസ്യമായി അവ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ദൃശ്യത്തിന്റെ മറ്റേ അറ്റത്ത്, ദയാവധത്തിന് അനുകൂലമായ ഒരു മനോഭാവം ശക്തമാവുകയും ചില സാഹചര്യങ്ങളിൽ ജീവിതയോഗ്യമല്ലെന്നു കരുതുന്ന ജീവന്റെ മേൽ അപായകരമായ നിയന്ത്രണം ഉറപ്പാക്കുകയും ചെയ്യുന്നു. ഈ ദൃശ്യങ്ങൾക്കു പിന്നിലുള്ളത്, മനുഷ്യന്റെ അന്തസ്സ് മാനിക്കാത്ത സാംസ്കാരിക കാഴ്ചപ്പാടുകളാണ്. ഈ പ്രവണതകളാകട്ടെ, മനുഷ്യജീവനെക്കുറിച്ച് കേവലം ഭൗതികവും യാന്ത്രികവുമായ ഒരു ധാരണ വളർത്തുന്നു. വികസനത്തിന്റെ ഇത്തരം മനോഭാവങ്ങളുടെ നിഷേധാത്മകഫലങ്ങൾ ആർക്കാണ് തിട്ടപ്പെടുത്താനാവുക? മനുഷ്യനു വിലയിടിക്കുന്ന അത്തരം സാഹചര്യങ്ങളോടുള്ള നിസംഗത മാനുഷികമായവയും അല്ലാത്തവയുമായവയോടുള്ള നമ്മുടെ മനോഭാവത്തെയും സ്വാധീനിക്കുമ്പോൾ എങ്ങനെയാണ് അവ നമ്മെ അത്ഭുതപ്പെടുത്തുക. ആദരാർഹമെന്ന് നിർണ്ണയിക്കുന്നതിന് ഇന്ന് മുന്നോട്ടുവയ്ക്കപ്പെടുന്ന സ്വാർത്ഥവും സവിശേഷവുമായ നിർണ്ണയരീതികളാണ് അത്ഭുതപ്പെടുത്തുന്നത്. അപ്രധാനങ്ങളായ കാര്യങ്ങളിലാണ് അമ്പരപ്പ്. എന്നാൽ ഒരിക്കലും പ്രകടമാകാത്തവിധമുള്ള അനീതികളോട് പൊരുത്തപ്പെടുന്നു. ലോകത്തിലെ പാവങ്ങൾ സമ്പന്നരുടെ വാതിലുകളിൽ മുട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ സുഖലോലുപതയുടെ ലോകത്തിൽ ആ ശബ്ദം കേൾക്കാനേ സാധിക്കുന്നില്ല. കാരണം അവരുടെ മനഃസാക്ഷിക്കു മാനുഷികമായതു തിരിച്ചറിയുവാൻ സാധിക്കുന്നില്ല. ദൈവം മനുഷ്യന് അവനെത്തന്നെ വെളിപ്പെടുത്തുന്നു. യുക്തിയും വിശ്വാസവും കൈകോർത്തു പ്രവർത്തിച്ച്, നമുക്കു കാണാൻ താത്പര്യം ഉണ്ടെങ്കിൽ മാത്രം നന്മ എന്തെന്ന് നമുക്കു കാണിച്ചുതരുന്നു. ക്രിയാത്മകയുക്തി ഏറെ തിളങ്ങുന്ന സ്വാഭാവികനിയമത്തിൽ നമ്മുടെ മഹത്ത്വം ഏറെ വെളിപ്പെടുന്നുണ്ട്. എന്നാൽ ധാർമ്മികസത്യം മനസിലാക്കുവാനുള്ള വിളി കേൾക്കുവാൻ പരാജയപ്പെടുമ്പോഴാകട്ടെ, അതു നമ്മുടെ ദുർഭഗാവസ്ഥയുടെയും പ്രകടനമാകും.

**76.** സമകാലീന സാങ്കേതികമനോഭാവത്തിന്റെ ഒരു സവി

www.malankaralibrary.com

ശേഷത, ആന്തരികജീവിതത്തിന്റെ പ്രശ്നങ്ങളെയും വികാരങ്ങളെയും കേവലം മനഃശാസ്ത്രപരമായ കാഴ്ചപ്പാടിൽ മാത്രമോ, സിരാവിജ്ഞാനീയത്തിന്റെ രൂപാന്തരമായിപ്പോലുമോ കാണുന്നു എന്നതാണ്. ഇങ്ങനെ മനുഷ്യന്റെ ആന്തരികഭാവത്തിന്റെ അർത്ഥം ചോർന്നുപോകുന്നതിനിടയാക്കുന്നു. അങ്ങനെ സാവകാശം, വിശുദ്ധർ തേടിയിരുന്നതുപോലുള്ള, മനുഷ്യാത്മാവിന്റെ സത്താപരമായ ആഴത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയും നഷ്ടപ്പെടുന്നു. *വികസനത്തിന്റെ പ്രശ്നം,* പലപ്പോഴും നാം സ്വത്വത്തെ, മനസ്സായി തരംതാഴ്ത്തുകയും ആത്മാവിന്റെ സുസ്ഥിതിയെ വൈകാരിക സുസ്ഥിരതയായി തെറ്റിദ്ധരിക്കുകയും ചെയ്യുന്നിടത്തോളം *മനുഷ്യാത്മാവിനെക്കുറിച്ചുള്ള ധാരണയുമായി വളരെ അടുത്തു ബന്ധപ്പെട്ടിരിക്കുന്നു.* ആദ്ധ്യാത്മികജീവിതത്തെ മനസിലാക്കുന്നതിൽ ഉണ്ടാകുന്ന പരാജയത്തിൽ നിന്നുമാണ് ഈ അതിലളിതവത്ക്കരണം ആവിർഭവിക്കുന്നത്. അതുകൊണ്ട് ആത്മീയസ്വഭാവമുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിലാണ് വ്യക്തികളുടെയും ജനതകളുടെയും വികസനം ആശ്രയിക്കുന്നതെന്ന കാര്യം വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. *വികസനം കേവലം ഭൗതികപുരോഗതിയെ മാത്രം ഉൾപ്പെടുത്തിയാൽ മതിയാവില്ല. ആത്മീയവളർച്ചയേയും ഉൾപ്പെടുത്തണം.* കാരണം മനുഷ്യവ്യക്തി ആത്മാവിന്റെയും ശരീരത്തിന്റെയും ഐക്യമാണ്.[156] ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹത്തിൽനിന്നും ജനിച്ചതും നിത്യജീവനായി ഉദ്ദേശിച്ചുള്ളതും ആണ്. മനുഷ്യവ്യക്തി പുരോഗമിക്കുന്നത് അവൻ ആത്മാവിൽ വളരുമ്പോഴാണ്; അവന്റെ ആത്മാവ് അതിനെയും, ദൈവം അതിൽ നിക്ഷേപിച്ചിട്ടുള്ള സത്യങ്ങളെയും അറിയുമ്പോഴാണ്; തന്നോടും തന്റെ സ്രഷ്ടാവിനോടും സംവാദത്തിൽ ഏർപ്പെടുമ്പോഴാണ്. മനുഷ്യൻ ദൈവത്തിൽനിന്നും അകലെ ആയിരിക്കുമ്പോൾ അവൻ അസ്വസ്ഥനും അശാന്തനുമാണ്. സമ്പന്നസമൂഹങ്ങളുടെ ഭാഗമായ നിരവധി നാഡീരോഗങ്ങളും സാമൂഹ്യ, മനഃശാസ്ത്രഅകൽച്ചകളും ഉണ്ടാകുന്നത് ഭാഗികമായി ആത്മീയ കാരണങ്ങൾ മൂലമാണ്. ഭൗതികമായി ഏറെ വിക

www.malankaralibrary.com

സിച്ച ഒരു സമൂഹം, ആത്മീയമായി പിന്നിലാണെങ്കിൽ അതു യഥാർത്ഥവികസനത്തിന് അനുയോജ്യമായ സ്ഥിതിയിലല്ല. മയക്കുമരുന്നുകളോടുള്ള അടിമത്തത്തിന്റെ പുത്തൻ രൂപങ്ങൾ, നിരവധിയാളുകൾ നിപതിക്കുന്ന പ്രത്യാശയില്ലായ്മയുടെ അവസ്ഥ തുടങ്ങിയവ സാമൂഹ്യമായോ മനഃശാസ്ത്രപരമായോ മാത്രം വിശദീകരിക്കുവാനാകില്ല, പിന്നെയോ അവശ്യമായി ആത്മീയ അടിസ്ഥാനത്തിലുമാകണം. ശരീരത്തിനും മനസ്സിനുമുള്ള എണ്ണമറ്റ 'തെറാപ്പികളുടെ,' ലഭ്യതയിലും ആത്മാവ് ഉപേക്ഷിക്കപ്പെടുന്നതുമൂലം ഉണ്ടാകുന്ന ശൂന്യത സഹനത്തിനു കാരണമാകുന്നു. മനുഷ്യരെ അവരുടെ ആത്മാവിന്റെയും ശരീരത്തിന്റെയും സാകല്യത്തിൽ പരിഗണിച്ച് *അവരുടെ ആത്മീയവും ധാർമ്മികവുമായ ക്ഷേമം കണക്കിലെടുക്കാതെ സമഗ്രമായ വികസനമോ സാർവത്രികമായ പൊതുനന്മയോ സാധ്യമാവില്ല.*

**77.** പദാർത്ഥപരമായി വിശദീകരിക്കുവാൻ സാധിക്കാത്ത ഒന്നിനെയും അംഗീകരിക്കുന്നതിൽനിന്നും സാങ്കേതികവിദ്യയുടെ അധീശത്വം മനുഷ്യരെ തടയുന്നു. എന്നാൽ ജീവന്റെ, പദാർത്ഥപരമല്ലാത്തതും ആത്മീയവുമായ ധാരാളം മാനങ്ങൾ എല്ലാവരും അനുഭവിക്കുന്നുമുണ്ട്. അറിയുക എന്നത് കേവലം പദാർത്ഥപരമായ ഒരു പ്രവൃത്തി അല്ല. കാരണം അറിയപ്പെടുന്ന വസ്തു എപ്പോഴും അനുഭവസിദ്ധമായ വിവരങ്ങൾക്ക് അപ്പുറമുള്ള എന്തൊക്കെയോ ഉൾക്കൊള്ളുന്നുണ്ട്. നമ്മുടെ എല്ലാ അറിവും അത് എത്ര ലളിതമായിക്കൊള്ളട്ടെ, എപ്പോഴും ഒരു അത്ഭുതമാണ്. കാരണം നാം അതിനായി ഉപയോഗിക്കുന്ന ഭൗതികമായ ഉപകരണങ്ങൾകൊണ്ട് അവയിൽ ഒന്നിനെയും പൂർണ്ണമായി വ്യാഖ്യാനിക്കാനാവില്ല. എല്ലാ സത്യത്തിലും നാം കരുതിയതിനെക്കാൾ കൂടുതലുണ്ട്. നാം സ്വീകരിക്കുന്ന സ്നേഹത്തിൽതന്നെ എപ്പോഴും നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു ഘടകമുണ്ട്. ഇവയെ അത്ഭുതാദരങ്ങളോടെ വീക്ഷിക്കുന്നതിൽ നിന്നും നാം പിന്മാറിക്കൂടാ. എല്ലാ അറിവിലും സ്നേഹപ്രവൃത്തിയിലും മനുഷ്യാത്മാവ് "എല്ലാറ്റിനും ഉപരിയായി" ഒരു ദാനം സ്വീകരിക്കുന്നതുപോലെയോ ഒരുന്ന

www.malankaralibrary.com

തതലത്തിലേക്കുയർത്തപ്പെടുന്നതുപോലെയോ, എന്തോ ഒന്ന് അനുഭവിക്കുന്നു. വികസനം യഥാർത്ഥമാകണമെങ്കിൽ ഉണ്ടായിരിക്കണമെന്ന് നാം കരുതുന്ന *ആത്മീയതലം* ഉള്ളപ്പോൾ വ്യക്തികളുടെയും ജനതകളുടെയും വികസനം ഉന്നതതലത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു. *മാനുഷികസംഭവങ്ങളുടെ ഭൗതികമാനത്തിനപ്പുറത്തേക്ക് ഉയരാനും*, വികസനത്തിൽ സാങ്കേതികവിദ്യയ്ക്കു നൽകാനാകാത്ത "അതീതമായ" കാഴ്ച അനുഭവിക്കുവാനും പുതിയ കണ്ണും ഹൃദയവും വേണം. ഈ പാതയിലൂടെ സഞ്ചരിച്ചാൽ, സത്യത്തിലുള്ള സ്നേഹത്തിന്റെ ശക്തിയും സ്വാധീനവും ഉൾക്കൊണ്ട് സമഗ്രമാനവവികസനത്തെ പിൻചെല്ലുക സാധ്യമാകും.



www.malankaralibrary.com

# ഉപസംഹാരം

78. ദൈവത്തെകൂടാതെ ഏതു വഴിക്കു നീങ്ങണമെന്നറിയാനോ താനാരാണെന്നു മനസ്സിലാക്കാനോപോലും മനുഷ്യനു കഴിയില്ല. ജനതകളുടെ പുരോഗതി സംബന്ധിച്ച് പലപ്പോഴും നമ്മെ അധീരരാക്കുന്ന ഭീമമായ പ്രശ്നങ്ങൾക്കു മുമ്പിൽ, "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല" (*യോഹ.* 15:5) എന്നു നമ്മെ പഠിപ്പിക്കുകയും "യുഗാന്ത്യംവരെ ഞാൻ നിങ്ങളോടുകൂടെ എന്നുമുണ്ടാവും" (*മത്താ.* 28:20) എന്നു തുടർന്നു നമ്മെ ധൈര്യപ്പെടുത്തുകയും ചെയ്യുന്ന കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകളിൽ നാം സാന്ത്വനം കണ്ടെത്തുന്നു. ചെയ്തുതീർക്കാനുള്ള ജോലിയുടെ അളവിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, നീതിക്കുവേണ്ടി പ്രവർത്തിക്കാൻ തന്റെ നാമത്തിൽ ഒന്നിച്ചുകൂടുന്നവരോടുകൂടി ദൈവമുണ്ടാകും എന്ന വിശ്വാസം നമുക്കു താങ്ങാകുന്നു. ആധികാരികമായ ഒരു മാനവികത തന്നെത്താൻ സൃഷ്ടിക്കാൻ മനുഷ്യനു കഴിവില്ലാത്തതിനാൽ, അവനു സ്വന്തം പുരോഗതി സ്വയം നേടിയെടുക്കാൻ കഴിയില്ലെന്നു "*ജനതകളുടെ പുരോഗതി*"യിൽ പോൾ ആറാമൻ പറഞ്ഞിരുന്നു. വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിൽ, ദൈവത്തിന്റെ പുത്രീപുത്രന്മാരായി, അവിടുത്തെ കുടുംബത്തിന്റെ ഭാഗം എന്ന നിലയ്ക്ക് നമുക്കുള്ള വിളിയെക്കുറിച്ച് നാം ബോധമുള്ളവരായെങ്കിലേ, യഥാർത്ഥത്തിൽ സമഗ്രമായ ഒരു മാനവികതയുടെ സേവനത്തിനുള്ള പുതിയ ദർശനം സൃഷ്ടിക്കാനും പുതിയ ഊർജ്ജം സമാർജിക്കാനും നമുക്കു കഴിയൂ. അപ്പോൾ, സ്നേഹത്തെയും സത്യത്തെയും ദൈവത്തിൽനിന്നുള്ള ശാശ്വത സമ്മാനമായി സ്വീകരിച്ചുകൊണ്ട് സ്നേഹം ഉദ്ദീപിപ്പിക്കുന്നതും സത്യത്തിൽ നിന്നു പുറപ്പെടുന്നതുമായ ഒരു ക്രൈസ്തവ മാനവികത[157]

www.malankaralibrary.com

യാണ് വികസനത്തിനുള്ള ഏറ്റവും മഹത്തായ സേവനം. ദൈവത്തോടുള്ള തുറവി നമ്മെ സഹോദരീസഹോദരന്മാരോടും ഐക്യദാർഢ്യത്തിന്റെ ചൈതന്യത്തിൽ പൂർത്തിയാക്കേണ്ട ആനന്ദകരമായ ദൗത്യമായി ജീവിതത്തെ കാണുന്നതിനോടും തുറവിയുള്ളവരാക്കും. മറുവശത്ത്, സ്രഷ്ടാവിനെ മറക്കുന്നതും അത്രത്തോളംതന്നെ മാനുഷികമൂല്യങ്ങൾ മറക്കാൻ ഇടയുള്ളതുമായ പ്രത്യയശാസ്ത്രപരമായ ദൈവനിഷേധവും നിസ്സംഗതയുടേതായ നിരീശ്വരത്വവും ഇന്നത്തെ വികസനത്തിന്റെ മുഖ്യ തടസ്സങ്ങളിൽ ചിലതാണ്. *ദൈവത്തെ ഒഴിവാക്കുന്ന മാനവികത മനുഷ്യത്വമില്ലാത്ത മാനവികതയാണ്.* നൈമിഷിക ഫാഷനുകളാൽ കുഴപ്പത്തിൽ ചാടാനുള്ള സാധ്യതയിലേക്കു നമ്മെ കൊണ്ടുചെല്ലാതെ സാമൂഹിക-പൗരജീവിതത്തിന്റെ രൂപങ്ങൾ—ഘടനകൾ, സ്ഥാപനങ്ങൾ, സംസ്കാരം, ആചാരവിചാരം—എന്നിവകെട്ടിപ്പടുക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്കു മാർഗദർശനം നൽകുന്നതിന്, പരമമായതിലേക്കു തുറന്നിരിക്കുന്ന ഒരു മാനവികതയ്ക്കു മാത്രമേ കഴിയൂ. മനുഷ്യന്റെ കാര്യങ്ങൾ നീതിനിഷ്ഠമായി ക്രമവത്കരിക്കുന്നതിനുള്ള ഒടുങ്ങാത്ത ശ്രമത്തിൽ, ജയാപജയങ്ങൾക്കിടയിൽ, നീതിക്കും ജനങ്ങളുടെ വികസനത്തിനുമുള്ള നമ്മുടെ ദുഷ്കരവും ഉത്തേജിപ്പിക്കുന്നതുമായ പരിശ്രമങ്ങളിൽ, ദൈവത്തിന്റെ നിലക്കാത്ത സ്നേഹത്തെക്കുറിച്ചുള്ള അവബോധം നമ്മെ നിലനിറുത്തുന്നു. *പരിമിതവും ക്ഷണികവുമായതിനപ്പുറത്തേക്കു നീങ്ങുവാൻ ദൈവത്തിന്റെ സ്നേഹം നമ്മെ ക്ഷണിക്കുന്നു; എല്ലാവരുടെയും പ്രയോജനത്തിനായി തേടുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടേയിരിക്കാനുള്ള ധൈര്യം അതു നമുക്കു പ്രദാനം ചെയ്യുന്നു* — ഇതു പെട്ടെന്നു നേടാനായില്ലെന്നും രാഷ്ട്രീയാധികാരികളോടും സാമ്പത്തികരംഗത്തു പ്രവർത്തിക്കുന്നവരോടുമൊത്ത് നമുക്കു നേടാൻ കഴിയുന്നതു നാം പ്രതീക്ഷിക്കുന്നതിൽ കുറവാണെന്നും വന്നാൽ പോലും.[158] ദൈവം നമ്മുടെ സമസ്തവും നമ്മുടെ മഹത്തായ പ്രത്യാശയുമായതിനാൽ, പൊതുനന്മയ്ക്കായി പൊരുതാനും സഹിക്കാനുമുള്ള കരുത്ത് അവിടുന്നു നമുക്കു തരുന്നു.

www.malankaralibrary.com


**79.** പ്രാർത്ഥനാപൂർവം *ദൈവത്തിങ്കലേക്കു കരങ്ങളുയർത്തിയ ക്രൈസ്തവരെ വികസനത്തിനാവശ്യമുണ്ട്.* ഏതൊന്നിൽനിന്ന് ആധികാരിക വികസനം മുളപൊട്ടുമോ ആ സത്യത്തിലുള്ള സ്നേഹം, നാം സൃഷ്ടിക്കുന്നതല്ലെന്നും നമുക്കു നൽകപ്പെടുന്നതാണെന്നും അറിയുന്ന ക്രൈസ്തവരെ വികസനത്തിനാവശ്യമുണ്ട്. ഇക്കാരണത്താൽ, ഏറ്റവും വിഷമകരവും സങ്കീർണവുമായ സമയങ്ങളിൽപ്പോലും, എന്താണു സംഭവിക്കുന്നതെന്നു തിരിച്ചറിയുന്നതിനപ്പുറം എല്ലാറ്റിലുമുപരി നാം ദൈവത്തിന്റെ സ്നേഹത്തിലേക്കു ദൃഷ്ടി തിരിക്കണം. ആദ്ധ്യാത്മികജീവിതത്തിലുള്ള ശ്രദ്ധ, ദൈവത്തിലുള്ള ആശ്രയത്തിന്റേതായ അനുഭവങ്ങൾക്കു നൽകുന്ന കാര്യമായ പരിഗണന, ക്രിസ്തുവിലുള്ള ആദ്ധ്യാത്മിക കൂട്ടായ്മ, ദൈവകൃപയിലും കാരുണ്യത്തിലുമുള്ള ആശ്രയം, സ്നേഹവും ക്ഷമയും, പരിത്യാഗം, മറ്റുള്ളവർക്കു നൽകുന്ന അംഗീകാരം, നീതിയും സമാധാനവും — ഇവയെല്ലാം വികസനത്തിനാവശ്യമാണ്. ഭൂമിയിലെ ജീവിതം "ദൈവിക"വും മാനുഷികവുമായി യോഗ്യവുമാകുംവിധം, "ശിലാഹൃദയങ്ങൾ" "മാംസളഹൃദയ"ങ്ങളാകുവാൻ (*എസെ.* 36:26) ഇതെല്ലാം ആവശ്യമാണ്. ഇതെല്ലാം *മനുഷ്യനെ സംബന്ധിച്ചത്* ആണ്; കാരണം മനുഷ്യനാണ് അവന്റെ അസ്തിത്വത്തിന്റെ കർത്താവ്; അതേസമയം ഇത് *ദൈവത്തെ സംബന്ധിച്ചതും* ആണ്, കാരണം നന്മയായിട്ടും രക്ഷയിലേക്കു നയിക്കുന്നതായിട്ടും ഉള്ള എല്ലാറ്റിന്റെയും ആദിയും അന്ത്യവും അവിടുന്നാണ്: "ലോകവും ജീവനും മരണവും ഇപ്പോഴുള്ളവയും ഉണ്ടാകാനിരിക്കുന്നവയും എല്ലാം നിങ്ങളുടേതുതന്നെ. നിങ്ങളാകട്ടെ ക്രിസ്തുവിന്റേതും ക്രിസ്തു ദൈവത്തിന്റേതും" (1 *കോറി.* 3:22-23). മനുഷ്യകുടുംബം മുഴുവൻ ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്നു വിളിക്കാൻ ക്രൈസ്തവർ ദാഹിക്കുന്നു. തന്റെ ഏകജാതനോടൊത്ത് സകല ജനവും പിതാവിനോടു പ്രാർത്ഥിക്കുവാൻ പഠിക്കുകയും, യേശുതന്നെ നമ്മെ പഠിപ്പിച്ച വാക്കുകളിൽ, അവിടുത്തെ തിരുവിഷ്ടത്തിനനുസൃതം ജീവിച്ച് അവിടുത്തെ മഹത്വപ്പെടുത്തുന്നതിനുള്ള കൃപയ്ക്കായും നമുക്കാ

www.malankaralibrary.com

വശ്യമുള്ള അനുദിന ആഹാരം നമുക്കു ലഭിക്കുന്നതിനും നമ്മുടെ കടക്കാരോട് സഹതാപവും ഔദാര്യവുമുള്ളവരാകാനും നമ്മുടെ പരിമിതികൾക്കപ്പുറം പരീക്ഷിക്കപ്പെടാതിരിക്കാനും ദുഷ്ടാരൂപിയിൽനിന്നു നാം രക്ഷിക്കപ്പെടാനും അവിടുത്തോട് അപേക്ഷിക്കുകയും ചെയ്യട്ടെ (cf. *മത്താ.* 6:9–13).

*സെന്റ്പോൾ വർഷ*ത്തിന്റെ സമാപനത്തിൽ, *റോമാക്കാർക്കുള്ള ലേഖന*ത്തിൽ അപ്പോസ്തലൻ ഉപയോഗിച്ച വാക്കുകളിൽത്തന്നെ ഞാൻ സന്തോഷപൂർവം ഈ പ്രത്യാശ പ്രകടിപ്പിക്കുന്നു: "നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ; നന്മയെ മുറുകെപ്പിടിക്കുവിൻ. നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നിൽക്കുവിൻ" (റോമ. 12:9–10). പോൾ ആറാമൻ *സഭയുടെ മാതാവ്* ആയി പ്രഖ്യാപിക്കുകയും ക്രൈസ്തവർ *നീതിയുടെ ദർപ്പണവും* (*Speculum Iustitiae*) *സമാധാനരാജ്ഞി*യുമായി വണങ്ങുകയും ചെയ്യുന്ന കന്യകാമറിയം നമ്മെ കാത്തുസൂക്ഷിക്കുകയും തന്റെ സ്വർഗ്ഗീയ മധ്യസ്ഥതവഴി നമുക്കു "*മുഴുവൻ മനുഷ്യന്റേയും എല്ലാ മനുഷ്യരുടെയും*"[159] വികസനം സാധ്യമാകുന്നതിനുള്ള യജ്ഞത്തിന് ഉദാരമായി സ്വയം സമർപ്പിക്കാൻ ആവശ്യമായ ധൈര്യവും പ്രത്യാശയും ആനന്ദവും നേടിത്തരുകയും ചെയ്യട്ടെ.

എന്റെ ശ്ലൈഹികശുശ്രൂഷയുടെ അഞ്ചാം വർഷം, 2009 ജൂൺ 29-നു വിശുദ്ധ അപ്പോസ്തലന്മാരായ പത്രോസിന്റേയും പൗലോസിന്റേയും തിരുനാളിൽ റോമിൽ, സെന്റ് പീറ്റേഴ്സിൽ നൽകപ്പെട്ടത്.



**ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**

www.malankaralibrary.com

## NOTES

1. Cf. Paul VI, Encyclical Letter *Populorum Progressio* (26 March 1967), 22: *AAS* 59 (1967), 268; Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 69.
2. *Address for the Day of Development* (23 August 1968): *AAS* 60 (1968), 626-627.
3. Cf. John Paul II, *Message for the 2002 World Day of Peace*: *AAS* 94 (2002), 132-140.
4. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 26.
5. Cf. John XXIII, Encyclical Letter *Pacem in Terris* (11 April 1963): *AAS* 55 (1963), 268-270.
6. Cf. no. 16: *loc. cit.*, 265.
7. Cf. *ibid.*, 82: *loc. cit.*, 297.
8. *Ibid.*, 42: *loc. cit.*, 278.
9. *Ibid.*, 20: *loc. cit.*, 267.
10. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 36; Paul VI, Apostolic Letter *Octogesima Adveniens* (14 May 1971), 4: *AAS* 63 (1971), 403-404; John Paul II, Encyclical Letter *Centesimus Annus* (1 May 1991), 43: *AAS* 83 (1991), 847.
11. Paul VI, Encyclical Letter *Populorum Progressio*, 13: *loc. cit.*, 263-264.
12. Cf. Pontifical Council for Justice and Peace, *Compendium of the Social Doctrine of the Church*, 76.
13. Cf. Benedict XVI, *Address at the Inauguration of the Fifth General Conference of the Bishops of Latin America and the Caribbean* (Aparecida, 13 May 2007).
14. Cf. nos. 3-5: *loc. cit.*, 258-260.
15. Cf. John Paul II, Encyclical Letter *Sollicitudo Rei Socialis* (30 December 1987), 6-7: *AAS* 80 (1988), 517-519.
16. Cf. Paul VI, Encyclical Letter *Populorum Progressio*, 14: *loc. cit.*, 264.
17. Cf. Benedict XVI, Encyclical Letter *Deus Caritas Est* (25 December 2005), 18: *AAS* 98 (2006), 232.
18. *Ibid.*, 6: *loc cit.*, 222.
19. Cf. Benedict XVI, *Christmas Address to the Roman Curia*, 22 December 2005.
20. Cf. John Paul II, Encyclical Letter *Sollicitudo Rei Socialis*, 3: *loc. cit.*, 515.
21. Cf. *ibid.*, 1: *loc. cit.*, 513-514.
22. Cf. *ibid.*, 3: *loc. cit.*, 515.
23. Cf. John Paul II, Encyclical Letter *Laborem Exercens* (14 September 1981), 3: *AAS* 73 (1981), 583-584.
24. Cf. John Paul II, Encyclical Letter *Centesimus Annus*, 3: *loc. cit.*, 794-796.
25. Cf. Encyclical Letter *Populorum Progressio*, 3: *loc. cit.*, 258.
26. Cf. *ibid.*, 34: *loc. cit.*, 274.
27. Cf. nos. 8-9: *AAS* 60 (1968), 485-487; Benedict XVI, *Address to the participants at the International Congress promoted by the Pontifical Lateran University on the fortieth anniversary of Paul VI's Encyclical "Humanae Vitae"*, 10 May 2008.
28. Cf. Encyclical Letter *Evangelium Vitae* (25 March 1995), 93: *AAS* 87 (1995), 507-508.
29. *Ibid.*, 101: *loc. cit.*, 516-518.
30. No. 29: *AAS* 68 (1976), 25.
31. *Ibid.*, 31: *loc. cit.*, 26.

www.malankaralibrary.com

32. Cf. John Paul II, Encyclical Letter *Sollicitudo Rei Socialis*, 41: *loc. cit.*, 570-572.
33. Cf. *ibid.*; Id., Encyclical Letter *Centesimus Annus*, 5, 54: *loc. cit.*, 799, 859-860.
34. No. 15: *loc. cit.*, 265.
35. Cf. *ibid.*, 2: *loc. cit.*, 258; Leo XIII, Encyclical Letter *Rerum Novarum* (15 May 1891): *Leonis XIII P.M. Acta*, XI, Romae 1892, 97-144; John Paul II, Encyclical Letter *Sollicitudo Rei Socialis*, 8: *loc. cit.*, 519-520; Id., Encyclical Letter *Centesimus Annus*, 5: *loc. cit.*, 799.
36. Cf. Encyclical Letter *Populorum Progressio*, 2, 13: *loc. cit.*, 258, 263-264.
37. *Ibid.*, 42: *loc. cit.*, 278.
38. *Ibid.*, 11: *loc. cit.*, 262; cf. John Paul II, Encyclical Letter *Centesimus Annus*, 25: *loc. cit.*, 822-824.
39. Encyclical Letter *Populorum Progressio*, 15: *loc. cit.*, 265.
40. *Ibid.*, 3: *loc. cit.*, 258.
41. *Ibid.*, 6: *loc. cit.*, 260.
42. *Ibid.*, 14: *loc. cit.*, 264.
43. *Ibid.*; cf. John Paul II, Encyclical Letter *Centesimus Annus*, 53-62: *loc. cit.*, 859-867; Id., Encyclical Letter *Redemptor Hominis* (4 March 1979), 13-14: *AAS* 71 (1979), 282-286.
44. Cf. Paul VI, Encyclical Letter *Populorum Progressio*, 12: *loc. cit.*, 262-263.
45. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 22.
46. Paul VI, Encyclical Letter *Populorum Progressio*, 13: *loc. cit.*, 263-264.
47. Cf. Benedict XVI, *Address to the Participants in the Fourth National Congress of the Church in Italy*, Verona, 19 October 2006.
48. Cf. Paul VI, Encyclical Letter *Populorum Progressio*, 16: *loc. cit.*, 265.
49. *Ibid.*
50. Benedict XVI, *Address to young people at Barangaroo*, Sydney, 17 July 2008.
51. Paul VI, Encyclical Letter *Populorum Progressio*, 20: *loc. cit.*, 267.
52. *Ibid.*, 66: *loc. cit.*, 289-290.
53. *Ibid.*, 21: *loc. cit.*, 267-268.
54. Cf. nos. 3, 29, 32: *loc. cit.*, 258, 272, 273.
55. Cf. Encyclical Letter, *Sollicitudo Rei Socialis*, 28: *loc. cit.*, 548-550.
56. Paul VI, Encyclical Letter *Populorum Progressio*, 9: *loc. cit.*, 261-262.
57. Cf. Encyclical Letter *Sollicitudo Rei Socialis*, 20: *loc. cit.*, 536-537.
58. Cf. John Paul II, Encyclical Letter *Centesimus Annus*, 22-29: *loc. cit.*, 819-830.
59. Cf. nos. 23, 33: *loc. cit.*, 268-269, 273-274.
60. Cf. *loc. cit.*, 135.
61. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 63.
62. Cf. John Paul II, Encyclical Letter *Centesimus Annus*, 24: *loc. cit.*, 821-822.
63. Cf. John Paul II, Encyclical Letter *Veritatis Splendor* (6 August 1993), 33, 46, 51: *AAS* 85 (1993), 1160, 1169-1171, 1174-1175; Id., *Address to the Assembly of the United Nations*, 5 October 1995, 3.
64. Cf. Encyclical Letter *Populorum Progressio*, 47: *loc. cit.*, 280-281; John Paul II, Encyclical Letter *Sollicitudo Rei Socialis*, 42: *loc. cit.*, 572-574.
65. Cf. Benedict XVI, *Message for the 2007 World Food Day*: *AAS* 99 (2007), 933-935.
66. Cf. John Paul II, Encyclical Letter *Evangelium Vitae*, 18, 59, 63-64: *loc. cit.*, 419-421, 467-468, 472-475.
67. Cf. Benedict XVI, *Message for the 2007 World Day of Peace*, 5.

www.malankaralibrary.com

68. Cf. John Paul II, *Message for the 2002 World Day of Peace*, 4-7, 12-15: *AAS* 94 (2002), 134-136, 138-140; Id., *Message for the 2004 World Day of Peace*, 8: *AAS* 96 (2004), 119; Id., *Message for the 2005 World Day of Peace*, 4: *AAS* 97 (2005), 177-178; Benedict XVI, *Message for the 2006 World Day of Peace*, 9-10: *AAS* 98 (2006), 60-61; Id., *Message for the 2007 World Day of Peace*, 5, 14: *loc. cit.*, 778, 782-783.
69. Cf. John Paul II, *Message for the 2002 World Day of Peace*, 6: *loc. cit.*, 135; Benedict XVI, *Message for the 2006 World Day of Peace*, 9-10: *loc. cit.*, 60-61.
70. Cf. Benedict XVI, *Homily at Mass*, Islinger Feld, Regensburg, 12 September 2006.
71. Cf. Benedict XVI, Encyclical Letter *Deus Caritas Est*, 1: *loc. cit.*, 217-218.
72. John Paul II, Encyclical Letter *Sollicitudo Rei Socialis*, 28: *loc. cit.*, 548-550.
73. Paul VI, Encyclical Letter *Populorum Progressio*, 19: *loc. cit.*, 266-267.
74. *Ibid.*, 39: *loc. cit.*, 276-277.
75. *Ibid.*, 75: *loc. cit.*, 293-294.
76. Cf. Benedict XVI, Encyclical Letter *Deus Caritas Est*, 28: *loc. cit.*, 238-240.
77. John Paul II, Encyclical Letter *Centesimus Annus*, 59: *loc. cit.*, 864.
78. Cf. Encyclical Letter *Populorum Progressio*, 40, 85: *loc. cit.*, 277, 298-299.
79. *Ibid.*, 13: *loc. cit.*, 263-264.
80. Cf. John Paul II, Encyclical Letter *Fides et Ratio* (14 September 1998), 85: *AAS* 91 (1999), 72-73.
81. Cf. *ibid.*, 83: *loc. cit.*, 70-71.
82. Benedict XVI, *Address at the University of Regensburg*, 12 September 2006.
83. Cf. Paul VI, Encyclical Letter *Populorum Progressio*, 33: *loc. cit.*, 273-274.
84. Cf. John Paul II, *Message for the 2000 World Day of Peace*, 15: *AAS* 92 (2000), 366.
85. *Catechism of the Catholic Church*, 407; cf. John Paul II, Encyclical Letter *Centesimus Annus*, 25: *loc. cit.*, 822-824.
86. Cf. no. 17: *AAS* 99 (2007), 1000.
87. Cf. *ibid.*, 23: *loc. cit.*, 1004-1005.
88. Saint Augustine expounds this teaching in detail in his dialogue on free will (*De libero arbitrio*, II, 3, 8ff.). He indicates the existence within the human soul of an "internal sense". This sense consists in an act that is fulfilled outside the normal functions of reason, an act that is not the result of reflection, but is almost instinctive, through which reason, realizing its transient and fallible nature, admits the existence of something eternal, higher than itself, something absolutely true and certain. The name that Saint Augustine gives to this interior truth is at times the name of God (*Confessions* X, 24, 35; XII, 25, 35; *De libero arbitrio* II, 3, 8), more often that of Christ (*De magistro* 11:38; *Confessions* VII, 18, 24; XI, 2, 4).
89. Benedict XVI, Encyclical Letter *Deus Caritas Est*, 3: *loc. cit.*, 219.
90. Cf. no. 49: *loc. cit.*, 281.
91. John Paul II, Encyclical Letter *Centesimus Annus*, 28: *loc. cit.*, 827-828.
92. Cf. no. 35: *loc. cit.*, 836-838.
93. Cf. John Paul II, Encyclical Letter *Sollicitudo Rei Socialis*, 38: *loc. cit.*, 565-566.
94. No. 44: *loc. cit.*, 279.
95. Cf. *ibid.*, 24: *loc. cit.*, 269.
96. Cf. Encyclical Letter *Centesimus Annus*, 36: *loc. cit.*, 838-840.
97. Cf. Paul VI, Encyclical Letter *Populorum Progressio*, 24: *loc. cit.*, 269.
98. Cf. John Paul II, Encyclical Letter *Centesimus Annus*, 32: *loc. cit.*, 832-833; Paul VI, Encyclical Letter *Populorum Progressio*, 25: *loc. cit.*, 269-270.
99. John Paul II, Encyclical Letter *Laborem Exercens*, 24: *loc. cit.*, 637-638.
100. *Ibid.*, 15: *loc. cit.*, 616-618.

www.malankaralibrary.com

101. Encyclical Letter *Populorum Progressio*, 27: *loc. cit.*, 271.
102. Cf. Congregation for the Doctrine of the Faith, Instruction on Christian Freedom and Liberation *Libertatis Conscientia* (22 March 1987), 74: *AAS* 79 (1987), 587.
103. Cf. John Paul II, Interview published in the Catholic daily newspaper *La Croix*, 20 August 1997.
104. John Paul II, *Address to the Pontifical Academy of Social Sciences*, 27 April 2001.
105. Paul VI, Encyclical Letter *Populorum Progressio*, 17: *loc. cit.*, 265-266.
106. Cf. John Paul II, *Message for the 2003 World Day of Peace*, 5: *AAS* 95 (2003), 343.
107. Cf. *ibid.*
108. Cf. Benedict XVI, *Message for the 2007 World Day of Peace*, 13: *loc. cit.*, 781-782.
109. Paul VI, Encyclical Letter *Populorum Progressio*, 65: *loc. cit.*, 289.
110. Cf. *ibid.*, 36-37: *loc. cit.*, 275-276.
111. Cf. *ibid.*, 37: *loc. cit.*, 275-276.
112. Cf. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 11.
113. Cf. Paul VI, Encyclical Letter *Populorum Progressio*, 14: *loc. cit.*, 264; John Paul II, Encyclical Letter *Centesimus Annus*, 32: *loc. cit.*, 832-833.
114. Paul VI, Encyclical Letter *Populorum Progressio*, 77: *loc. cit.*, 295.
115. John Paul II, *Message for the 1990 World Day of Peace*, 6: *AAS* 82 (1990), 150.
116. Heraclitus of Ephesus (Ephesus, c. 535 B.C. - c. 475 B.C.), Fragment 22B124, in H. Diels and W. Kranz, *Die Fragmente der Vorsokratiker*, Weidmann, Berlin, 1952, 6(th) ed.
117. Pontifical Council for Justice And Peace, *Compendium of the Social Doctrine of the Church*, 451-487.
118. Cf. John Paul II, *Message for the 1990 World Day of Peace*, 10: *loc. cit.*, 152-153.
119. Paul VI, Encyclical Letter *Populorum Progressio*, 65: *loc. cit.*, 289.
120. Benedict XVI, *Message for the 2008 World Day of Peace*, 7: *AAS* 100 (2008), 41.
121. Cf. Benedict XVI, *Address to the General Assembly of the United Nations Organization*, New York, 18 April 2008.
122. Cf. John Paul II, *Message for the 1990 World Day of Peace*, 13: *loc. cit.*, 154-155.
123. John Paul II, Encyclical Letter *Centesimus Annus*, 36: *loc. cit.*, 838-840.
124. *Ibid.*, 38: *loc. cit.*, 840-841; Benedict XVI, *Message for the 2007 World Day of Peace*, 8: *loc. cit.*, 779.
125. Cf. John Paul II, Encyclical Letter *Centesimus Annus*, 41: *loc. cit.*, 843-845.
126. Cf. *ibid.*
127. Cf. John Paul II, Encyclical Letter *Evangelium Vitae*, 20: *loc. cit.*, 422-424.
128. Encyclical Letter *Populorum Progressio*, 85: *loc. cit.*, 298-299.
129. Cf. John Paul II, *Message for the 1998 World Day of Peace*, 3: *AAS* 90 (1998), 150; *Address to the Members of the Vatican Foundation "Centesimus Annus – Pro Pontifice"*, 9 May 1998, 2; *Address to the Civil Authorities and Diplomatic Corps of Austria*, 20 June 1998, 8; *Message to the Catholic University of the Sacred Heart*, 5 May 2000, 6.
130. According to Saint Thomas *"ratio partis contrariatur rationi personae"*, *In III Sent.*, d. 5, q. 3, a. 2; also *"Homo non ordinatur ad communitatem politicam secundum se totum et secundum omnia sua"*, *Summa Theologiae* I-II, q. 21, a. 4, ad 3.
131. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 1.
132. Cf. John Paul II, *Address to the Sixth Public Session of the Pontifical Academies of Theology and of Saint Thomas Aquinas*, 8 November 2001, 3.
133. Cf. Congregation for the Doctrine of the Faith, Declaration on the Unicity and

www.malankaralibrary.com

Salvific Universality of Jesus Christ and the Church *Dominus Iesus* (6 August 2000), 22: *AAS* 92 (2000), 763-764; Id., *Doctrinal Note on some questions regarding the participation of Catholics in political life* (24 November 2002), 8: *AAS* 96 (2004), 369-370.

134. Benedict XVI, Encyclical Letter *Spe Salvi*, 31: *loc. cit.*, 1010; *Address to the Participants in the Fourth National Congress of the Church in Italy*, Verona, 19 October 2006.
135. John Paul II, Encyclical Letter *Centesimus Annus*, 5: *loc. cit.*, 798-800; Benedict XVI, *Address to the Participants in the Fourth National Congress of the Church in Italy*, Verona, 19 October 2006.
136. No. 12.
137. Cf. Pius XI, Encyclical Letter *Quadragesimo Anno* (15 May 1931): *AAS* 23 (1931), 203; John Paul II, Encyclical Letter *Centesimus Annus*, 48: *loc. cit.*, 852-854; *Catechism of the Catholic Church*, 1883.
138. Cf. John XXIII, Encyclical Letter *Pacem in Terris*, *loc. cit.*, 274.
139. Cf. Paul VI, Encyclical Letter *Populorum Progressio*, 10, 41: *loc. cit.*, 262, 277-278.
140. Cf. Benedict XVI, *Address to Members of the International Theological Commission*, 5 October 2007; *Address to the Participants in the International Congress on Natural Moral Law*, 12 February 2007.
141. Cf. Benedict XVI, *Address to the Bishops of Thailand on their "Ad Limina" Visit*, 16 May 2008.
142. Cf. Pontifical Council for the Pastoral Care of Migrants and Itinerant People, Instruction *Erga Migrantes Caritas Christi* (3 May 2004): *AAS* 96 (2004), 762-822.
143. John Paul II, Encyclical Letter *Laborem Exercens*, 8: *loc. cit.*, 594-598.
144. Jubilee of Workers, *Greeting after Mass*, 1 May 2000.
145. Cf. John Paul II, Encyclical Letter *Centesimus Annus*, 36: *loc. cit.*, 838-840.
146. Cf. Benedict XVI, *Address to the Members of the General Assembly of the United Nations Organization*, New York, 18 April 2008.
147. Cf. John XXIII, Encyclical Letter *Pacem in Terris*, *loc. cit.*, 293; Pontifical Council for Justice and Peace, *Compendium of the Social Doctrine of the Church*, 441.
148. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, *Gaudium et Spes*, 82.
149. Cf. John Paul II, Encyclical Letter *Sollicitudo Rei Socialis*, 43: *loc. cit.*, 574-575.
150. Paul VI, Encyclical Letter *Populorum Progressio*, 41: *loc. cit.*, 277-278; cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 57.
151. Cf. John Paul II, Encyclical Letter *Laborem Exercens*, 5: *loc. cit.*, 586-589.
152. Cf. Paul VI, Apostolic Letter *Octogesima Adveniens*, 29: *loc. cit.*, 420.
153. Cf. Benedict XVI, *Address to the Participants in the Fourth National Congress of the Church in Italy*, Verona, 19 October 2006; Id., *Homily at Mass*, Islinger Feld, Regensburg, 12 September 2006.
154. Cf. Congregation for the Doctrine of the Faith, Instruction on certain bioethical questions *Dignitas Personae* (8 September 2008): *AAS* 100 (2008), 858-887.
155. Cf. Encyclical Letter *Populorum Progressio*, 3: *loc. cit.*, 258.
156. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 14.
157. Cf. Paul VI, Encyclical Letter *Populorum Progressio*, 42: *loc. cit.*, 278.
158. Cf. Benedict XVI, Encyclical Letter *Spe Salvi*, 35: *loc. cit.*, 1013-1014.
159. Paul VI, Encyclical Letter *Populorum Progressio*, 42: *loc. cit.*, 278.

www.malankaralibrary.com

ചാക്രിക ലേഖനം

# സത്യത്തിൽ സ്നേഹം
# CARITAS IN VERITATE



ബെനഡിക്ട് പതിനാറാമൻ മാർപാപ്പ

CARMEL INTERNATIONAL PUBLISHING HOUSE
Cotton Hill, Trivandrum - 695 014

www.malankaralibrary.com

Rs.50.00